
പരിഭവങ്ങളില്ലാത്ത പകയില്ലാത്ത



# എന്റെ ജീവിതാനുഭവങ്ങൾ

ഡോ. എൻ. ഗോപാലകൃഷ്ണൻ

**INDIAN INSTITUTE OF SCIENTIFIC HERITAGE**
**Thiruvananthapuram - 695 018**

**Heritage Publication Series - 100**

Scanned with CamScanner

ബന്ധുക്കളോ ആരും ഹൈദരാബാദിലില്ലെന്നും എവിടെയാണിറങ്ങേണ്ടതെന്നറിയില്ലെന്നും ഞാൻ പറഞ്ഞു. ഹൈദരബാദിലാണോ സെക്കന്തരാബാദിലാണോ ഇറങ്ങേണ്ടത്? ആർ ആറെല്ലിലേക്കുള്ള ദൂരം എത്രയാണ്? എന്നിവയെല്ലാം ഞാൻ റാഫിയോട് ചോദിച്ചറിഞ്ഞു. എല്ലാം കേട്ടതിന് ശേഷം ഞാൻ ഒരു ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ അയാൾ പറഞ്ഞു. "നിങ്ങൾ സെക്കന്തരാബാദിലിറങ്ങരുത്. ഹൈദരാബാദിലിറങ്ങണം. പുറത്തുവന്ന്, ലക്കടിക്കാപുൽ എന്ന ബസ് സ്റ്റോപ്പിന് എതിർവശത്തായി ഒരു വലിയ ഹോട്ടലുണ്ട്. ദ്വാരക എന്നാണതിന്റെ പേര്. അതിന്റെ ഉടമസ്ഥർ ബ്രാഹ്മണരാണ്. അവരെക്കണ്ട് കാര്യങ്ങളെല്ലാം പറയുക. അവർ നിങ്ങളെ സഹായിക്കും എന്നാണെനിക്ക് തോന്നുന്നത്. അവർ വളരെ നല്ലവരാണ്." ഈ വരികൾ വളരെ ആശ്വാസം നൽകി. ഒരു ലക്ഷ്യമുണ്ടല്ലോ. അയാളും എന്റെ കൂടെ ഹൈദരാബാദ് വരെയുണ്ടായിരുന്നു.(സെക്കന്തരാബാദിൽ ഇറങ്ങേണ്ടിയിരുന്ന ആളായിരുന്നു എങ്കിലും). അവിടെ നിന്നും ഞങ്ങൾ 11.30 ന് പുറത്തേക്കിറങ്ങി. എന്നെ ഒരു സൈക്കിൾ റിക്ഷയിൽ കയറ്റിവിട്ട് 'ദ്വാരക'യിലിറക്കാൻ ഉറുദുവിൽ അയാൾ റിക്ഷാക്കാരനോട് നിർദ്ദേശിക്കുകയും ചെയ്തു.

കയ്യിലുള്ള കൊച്ചു ബാഗും സർട്ടിഫിക്കറ്റുകളും, എല്ലാമായി ഞാൻ ദ്വാരക ഹോട്ടലിലെത്തി. നേരെ മാനേജരുടെ മുറിയിലേക്കായിരുന്നു പോയത്. അവിടെ നിന്നും മൂന്നു സഹോദരന്മാർ (ഉടമസ്ഥർ) ഇരിക്കുന്ന മുറിയിലെത്തി. മെലിഞ്ഞു നേർത്ത എന്നെ അവർ ഒരിക്കലും കാണുകയോ കാണുമെന്നു ചിന്തിക്കുകയോ ഉണ്ടായിട്ടുണ്ടാവില്ല. എന്നാലും ഞാനർഹിക്കുന്നതിനേക്കാൾ കൂടുതൽ ബഹുമാനത്തോടെ അവർ എന്റെ എല്ലാ കഥകളും കേട്ടു. അവർ സ്വയം പരിചയപ്പെടുത്തി സീതാരാമറാവു, ശ്രീനിവാസറാവു, മോഹനറാവു. എറണാകുളത്തെ ബി.ടി.എച്ച് ഹോട്ടൽ ഉടമയുടെ ഒരു അകന്ന ബന്ധുവാണ് ഞാനെന്നു പറഞ്ഞായിരുന്നു, കുറെ സംസാരിച്ചതിനു ശേഷം, ഞാനെന്നെ പരിചയപ്പെടുത്തിയത്. അവരിലൊരാൾ ബി.ടി.എച്ചിന്റെ ഉടമയുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. ഈ ബന്ധത്തിലൂടെ ഞാനവരുടെ അകന്ന ബന്ധുവായി അവർക്കു തോന്നി. കോടിപ്രഭുക്കളായ സഹോദരന്മാരായിരുന്നു അവർ. എന്നോട് അവരുടെ ത്രീ സ്റ്റാർ ദ്വാരക ഹോട്ടലിലെ ഒരു മുറിയിൽ താമസിച്ചുകൊള്ളാൻ പറഞ്ഞു. അന്നും അടുത്ത ദിവസവും നല്ല ഉയർന്ന നിലവാരമുള്ള മുറിയിൽ അവിടെ താമസിച്ചു. എന്റെ ഭക്ഷണവും സുഖസൗകര്യങ്ങളും അവർ പ്രത്യേകം ശ്രദ്ധിച്ചു.

അന്നു തന്നെ രണ്ടുമണിക്ക് ബസ് കയറി ഞാൻ ആർ ആർ എല്ലി



Scanned with CamScanner

ലെത്തി ഡോ. കൈമളിനെകണ്ടു. (ടി.എൻ.ബാലഗോപാല കൈമൾ എന്നായിരുന്നു അദ്ദേഹത്തിന്റെ പൂർണപേര്). മെലിഞ്ഞു നേർത്ത, വലിയ മീശയുള്ള ചിരിക്കാൻ ഏറെ ബുദ്ധിമുട്ടുന്ന, വളരെ പൊക്കമുള്ള 45 കാരൻ. ശാസ്ത്രജ്ഞന്റെ ഒരു ലക്ഷണവുമില്ല. സ്നേഹമോ ബഹുമാനമോ ഒന്നും പ്രകടിപ്പിക്കാൻ അറിയാത്ത മനുഷ്യൻ. അദ്ദേഹവും എച്ച് ഒ ഡി (ഡിവിഷൻ ഹെഡ്) ഡോ. ലക്ഷ്മി നാരായണയുടെ കൂടെയാണ് പിഎച്ച് ഡി എടുത്തത്. ഡോ. കൈമൾ ഡോ. ലക്ഷ്മിനാരായണയെ പരിചയപ്പെടുത്തി. "നല്ല ഗൈഡാണ്. അൽപം ദ്വേഷ്യക്കാരനാണെന്നേയുള്ളൂ. നല്ല സ്നേഹമാണ്, മലയാളികളോട് പ്രത്യേക താൽപര്യമാണ്. അയാളുടെ കൂടെ പിഎച്ച് ഡി എടുത്തവരെല്ലാം മലയാളികളാണ്." ലക്ഷ്മീ നാരായണയെ തൊഴുത് പരിചയപ്പെട്ട് ഞാൻ പുറത്തിറങ്ങി. ആകപ്പാടെ ഒരു ഭയവും, ദുഃഖവും തോന്നി. ഇവിടെ വരണ്ടായിരുന്നു എന്നൊരു വികാരമായിരുന്നു ആദ്യമനുഭവപ്പെട്ടത്. ഒരു സർക്കാർ സ്ഥാപനത്തിലെ താൽപര്യമില്ലായ്മയും വിരസതയും! ഞാനിന്നു വരെ ബന്ധപ്പെട്ട സ്ഥാപനങ്ങളും വ്യക്തികളുമെല്ലാം വിദ്യാഭ്യാസാധിഷ്ഠിതമായിരുന്നു. അവിടെയെല്ലാം പഠിക്കുക, പഠിപ്പിക്കുക എന്നതായിരുന്നു മാർഗവും ലക്ഷ്യവും. ഇവിടെ നടക്കുന്ന ഗവേഷണം പഠിക്കാനോ പഠിപ്പിക്കാനോ ഉയരാനോ ഒന്നിനുമായിരുന്നില്ല. മറിച്ച് ഒരു ജീവിതോപാധിമാത്രം. അക്കൂട്ടത്തിലേക്കാണല്ലോ ഈശ്വരാ വന്നതെന്നു പോലും തോന്നിപ്പോയി.

കൈമൾ സാർ എന്നെ ഓരോരുത്തർക്കായി പരിചയപ്പെടുത്തി. മറ്റു ഡിവിഷനിലുള്ള മലയാളികളും പരിചയപ്പെട്ടു. പുതിയൊരു വ്യക്തിയെ പരിചയപ്പെട്ട ഒരു മുഖഭാവവും ആരിലുമുണ്ടായിരുന്നില്ല. ഒരു തരം താൽപര്യമില്ലായ്മയാണ് എല്ലാ സമപ്രായക്കാരിലും കണ്ടത്. "താനെന്തിനാ ഞങ്ങളുടെ ഈ നരകത്തിലേക്ക് വന്നത്?"എന്നതരത്തിലുള്ള മുഖഭാവം മിക്കവാറും എല്ലാവരിലും പ്രകടമായിരുന്നു. ഉച്ചയൂണു ഡോ. കൈമൾ വാങ്ങിതന്നു. പിന്നെ സ്കൂട്ടറിൽ എന്നെ ഹൈദരാബാദും സെക്കന്തരാബാദും കാണിച്ചു തന്നു. ഞാൻ വളരെ താഴ്മയോടെ പറഞ്ഞു. "ഞാൻ ഒരു സ്റ്റുഡന്റാണ്. സാറാണെങ്കിൽ ഒരു ശാസ്ത്രജ്ഞനും എന്നെയിങ്ങനെ സിറ്റിയിലൂടെ കൊണ്ടുപോകണമെന്നില്ല. പിന്നെയൊരു ദിവസം ഞാൻ തനിയേ നടന്ന് ഇതൊക്കെ കണ്ടുകൊള്ളാം." ഡോ. കൈമൾ മറുപടി നൽകി "ഞാൻ ഇതൊക്കെ ചെയ്യുന്നത് ഒരു ഫേവർ ആണെന്നൊന്നും കരുതണ്ട. എന്നെ സഹായിക്കാൻ ഒരാളുണ്ടായിരുന്നു. അതുകൊണ്ട് ഞാനും തന്നെ സഹായിക്കുന്നു. താൻ ഇനി വരുന്നയാളെ സഹായിക്കണം. ഇതത്ര വലിയ കാര്യമൊ



Scanned with CamScanner

ന്നുമല്ല..." പിന്നെ ഞാനൊന്നും പറഞ്ഞില്ല. എന്നെ (ഹൈദരാബാദിലെ) "ദ്വാരക ഹോട്ടലിലിറക്കിയപ്പോൾ. ഞാൻ കൈമളോടു പറഞ്ഞു. ദ്വാരകയിലെ ഉടമസ്ഥർ മംഗലാപുരത്തുകാരാണ്. എന്റേയും മുത്തച്ഛന്മാർ മംഗലാപുരത്തുകാരാണ്. ഞങ്ങൾ ഒരേ ഭാഷ സംസാരിക്കുന്നതിലുള്ള പരിചയം കൊണ്ടുമാത്രമാണ് ഇവിടെ താമസിക്കാൻ അനുവാദം ലഭിച്ചത്. ഉടനെ വേറെയെവിടെയെങ്കിലും ഒരു മുറി ശരിയാക്കണം. അതിനെന്നെ സഹായിക്കണം. എനിക്കിവിടെ മറ്റുപരിചയക്കാരോ ബന്ധുക്കളോ ആരുമില്ല. നാന്നൂറു രൂപയാണല്ലോ സ്റ്റൈപ്പന്റ് അതിനനുസരിച്ചുള്ള വാടകയും, ഭക്ഷണവും, യാത്രാചിലവും, യൂണിവേഴ്സിറ്റി ഫീസും എന്നെങ്കിലും നാട്ടിലേക്ക് യാത്ര ചെയ്യണമെങ്കിൽ അതിനുള്ള ടിക്കറ്റും എല്ലാമാകണം. അതനുസരിച്ചൊരു വാടകമുറിയാണ് വേണ്ടത്." എവിടെയെങ്കിലും മുറി നോക്കാമെന്നുമാത്രം പറഞ്ഞ് കൈമൾ സാർ യാത്ര പറഞ്ഞു. ഞാൻ ദ്വാരകയിലേക്കെത്തിയ ഉടനെ ശ്രീ സീതാരാമറാവു എന്റേയടുത്തു വന്നു പറഞ്ഞു. ഇപ്പോൾ താമസിക്കുന്ന റൂമിൽ മറ്റൊരു വാടകക്കാരൻ വന്നിട്ടുണ്ട്. അത് നല്ല റെന്റുള്ള മുറിയാണ്. അതുകൊണ്ട് പുറകിൽ പഴയ കെട്ടിടത്തിൽ ഒരു മുറി ശരിയാക്കിവെച്ചിട്ടുണ്ട്. അവിടെ നാളെമുതൽ എത്രകാലം വേണമെങ്കിലും താമസിക്കാം. (തുളുഭാഷയിൽ പറഞ്ഞത് ഞാൻ മലയാളീകരിച്ചെഴുതിയാണ്). അടുത്ത ദിവസം രാവിലെ എന്റെ ബാഗും എല്ലാ സാമഗ്രികളും എടുത്ത് ഞാൻ ആ മുറിയിലേക്കുമാറി.

**നായയുടെ മുറി ഗോപാലകൃഷ്ണന്**

കുറേക്കഴിഞ്ഞ് ഒരു ജോലിക്കാരൻ വന്നു പറഞ്ഞു. "മുറിയുടെ പുറത്ത് ഒരു അൽസേഷൻ നായയുണ്ട്. അതു രാത്രി കുരക്കും. നിങ്ങൾ പുതിയ ആളായതു കൊണ്ട് ചിലപ്പോൾ രാത്രി മുഴുവനും കുരയ്ക്കും. ആ നായയുടെ മുറിയാണ് നിങ്ങൾക്കു തന്നിരിക്കുന്നത്. നല്ലവണ്ണം വൃത്തിയാക്കിയിട്ടാണ് തന്നിരിക്കുന്നത്. പേടിക്കാനൊന്നുമില്ല." ഹിന്ദി കലർന്ന ഉറുദുവിലാണ് അയാൾ പറഞ്ഞത്.

നായയുടെ മുറിയിൽ കിടക്കേണ്ടിവന്ന ഓർമ്മ ഇന്നും മനസ്സിൽ നിൽക്കുന്നു. അന്നുമുതൽ മൂന്നുദിവസത്തേക്ക്, ഞാൻ താമസിച്ചിരുന്ന മുറിയുടെ ജനൽ കമ്പിയിലാണ് ആ നായയെ കെട്ടിയിരുന്നത്. രാത്രി മുഴുവനും അത് ഭയങ്കര കുരയായിരുന്നു. ബാത്റൂമിലേക്ക് പോലും പോകാൻ പറ്റാതെ രാത്രി ഭയന്ന് ഞാൻ മൂന്നുരാത്രി അവിടെ കഴിച്ചുകൂട്ടി. പകൽ മുഴുവനും ആർ ആറെല്ലിലും പിന്നെ റൂമന്വേഷണവുമാണ് ചെയ്തുകൊണ്ടിരുന്നത്. വളരെ പെട്ടെന്ന് കുറേയധികം മലയാളികളെ



Scanned with CamScanner

പരിചയപ്പെട്ടു. മലയാളികളുടെയിടയിൽ ഡോ. കൈമളിനെ അറിയാത്തവരാരുമുണ്ടായിരുന്നില്ല. അതുകൊണ്ട്, കൈമളിന്റെ സ്റ്റുഡന്റിന് പെട്ടെന്നായിരുന്നു മലയാളികളുടെയിടയിൽ നിന്നും സ്വീകരണമുണ്ടായത്. എല്ലാവരോടും ഞാൻ അഭ്യർത്ഥിച്ചത്, ഒരു മുറി ശരിയാക്കിത്തരണമെന്നായിരുന്നു. പലരും വളരെ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്തിരുന്നു. ആർ ആറെല്ലിന്റെ ചുറ്റുപാടും തീരെ വികസിക്കാത്ത പ്രദേശമായിരുന്നു. ഒറ്റപ്പെട്ട ആസ്ബെസ്റ്റോസ് ഷെഡുകളാണിവിടെയുണ്ടായിരുന്നത്. അതിലൊരു മുറിക്ക് കുറഞ്ഞത് 500 രൂപ വാടക വരും. എനിക്കാണെങ്കിൽ ആകെ സ്റ്റൈപന്റ് 400 രൂപയേയുള്ളൂ. അതിൽ ഒരു ഭാഗം മാത്രമേ വാടകവരാവൂ. ഇല്ലെങ്കിൽ വീട്ടിൽ നിന്നു ഞാൻ കാശുകൊണ്ടു വരണം. ആരും തരാനില്ലാത്ത അവസ്ഥയിൽ ആരോടു ചോദിക്കാനാണെന്ന ചോദ്യമുണ്ട്. കൊച്ചിൻ കോളേജിൽ പ്രവർത്തിച്ചതിന് ശമ്പളമായി ഒന്നും കിട്ടിയിട്ടുണ്ടായിരുന്നില്ല. അതിന് കുറഞ്ഞത് ഇനി ഒരു വർഷം കൂടി വേണ്ടിവരുമെന്നറിയാം. എന്റെ ലാബറട്ടറിയുടെ തൊട്ടടുത്തുള്ള എൻ ജി ആർ ഐ യിലേക്ക് ഡോ. കൈമൾ എന്നെ കൊണ്ടുപോയി. അവിടൊരു വയസ്സായ പാചകക്കാരനുണ്ടായിരുന്നു. നല്ല സ്നേഹത്തോടെ കുറേ നേരം സംസാരിച്ചു, ചായകുടിച്ചതിനുശേഷം കൈമൾ അയാളോടു പറഞ്ഞു. "ഇയാൾക്കൊരു മുറിവേണം താമസിക്കാൻ....." കുറേ നേരവും കൂടി അവിടെയിരുന്ന് യാത്ര പറഞ്ഞപ്പോൾ പാചകക്കാരൻ എന്നോടു അടുത്ത ദിവസം വരാൻ പറഞ്ഞു.

### ചേരിയിലൊരു ദുഃഖജീവിതം

അടുത്ത ദിവസം ഒരു കറുത്തിരുണ്ട പൊക്കം കുറഞ്ഞ തെലുങ്കരുടെ രീതിയിൽ മുണ്ടുടുത്ത ഒരു രാമുലുവിനെ പരിചയപ്പെടുത്തി. മധുരമായി സംസാരിക്കുന്ന രാമുലുവിന്, ഹൈദരാബാദിലെ മുൻ മുഖ്യമന്ത്രിയായിരുന്ന ചെന്നാറെഡ്ഡിയുടെ വീടിനടുത്ത് ഒരു ചേരി പ്രദേശത്ത് അഞ്ചു സെന്റിനകത്ത് ആറു വീടുള്ളതിൽ ഒരുവീട് ഒഴിഞ്ഞിട്ടുള്ളത് 100 രൂപ വാടകക്ക് എനിക്ക് തരാമെന്നു സമ്മതിപ്പിക്കാനായിരുന്നു ഈ കണ്ടുമുട്ടൽ. വളരെയേറെ ആശ്വാസത്തോടെ ഞാനാവീട്ടിലേക്ക് താമസം മാറി. ഇതിനിടക്ക് എറണാകുളത്ത് എന്റെ കൂടെ പഠിച്ച ശ്രീമതി ആശാലതാ എന്ന കുട്ടിയുടെ അച്ഛൻ അവിടെ റെയിൽവേയ്സിൽ ജോലി ചെയ്തിരുന്നതറിഞ്ഞ് അദ്ദേഹത്തിനോട് താമസ സൗകര്യത്തെക്കുറിച്ചന്വേഷിച്ചു. റെയിൽവേ യൂണിയന്റെ ആസ്ഥാനത്തെ മുറിയിൽ ബാഗുവെച്ച് 120 രൂപ വാടകയ്ക്ക് തുറസ്സായ പാർട്ടി ഓഫീസിൽ താമസിക്കാൻ ഏർപ്പാടുണ്ടാക്കിത്തരാമെന്നദ്ദേഹം പറഞ്ഞു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ട്രേഡ് യൂണിയനിൽപ്പെട്ടവരുടെ മുറിയായിരുന്നു അത്.



Scanned with CamScanner

ഞാൻ താമസിക്കുന്ന രാമുലുവിന്റെ ആ ചേരിയിൽ എട്ടുമക്കളുള്ള ഒരു തെലുങ്കു തയ്യൽക്കാരനും കുടുംബവും, ഭാര്യയും ഭർത്താവുമായി ഒരു പോലീസുദ്യോഗസ്ഥൻ, ഒരു നഴ്സറി നടത്തുന്ന ആംഗ്ലോ ഇന്ത്യൻ സ്ത്രീയും അവരുടെ നഴ്സറിയും, ഏതോ ഒരു കമ്പനിയിലെ സെക്യൂരിറ്റി ഉദ്യോഗസ്ഥൻ പിന്നെ ഞാനും താമസിച്ചു.

കിണറ്റിലെ വെള്ളം കുടിക്കാനുപയോഗിക്കാറില്ല. ടോയ്‌ലറ്റ് തുറസ്സായതാണ്. എല്ലാദിവസവും മലം കൊണ്ടുപോകാൻ ഒരാൾ വരും, പണ്ടത്തെ കേരളത്തിലെ സംവിധാനം പോലെ. എന്റെ മുറിയോട് ചേർന്ന് ഒരു മുസ്ലീം പള്ളിയാണ്. ഞാൻ താമസിക്കുന്ന മുറിയുടെ മതിലിനു ചുറ്റും അവിടത്തെ ചേരി നിവാസികളുടെ മലമൂത്ര വിസർജ്ജനസ്ഥലമാണ്. ഈ നരകം വേണ്ടെന്നു പറയാൻ ഒരിക്കലും ധൈര്യം വരില്ല. വന്നതുമില്ല കാരണം 100 രൂപ വാടകയും 10 രൂപ ഇലക്ട്രിസിറ്റി ചാർജ്ജുമാണുള്ളത്. അൽപം കൂടി ഭേദപ്പെട്ട ഒരു മുറിയെടുത്താൽ ഏറ്റവും കുറഞ്ഞത് 250 രൂപയെങ്കിലും വാടക കൊടുക്കണം. ഞാൻ താമസിച്ച മുറിപോലും 200 രൂപ വാടക ലഭിക്കുന്നതാണ്. പാചകക്കാരന്റെ ഉറ്റസുഹൃത്തെന്ന കാരണത്താലാണ് 110 രൂപക്ക് എനിക്കത് രാമുലു തന്നത്. 250 രൂപക്ക് ഒരു മുറിയെടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കാനെ സാദ്ധ്യമല്ല. കാരണം സ്റ്റൈപ്പന്റ് 400 രൂപയാണ്. ഒരു ഹോട്ടൽ ഊണിന് അന്ന് അവിടെ 15 രൂപയുണ്ട്. ഒരു ചായക്ക് രണ്ടു രൂപയും. എന്റെ ചേരി വീട്ടിൽ നിന്ന് ലാബറട്ടറിയിലേക്ക് നാലു കിലോമീറ്റർ നടക്കണം. ബസ്സില്ലാത്ത റോഡാണ്. അതുകൊണ്ട് ബസ്സിന് ടിക്കറ്റെടുക്കേണ്ടതില്ല. രാത്രി വൈകി മുറിയിലേക്ക് വരുമ്പോൾ കള്ളുകുടിയന്മാരുടെ ശല്യം സഹിക്കാവുന്നതാണ്, തെരുവു വേശ്യകളുടേയും ശല്യം സഹിക്കാം, വഴിനീളെയുള്ള വീടുകളിൽ വളർത്തുന്ന നായ്ക്കളുടെ സ്വൈര്യ വിഹാര കേന്ദ്രമാണ് ഈ നാലു കിലോമീറ്ററിൽ രണ്ടു കിലോമീറ്റർ ദൂരവും. അത് എന്നെ വല്ലാതെ ഭയപ്പെടുത്തിയിരുന്നു. ചെന്നാറെഡ്ഡിയുടെ വീട്ടിലെ അൽസേഷൻ നായ്കൾ കുരച്ചാൽ ആ പ്രദേശത്തെ കുറേ നായ്കൾ ഒന്നൊന്നായി വഴിയിലേക്കു വരും. ചേരിപ്രദേശമായതിനാൽ നല്ലവരാരും ആ വഴിയിലുണ്ടാവില്ല. ഒറ്റക്കുള്ള ഈ യാത്ര ഒറ്റവരിയിൽ തന്നെ സ്മരിക്കാം. "മൂന്നു ജന്മത്തെ പാപം ഞാൻ ആ വീട്ടിലനുഭവിച്ചു തീർത്തിട്ടുണ്ടാകും."

ഔവർ കോളേജിൽ നിന്നു ലഭിച്ച ശമ്പളത്തിൽ നിന്നൊരു ഭാഗം ചിലവഴിച്ച് 20 രൂപക്ക് ഒരു സ്റ്റൗവും, മണ്ണെണ്ണയും, ബക്കറ്റും, ചെറിയതുകക്ക് ഒരു പായയും തലയിണയും കുറച്ചത്യാവശ്യ പാത്രങ്ങളും വാങ്ങി. കുറച്ചരിയും മറ്റും വാങ്ങി ചേരിവാസിയെ

പോലെത്തന്നെയായിരുന്നു ജീവിതം. ആംഗ്ലോ ഇന്ത്യൻ സ്ത്രീ ചിലപ്പോൾ എനിക്ക് ബിസ്ക്കറ്റും കേക്കും തരും. ഒരു ദിവസം പത്തു രൂപ ചിലവഴിക്കാനുള്ള സ്കോപ്പില്ലാത്തതിനാൽ ആർ ആറെല്ലിൽ നിന്ന് തന്നെ രാവിലത്തെയും ഉച്ചക്കുള്ളതും വൈകുന്നേരത്തേയും ഭക്ഷണം കഴിക്കും. രാത്രി എന്തെങ്കിലുമുണ്ടാക്കിത്തിന്നും. മുറിയിലെത്തുമ്പോൾ രാത്രി ഒമ്പതു മണിയാകും. ഹോട്ടലിൽ നിന്നെന്തെങ്കിലും കഴിക്കണെമെന്ന് മനസ്സിന്റെ ഒരു ഭാഗം പറഞ്ഞാൽ മറ്റേ ഭാഗം സാമ്പത്തീകാവസ്ഥയെക്കുറിച്ച് ഓർമ്മിപ്പിക്കും.

**ദാരിദ്ര്യവും വിശപ്പും സഹിക്കാനാവാതെ**

ഇടക്ക് സെക്കന്തരാബാദ് മാർക്കറ്റിൽ ചെന്ന് പച്ചക്കറി വാങ്ങിക്കും .അത് തീർന്നുപോകുമോയെന്ന് ഭയന്ന് സൂക്ഷിച്ചേ ഉപയോഗിക്കാറുള്ളൂ. ഒരു പുതിയതരം ഭക്ഷണമുണ്ടാക്കിക്കഴിക്കും ചോറു വേവിക്കുമ്പോൾ തന്നെ കുറച്ചു ചെറുപരിപ്പും, ഉപ്പും, പച്ചമുളകും, തക്കാളിയും, എല്ലാം ഒരുമിച്ചു ചേർത്ത് കഞ്ഞിവറ്റിച്ചെടുത്ത് ഒരു സ്പൂൺ നെയ്യും കൂട്ടുക. അതിൽ കുറച്ച് രാവിലെ കഴിക്കും ബാക്കി രാത്രിയിലേക്ക് മാറ്റിവെക്കും. എല്ലാ ദിവസവും ഇതുതന്നെയാണ് ഭക്ഷണം. കാൽ ലിറ്റർ 1:99 അനുപാതത്തിലുള്ള പാൽ : വെള്ളം ചേർന്ന പാൽ വാങ്ങിക്കും തൈരിനും കുറച്ച് ചായക്കുമെടുക്കും. മെയിൻ റോഡിലൂടെ വരുമ്പോൾ അവിടത്തെ തട്ടുകടകളിൽ സമോസയും, പക്കാവടയും, മുളകുബജിയും ഉണ്ടാക്കി കൂട്ടിയിരിക്കുന്നത് കാണുമ്പോൾ വിചാരിക്കാറുണ്ടായിരുന്നു; ഒരായിരം രൂപ സ്റ്റൈപെന്റ് കിട്ടിയിരുന്നെങ്കിൽ ഇടക്കെങ്കിലും ഇതൊക്കെ തിന്നാമായിരുന്നു എന്ന്. വിശപ്പിന്റെ വിലയറിയാൻ എനിക്ക് സാധിച്ചത് ഈ ചേരിപ്രദേശത്തെ ജീവിതത്തിലാണ്. മറ്റെന്തു മറന്നാലും ഈ ജീവിതം മറക്കില്ല. ഇന്നും എവിടേയെങ്കിലും സമോസയോ, പക്കാവടയോ, മുളകുബജിയോ കണ്ടാൽ എന്റെ മനസ്സ് ചേരിപ്രദേശത്തെ ഈ ജീവിതത്തിലേക്ക് പോകും. പലരുടേയും വീട്ടിലേക്ക് അതിഥിയായി ഭക്ഷണത്തിന് ക്ഷണിക്കാറുണ്ടായിരുന്നുവെങ്കിലും ഇവിടെ ഒരു റിസർച്ച് ചെയ്യുന്ന വിദ്യാർത്ഥിയുടെ സ്റ്റാറ്റസ് മാത്രമല്ലേ എനിക്കുള്ളൂ എന്നതിനാലും. സ്ഥാനമാനങ്ങളുള്ളവരെ ക്ഷണിക്കുന്ന രീതിയിൽ ക്ഷണവും യാത്രയും പ്രതീക്ഷിക്കാനും സാധ്യമല്ലാത്തതിനാലും പിന്നെ എല്ലാ മലയാളികളും അവരവരുടെ ജീവിതഭാരത്തിലൂടെ പോകുമ്പോൾ ഇതെല്ലാം അവർക്ക് താങ്ങാനും സാധ്യമല്ലായിരുന്നതു കൊണ്ടും ഹൈദരാബാദിലേക്ക് പുതിയതായി വന്ന ഞാൻ ആദ്യകാലങ്ങളിൽ ആരുടേയും ആതിഥ്യം സ്വീകരിച്ചില്ല.

അമ്മയുടേയും അച്ഛന്റേയും കൂടെ വസിച്ചപ്പോൾ തോന്നിയ സുരക്ഷിതത്വമിവിടെയില്ല. ദിവസങ്ങൾ എണ്ണിയെണ്ണിക്കഴിയണം എന്നത് ഒരു

ദുഃഖം തന്നെയായിരുന്നു. ഹൈദരാബാദിലേക്ക് യാത്ര തിരിക്കുമ്പോൾ, കൊച്ചിൻ കോളേജിലെ ടോമിസാർ ഒരു പേന തന്നു പറഞ്ഞിരുന്നു. "ഈ പേനയുപയോഗിച്ച് തീസീസ് എഴുതണം, ഇത് മറ്റൊന്നിനും ഉപയോഗിക്കരുത്, ഇതിലെ മഷി ഉണങ്ങുന്നതിനു മുമ്പ് തീസീസ് എഴുതണം." ഡോ. രാമൻ സാറാകട്ടെ ഇതേ സന്ദേശം മറ്റൊരു വിധത്തിൽ പറഞ്ഞു "ആയിരം ദിവസം കൊണ്ട് തീസീസ് സമർപ്പിക്കണം." ആ ആയിരം ദിവസങ്ങളാണെന്റെ മനസ്സിൽ നിറഞ്ഞു നിന്നത്.

എന്റെ ചേരിവീട്ടിൽ നിന്നിറങ്ങി, ചെന്നാറെഡ്ഡിയുടെ വീട്ടിന്റെ മുന്നിലൂടെ നടന്ന് സെന്റ് ആൻസ് കോൺവന്റിന്റെ മുന്നിലൂടെ റോഡിൽ കയറി തുറസ്സായ മൈതാനിയിലൂടെ നടന്ന് പോകുമ്പോൾ ഡ്രൈനേജ് വെള്ളം ഒഴുകിപ്പോകുന്ന ഒരു തോടുണ്ട്, അതിന് കുറുകേ ചാടണം. ഓരോ ദിവസം ചാടുമ്പോഴും ആയിരത്തിൽ നിന്നുകുറയുന്ന ദിവസങ്ങൾ 970, 969, 968... ഞാനെണ്ണുമായിരുന്നു. ഓരോ സംഖ്യയും നൂറിന്റെ ഗുണിതത്തിൽ തൊടുമ്പോൾ ആശ്വസിക്കും ഇനി ഇത്രയും ദിവസങ്ങളല്ലേയുള്ളൂ എന്ന്. അന്നത്തെ ദിവസം, എന്റെ കൂടെ പ്രവർത്തിക്കുന്നവർക്ക് ഓരോ ചോക്കലേറ്റ് കൊടുത്തു പറയും 100/200 ദിവസങ്ങൾ കഴിഞ്ഞുവെന്ന്. തൃപ്പൂണിത്തുറയിലെ എന്റെ വീട്ടിൽ ഫോണില്ലാതിരുന്നതിനാൽ വീട്ടുകാരുമായി ബന്ധപ്പെടാനൊരു വഴിയുമില്ല. കത്തെഴുതിയാൽ തന്നെ മറുപടി ലഭിക്കില്ല. ഇത്രയും ഞാനിവിടെയെഴുതിയത് എന്റെ ജീവിതത്തെക്കുറിച്ച്.

ഗവേഷണഭാഗമാകട്ടെ, രാവിലെ 8 മണിക്കു മുമ്പേ ഞാൻ ലാബറട്ടറിയിലെത്തും. കുറച്ചു നേരം ലൈബ്രറിയിൽ പോകും ഗവേഷണവിഷയം തീരുമാനിക്കുന്നതിനു മുമ്പ് ഈ ഒരു ലൈബ്രറി വായന എന്ന വഴിപാട് എല്ലാ ഗവേഷണ വിദ്യാർത്ഥികൾക്കുമുള്ളതാണ്. ലൈബ്രറിയിൽ കയറിയാൽ എനിക്കുറക്കം വരും. എന്താണ് വായിക്കേണ്ടതെന്നൊരെത്തും പിടിയുമില്ല. ഓരോ ദിവസം കഴിയുന്തോറും ഞാൻ കൈമളിന്റെയടുത്തു വന്ന് റിസർച്ച് ടൈറ്റിൽ ചോദിക്കും. ഇത്രയും ധൃതിപിടിച്ചാൽ പറ്റില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറയും. കുറച്ചു ദിവസം വായിച്ച്, ചുറ്റുപാടുകളുമായി ചേർന്ന് കാര്യങ്ങൾ മനസ്സിലാകുന്നതു വരെയങ്ങനെ പോകട്ടെ. രണ്ടു മൂന്നു മാസം കഴിയുമ്പോൾ ഗവേഷണമൊക്കെ മതിയാക്കി തിരിച്ചു പോകണമെന്നു തോന്നിയാലോ? ഇപ്പോൾ ഞാൻ തരുന്ന പ്രോജക്റ്റ് വെറുതേയാവില്ലേ? ഞാനൊന്നും മറുപടി പറയാറില്ല. എന്റെ ഗവേഷണമുറിയിൽ ഒരു പി. എസ്. ഭാസ്കർ, കെ വി എസ് എ റാവു, സീതാദേവി തുടങ്ങിയവരുണ്ട്. കൂടാതെ അരോചകമായ പെരുമാറ്റമുള്ള ഒരു രാമലിംഗസ്വാമിയും. കൈമളിന്റെ മുറി

യിൽ ഒരു ഡോ. പന്തുളുവും ഡോ. പൗലോസും ശാന്തരായിരിപ്പുണ്ടാകും. എല്ലാവർക്കും കേരളത്തിൽ നിന്ന് വന്ന എന്നെ നല്ലപരിചയമായിരുന്നു. ഒരു സുഹൃത്തിനോടെന്ന പോലെയാണെങ്കിലും നിർവികാരമായി അവർ പെരുമാറുമായിരുന്നു. രണ്ടു മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ എനിക്ക് സീറ്റ്, വർക്കിംഗ് ടേബിൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചു. സാവധാനത്തിൽ ഞാൻ റിസർച്ച് തുടങ്ങുന്നത് സൈക്ലോപ്രോപനോയ്ഡ് ഫാറ്റി ആസിഡ് എന്ന വിഷയത്തിലായിരിക്കുമെന്ന് എന്നെ അറിയിച്ചു. കൂടെയുള്ളവരെല്ലാം സ്റ്റാഫായിരുന്നതിനാൽ വൈകുന്നേരം 5.30 ശേഷം സീറ്റിലാരും ഉണ്ടാകുകയില്ല.

**ഗവേഷണങ്ങളുടെ ആരംഭം**

കൈമളിന്റെ ഏറ്റവും അടുത്ത സഹായിയായിരുന്നത് ഒരു ആന്ധ്രാക്കാരനായ ടി.സി.റാവുവായിരുന്നു. നുണ മാത്രം പറഞ്ഞു ശീലിച്ചിട്ടുള്ള അയാൾ പരദൂഷണം മാത്രമാണ് ചെയ്തിരുന്നത്. നിർഭാഗ്യവശാൽ പ്രധാനപ്പെട്ട ഉപകരണങ്ങളെല്ലാം അയാളുടെ ഉത്തരവാദിത്വത്തിലായിരുന്നതിനാൽ മറ്റാർക്കും പ്രാപ്യമാക്കാൻ എളുപ്പമല്ലായിരുന്നു. അയാളോടു താഴ്മയായി അപേക്ഷിച്ചാൽ മാത്രമേ അയാളിൽ നിന്ന് എന്തെങ്കിലും സഹായം ലഭിക്കൂ. മലയാളിയുടെ ആത്മാഭിമാനം അതിനനുവദിക്കാത്തതിനാൽ ഞാൻ എന്നും അയാളുടെ ബാഡ് ബുക്കിലാണ് പെട്ടിരുന്നത്. അയാളെ പുകഴ്ത്തുന്നവന് വളരെ നല്ല സൗകര്യം ചെയ്തു കൊടുക്കും. "എന്റെ ആദ്യത്തെ പഠന പരീക്ഷണം തന്നെ വെണ്ടക്കയിലെ വിത്തിൽ ഉണ്ടാകുന്ന കാൻസർ ഉണ്ടാകാൻ സാധ്യതയുള്ള (പ്രോകാർസിനോജനിക്) സൈക്ലോപ്രൊപ്പിനോയ്ഡ് ഫാറ്റി ആസിഡുകളായിരിക്കുമെന്നറിയിച്ചു. വലിയൊരു വെണ്ടക്കാത്തോട്ടമുണ്ടാക്കി. അതിൽ പൂവരുന്നതു നോക്കി അതിനെ ദിവസമനുസരിച്ച് ടാഗ് ചെയ്യുന്നതാണ് ആദ്യ ജോലി. ഓരോ ദിവസം കഴിയുന്തോറും അതിലുണ്ടാകുന്ന സൈക്ലോ ആസിഡ് പരിശോധിക്കണം. ഇതുപോലെയുള്ള ഗവേഷണം വ്യത്യസ്ഥചെടികളുടെ വ്യത്യസ്ഥ ഭാഗങ്ങളിൽ അനുവർത്തിക്കണം. അതാണെന്റെ പഠനം. രാവും പകലും ഈ കർമ്മത്തിലേർപ്പെട്ട് നല്ല റിസൾട്ട് ലഭിക്കുന്നെങ്കിൽ ഈ ഗവേഷണത്തിലൂടെ ദേശീയവും അന്തർദേശീയവുമായ പല പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കാൻ സാധിക്കും. പിന്നെയും കുറെ സസ്യ വിത്തുകളിലും, വേരുകളിലും, ഇലകളിലുമെല്ലാം ഈ ആസിഡുണ്ടോ എന്നു പരിശോധിക്കണം. വിത്തു മുളക്കുമ്പോൾ ഈ ആസിഡിലുണ്ടാകുന്ന മാറ്റങ്ങൾ പഠിക്കണം. ഗവേഷണം നടത്തേണ്ടതെങ്ങിനെയെന്നു പഠിക്കണം. നല്ല ക്ഷമ



Scanned with CamScanner

വേണം. പിഎച്ച്.ഡി എന്നു പറഞ്ഞാൽ പേഷ്യൻസ് ഹാർഡ്‌വർക്ക് ഡിവോഷൻ ഇതു മൂന്നുമാണ്. അല്ലാതെ വന്നു, കുറേ കാര്യങ്ങൾ ചെയ്തു ഒരു പിഎച്ച്.ഡി കിട്ടി, പോയി ഇതല്ല റിസർച്ച്. ഇങ്ങിനെ വേണ്ട ത്രയും ഉപദേശങ്ങൾ കൈമളിൽ നിന്നു കിട്ടി. ഇതൊക്കെയാണ് ഗവേ ഷണത്തിന്റെ തുടക്കമെന്നു മനസ്സിലായി.

കാത്തിരിക്കാനുള്ള മനസ്സുണ്ടായി. സാവധാനത്തിൽ ഗവേഷണം തുടങ്ങുമ്പോൾ തുടങ്ങട്ടെ എന്നു വിചാരിച്ച് അത്രയും കാലം പിടിച്ചു നിൽക്കും. ആയിരം ദിവസങ്ങൾ എന്ന ലക്ഷ്യമുണ്ടല്ലോ അതുവരെ സാധിക്കുന്നതെല്ലാം ചെയ്യാം. പിഎച്ച്.ഡി കിട്ടിയാലായി ഇല്ലെങ്കിൽ അന്നത്തെ കാര്യം അന്നു ചിന്തിക്കാമെന്നു തീരുമാനിച്ച് കർമ്മോന്മുഖ നായി. ഇനി തിരിച്ചു നാട്ടിലേക്കില്ല, പഠിക്കണം, ഉയരണം, വളരണം അവസരമുണ്ട്.

ഓരോ ദിവസത്തേയും ചെലവുകളെല്ലാം എഴുതി വെക്കുമായി രുന്നു. ഓരോ ചെറിയ സംഖ്യയും പോകുന്ന വഴിയറിയണം. ചെറിയ ചെറിയ തുക കൊടുത്താണ് ഓരോന്നും വാങ്ങിച്ചുപയോഗിക്കാറുള്ള ത്. ഒറ്റക്കുള്ള ജീവിതത്തിന്റെ വിരസത മാറാനായി ഇടക്ക് ഒരു സിനിമക്ക് പോകും, തെലുങ്കു സിനിമ തറയ്ക്ക് തൊട്ടുമുകളിലുള്ള 2 രൂപയുടെ സീറ്റിലിരുന്നു കാണും.

രണ്ടു മാസങ്ങൾക്കുശേഷം ഒരു ചെറിയ കിടക്ക വാങ്ങിക്കു വാൻ തീരുമാനിച്ചു. നിലത്ത് പുൽപായയിൽ കിടന്ന് കടപ്പാക്കല്ലിന്റെ തണുപ്പ് കാരണം ശരീരം വിറങ്ങലിക്കുന്ന പോലെ തോന്നാൻ തുടങ്ങി. ഏപ്രിൽ 14 ന് വിഷുവിന്റെയന്ന് ഒറ്റക്കാണെന്ന തോന്നലുണ്ടായപ്പോൾ അമ്മയേയും അച്ഛനേയുമെല്ലാമോർത്തു. ഇക്കാലത്ത് പരിചയപ്പെട്ട കായങ്കുളത്തുകാരൻ ശശിയും എറണാകുളത്തെ രഘുവും ഇടക്കു വന്ന് ആശ്വസിപ്പിച്ചുകൊണ്ടിരിക്കും. ഭക്ഷണത്തിന്റെ കുറവും ഗവേഷ ണവുമായിത്തളർന്ന എന്നെ 1980 ൽ ഏപ്രിൽ 28-ാം തീയതി നെഞ്ചു വേദനക്ക് ആശുപത്രിയിലാക്കി. കാര്യമായ ഗവേഷണമൊന്നും ആരം ഭിക്കാൻ സാധിച്ചിട്ടില്ല, മാത്രമല്ല ദിവസങ്ങൾ വെറുതേ പോകുകയും ചെയ്യുന്നു, എന്ന തോന്നലാണെന്നെ കൂടുതൽ വേദനിപ്പിച്ചിരുന്നത്. ഞാൻ എന്റെ ഗൈഡിനെ കണ്ട് കാര്യങ്ങളെല്ലാം പറഞ്ഞു. അപ്രതീക്ഷി തമായി ലഭിച്ചതാകട്ടെ നിശിതമായ വിമർശനവും; "ആദ്യം വേണ്ടത് ക്ഷമയാണ് ധൃതിപിടിച്ച് എല്ലാ ജോലിയും തീർത്ത് പോകാനാണെങ്കിൽ ഇവിടെ നിൽക്കേണ്ടതില്ല, ഇപ്പോൾ തന്നെ തിരിച്ചു പോകാം" അദ്ദേഹം ആജ്ഞാപിച്ചു.

രണ്ടുമൂന്നു മാസത്തിനുള്ളിൽ രണ്ടു പ്രാവശ്യം (ഹൈദരാബാ ദിലെ) ദ്വാരകയിലേക്ക് പോയി. ദിവസങ്ങൾക്കുശേഷം നല്ല ഭക്ഷണം



Scanned with CamScanner

ഫ്രീയായി കഴിച്ചു. മേയ് മാസത്തിൽ 15 ന് അപ്രതീക്ഷിതമായി കൊച്ചിൻ കോളേജിലെ ടോമിസാർ ഒരു 125 രൂപ അയച്ചു തന്നു. ഇടക്ക് രഘുവിന്റേയും ശശിയുടേയും ഒറ്റമുറിമാത്രമുള്ള വീട്ടിലേക്കു പോകും. അവർ ആർ ആറെല്ലിൽ വന്നതിനെക്കുറിച്ചും, അവിടെ ജോലി ലഭിച്ചതിനു ശേഷമുള്ള അനുഭവങ്ങളുമെല്ലാം വിവരിച്ചു തന്നു. അവരെ സഹായിച്ച്, ഞങ്ങളൊരുമിച്ച് മാസത്തിൽ ഒന്നോ രണ്ടോ ദിവസം അവരുടെ മുറിയിൽ വെച്ച് ഭക്ഷണം കഴിച്ചിട്ടേ ഞാനെന്റ് മുറിയിലെത്താറുള്ളൂ. ഒട്ടും വികസിക്കാത്ത, പാമ്പുകളുടെ കൂടാരമായ, വഴിവിളക്കില്ലാത്ത, തുറസ്സായ സ്ഥലത്തു കൂടെ രാത്രി സഞ്ചരിക്കുന്നത് ഞങ്ങൾക്കെല്ലാവർക്കും ഭയമായിരുന്നുവെങ്കിലും, എന്നെ എന്റെ മുറിയിൽ കൊണ്ടുപോകാൻ ഇരുവരും കൂടെ വരുമായിരുന്നു. ഏകാന്തവാസവും ചുട്ടുപഴുക്കുന്ന അന്തരീക്ഷത്തിന്റെ അസഹനീയതയും ചേർന്നപ്പോൾ കുറച്ച് ദിവസത്തേക്ക് അവധിയെടുത്ത് വീട്ടിലേക്കു പോകാൻ തീരുമാനിച്ചു. ടിക്കറ്റ്, റിസർവു ചെയ്ത് മേയ് മാസത്തിന്റെ അവസാനം മുതൽ മടക്കയാത്രക്ക് മനസ് കൊതിക്കുകയായിരുന്നു. തിരിച്ചുവരണമോ എന്നുള്ളത് പിന്നീട് ചിന്തിക്കാമെന്നു കരുതി ജൂൺ 6 ന് 5 മണിക്കു വെങ്കിടാദ്രി എക്സ്പ്രസിൽ ബാംഗ്ലൂർക്ക് യാത്രയായി.

## ഒരു മടക്കയാത്രയും കുടുംബ ദർശനവും

എന്റെ വീട്ടിലേക്ക് ഞാൻ പോകുന്നു. അച്ഛൻ അമ്മ ജ്യേഷ്ഠാനുജന്മാർ എന്നിവരെ കാണാൻ ആദ്യമായി തോന്നിയ ഉൽക്കടമായ സ്നേഹബന്ധം പിരിഞ്ഞിരിക്കുമ്പോൾ കനപ്പെട്ടു. ട്രെയിനിലെ ഓരോ സെക്കന്റും വീർപ്പുമുട്ടുന്ന പോലെ തോന്നി. ടിക്കറ്റിന്റെ ചാർജ് ഇന്നു മോർക്കുന്നു 28.60 രൂപ. ബാംഗ്ലൂരിൽ നിന്ന് 8 രൂപ കൊടുത്ത് മൈസൂരിലേക്കും, അവിടെനിന്നും കോയമ്പത്തൂർക്കും, പിന്നെ എറണാകുളത്തേക്കും. യാത്രക്കിടയിലെ ദേശം കാണലും കൂടിയായിരുന്നു ഉദ്ദേശം. അതുകൊണ്ടാണീവഴി തെരഞ്ഞെടുത്തത്. തൃപ്പൂണിത്തുറയിലെത്തിയ ഉടനെ പഴയ ബന്ധങ്ങളെല്ലാം പുതുക്കി. എന്റെ ജീവിതത്തിൽ ഏറെ ബന്ധമുള്ള പരമേശ്വരനെ സെന്റ് ആൽബർട്ട്സ് കോളേജിൽ ചെന്ന് കണ്ടു. പിന്നെ മറ്റെല്ലാവരേയും കണ്ടു. കൊച്ചിൻ കോളേജിൽ പ്രവർത്തിച്ച കാലഘട്ടത്തിലെ ശമ്പളം ജൂൺ 27 ന് (1980) ലഭിച്ചു. അങ്ങിനെ ജീവിതത്തിൽ കുറച്ചു ദിവസങ്ങൾ ധനവാനാകാൻ അവസരം ലഭിച്ചു. ഹൈദരാബാദിലെ അവസ്ഥയെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ കുടുംബാംഗങ്ങളെല്ലാം എന്നോടു തിരിച്ചുപോകരുത് എന്നു തന്നെ പറഞ്ഞു. തിരിച്ചുപോയില്ലെങ്കിൽ പിന്നെയെന്ത്? വലിയചോദ്യചിഹ്നം മുമ്പിലുണ്ടായിരുന്നു. ജോലി എന്നത് അത്ര എളുപ്പമുള്ളതല്ല

ല്ലോ. ലഭിച്ചതെല്ലാം വേണ്ടെന്നു വെച്ചവനാണ് ഞാൻ. ഗവേഷണം പോലും വഴിക്കു വെച്ചു നിർത്തിയവനാകരുത്, മറിച്ചൊന്നും ചിന്തിച്ചി ല്ല. തിരിച്ചുപോകുന്നതിനെക്കുറിച്ചുള്ള സംശയം ഒരാളോടും അറിയി ക്കാത്തതിനാൽ എന്നാണ് പോകുന്നതെന്ന ചോദ്യമേയുണ്ടായിരുന്നു ള്ളൂ. തിരിച്ചുപോകുമോ എന്ന ചോദ്യമുണ്ടായിരുന്നില്ല. നിറഞ്ഞ കണ്ണും ഹൃദയവുമായി ഞാൻ ചിന്തിച്ചു. "ഈ വിഷയത്തിലവസാനത്തെ ഡിഗ്രി യുമെടുത്ത്, ലോകത്തിലെ ഏറ്റവും പ്രശസ്തമായ യൂണിവേഴ്സിറ്റി യിൽ പഠിച്ച്, ഭൂമിയുടെ ഇപ്പുറത്തുകൂടി പോയി അപ്പുറത്തുകൂടി വരണം" എന്റെ ഈ വാക്കുകൾ ശരിയായില്ലെങ്കിൽ സൂര്യൻ പടിഞ്ഞാറുദിക്കും എന്ന ടീച്ചറുടെ വാക്കുകൾ ശരിയായിത്തീരും!

തിരിച്ചുപോകുമെന്ന ഉറച്ച രീതിയിൽ തന്നെ ഞാൻ എല്ലാ സുഹൃത്തുക്കളോടും 12 ദിവസങ്ങളായി പെരുമാറിയിരുന്നില്ലെങ്കിൽ എല്ലാവരും എന്നോട് ചോദിക്കുമായിരുന്നു. "ഉള്ള ജോലിയും കളഞ്ഞ് ഡോക്ടറേറ്റിനു പോയവനിതാ തിരിച്ചെത്തി"യെന്ന്. ഒരുപക്ഷേ ആ ഭയമായിരുന്നു എന്നെ തിരിച്ച് ആർ ആറെല്ലിലേക്ക് നയിച്ചത്.

### വീർപ്പുമുട്ടുന്ന മടക്കയാത്ര

തിരിച്ചുള്ള യാത്ര മദ്രാസിലെ ഇടപ്പാളയം തെരുവിലെ വീട്ടിൽ താമസിക്കുന്ന എന്റെ സഹോദരിയുടെ കുടുംബത്തെ സന്ദർശിച്ചതിനു ശേഷമായിരുന്നു. അങ്ങിനെ ആദ്യത്തെ യാത്ര കഴിഞ്ഞ് ഞാൻ ജൂൺ 22 ന് വീണ്ടും ആർ ആറെല്ലിലെത്തി (റീജിയണൽ റിസർച്ച് ലാബറട്ടറി) കുറേ ആശ്വാസവാക്കുകളും മാതാപിതാക്കളുടെ അനുഗ്രഹത്തിന്റെ താങ്ങുമായിട്ടായിരുന്നു മടക്കയാത്ര. അവിടെയെത്തി അടുത്ത ദിവസം നല്ല പനിയും ശാരീരിക പ്രശ്നവുമായി. അന്ന് സഞ്ജയ്ഗാന്ധി മരിച്ച ദിനമായിരുന്നു. മുറിയിൽ തന്നെ ഞാൻ കിടന്നു. അടുത്ത ദിവസം വി വി ഗിരിയുടെ മരണവും ഒഴിവു ദിനമായതിനാൽ രണ്ടു ദിവസവും മുറിയിൽ തന്നെ കിടന്നുറങ്ങി. ഇടക്കു കുറച്ചു സമയം രഘു വന്ന് ചേരിയിലെ വീട്ടിൽ നിന്ന് മറ്റൊരു മുറിയിലേക്ക് മാറുന്നതിനെക്കുറിച്ച് ഉപദേശിച്ചു. ചേരിയിലെ മാലിന്യങ്ങളും, നിറഞ്ഞു കവിയുന്ന ടോയ്‌ലറ്റും എല്ലം കണ്ടിട്ടാണ് രഘു 'ഉടനെ ഇവിടെനിന്നും മാറണ'മെന്നു പറഞ്ഞത്.

### ഹബ്സിഗുഡയിലെ മുറിയിലേക്കൊരു താമസമാറ്റം

രഘുവും ശശിയും ഹബ്സിഗുഡയിൽ ഒരു മുറി കണ്ടുപിടിച്ചു. ആസ്ബസ്റ്റോസിട്ട ചെറിയ ചെറിയ മുറികളുടെ നിരയിലൊരെണ്ണം. ഈ നിര വീടുകളിലെല്ലാം മലയാളി കുടുംബങ്ങളാണ് താമസിക്കുന്ന തെന്നു പറഞ്ഞിട്ടാണ് പരിചയപ്പെടുത്തിയത്. 6 അടി വീതിയും, 10 അടി നീളവുമുള്ള ഒരു മുറി 150 രൂപക്ക് ലഭിച്ചു. കുറേ മലയാളി കൂലിക്കാരാ



Scanned with CamScanner

യിരുന്നു മറ്റുള്ള മുറിയിൽ താമസിച്ചിരുന്നത്. ഒരെണ്ണത്തിൽ ഒരു ചെറുപ്പക്കാരനായ തമിഴ് ബ്രാഹ്മണനും. ജൂൺ 27 ന് സ്റ്റൈപ്പന്റ് വാങ്ങി, വീട്ടുടമസ്ഥനോടു യാത്ര പറഞ്ഞ് വാടകയും കൊടുത്ത്, ജൂലൈ 4-ാം തീയതി രാവിലെ 8.30 ന് ഈ വീട്ടിലെ അവസാനത്തെ പ്രാതലും കഴിച്ച് ഒരു സൈക്കിൾ റിക്ഷായിൽ എന്റെ വീട്ടുസാധനങ്ങളെല്ലാമെടുത്ത് പെരുവഴിയിലൂടെ ഹബ്സി ഗുഡയിലെ പുതിയ ഒറ്റമുറിയിലേക്ക് യാത്ര തിരിച്ചു. ഏതാണ്ട് അഞ്ചു കിലോമീറ്റർ ദൂരം സൈക്കിൾ റിക്ഷയിൽ, ചെറിയ കിടക്കയും ബക്കറ്റും തലയിണയുമായി ലജ്ജയോടെയാണ് യാത്ര തിരിച്ചത്. 5-ാം തീയതി (ജൂലൈ) പുതിയ മുറിയിൽ കിടന്നുറങ്ങി. കൂലിക്കാരായ മലയാളികളായതിനാൽ ഇവിടെ ഏതെല്ലാം പ്രശ്നങ്ങളുണ്ടാകുമെന്നറിയില്ലല്ലോ എന്നൊരു ഭയവുമുണ്ടായിരുന്നു. ഏതാണ്ട് ഏഴു കുടുംബങ്ങൾ അഞ്ചു സെന്റു സ്ഥലത്ത്. ഏകദേശമെല്ലാവരും മലയാളികളാണെന്ന ആശ്വാസം ഒരു വശത്ത് അതുകൊണ്ടു തന്നെ ഒരു ഭയവും മറുവശത്ത്. ലാബറട്ടറിയുടെ അടുത്താണെന്നതിനാൽ സൗകര്യമുണ്ടായിരുന്നു. എത്ര വൈകിയാലും ആൾ നടപ്പുള്ള പ്രദേശം, വളരെ ചെറിയ തട്ടുകടകൾ അടുത്തുണ്ട് എന്ന സൗകര്യം ഭക്ഷണകാര്യത്തിൽ പ്രയോജനപ്പെട്ടു. റോഡിലും വീട്ടിലും നായ്ക്കൾ കുറവാണെന്ന മറ്റൊരു ഭാഗ്യവും. ഫെബ്രുവരി മുതൽ ജൂൺ വരെ ചേരിയിലനുഭവിച്ചതിനേക്കാൾ ദുഃഖം കുറവായിരിക്കുമെന്ന പ്രതീക്ഷയാണ് എന്നെ അങ്ങോട്ടു നയിച്ച പ്രധാന ഘടകം.

ശശിയും രഘുവുമായി നല്ല സുഹൃത്ത് ബന്ധത്തോടൊപ്പം നന്ദനനെന്ന വ്യക്തിയേയും ലഭിച്ചു. ജീവിതത്തിൽ എന്നെ ഏറെ സ്വാധീനിച്ച ഒരു സിനിമയായിരുന്നു, ഇവിടെ വന്നതിനുശേഷം, (ജൂലൈ 9-ാം തീയതി 1980) ആദ്യമായിക്കണ്ട ശങ്കരാഭരണം. പൈതൃകത്തിന്റെ മഹത്വത്തിലേക്കെന്നെ എടുത്തെറിഞ്ഞതും ഇവിടെ വെച്ചു കണ്ട ഈ സിനിമയായിരുന്നു. രണ്ടുമൂന്നു പ്രാവശ്യം ഈ സിനിമ ഞാൻ കാണുകയുണ്ടായി. ആ സിനിമ സമൂഹത്തെ അസാധാരണമായി സ്വാധീനിക്കുന്നുവെന്നും എനിക്കു മനസ്സിലായി. എന്നും ഏകദേശം ഹൗസ് ഫുൾ ആയിരുന്നു. നാട്ടിൽ നിന്ന് തിരിച്ചു വന്നതിനുശേഷം എന്റെ ഗവേഷണം നല്ല രീതിയിൽ പുരോഗമിക്കാൻ തുടങ്ങിയിരുന്നു എന്നതിൽ സന്തോഷം തോന്നി. രാപ്പകൽ ലാബറട്ടറിയിൽ ചെലവഴിക്കുന്ന രീതിയിലെത്തി, എന്റെ പരീക്ഷണങ്ങളുടെ സമയദൈർഘ്യം. രാവിലെ ആറിന് ഞാൻ ലാബിലെത്തും വൈകുന്നേരം ഒമ്പതിനേ മടങ്ങൂ. ഉപകരണങ്ങളുപയോഗിച്ചുള്ള അനാലിസിസ് വൈകുന്നേരം 6 മണിക്കുശേഷം! മറ്റുള്ളവരുടെ ഉപയോഗം കഴിഞ്ഞേ എനിക്ക് ലഭിക്കുകയുള്ളൂ. എന്നാലും രാത്രി ഒറ്റക്കിരുന്ന് ആരുടേയും ശല്യമില്ലാത്ത ശാന്തതയിൽ അനാലി



Scanned with CamScanner

സിസ് നടത്തുമ്പോഴും മനസ്സ് പറയും ആയിരം ദിവസങ്ങൾക്കകം ഇതൊക്കെത്തീർത്തിട്ടു പോകണം എന്ന്. ശാസ്ത്രമണ്ഡലത്തിലെ താഴ്ന്ന നിലവാരത്തിലുള്ള സ്വജനപക്ഷപാതവും, കടിപിടിയുമെല്ലാം ഇവിടെ നടമാടുന്നത് ഈയിടക്ക് മനസ്സിലാക്കാൻ സാധിച്ചു. പല പല അനുഭവങ്ങളുടെ പരമ്പരകളാണ് എന്റെ കണ്ണിലൂടെയും ചെവിയിലൂടെയും മനസ്സിലൂടെയും കടന്നു പോയിക്കൊണ്ടേയിരുന്നത്.

ഒരു ദിവസം വൈകുന്നേരം ലാബറട്ടറിയിലെ സ്റ്റോറു മുഴുവനും കത്തിയമർന്നു. അന്ന് ഡയറക്ടറായിരുന്ന ഡോ. സിദ്ദു അതു കൈകാര്യം ചെയ്തതെല്ലാം വലിയൊരു പാഠമായി മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. "കിംവദന്തികൾ പരത്തരുതെന്നും, നിങ്ങളോടാരെന്തു ചോദിച്ചാലും സ്റ്റോറു കത്തിയതിനെക്കുറിച്ചൊന്നുമറിഞ്ഞുകൂടെന്നു മാത്രമേ പറയാവൂ" എന്നും അദ്ദേഹം വ്യക്തമാക്കി. എഴുതിത്തള്ളേണ്ടതായ പലതും, ദശാബ്ദങ്ങളായി സൂക്ഷിച്ചു വെച്ചിരിക്കുന്നതുമെല്ലാം ഈ തീയിലിട്ട് കത്തിക്കുന്നതും ഞാൻ കണ്ടു. ദശാബ്ദങ്ങൾക്കു മുമ്പ് വാങ്ങിയ ഫയർ എക്സ്റ്റിംഗ്യൂഷർ സിലണ്ടറുകളെല്ലാം 'തീകെടുത്താനായി' തീയിലിട്ടു. അന്നാണാദ്ധ്യമായി ക്രൈസിസ് മാനേജ്മെന്റ് എന്താണെന്ന് മനസ്സിലായത്.

പരീക്ഷണവും ഗവേഷണവും നിരന്തരം നടക്കുന്നുണ്ടായിരുന്നു. ജീവിതം ഏറ്റവുമിറക്കവുമില്ലാതെ മുന്നോട്ടു പോയിക്കൊണ്ടേയിരുന്നു. എല്ലാ മലയാളികളും ചേർന്ന് ആ വർഷത്തെ ഓണമാഘോഷിച്ചത്, ആഗസ്റ്റ് 24 നായിരുന്നു. എല്ലാവരും സന്തോഷിച്ചെങ്കിലും അഞ്ചംഗങ്ങളുള്ള കുടുംബങ്ങൾക്കും ഒരംഗം മാത്രമുള്ളവർക്കും ഓണത്തിനുള്ള ചിലവ് ഒരേ തുകയാണെന്നറിയിച്ചതിൽ നിന്നുണ്ടായ അഭിപ്രായ വ്യത്യാസത്തിനു ശേഷം, ഞാൻ എന്നിലേക്ക് ഒതുങ്ങിക്കൂടാൻ തുടങ്ങി. ഞാൻ മറ്റൊന്നും ശ്രദ്ധിക്കാതെ എന്റെ പരീക്ഷണങ്ങൾ, റിപ്പോർട്ട്, എഴുത്ത്, പ്രബന്ധരചന എന്നിവയിലൊതുങ്ങി. ശശിയും രഘുവുമായുള്ള സുഹൃത്ബന്ധം, ഇടക്ക് കണ്ടുമുട്ടൽ, സാധിക്കുമെങ്കിൽ ഒരു ചെറിയ സിറ്റി പ്രദക്ഷിണം ഇവയിലൂടെ ദൃഢമായി. ഞാനും ശശിയും ഒന്നു രണ്ടു പ്രാവശ്യം സൈക്കിളിൽ ഒരു യാത്രക്കു പോയത് ഇന്നും അവിശ്വസനീയമായി തോന്നുന്നു. ഹൈദരാബാദിൽ നിന്ന് യാദഗിരി ഗുട്ട എന്ന സ്ഥലത്തെ ക്ഷേത്രത്തിലേക്ക്, 60 കിലോമീറ്റർ ദൂരം ഉയർന്നും താഴ്ന്നും കിടക്കുന്ന ഹൈവേയിലൂടെ സൈക്കിളിൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്ര. ക്ഷീണിച്ചു മെലിഞ്ഞ ശരീരമുള്ള ഞാനതു ചെയ്തുവെന്ന് ആരും വിശ്വസിച്ചില്ല, എനിക്കുമിന്നുമത് വിശ്വസിക്കാനാകുന്നുമില്ല. ആഴ്ചയിലൊരിക്കൽ ഏതെങ്കിലും പരിചയക്കാരുടെ ക്ഷണമനുസരിച്ച്



Scanned with CamScanner

ഭക്ഷണത്തിന് അവരുടെ വീട്ടിലേക്ക് പോകും. ചിലപ്പോൾ പഴയ ദ്വാര കയിലേക്കും. അവിടെയുള്ള നായയുടെ മുറിയിലേക്ക് ഒരെത്തി നോട്ടം പതിവുണ്ട്. പഴയകാര്യങ്ങളോർമ്മിക്കാൻ ഇടക്ക് വഴിയിൽ നിന്ന് മുള കുബജിയും, പക്കോടയും, ഇറാനിചായയും വാങ്ങിക്കഴിക്കും.

ഇവിടെയുള്ള ജീവിതത്തിൽ ആദ്യവർഷത്തെ പരീക്ഷണങ്ങളി ലെല്ലാം ലാബിൽ സമയം ചിലവഴിച്ച് തളരുമ്പോൾ എന്നുമെന്നും ആശ്ര യമായിരുന്നത് രഘുവും ശശിയുമായിരുന്നു. ഇടക്കിടക്ക് ഹൈപ്പർ അസിഡിറ്റി കൊണ്ടുണ്ടാകുന്ന താങ്ങാനാവാത്ത നെഞ്ചുവേദനയും ക്ഷീണവും അനുഭവപ്പെടുന്ന ദിവസങ്ങളിലെല്ലാം ഇവരായിരുന്നു ആശ്ര യം. ഇവരോടുള്ള കടപ്പാട് ജീവിതത്തിൽ ഒരിക്കലും മറക്കാൻ സാധി ക്കാത്തത്രയും അഗാധമാണ്. മുജ്ജന്മ സുഹൃത്ബന്ധമായിരുന്നു അത്.

ചെയ്യുന്ന പ്രവർത്തനങ്ങൾ ആസ്വദിച്ചനുഭവിച്ച് ചെയ്യാനുള്ള മാന സീകാവസ്ഥയെനിക്ക് ലാബിന്റെ പ്രവർത്തനത്തിൽ പ്രയോഗത്തിൽ വരു ത്താനായില്ല. അതുകൊണ്ടുതന്നെ 'സംഹൗ കംപ്ലീറ്റ് ദ വർക്' തത്വമാ യിരുന്നു മനസ്സിലെന്നും. അങ്ങിനെയുള്ള 9 മാസങ്ങൾ കടന്നു പോയ പ്പോഴാണ് അമേരിക്കയിൽ നിന്ന് ഒരു ഡോ. മഹാജൻ ഷെട്ടി ഒക്ടോ ബർ 21-ാം തീയതി ലാബിൽ വന്നത്. അമേരിക്കയിലദ്ദേഹം ഫിസിക്സ് പ്രൊഫസറായിരുന്നു. അവിടെനിന്നും മടങ്ങി കർണാടകയിലെ ധാർവാഡ് യൂണിവേഴ്സിറ്റിയിൽ കെമിസ്ട്രി പ്രൊഫസറായി ചേർന്നു. അവിടെ കെമിസ്ട്രിയിൽ ഗവേഷണമാരംഭിക്കാനുള്ള അടിസ്ഥാനപരി ചയത്തിനാണ് ഹൈദരാബാദ് ആർ ആറെല്ലിൽ അന്വേഷിക്കാനെത്തി. ഡോ. ലക്ഷ്മീനാരായണയെ പരിചയപ്പെട്ടത്. ഷെട്ടിയുടെ അസാധാ രണ വ്യക്തിത്വം കാരണം, വേണ്ടതായ എല്ലാ സൗകര്യങ്ങളും ഒരുക്കി കൊടുക്കാൻ ലക്ഷ്മീനാരായണ എന്നോടു പറഞ്ഞു. മഹാജൻ ഷെട്ടിയോടൊത്ത് കുറേ ദിവസങ്ങൾ ലാബിലും പുറത്തും ചിലവഴി ച്ചു. സാമ്പത്തീകമായി നല്ല നിലവാരമുണ്ടായിരുന്ന ഡോ. ഷെട്ടി യാത്രക്കിടയിലുള്ള എന്റെ ചെറിയ ചിലവുകളെല്ലാം വഹിച്ചിരുന്നു. ധാരാളം കാര്യങ്ങളും, പെരുമാറ്റ രീതി, താഴ്മ തുടങ്ങിയ അനവധി സ്വഭാവ ഗുണവിശേഷങ്ങളും എനിക്കദ്ദേഹത്തിൽ നിന്ന് സ്വായത്തമാ ക്കാനായി. ലാബിലാണെങ്കിൽ എന്റെ ഗവേഷണങ്ങളുടെ സമയ ദൈർഘ്യം കൂടുകയും ചെയ്തുകൊണ്ടേയിരുന്നു. ഓരോ പ്രവർത്ത നവും മഹാജൻ ഷെട്ടി നോക്കി പകർത്തുകയും ചെയ്തിരുന്നതിനാൽ ഞാൻ വീണ്ടും അദ്ധ്യാപകനായിത്തീർന്നതുപോലെ തോന്നി. ഷെട്ടി യുണ്ടായിരുന്ന ദിവസങ്ങൾ വളരെക്കുറച്ചു മാത്രമായിരുന്നു. വീണ്ടും ഞാനെന്നിലേക്ക് തന്നെ ചുരുങ്ങി ദിവസങ്ങൾ നീക്കിക്കൊണ്ടിരുന്നു.



Scanned with CamScanner

താങ്ങാൻ പറ്റാത്ത പഠന ഗവേഷണ ഭാരം, ഭക്ഷണത്തിന്റെ ഗുണക്കുറവ് ഇവയെല്ലാം കൂടി ഞാൻ എന്റെ ദുഃഖം അനിയന് ഉപദേശം പോലെ എഴുതി. അസാധാരണ തലവേദനയും നെഞ്ചുവേദനയും എന്നെ കീഴടക്കുന്നു എന്ന് എന്റെ കത്തിലുണ്ടായിരുന്നു. കത്തുവായിച്ച്, എന്റെ സഹോദരന്മാർ നവംബർ 9 ന് ഹബ്സിഗുഡയിലെ എന്റെ റൂമിലെത്തി. ഉള്ള ശക്തിയെല്ലാമുപയോഗിച്ച് അവരെ ഹൈദരാബാദിലെ വ്യത്യസ്ഥ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുകൊണ്ടുപോയി. രണ്ടുദിവസം എന്റെ ജ്യേഷ്ഠന്മാരുടെ കൂടെയുള്ള യാത്ര ഒത്തിരി ഉന്മേഷം നൽകി. ഞാൻ ജീവിക്കുന്ന ചെറിയ മുറിയും അവിടെയുള്ള ഇടുങ്ങിയ കുളിമുറിയുമെല്ലാം കണ്ട് അവർ അന്ധാളിച്ചു പോയിരിക്കണമെന്നെനിക്കു തോന്നി. ഗവേഷണം, ലാബറട്ടറി എന്നെല്ലാം കേട്ടിരുന്ന അവർ വിചാരിച്ചത് ഞാൻ ഒരു ബംഗ്ലാവിലാണ് താമസമെന്നായിരിക്കാം. ദ്വാരക ഹോട്ടലിലെ ഉടമയുടെ വീട്ടിലേക്കും അവർ ഞങ്ങളെ ക്ഷണിച്ചിരുന്നു. അവർക്ക് പെൺമക്കളുണ്ടായിരുന്നതുകൊണ്ടാകാം ക്ഷണിച്ചതെന്ന് അവരുടെ പെരുമാറ്റത്തിൽ നിന്നും മനസ്സിലായി. രണ്ടു ദിവസത്തെ ഹൈദരാബാദ് പര്യടനത്തിനു ശേഷം ജ്യേഷ്ഠന്മാർ തിരിച്ചു യാത്രയായപ്പോൾ അസാധാരണ ഉന്മേഷമാണ് എനിക്ക് തോന്നിയത്.

## ഒറ്റ മുറിയിൽ നിന്ന് ഹോസ്റ്റലിലേക്ക്

ഒരു ദിവസം ഞാൻ ലാബിലെ ഹോസ്റ്റലിൽ താമസത്തിന് അപേക്ഷകൊടുത്തു. പരിശോധനയിൽ എനിക്ക് സീനിയോറിട്ടിയും യോഗ്യതയുമുള്ളതായി അറിയിച്ചു. ലിസ്റ്റ് പ്രകാരം രണ്ടു വാക്കൻസിയുള്ളതിൽ രണ്ടാമത്തേത് എനിക്ക് ലഭിക്കും. നിർഭാഗ്യവശാൽ ഡയറക്ടർ, സ്വന്തം സ്റ്റുഡന്റിന് അത് വാഗ്ദാനം ചെയ്തു. എനിക്ക് ലഭിക്കേണ്ടത് ലഭിക്കാതെ ഞാൻ തഴയപ്പെട്ടു. സർവശക്തിയുമുപയോഗിച്ച് ഞാനെതിർത്തു. നേരിട്ട് ഡയറക്ടറുടെ മുറിയിൽ ചെന്ന് വാദിച്ചു. അവസാനം എനിക്കർഹതപ്പെട്ട ഹോസ്റ്റൽ താമസ സൗകര്യം ലഭിച്ചു. എന്റെ കൂടെയുള്ളവരെല്ലാം എന്നെ ഭയപ്പെടുത്തി. ഡയറക്ടറുമായി ഇങ്ങിനെയൊരു വാദപ്രതിവാദം നടത്തിയതിലും എല്ലാവരുമെന്നെ കുറ്റപ്പെടുത്തി. ഞാൻ ഭയപ്പെട്ടുവെങ്കിലും ഒരു ന്യായീകരണവും ആരോടും പറയാനായി തുനിഞ്ഞില്ല. പിന്നീട് ഇങ്ങിനെയൊരു സംഭവം ഒരു തരത്തിലും എന്നെ ബാധിച്ചതുമില്ല എന്നു മാത്രമല്ല, ഒരിക്കൽ രാവിലെ ഡയറക്ടർ നടക്കാനിറങ്ങിയപ്പോൾ എന്നെ കണ്ടു പറഞ്ഞു. "ഇത്രയും ധൈര്യമായി എന്നോടു സംസാരിച്ച് കാര്യങ്ങൾ നേടിയെടുത്ത നിങ്ങളെ ഞാനൊരിക്കലും മറക്കില്ല". അതുകേട്ടപ്പോൾ ഭയം തോന്നിയെങ്കിലും



Scanned with CamScanner

പ്രതികരിക്കേണ്ട സമയത്ത് പ്രതികരിച്ച് ഈ ഡയറക്ടറോടു ഇപ്രകാരം സംസാരിച്ച് എനിക്കവകാശപ്പെട്ടത് നേടിയതിൽ സന്തോഷിച്ചു. ഞാനും ഡയറക്ടറും തമ്മിലുള്ള ബന്ധത്തിന് ഒരു കോട്ടവും തട്ടിയില്ല. വെടിപ്പും വൃത്തിയുമുള്ളതും, ലാബറട്ടറി കാമ്പസ്സിൽ തന്നെയുള്ളതുമായ ഹോസ്റ്റലിൽ തന്നെ താമസിക്കാനുള്ള ഭാഗ്യം ജഗദീശ്വരൻ നൽകി. ഞാൻ 1980 ഡിസംബർ 2 ന് ഹോസ്റ്റലിലേക്ക് മാറിത്താമസം തുടങ്ങി. ശ്രീനിവാസ റെഡ്ഡി എന്ന ഒരു ആന്ധ്രാക്കാരനും കൂടെയുണ്ടായിരുന്നു. പ്രവർത്തിക്കുന്ന ലാബിൽ നിന്ന് 250 അടി മാത്രം ദൂരമുള്ള മുറിയിലേക്ക് ഞാൻ എത്തിച്ചേർന്നു! ഈയിടക്കാണ് എന്നെ ഏറ്റവുമധികം സ്നേഹിച്ചിരുന്ന എന്റെ പിതൃസഹോദരി മരിച്ചതായി ഞാനറിഞ്ഞത്. അവർ മരിച്ച ദിവസം എന്നെ വിളിച്ചു "ഞാൻ പോകുകയാണ്" എന്നു യാത്ര പറയുന്നതു പോലെ എനിക്കുതോന്നിയിരുന്നു.

**കേരളാ യൂണിവേഴ്സിറ്റിയിലെ രെജിസ്ട്രേഷൻ പ്രശ്നം**

ഇത്രയും കാലം ഗവേഷണം പുരോഗമിക്കുമ്പോഴും മുന്നിൽ ഉണ്ടായിരുന്ന വലിയ ഒരു ചോദ്യചിഹ്നം കേരള യൂണിവേഴ്സിറ്റിയിൽ എനിക്ക് പിഎച്ച് ഡി റെജിസ്ട്രേഷൻ ഇതുവരെ ലഭിച്ചിട്ടില്ല എന്നതായിരുന്നു. ഈ രെജിസ്ട്രേഷനു വേണ്ടി എന്റെ തിരുവനന്തപുരത്തുള്ള ജ്യേഷ്ഠൻ കേരള യൂണിവേഴ്സിറ്റിയിലെ അക്കാഡമിക് കാര്യ കമ്മിറ്റി അംഗമായ ശ്രീ നാരായണൻനായരെ കണ്ടു കാലുപിടിച്ചപേക്ഷിച്ചിരുന്നു. ലാ അക്കാഡമി പ്രിൻസിപ്പലായിരുന്ന ഒരദ്ധ്യാപകന് ചേർന്ന വിധത്തിലായിരുന്നില്ല അദ്ദേഹം പെരുമാറിയത്. രണ്ടുമൂന്നു പ്രാവശ്യം രെജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഞാനും പോയപ്പോഴെല്ലാം അദ്ദേഹം പറഞ്ഞിരുന്നത് "തനിക്കു വട്ടുണ്ടോ, ഈ നാശം പിടിച്ച യൂണിവേഴ്സിറ്റിയിൽ താനല്ലാതെ രെജിസ്റ്റർ ചെയ്യുമോ? അവിടെ ഹൈദരാബാദിൽ വേറെ യൂണിവേഴ്സിറ്റിയൊന്നുമില്ലേ...?" എന്നെല്ലാമായിരുന്നു. എല്ലാ ഭവ്യതയോടെയും 'അദ്ദേഹ'ത്തിന്റെ മുന്നിൽ നിന്നുയാചിക്കുമ്പോഴും എന്നോട് സഹതാപത്തിന്റെ ഒരു വരിപോലും പറയാത്ത ഈ വ്യക്തിയെ പോലുള്ളവർ കേരളത്തിന്റെ ശാപമാണെന്നുവരെ പലപ്പോഴും തോന്നിയിരുന്നു. ഇന്നും 'അദ്ദേഹത്തിന്റെ' വീടിന്റെ മുന്നിലൂടെ പോകുമ്പോൾ ആ വരികൾ ഓർമ്മിക്കാറുണ്ട്. "തനിക്കു വട്ടുണ്ടോ കേരള യൂണിവേഴ്സിറ്റിയിൽ പിഎച്ച് ഡിക്കു രെജിസ്റ്റർ ചെയ്യാൻ...."

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് പോസ്റ്റ് ഗ്രാജ്വേഷൻ ഡിഗ്രി എടുത്തിട്ടുള്ളതുകൊണ്ട് ഇതേ വിഷയത്തിൽ ഇവിടെ പിഎച്ച് ഡി ക്കു രെജിസ്റ്റർ ചെയ്യുന്നതാണ് പതിവ്. അതാണ് എന്റെ സീനിയേഴ്സും



Scanned with CamScanner

ചെയ്തിരുന്നത്. അപ്ലൈഡ് കെമിസ്ട്രിയിൽ പിഎച്ച് ഡി യെടുക്കാൻ കേരളാ യൂണിവേഴ്സിറ്റിയിലേ സാധിക്കൂ എന്നതു കൊണ്ടാണ് ഇവിടെത്തന്നെ രെജിസ്റ്റർ ചെയ്യേണ്ടിവന്നതും അതിനുവേണ്ടി അക്കാദമിക് കമ്മിറ്റിയംഗങ്ങളെയെല്ലാം കണ്ടു അപേക്ഷിച്ചതും. ഈ യാചന എന്റെ രെജിസ്ട്രേഷൻ വേഗത്തിലാക്കാനായിട്ടായിരുന്നു. ഗവേഷണം തുടങ്ങി ഒരു വർഷമാകാറായി. ഇനിയുമെനിക്ക് രെജിസ്ട്രേഷൻ കിട്ടിയിട്ടില്ല, ദയവുണ്ടാകണം എന്നായിരുന്നു എല്ലാവരോടും അപേക്ഷിച്ചത്. പഠിക്കാനുള്ള ഓരോ പടവുകടക്കുമ്പോഴും വേദനയോടെ തളർന്നു പോകുന്ന അനുഭവങ്ങളാണുണ്ടാവുക. പ്രീഡിഗ്രിക്കും, ഡിഗ്രിക്കും, ഒന്നാമത്തെ എം എസ്സിക്കും, രണ്ടാമത്തെ എം എസ്സിക്കും, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ വടക്കഞ്ചേരിയുടെ കൂടെയുള്ള ഗവേഷണവത്തിനുമെല്ലാം തടസ്സങ്ങളുടെ പൂരങ്ങളായിരുന്നു പിഎച്ച് ഡി രജിസ്ട്രേഷനും അതു പോലെ തന്നെ സംഭവിക്കുന്നു

ഇത്രയും മാസം നിരന്തരം കത്തിലൂടെയും ഫോണിലൂടെയും എന്റെ ജ്യേഷഠൻ വഴിക്കും പിന്നെ ഞാൻ നേരിട്ടും ബന്ധപ്പെട്ടതിന്റെ ഫലമായി, 1980 ഡിസംബർ 18 ന് കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഒരു കത്ത് എന്റെ ഗൈഡിന് (ലക്ഷ്മീനാരായണയ്ക്ക്) ലഭിച്ചു. യൂണിവേഴ്സിറ്റിയിലേക്ക് ഒരു പ്രിലിമിനറി ഇന്റർവ്യൂവിന് ഞാൻ വരണമെന്നായിരുന്നു കത്ത്. പിഎച്ച് ഡി ക്കു യോഗ്യതയുണ്ടോ എന്നറിയാനുള്ള ഇന്റർവ്യൂ നടത്തേണ്ടിയിരുന്നത് ഗവേഷണം ആരംഭിക്കുന്നതിനു മുമ്പായിരുന്നു. ഇവിടെയാകട്ടെ ഗവേഷണം ആരംഭിച്ച് ഒരു വർഷമാകുന്നു. കേരള യൂണിവേഴ്സിറ്റിയിലെ ഇന്റർവ്യൂവിന് കത്തു വന്നത് ഡോ. ലക്ഷ്മീനാരായണയ്ക്കായിരുന്നു. ആ ഇന്റർവ്യൂവിന് കമ്മിറ്റിയുടെ ചെയർമാനായി കേരള യൂണിവേഴ്സിറ്റിയിലെ കെമിസ്ട്രി പ്രൊഫസർ.സി.ജി. രാമചന്ദ്രൻ നായരെ നിയമിച്ചിരിക്കുന്നു എന്നും അദ്ദേഹത്തിന്റ നിർദ്ദേശപ്രകാരം വേണ്ടതു ചെയ്യുവാനുമായിരുന്നു, നിർദ്ദേശം. പ്രൊഫ. സി. ജി. രാമചന്ദ്രൻ നായരുടെ കത്ത് എനിക്ക് ലഭിച്ചതുമില്ല.

പല ഗവേഷണപ്രവർത്തനങ്ങൾ ഞാൻ നിരന്തരം ചെയ്തുകൊണ്ടിരുന്നു. ഇടക്കാലത്ത് മൂന്നുപ്രാവശ്യം ഈ ഒരു വർഷത്തിൽ (1980 ൽ) നാട്ടിലേക്കു വന്ന് കേരളയൂണിവേഴ്സിറ്റിയുടെ പടികയറിയിറങ്ങി. അന്നെല്ലാം എന്റെ പിഎച്ച്.ഡി രെജിസ്ട്രേഷൻ ശരിയാക്കാനായിരുന്നു യാത്രയെല്ലാം. എന്നും പ്രാർത്ഥിക്കുമായിരുന്നു ഇനിയൊരിക്കലും ഈ യൂണിവേഴ്സിറ്റിയുടെ പടി ചവിട്ടേണ്ട ഗതികേട് വരരുതേ ഈശ്വരാ എന്ന്. സെനറ്റ് അംഗങ്ങളേയും സിന്റിക്കേറ്റ് അംഗങ്ങളേയുമെല്ലാം കണ്ട്



Scanned with CamScanner

താണുകേണപേക്ഷിച്ചു. പലരും എന്റെ മുന്നിൽ സ്നേഹമഭിനയിക്കുകയും ചെയ്തു. പിന്നെയൊന്നും അവർ ചെയ്യാറുമില്ല. രണ്ടാമത്തെ പ്രാവശ്യം കേരള യൂണിവേഴ്സിറ്റിയിൽ വന്ന് ഓരോരുത്തരോടായി അന്വേഷിച്ചു. "പ്രൊ. സി. ജി. രാമചന്ദ്രൻനായർ കമ്മിറ്റിയാണ് എന്റെ പിഎച്ച് ഡി രെജിസ്ട്രേഷനുള്ള ഇന്റർവ്യൂ നടത്തേണ്ടത്. ഇതുവരെ അദ്ദേഹത്തിൽ നിന്ന് കത്തൊന്നും എനിക്കു ലഭിച്ചില്ല" എന്ന്. അധികൃതരെയും അറിയിച്ചു. "ഞാൻ ഹൈദരാബാദിലാണ് ഇടക്കിടക്ക് വരാൻ ബുദ്ധിമുട്ടുണ്ട്" എന്നു കത്തുമുഖേനയും നേരിട്ടുമറിയിച്ചു.

കേരള യൂണിവേഴ്സിറ്റിയിൽ ആർക്കുമറിഞ്ഞുകൂടായിരുന്നു ഡോ. സി. ജി. രാമചന്ദ്രൻ നായർ എവിടെ പോയി എന്ന്. എല്ലാവർക്കുമറിയാം അദ്ദേഹം യൂണിവേഴ്സിറ്റിയിലില്ലെന്ന്. പിന്നെ കെമിസ്ട്രി ഡിപ്പാർട്ടുമെന്റിലെ ഡോ. ജോഷ്വാസാറിനേയും ഡോ. ധർമ്മരാജയ്യരേയും കണ്ടപ്പോൾ അവർ പറഞ്ഞു. "ഡോ. സി.ജി.ആർ അൾജീരിയയിലേക്ക് പോകുന്നു എന്നു പറയുന്നതു കേട്ടു. പോയോ ഇല്ലയോ എന്നറിഞ്ഞുകൂടാ." കേരള യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് നൽകുന്ന അനുഗ്രഹം ഇത്രയും 'ഗാഢമായിരുന്നു.' എന്റെ അവസ്ഥ കണ്ട് ദുഃഖം തോന്നിയ ഡോ. ധർമ്മരാജയ്യർ ഉപദേശിച്ചു. മറ്റൊരു കമ്മിറ്റിയുണ്ടാക്കാൻ ഞാൻ ശുപാർശ ചെയ്യാം. അതനുസരിച്ച് വേണ്ടതു പോലെയാകും. പിന്നീട് ഡോ. ജോഷ്വാസാറിനെ ഇന്റർവ്യൂ കമ്മിറ്റി ചെയർമാനായി നിയമിച്ചതായറിഞ്ഞു. തിരുവനന്തപുരത്തെ ആർ ആറെല്ലിന്റെ (റീജിയണൽ റിസർച്ച് ലാബറട്ടറി തിരുവനന്തപുരം) ആക്ടിങ് ഡയറക്ടറായിരുന്ന ഡോ. എ. ജി. മാത്യുവിനേയും ചേർത്ത് കമ്മിറ്റിയുണ്ടാക്കിയതിന്റെ അറിയിപ്പുണ്ടായി.

ഇവരെല്ലാം ചേർന്ന് ഒരു താൽക്കാലിക ഇന്റർവ്യൂ നടത്തി "ഇവന് രെജിസ്ട്രേഷന് വേണ്ടിയുള്ള പരീക്ഷയെഴുതാൻ യോഗ്യതയുണ്ടെന്ന്" റിപ്പോർട്ടു കൊടുത്തു. കേരള യൂണിവേഴ്സിറ്റിയിലെ ഈ സംവിധാനം ഏതു യൂണിവേഴ്സിറ്റിയേയും നാണിപ്പിക്കുന്നതായിരുന്നു. അങ്ങിനയല്ലാതെ മറ്റൊന്ന് പ്രതീക്ഷിക്കാൻ സാധ്യവുമല്ലല്ലോ. രാഷ്ട്രീയക്കാർക്കും മറ്റ് കാര്യങ്ങൾക്ക് കഴിവില്ലാത്തവർക്കും ലഭിക്കുന്ന പദവിയാണല്ലോ കേരളത്തിലെ യൂണിവേഴ്സിറ്റി പദവികൾ!

**ഭയാനകമായ പരീക്ഷരീതി!**

അപ്പോഴാണ് ഞാനറിയുന്നത്; അന്നുവരെ പിഎച്ച് ഡി രെജിസ്ട്രേഷന് എഴുത്തു പരീക്ഷയില്ലായിരുന്നു, ആദ്യമായിട്ട് അതും തുടങ്ങുകയാണ്. അതുകൊണ്ട് ഈ കമ്മിറ്റി അംഗങ്ങളും എന്റെ ഹൈദരാബാദിലുള്ള ഗൈഡും ഒരുമിച്ചിരുന്ന്, ഇനി പരീക്ഷക്കുള്ള സിലബസുണ്ടാ



Scanned with CamScanner

ക്കണം. അതിനുശേഷം പരീക്ഷക്കു പഠിക്കാൻ ആറുമാസത്തെ സമയമനുവദിക്കണം. പിന്നെ സിലബസ്സിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ തയ്യാറാക്കണം. പരീക്ഷ നടത്താൻ ഒരു കമ്മിറ്റിയും വേണം. അവരുടെ മേൽനോട്ടത്തിൽ ഞാനിവിടെ വന്ന് പരീക്ഷയെഴുതണം. അതു വിലയിരുത്തുന്നതിന് പ്രത്യേകം അദ്ധ്യാപകരെ നിയമിക്കണം. എഴുപത് മാർക്കിൽ കൂടുതൽ മൂന്നുപേരും (ഉത്തരക്കടലാസ് പരിശോധിക്കുന്നവർ) പ്രത്യേകം പ്രത്യേകം നൽകണം. പിന്നെ ആ റിപ്പോർട്ട് അക്കാഡമിക് കൗൺസിൽ അംഗീകരിക്കണം. തുടർന്ന് ഒരു രെജിസ്ട്രേഷൻ ഇന്റർവ്യൂ വേണം, അതിനുശേഷം എല്ലാം ശുഭമായാൽ പിഎച്ച്.ഡി റിസർച്ച് ആരംഭിക്കാനുള്ള രെജിസ്ട്രേഷൻ ലഭിക്കും. മൂന്നു വർഷം കഴിഞ്ഞു (മാത്രം) തീസിസ് കൊടുക്കാനുള്ള അനുമതിയും ലഭിക്കും. അതിനു മുമ്പ് തീസീസിന്റെ സംക്ഷിപ്തം കൊടുക്കണം. ഇത്രയും കേരളയൂണിവേഴ്സിറ്റിയിലെ ജോലിക്കാരിൽ നിന്നറിഞ്ഞപ്പോൾ ഞാൻ നൂറു ശതമാനവും തളർന്നു പോയി. ഇത്രയുമാണ് ഇനി യൂണിവേഴ്സിറ്റിയും, ഞാനും, എന്റെ ഗൈഡും, കമ്മിറ്റിയും ചെയ്യേണ്ടത്. റിസർച്ച് തുടങ്ങി 400 ദിവസങ്ങൾ ഇപ്പോൾ തന്നെ കഴിഞ്ഞിരിക്കുന്നു. രെജിസ്ട്രേഷനു വേണ്ട ഒരു നടപടിയും ഇതുവരെയായിട്ടില്ല. ഹൈദരാബാദിലിരുന്നുകൊണ്ട് കേരള യൂണിവേഴ്സിറ്റിയിലെ ഫയലുകളെങ്ങിനെ നീക്കും? ആരുവന്നന്വേഷിച്ചാലും ഫയൽ ഒന്നു തപ്പിയെടുക്കാൻ അഞ്ചുമണിക്കൂർ വേണം. 'മ' കാര മാഗസിനുകൾ വായിക്കുന്നതിനിടക്ക് ഇവിടത്തെ ജോലിക്കാർക്ക് അഞ്ചുമണിക്കൂർ എന്നാൽ ഏകദേശം രണ്ടര ദിവസത്തെ പ്രവർത്തനസമയം എന്നർത്ഥം.

അന്നത്തെ ക്ലാർക്കുമാരുടേയും ഡെപ്യൂട്ടി രെജിസ്ട്രാർമാരുടേയും മുഖത്ത് ഒരേ ഭാവമാണു കാണാറുള്ളത്. "ഞങ്ങളൊക്കെ പിഎച്ച്ഡി യില്ലാതെ ജീവിക്കുന്നില്ലേ തനിക്കെന്തിനാടോ പിഎച്ച്.ഡി തനിക്കെന്താ പി എച്ച് ഡി കിട്ടിയാൽ ഭാരതരത്നം തരാമെന്നാരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇതായിരുന്നു അവരുടെ മുഖഭാവം. ഇപ്പോൾ ഒരു 5 ശതമാനം വ്യത്യാസം വന്നിട്ടുണ്ടെന്ന് തോന്നുന്നു. കാരണം പല വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും ശാപം കൊണ്ട് ചില ഉദ്യോഗസ്ഥരെങ്കിലും മഹാരോഗികളായിട്ടുണ്ടാകാതിരിക്കാനിടയില്ല. ഈ ഫയലുകൾ തപ്പിയെടുത്തു മുകളിൽ വെക്കാനായി ശ്രമിക്കുന്ന വ്യക്തി പോയാൽ ആ ഫയൽ അനങ്ങാതെ അവിടെത്തന്നെ അങ്ങിനെ തന്നെയുണ്ടാകും. കടമ്പകളേറെ കടക്കാനുണ്ട്, ഓരോന്നായിത്തീർത്ത് മുന്നേറണം. ഓരോ പ്രാവശ്യവും കേരള യൂണിവേഴ്സിറ്റിയിലെ പടവുകളിറങ്ങുമ്പോൾ കുമാരനാശാന്റെ പ്രതിമ നോക്കി ചിന്തിക്കും. "മാറ്റുവിൻ ചട്ടങ്ങളേ...". പോകുന്ന വഴിക്ക്, ചങ്ങനാശ്ശേരി കോളേജിലെ സക്ക

റിയയെ കാണും. (അയാളെ) അദ്ദേഹത്തെ കാണുമ്പോൾ ഞാൻ വിചാരിക്കും "കർത്താവേ ഇയാൾ ചെയ്യുന്നതെന്തെന്നിയാളറിയുന്നില്ല. എന്നെ സഹായിക്കാൻ ഇയാൾക്ക് ബോധോദയമുണ്ടാകണമേ" എന്ന്. ചിലപ്പോൾ തോന്നാൻ പാടില്ലാത്തതും തോന്നാറുണ്ട്. എത്രയോ പേരെ പാമ്പുകടിക്കുന്നു, ഇടി വെട്ടേൽക്കുന്നു ഈശ്വരാ....

ഡോ. ലക്ഷ്മീനാരായണയെക്കൊണ്ടു തന്നെ സിലബസ്സുണ്ടാക്കി. പോസ്റ്റിലയച്ചാൽ കേരളാ യൂണിവേഴ്സിറ്റിയാകുന്ന മഹാസാഗരത്തിലെ ഏതു മൂലക്കലാണതെത്തുക എന്നറിയാൻ സാധിക്കാത്തതിനാൽ ഇവിടെ വീണ്ടും വന്ന് ജോഷ്വാസാറിനെ സിലബസ് ഏൽപിച്ചു. ഭാഗ്യവശാൽ ജോഷ്വാസാറും ധർമ്മരാജയ്യരും വൈകാതെ പരീക്ഷാതീയതി നിശ്ചയിച്ചു. എഴുത്തു പരീക്ഷയും ഏതാണ്ട് എട്ടുമാസം കഴിഞ്ഞപ്പോൾ നടന്നു. അതിന്റെ റിസൾട്ടും വന്നു. നല്ല രീതിയിൽ പാസ്സായിരുന്നു. അവസാനത്തെ അല്ല ഒടുക്കത്തെ ഇന്റർവ്യൂ ഇനിയുമുണ്ട്, അതിനൊരു കമ്മിറ്റി വേണം.

**ഡോ. എ.ജി. മാത്യൂസാറിന്റെ അനുഗ്രഹം**

ഹൈദരാബാദിൽ വെച്ച് തന്നെ എന്റെ ഗൈഡ് എന്നെ ഇൻർവ്യൂ ചെയ്ത റിപ്പോർട്ടുമായി ഞാൻ വീണ്ടും ഹൈദരാബാദിൽ നിന്നു വന്ന് ജോഷ്വാസാറിനെ വീണ്ടും കണ്ടു. നല്ല മനസ്സുള്ള അദ്ദേഹം പറഞ്ഞു. "താൻ കുറേ ബുദ്ധിമുട്ടിയല്ലേ. സാരമില്ല, ഭാവിയിൽ ഇതൊക്കെ ചേർത്തൊരു പുസ്തകമെഴുതണം. എനിക്ക് തന്നോട് ഒന്നും സബ്ജക്റ്റിനെക്കുറിച്ചു ചോദിക്കാനില്ല. താനൊരു കാര്യം ചെയ്യ് ആർ ആറെല്ലിൽ (തിരുവനന്തപുരം, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്) ചെന്ന് ഡയറക്ടർ ഡോ. മാത്യുവിനെകണ്ട് ഇന്റർവ്യൂ റിപ്പോർട്ട് കൈയ്യോടെ വാങ്ങിക്കൊണ്ടു വരണം. ഒരു സീൽഡ് കവറിൽ തരാൻ പറയണം. ബെസ്റ്റ് ഓഫ് ലക്ക്" ഹൃദയമുള്ള ഒരദ്ധ്യാപകൻ എന്റെ വിഷമമറിഞ്ഞ് സഹായിച്ചു.

ഞാൻ ഉച്ചഭക്ഷണം പോലും കഴിക്കാതെ ആർ ആറെല്ലിൽ മാത്യുസാറിന്റെ അടുത്തെത്തി. ജീവിതത്തിൽ മറക്കാനാകാത്ത ലാളിത്യത്തോടെ എന്നെ സ്വീകരിച്ച് അദ്ദേഹം വിഷയത്തിൽ ഇൻർവ്യൂ നടത്തി. പല ചോദ്യങ്ങളും ചോദിച്ചു. ചിരിച്ച മുഖവുമായി കുശലാന്വേഷണങ്ങളുൾപ്പെടെയായിരുന്നു ഇന്റർവ്യൂ. ഒരു സഹപ്രവർത്തകനോടെന്നപോലെ, തുല്യതാഭാവത്തോടെയാണ് മാത്യുസാർ പെരുമാറിയത്. എല്ലാ ചോദ്യത്തിനും ഞാൻ മറുപടി പറഞ്ഞപ്പോൾ സാറിന് അതിശയമായി. സാറിന്റെ കീഴിൽ പിഎച്ച് ഡി ക്കു ഗവേഷണം നടത്തുന്ന ശ്രീ. കെ.സി. എം. രാജാ എന്ന സയിന്റിസ്റ്റിനെ വിളിച്ച് പരിചയപ്പെടുത്തി. എന്തെ



Scanned with CamScanner

ങ്കിലും ചോദിക്കാനുണ്ടെങ്കിൽ ചോദിച്ചു കൊള്ളാൻ രാജായോട് മാത്യു സാർ പറഞ്ഞു. ഞാൻ ശ്രീ. രാജായുമായി കുറേസമയം അദ്ദേഹത്തിന്റെ ലാബിൽ ചിലവഴിച്ചു. പിന്നെ മാത്യുസാർ, രാജായെ വിളിച്ച് എന്തെല്ലാമോ സംസാരിച്ച്, റിപ്പോർട്ടു തയ്യാറാക്കി എന്റെ കയ്യിൽ തരുന്നതിനുമുമ്പ് വിളിച്ചു മുന്നിലിരുത്തി, ചായയും ബിസ്കറ്റും തന്ന് പറഞ്ഞു. "ഈ ലാബിൽ അടുത്ത വർഷം ഒരു വാക്കൻസിയുണ്ടാകും. ഗോപാലകൃഷ്ണൻ അപേക്ഷിക്കണം. തന്റെ ക്വാളിഫിക്കേഷൻസെല്ലാം എഴുതിക്കൊടുത്തിട്ടുവേണം പോകാൻ. ഞാൻ ധാരാളം പേരുമായി വിഷയം സംസാരിച്ചിട്ടുണ്ട്. അവരെ ഇന്റർവ്യൂ നടത്തിയിട്ടുമുണ്ട്. തനിക്ക് വിഷയം ഉൾക്കൊണ്ട അറിവുണ്ട്. തന്നെ പോലെ ഒരാളെ എനിക്കിവിടെ വേണം." ഈ വരി എന്നെ ആകെ ആവേശഭരിതനാക്കി. മറക്കാനാകാത്ത ആത്മസംതൃപ്തി, ഒരു ലാബറട്ടറി ഡയറക്ടറിൽ നിന്നു ലഭിച്ചു. ഗവേഷണം തുടങ്ങി ഒന്നേമുക്കാൽ വർഷം കഴിഞ്ഞു. വേദനയും, എന്റേതല്ലാത്ത തെറ്റുകാരണം രെജിസ്ട്രേഷൻ വൈകുന്ന ദുഃഖവും കുറച്ചു സമയത്തേക്ക് ഞാൻ മറന്നു. ആത്മാഭിമാനത്തിന്റേയും സംതൃപ്തിയുടേയും ഒരനുഭൂതി, സി എസ് ഐ ആർ ലാബറട്ടറിയിലെ ഡയറക്ടറിൽ നിന്നു എനിക്ക് അദ്ദേഹത്തിന്റെ വാക്കുകളിലൂടെ ലഭിച്ചു.

ഞാൻ ജോഷാസാറിന്റെ അടുത്തു ചെന്ന് മാത്യുസാർ തന്ന റിപ്പോർട്ടു കൊടുത്തു. "ഇനി താനൊന്നും പേടിക്കേണ്ടബാക്കി കാര്യങ്ങളെല്ലാം ഞാനേറ്റു. അക്കാഡമിക് കൗൺസിൽ അംഗങ്ങളെക്കണ്ട് റിട്രോസ്പെക്റ്റീവ് ആയി (മുൻകാല പ്രാബല്യത്തോടെ) രെജിസ്ട്രേഷൻ തരാൻ ശുപാർശ ചെയ്യണമെന്ന് പറഞ്ഞിട്ടു പോകുന്നതാണ് നല്ലത്" എന്നും ജോഷാസാർ ഓർമ്മിപ്പിച്ചു. "തന്റെ വർക്ക് കുറേ പുരോഗമിച്ചില്ലേ? ഇത്രയും സമയം കൊണ്ട് താനിത്രയും വർക്കു ചെയ്തു കഴിഞ്ഞു. ഇൻർനാഷണൽ ജേർണലിൽ പേപ്പർ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് താൻ മുൻകാല പ്രാബല്യത്തോടെ രെജിസ്ട്രേഷൻ ലഭിക്കാനായി ശ്രമിക്കണം. സാധിക്കുന്നതെല്ലാം ഞാൻ ചെയ്തു സഹായിക്കാം. ഞാനും റെക്കമെന്റു ചെയ്യാം." ജോഷാസാറിന്റെ നിർദ്ദേശത്തിൽ സന്തോഷം തോന്നി. അക്കാദമിക് കൗൺസിൽ അംഗങ്ങളെ ഞാൻ വീണ്ടും കണ്ടു. പതിവുപോലെ വേണ്ടതു ചെയ്യാമെന്നവർ പറഞ്ഞു. ഞാൻ ഹൈദരാബാദിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

### ദേവസ്സി തന്ന ശാപകർമ്മം

രെജിസ്ട്രേഷൻ പൂർവകാല പ്രാബല്യത്തോടെ ലഭിക്കാനായി എന്റെ ഗൈഡിന്റെ റെക്കമെന്റേഷനും, ഞാനെന്നു മുതൽക്കാണ് ഗവേ

ഷണമാരംഭിച്ചത് എന്ന സർട്ടിഫിക്കറ്റുമായി, പ്രസിദ്ധീകരിച്ച പ്രബന്ധ ങ്ങളുമെല്ലാം ചേർത്ത്, വീണ്ടും ഞാൻ കേരള യൂണിവേഴ്സിറ്റിയിലേ ക്ക്, ഹൈദരാബാദിൽ നിന്നുവന്നു. വളരെ പ്രതീക്ഷയോടെ രെജി സ്ട്രാറെ ചെന്നുകണ്ടു. ജോഷ്വാസാറിന്റെ ഉപദേശവും കേട്ടുകൊ ണ്ടാണ് ഞാൻ ശ്രീ. സി.കെ. ദേവസ്സി എന്ന രെജിസ്ട്രാറെ കണ്ടത്. മെലിഞ്ഞു നേർത്ത മനുഷ്യൻ. എല്ലാ കാര്യങ്ങളും വിശദീകരിച്ചു കൊണ്ടു ഞാൻ കരഞ്ഞു പറഞ്ഞു. "സാർ ഇനിയും ഞാൻ തീസിസ് സമർപ്പിക്കാൻ മൂന്നുകൊല്ലം കാത്തിരിക്കണം. റിസർച്ച് തുടങ്ങി ഏക ദേശം ഒന്നേമുക്കാൽ വർഷം കഴിഞ്ഞു. രെജിസ്ട്രേഷൻ വൈകിയ തൊന്നും എന്റെ തെറ്റല്ല. ഡോ. സി. ജി. രാമചന്ദ്രൻ സാറിനെയാണ് കമ്മിറ്റി ചെയർമാനാക്കിയത്. അന്വേഷിച്ചപ്പോൾ അറിഞ്ഞത് അദ്ദേഹം അൾജീരിയയിലാണെന്നാണ്." അവിടം മുതൽക്കിന്നു വരെ ഞാൻ അനുഭവിച്ച പ്രശ്നങ്ങളെല്ലാം, രെജിസ്ട്രാറോട് വിവരിച്ചു. "ഇപ്പോൾ തന്നിരിക്കുന്ന രെജിസ്ട്രേഷൻ പൂർവകാല പ്രാബല്യത്തോടെ നൽക ണമെന്നപേക്ഷിക്കുന്നു." വീണ്ടും ഞാൻ രെജിസ്ട്രാറോട് പറഞ്ഞു. "നല്ല കഴിവുള്ള വിദ്യാർത്ഥി അസാധാരണമായ ഒരു തീസിസ് 200 ദിവസം കൊണ്ടെഴുതി തീർത്താൽ വളരെയധികം പ്രശംസാത്മക മായ അംഗീകാരം വിദേശ യൂണിവേഴ്സിറ്റികളിലെല്ലാം നൽകാറുണ്ടല്ലോ. ചിലരുടെ തീസിസ് നോബൽ സമ്മാനത്തിനു പോലും ശുപാർശ ചെയ്ത ത്, 100 ദിവസം കൊണ്ട് ഗവേഷണം ചെയ്തെഴുതിയ പത്തോ ഇരുപ ത്തഞ്ചോ ഷീറ്റുകളാണ്...."

ഞാൻ പറയുന്നതെല്ലാം താടിക്കു കൈയ്യും കൊടുത്ത് ആ മനു ഷ്യൻ കേട്ടുകൊണ്ടിരുന്നു. താനല്ല തന്റെ അപ്പൂപ്പൻ വന്നു പറഞ്ഞാലും രെജിസ്ട്രേഷൻ തീയതി മാറ്റിത്തരുന്ന പ്രശ്നമില്ല എന്ന ഉറച്ചമുഖഭാവ മയാൾക്കുള്ളതായി എനിക്കു തോന്നി. കുറേ സമയം കഴിഞ്ഞ് 'അദ്ദേഹം' പറഞ്ഞു "എനിക്കൊന്നും ചെയ്യാൻ പറ്റില്ല. മുൻകാല പ്രാബ ല്യത്തോടെ രെജിസ്ട്രേഷൻ തരുന്നതിന് എന്തെങ്കിലും ചെയ്യണമെ ങ്കിൽ വൈസ് ചാൻസലറാണ് ചെയ്യേണ്ടത്. സാറിന് ഇതൊന്നും നോക്കാൻ സൗകര്യമുണ്ടാകുമെന്നു തോന്നുന്നില്ല. താൻ സാവധാന ത്തിൽ തീസിസ് തയ്യാറാക്കി സമർപ്പിച്ചാൽ മതി, എന്തിനാ ധൃതിപിടി ക്കുന്നത്?"

ഞാൻ പേപ്പറുകളെല്ലാമായി വൈസ് ചാൻസലർ ഡോ.വി.കെ സുകുമാരൻനായരെ കണ്ടു. വ്യക്തമായി കുറേ കാര്യങ്ങൾ പറഞ്ഞ തെല്ലാം സശ്രദ്ധം അദ്ദേഹം കേട്ടു. എന്നിട്ട് എന്റെ കൈയിലുള്ള പേപ്പ റിൽ (അപേക്ഷയിൽ) ഒരു വർഷം പിന്നോട്ട് മുൻകാല പ്രാബല്യ

ത്തോടെ രെജിസ്ട്രേഷൻ നൽകാനുള്ള ഉത്തരവ് സ്വന്തം കൈകൊണ്ടെഴുതി ഒപ്പിട്ടു, എന്റെ കയ്യിൽ തന്നെ തന്നു. എന്റെ കയ്യിൽ തരുന്നതിനു മുമ്പ് എന്നെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. എന്നിലുണ്ടായ സന്തോഷം വിവരണാതീതമായിരുന്നു. ഈ പേപ്പർ വൈസ് ചാൻസലർ തന്റെ പേഴ്സണൽ സെക്രട്ടറിയുടെ കയ്യിൽ ഏൽപിച്ച്, രെജിസ്ട്രാറുടെ കയ്യിൽ കൊടുക്കാൻ പറഞ്ഞു. ഞാൻ രെജിസ്ട്രാറുടെയും വൈസ് ചാൻസലറുടെയും അടുത്തു ചെന്ന് കണ്ണുനീരോടെ നന്ദി പറഞ്ഞു. ജോഷാസാറിനോടും നന്ദി പറഞ്ഞ് തൃപ്പൂണിത്തുറയിലെ വീട്ടിലേക്കു പോകാതെ നേരെ ഹൈദരാബാദിലേക്ക് യാത്രയായി. സന്തോഷത്തോടെ ഗൈഡിനേയും കൈമളിനേയും ഇക്കാര്യം അറിയിക്കുകയും ചെയ്തു.

അടുത്ത ദിവസം യൂണിവേഴ്സിറ്റിയിൽ നിന്ന് എന്റെ പരിചയക്കാരൻ എന്നെ വിളിച്ചറിയിച്ചു. "വൈസ് ചാൻസലർ ഒപ്പിട്ട്, മുൻകാല പ്രാബല്യത്തോടെ നിങ്ങൾക്ക് രെജിസ്ട്രേഷൻ നൽകാനായി തന്നയച്ച പേപ്പർ, രെജിസ്ട്രാർ ദേവസ്സി വൈസ് ചാൻസലറെ ചെന്ന് കണ്ട് എന്തൊക്കെയോ പറഞ്ഞ് കാൻസൽ ചെയ്യിച്ച് കീറിക്കളഞ്ഞു..", ഈശ്വരാ!

രണ്ടുമാസം കഴിഞ്ഞു ഞാൻ വീണ്ടും വന്നു. യൂണിവേഴ്സിറ്റിയിലെ കൗൺസിൽ അംഗങ്ങളായ ശ്രീനാരായണൻ നായരേയും, ജി. എൻ. പണിക്കരേയും, സക്കറിയയേയും വീണ്ടും കണ്ടു. ശ്രീകാര്യത്തുള്ള ഒരു ഹബീബ് എന്ന അംഗത്തെയും ബന്ധപ്പെട്ടു. പേര് അതാണെന്നു തോന്നുന്നു). അദ്ദേഹത്തെ ഫോണിൽ വിളിച്ചു കാര്യങ്ങൾ വീണ്ടും പറഞ്ഞു. ശ്രീ ഹബീബ് പറഞ്ഞു "മിസ്റ്റർ ഗോപാലകൃഷ്ണൻ താനിപ്പൊ ചെന്നു കണ്ടവരൊക്കെയാണ് തന്റെ രെജിസ്ട്രേഷനെ മുൻകാല പ്രാബല്യമാക്കാതിരിക്കാൻ പ്രവർത്തിക്കുന്നത്. അവരിൽ ചിലര് ചോദിക്കുന്നുണ്ടായിരുന്നു "ഇയാൾ എന്തിനാ ഹൈദരാബാദിൽ ചെന്ന് ഗവേഷണം നടത്തുന്നേ എന്താ കേരളത്തിൽ നടത്തിയാൽ പിഎച്ച് ഡി കിട്ടില്ലേ."? എന്ന്. "തനിക്കെതിരെ പ്രവർത്തിക്കുകയും തന്നോടു മധുരമായി സംസാരിക്കുകയും ചെയ്തവരെ പകൽ വെളിച്ചത്തിൽ പോലും വിശ്വസിക്കരുത്."

ഇനിയെനിക്കൊന്നും ചെയ്യാനില്ലെന്ന് ബോധ്യപ്പെട്ടു. ഏറ്റെടുത്ത കാര്യങ്ങൾ ഉദ്ദേശിച്ചതുപോലെയൊന്നും നടക്കില്ലെന്ന് ബോദ്ധ്യമായപ്പോൾ ഒന്നും പറയാതെ, ചെയ്യാതെ ഞാൻ ഹൈദരാബാദിലേക്കു തിരിച്ചുപോയി.



Scanned with CamScanner

## വേദനയും ദുഃഖവും കുറയുന്ന ഗവേഷണം

1981 ഏപ്രിൽ മാസത്തിൽ ലാബിൽ എന്നോടൊപ്പം ഒരു സുന്ദർറാവു ഗവേഷണത്തിനുചേർന്നു. അദ്ദേഹം ഗോദാവരിക്കാരനായിരുന്നു. കൂടാതെ മഹാജൻ ഷെട്ടിയുടെ ഒരു പിഎച്ച് ഡി സ്റ്റുഡന്റ് ശ്രീ മുഹമ്മദ് കിത്തൂർ, ധാർവാഡിൽ ഗവേഷണം നടത്തുന്നതിനിടക്ക് എന്റെ കൂടെ ലാബിൽ പ്രവർത്തിക്കാൻ വരുമായിരുന്നു. ശ്രീ സുന്ദർ റാവു റൂർക്കി യൂണിവേഴ്സിറ്റിയിലാണ് പഠിച്ചത്. ഞങ്ങൾ ഒത്തൊരുമിച്ച് ലാബിലും പുറത്തും ചിലവഴിക്കുമായിരുന്നു. ജീവിതത്തിലെ സുഹൃത്ബന്ധ സ്നേഹത്തിന്റെ മൃദുലത ഞാനറിഞ്ഞത് ഈ സുഹൃദ് ബന്ധത്തിലൂടെയായിരുന്നു. റാവു ഒരു സമ്പന്നകുടുംബത്തിലെയാണ്. സാമ്പത്തീകമായി ഒരു പ്രശ്നവുമില്ലാത്ത പഠനവും ഗവേഷണവും ജീവിതവും. എല്ലാ മാസവും ഫെല്ലോഷിപ്പ് സംഖ്യ കൂടാതെ രണ്ടായിരം രൂപ വീട്ടിൽ നിന്നും അയാൾക്ക് ലഭിക്കുമായിരുന്നു. നല്ല ഒരു വീടെടുത്താണ് അയാൾ താമസിച്ചത്. ഭക്ഷണവും അവിടെത്തന്നെ. ഹോസ്റ്റലിലേക്ക് ഞാൻ താമസം മാറുകയും, നാലു മാസങ്ങൾക്കു ശേഷം സുന്ദർറാവു വരുകയും, പിന്നെ രാജേശ്വർ റാവു എന്ന മറ്റൊരു വിദ്യാർത്ഥിയും ഞങ്ങളുടെ ഗ്രൂപ്പിൽ ചേരുകയും ചെയ്തപ്പോൾ ഞങ്ങൾ മൂന്നുപേരും ഐക്യത്തോടെ രാത്രി വരെ ഗവേഷണം തുടർന്നു. നല്ല നിലവാരമുള്ള റിസർച്ച് പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. രെജിസ്ട്രേഷൻ ലഭിച്ച് ആറുമാസം കഴിഞ്ഞപ്പോഴേക്കും എന്റെ തീസിസിനുള്ള റിസർച്ച് മെറ്റീരിയൽസ് തയ്യാറായിക്കഴിഞ്ഞിരുന്നു. ഏകദേശം 625 ദിവസങ്ങൾകൊണ്ട്, ഗവേഷണഭാഷയിൽ പറഞ്ഞാൽ, 'വർക്ക്' തീർന്നു. എന്നാൽ തീസിസ് സമർപ്പിക്കാൻ യൂണിവേഴ്സിററി നിയമപ്രകാരം ഇനിയും രണ്ടര വർഷം കാത്തിരിക്കണം. രണ്ടേകാൽ വർഷം കഴിഞ്ഞാൽ മൂന്നുപേജുള്ള സംക്ഷിപ്തം സമർപ്പിക്കാനുള്ള അനുവാദമുണ്ട്.

ഇതെല്ലാം ഭാവിയെക്കുറിച്ചുള്ള ചിന്തകൾ. ഇനിയെന്തു ചെയ്യണമെന്നും എന്തു ചെയ്തു എന്നും എഴുതട്ടെ. ഓരോ മിനിറ്റും കൂടുതൽ കൂടുതൽ പഠിക്കുക, കഴിയുന്നത്രയും പുസ്തകങ്ങൾ വായിക്കുക, പുതിയ പുതിയ ചെടികളിൽ പഠനം നടത്തുക, പുറകോട്ടു തിരിഞ്ഞു നോക്കാതെ മുന്നോട്ട്! 1982 പുതുവത്സരം എല്ലാം മറന്നാഘോഷിച്ചു. ലാബറട്ടറിയിലെ വലിയഗ്രൗണ്ടിൽ തന്നെ എല്ലാവരും ചേർന്നായിരുന്നു ആഘോഷിച്ചത്. പൊതുവെ ഇത്തരത്തിലുള്ള ആഘോഷങ്ങളിലും ക്ലബ് പ്രവർത്തനങ്ങളിലുമൊന്നും ഞാൻ പങ്കെടുക്കാറില്ല. ഇപ്രാവശ്യം പങ്കെടുത്തു. പല ശാസ്ത്ര സെമിനാറുകളും സംഘടിപ്പിച്ചു.



Scanned with CamScanner

വ്യത്യസ്ഥ സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന ശാസ്ത്രസെമിനാറുകൾക്കും പോകാൻ തീരുമാനിച്ചു. മകര സംക്രാന്തി ആന്ധ്രാക്കാരുമൊത്ത് അവരുടെ വീടുകളിൽ പോയി ആഘോഷിച്ചു. ലാബറട്ടറിയിലെ ഓഡിറ്റോറിയത്തിൽദേശവിദേശ സിനിമകൾ വരുമ്പോൾ ടിക്കറ്റിന് 2 രൂപയായതുകൊണ്ട് കാണുക പതിവാക്കി. കാൺപൂരിൽ നടക്കുന്ന ഓയിൽ ടെക്നോളജിസ്റ്റ് അസോസിയേഷന്റെ വാർഷിക സെമിനറിന് പങ്കെടുക്കണമെന്ന് ഞാനും സുന്ദർ റാവുവും തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങൾ തുടങ്ങി ഉത്തരഭാരത ദർശനമായിരുന്നു ലക്ഷ്യം. ഓരോ മിനിറ്റും അറിയുക അനുഭവങ്ങളുണ്ടാക്കുക എന്ന ലക്ഷ്യം! പിഎച്ച്ഡി വൈകുന്നതിന്റെ കോട്ടങ്ങളെ നേട്ടങ്ങളാക്കി മാറ്റാനൊരു ശ്രമമായിരുന്നു മുന്നിൽ.

ശാസ്ത്ര സെമിനാറിൽ പങ്കെടുക്കാനായി തയ്യാറെടുത്തു. ലാബറട്ടറിയിൽ സെക്ഷൻ ഓഫീസറായി പ്രവർത്തിക്കുന്ന ഒരു ലക്നൗകാരൻ ആനന്ദ് ഥാന, നോർത്തിന്ത്യയെക്കുറിച്ചൊരു ദിശാബോധം നൽകി. കൂടാതെ സുന്ദർറാവു റൂർക്കി യൂണിവേഴ്സിറ്റിയിൽ പഠിച്ചിരുന്നതിനാൽ ഉത്തർപ്രദേശം അയാൾക്ക് നന്നായിട്ടറിയാം. ഉത്തരഭാരതം, ഹരിദ്വാർ, ഋഷികേശ്, മീററ്റ്, കാൺപൂർ, ഡൽഹി, ആഗ്ര..... ഇതെല്ലാം കാണാനൊരാഗ്രഹം. അതുപൂർത്തീകരിക്കാൻ കാൺപൂരിലെ സെമിനാറിന് യാത്ര പുറപ്പെടുന്നതിനു മുമ്പ് ഒരിക്കൽ കൂടി കേരള യൂണിവേഴ്സിറ്റിയിലെ എല്ലാ സെനറ്റംഗങ്ങൾക്കും, വൈസ് ചാൻസലർക്കും, രെജിസ്ട്രാർക്കും, ജ്യോഷാസാറിനും രെജിസ്ട്രേഷൻ മുൻകാല പ്രാബല്യത്തോടെ നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് കത്തെഴുതി. എന്റെ ഗൈഡിനെക്കൊണ്ട് (ഡോ. ലക്ഷ്മീനാരായണയെ) നേരിട്ടെഴുതിപ്പിക്കുകയാണ് ചെയ്തത്.

## തക്കാളിപൊതിഞ്ഞ കടലാസിലെ പരസ്യം

കത്തുകളെല്ലാം പോസ്റ്റു ചെയ്തു കഴിഞ്ഞ് മുറിയിൽ വന്ന അന്ന്, 1982 ഫെബ്രുവരി 3 ന്, (ഞാൻ കേരളത്തിൽ നിന്ന് ഗവേഷണത്തിനായി ഹൈദരാബാദിലേക്ക് പുറപ്പെട്ടത് കൃത്യം രണ്ടു വർഷങ്ങൾക്കു മുമ്പായിരുന്നു.) ഞങ്ങൾ കാൺപൂരിലേക്കുള്ള ടിക്കറ്റ് റിസർവ് ചെയ്തു. ഫെബ്രുവരി 3 ന് അർദ്ധരാത്രി വരെ ലാബിൽ അനാലിസിസ് എല്ലാം കഴിഞ്ഞ്, തളർന്ന് 12 മണിക്ക് മുറിയിൽ വന്ന് ഉറങ്ങാൻ ശ്രമിച്ചു. നല്ല തണുപ്പുണ്ടായിരുന്നിട്ടും ക്ഷീണത്തിന്റെ പരമകാഷ്ടയിലായിരുന്നിട്ടും വിശപ്പു കാരണം ഉറക്കം വന്നില്ല. അർദ്ധരാത്രി എഴുന്നേറ്റ് ചോറുണ്ടാക്കി. ചോറിന്റെ കൂടെ തക്കാളിയും പച്ചമുളകും ഉരുളക്കിഴങ്ങും



Scanned with CamScanner

അരിഞ്ഞ്, കുറച്ചു മുളകുപൊടിയും ചേർത്ത് അരി, വേവുന്നതുവരെ വെറുതേയിരുന്നു. മുഷിപ്പു തോന്നിയപ്പോൾ തക്കാളി പൊതിഞ്ഞിരുന്ന പേപ്പർ തുറന്നു വായിച്ചു. അതിൽ തിരുവനന്തപുരം ആർ ആറെല്ലിലെ സയിന്റിസ്റ്റ് പോസ്റ്റിന്റെ പരസ്യം കണ്ടു. തലേ ദിവസത്തെ പേപ്പറായിരുന്നു അത്. എന്താണ് ചെയ്യേണ്ടതെന്നറിയാതെ സ്തബ്ധനായിരുന്നുപോയി. ദീർഘനാളത്തെ പ്ലാനോടു കൂടി ഫെബ്രുവരി 10 ന് ഞങ്ങൾ ഉത്തരഭാരതത്തിലേക്ക് പോകുകയാണ്. ഇപ്പോൾ ഫെബ്രുവരി 4 ൽ നിൽക്കുന്നു. തിരുവനന്തപുരത്തു നിന്നും അപേക്ഷാഫോം വരുത്തി, പൂരിപ്പിച്ച് അയക്കാനുള്ള സമയമില്ല. എന്തുചെയ്യണമെന്നറിയാതെ ഇരുന്നു. എങ്കിലും മനസ്സിനുള്ളിൽ ഒരാഹ്ളാദം എന്റെ അതേ ക്വാളിഫിക്കേഷനാണ് അപേക്ഷയിൽ കൊടുത്തിട്ടുള്ളത്. രണ്ടു എം എസ്സി വേണം, രണ്ടു വിഷയവും ഞാൻ എടുത്തിട്ടുള്ളതു തന്നെ. രണ്ടു വർഷത്തെ ഗവേഷണപരിചയം വേണം. ഇതെല്ലാം വായിച്ചപ്പോൾ പി എച്ച് ഡി രെജിസ്ട്രേഷനുവേണ്ടി ആർ ആറെൽ ഡയറക്ടറായിരുന്ന ഡോ. മാത്യുസാർ നടത്തിയ ഇന്റർവ്യൂവിനു ശേഷം സാർ പറഞ്ഞിരുന്നു ഇവിടെ വരുന്ന വാക്കൻസിക്ക് അപേക്ഷിക്കണമെന്ന്. അന്ന് എന്റെ ക്വാളിഫിക്കേഷനും എഴുതിവാങ്ങിയിരുന്നു. അതുതന്നെ പരസ്യത്തിലും കണ്ടു. അടുത്ത ദിവസം രാവിലെ തിരുവനന്തപുരത്തുള്ള ജ്യേഷ്ഠനോട് ആർ ആറെല്ലിൽ ചെന്ന് അപേക്ഷാഫോം വാങ്ങിച്ചയച്ചു തരാനഭ്യർത്ഥിച്ചു. ചേട്ടനതു പ്രകാരം തന്നെ ചെയ്തു. അപേക്ഷാഫോം വൈകിയാലോ എന്നു ഭയന്ന്, കാൺപൂരിലേക്കുള്ള യാത്രയും മുന്നിലുള്ളതുകൊണ്ട്, ഹൈദരാബാദ് ആർ ആറെല്ലിൽ നിന്നു തന്നെ ഒരു ഫോം വാങ്ങി പൂരിപ്പിച്ചയച്ചു. ഫെബ്രുവരി 8 ന് തിരുവനന്തപുരത്തു നിന്ന് ജ്യേഷ്ഠനയച്ചുതന്ന ഫോമും ലഭിച്ചു. പൂർണമായും പൂരിപ്പിച്ച് തയ്യാറാക്കി, ഫെബ്രുവരി 10 ന് 12 മണിക്ക് തിരുവനന്തപുരത്തെ ആർ ആറെല്ലിലേക്ക് അപേക്ഷ സമർപ്പിച്ച് 2 മണിക്കുള്ള ട്രെയിനിൽ ഉത്തരഭാരത ദർശനത്തിനായും കെമിസ്ട്രി സെമിനാറിൽ പങ്കെടുക്കാനുമായും പുറപ്പെട്ടു. ഉത്തരഭാരതദർശനവും സാധിക്കുമെങ്കിൽ നേപ്പാളും, കാഠ്മണ്ഡു പ്രത്യേകമായും കാണുക എന്ന ലക്ഷ്യമൊന്നും ലാബിൽ ആരേയും അറിയിച്ചിരുന്നില്ല. ലാബിൽ ഗൈഡിനേയും കൈമളിനേയും അറിയിച്ചിരുന്നത്, കാൺപൂരിലെ സയൻസ് കോൺഫറൻസ് അതു കഴിഞ്ഞ് ഒന്നു രണ്ടു ദിവസത്തിനു ശേഷം മടക്കയാത്ര എന്നായിരുന്നു.

**ഉത്തരഭാരതത്തിലേക്കൊരു യാത്ര**

10-ാം തീയതി ഫെബ്രുവരി (1982) യാത്ര പുറപ്പെട്ട് 11 ന് ഝാൻസി

യിലും അവിടെ നിന്നും ലക്നൗവിലേക്കും, രാത്രി ആസ്ഥാനയുടെ വീട്ടിൽ താമസിച്ച്, എന്റെ ബന്ധുവിന്റെ വീട്ടിലും സന്ദർശിച്ച്, അവിടെ നിന്നും കാൺപൂരിലുമെത്തി. ഹാർട്കോർട് ബട്‌ലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഹോസ്റ്റലിൽ തങ്ങി, ഒന്നു രണ്ടു ദിവസം സെമിനാറിൽ പങ്കെടുത്ത്, 14-ാം തീയതി റിസർവേഷനില്ലാതെ ട്രെയിനിലെ ഇടുങ്ങിയ വഴിയിലിരുന്ന് 15 ന് 10.30 ന് ഗോരക്പൂരിലെത്തി. അവിടെനിന്നും ബസ്സിൽ ഇന്ത്യാനേപ്പാൾ ബോർഡർ സനൗളിയിലുമെത്തി. അവിടെ വെച്ച് എന്റെ ബാഗ് കസ്റ്റംസ് അധികൃതരിലൊരുവൻ പരിശോധിച്ചു. സുന്ദർ റാവുവിന് ഒരു നോർത്തിന്ത്യൻ ലുക്ക് ഉണ്ടായിരുന്നതിനാൽ കസ്റ്റംസുകാർ റാവുവിനോട് ഒന്നും ചോദിച്ചില്ല. ഇന്ത്യാനേപ്പാൾ ബോർഡർ കടന്ന് ഞങ്ങൾ നടന്നു പോകുകയും ചെയ്തു. എന്റെ ബാഗിൽ നിന്ന് കസ്റ്റംസ് കാർക്ക് ഒന്നും ലഭിച്ചില്ല. അവർ പാസ്പോർട്ട് ചോദിച്ചു. പാസ്പോർട്ടില്ലെന്നു ഞാൻ പറഞ്ഞപ്പോൾ 'പത്തു രൂപ' തരാൻ പറഞ്ഞു. "ഞാനെന്തിനാണ് പത്തു രൂപതരുന്നതെ"ന്ന് ചോദിച്ചു. തരില്ലെന്നും വാദിച്ചു. ഈ വാദിക്കലിന്റെ പൂർണദുരന്തം ഞാനനുഭവിച്ചു.

## കാഠ്മണ്ഡുവിലൂടെയൊരു ധന്യയാത്ര

ഏറ്റവും വലിയ പാഠം ഇവിടെ നിന്നു ഞാൻ പഠിച്ചത്, ആരെങ്കിലും യാത്രാവേളയിൽ കൈക്കൂലി ചോദിച്ചാൽ കൊടുത്തേക്കണം. എന്തിനാണെന്ന് ചോദ്യം അരുത്. പത്തു രൂപ കൊടുക്കാതെ വന്നപ്പോൾ എന്റെ കയ്യിലുള്ള വാച്ച് 'ആഡ്രിയ' (110 രൂപക്ക് എന്റെ ജ്യേഷ്ഠൻ വാങ്ങിത്തന്ന സ്വിസ് വാച്ച്) അവിടെയിരിക്കുന്ന ഓഫീസർ വേണമെന്ന് പറഞ്ഞു. അതും ഞാൻ അംഗീകരിച്ചില്ല. എന്നിരുന്നാലും നേപ്പാളിലേക്കു പൊയ്ക്കൊള്ളാനുള്ള അനുവാദം തന്നു. ബോർഡറിന് അപ്പുറത്തുള്ള ഒരു ലോഡ്ജിൽ 15-ാം തീയതി താമസിച്ചു അവിടത്തെ ജോലിക്കാരെ പരിചയപ്പെട്ടു. അടുത്ത ദിവസം അതിരാവിലെ ഹിമവാന്റെ മടിത്തട്ടിലൂടെ കാഠ്മണ്ഡുവിലേക്കുള്ള ബസ് യാത്ര അതീവ ഹൃദ്യമായിരുന്നു. പത്തുരൂപയും വാച്ചും കൊടുക്കാതെ വന്നതിന്റെ സന്തോഷവുമുണ്ടായിരുന്നു. നാരായണീ നദികടന്ന് വൈകുന്നേരമായപ്പോൾ കോച്ചി വലിക്കുന്ന തണുപ്പത്ത് 4.30 ന് ഞങ്ങൾ രണ്ടു പേരും കാഠ്മണ്ഡുവിലിറങ്ങി.

രണ്ടുദിവസം പശുപതിനാഥ് ക്ഷേത്രവും, രാജകീയ കൊട്ടാരങ്ങളും കണ്ടു. സൈക്കിളെടുത്ത് കിലോമീറ്ററുകൾ കറങ്ങിത്തിരിഞ്ഞ് രാത്രിയിൽ ഒരു ലോഡ്ജിലുറങ്ങി. 16, 17 തീയതികളിൽ നേപ്പാളിലൂടെ നടന്നും, 500 രൂപ ഡെപ്പോസിറ്റു കൊടുത്ത് രണ്ടു സൈക്കിൾ വാടകക്കെടുത്തും സാധിക്കാവുന്നത്രയും വീണ്ടും ചുറ്റിത്തിരിഞ്ഞു. ഫെബ്രുവരി 18 ന് അതിരാവിലെ തിരിച്ചുള്ള യാത്രയാരംഭിച്ചു. വൈകു. 6.30 സനൗളിയിലെ ബോർഡറിലെത്തി. (ഇതൊരു സിനിമാദൃശ്യമായി അവ

തരിപ്പിക്കുകയാണെങ്കിൽ ഒരു വലിയ ഇടിമുഴക്കശബ്ദവും വേണമായിരുന്നു.) എന്റെ കയ്യിൽ 200 രൂപക്കു കാഠ്മണ്ഡുവിൽ നിന്നു വാങ്ങിച്ച ഒരു ജപ്പാൻ ക്യാമറയുണ്ടായിരുന്നു. റാവുവിന്റെ കയ്യിൽ ഒരു ഡസൻ വാച്ചുകളും ഒരു ചൈനീസ് കമ്പിളിയും. കാഠ്മണ്ഡൂവിലേക്കുപോകുന്ന വഴി ബോർഡറിൽ തങ്ങിയ ലോഡ്ജിലിറങ്ങി കുറച്ചു സമയം ചില വഴിച്ചു. സമയം ഇരുട്ടിത്തുടങ്ങിയിരുന്നു. കസ്റ്റംസ് പരിശോധന ബോർഡറിലുണ്ടാകാൻ സാധ്യതയുണ്ടെന്നറിഞ്ഞു. റാവു എല്ലാ വാച്ചുകളും കാലിൽ കെട്ടി. പുതപ്പ് പുതച്ച് ബാഗുമായും, ഞാനെന്റെ ബാഗും കാമറയുമായും കഷ്ടിച്ച് 50 മീറ്റർ മാത്രമുള്ള ബോർഡർ പെട്ടെന്ന് കടന്ന്, അപ്പുറത്തെത്തി.

## സ്മഗ്ളർ ആയി ഗോപാലകൃഷ്ണൻ!

പലരും ഞങ്ങളെ ശ്രദ്ധിക്കുന്നുണ്ടെന്നു തോന്നി. അവിടെത്തന്നെ രണ്ടു ദിവസങ്ങൾക്കുമുമ്പ് പത്തുരൂപ ചോദിച്ച കസ്റ്റംസ്കാരൻ നിൽക്കുന്നുണ്ടായിരുന്നു. അയാളും എന്നെ ചൂണ്ടിക്കാണിക്കുന്നതായിട്ടെനിക്കു തോന്നി. പെട്ടെന്ന് രണ്ടു പോലീസുകാർ എന്നെ തടഞ്ഞു. എന്തൊക്കെയാണ് കയ്യിലുള്ളതെന്ന് ഹിന്ദിയിൽ ചോദിച്ചു. "ക്യാമറ മാത്രമേയുള്ളൂ' എന്നു പറഞ്ഞു. ഉടനെ അയാൾ തിരിച്ചു പറഞ്ഞു." തൂ എക്സ്മഗ്ളർ ഹേ" - നീയൊരു സ്മഗളർ ആണല്ലേ? ഞാൻ ഞെട്ടിത്തെറിച്ചു പോയി. ഇതൊന്നും പ്രതീക്ഷിച്ചില്ല. "എന്റെ കൈയ്യിൽ ഒരു കാമറ മാത്രമേയുള്ളൂ. മറ്റൊന്നുമില്ല അതുവേണമെങ്കിൽ നിങ്ങളെടുത്തുകൊള്ളൂ" എന്ന് ഞാൻ പറഞ്ഞു. നിസ്സാരമായ ഭാഷാ പ്രയോഗത്തിലൂടെ എന്നോടു പൊക്കോളാൻ പറഞ്ഞു. പറഞ്ഞസമയത്ത് എന്റെ പേരും അപ്പോൾ പറഞ്ഞു. 'തേരാ നാം ഗോപാലകൃഷ്ണ ഹേ നാ' (നിന്റെ പേര് ഗോപാലകൃഷ്ണാ എന്നല്ലേ?) അതെയെന്നു ഞാൻ പറഞ്ഞു. കാഠ്മണ്ഡൂവിലേക്ക് പോകുന്ന സമയത്ത് എന്റെ ഐഡന്റിറ്റി കാർഡ് നോക്കിയിട്ടായിരിക്കാം സനൗളിയിലുള്ളവൻ ഈ പേരു മനസ്സിലാക്കിയത്. സുന്ദർറാവു നേരെ നടന്ന് മുന്നിലുള്ള ബസ്സിൽ കയറിക്കഴിഞ്ഞിരുന്നു. ഘോരഖ്പൂരിലേക്കുള്ള ബസ്സായിരുന്നു അതെന്നു തോന്നുന്നു. നല്ല വണ്ണം ഇരുട്ടിത്തുടങ്ങിയിരുന്നതുകൊണ്ട് ഒന്നും കാണാൻ സാധിച്ചില്ല. തണുത്തു വിറക്കുന്നുണ്ടായിരുന്നു. കൂടാതെ ഭയം കൊണ്ടും ഞാൻ അടിമുടി വിറക്കുന്നുണ്ടായിരുന്നു. ഞാനും ബസ്സിൽ തിരക്കിട്ട് കയറി ഒരു സീറ്റിലിരുന്നു. ഞാനും സുന്ദർറാവുവും അകലത്തിലാണിരുന്നത്.

കഷ്ടിച്ച് അരമണിക്കൂർ കഴിഞ്ഞ് വണ്ടി മുന്നോട്ടു നീങ്ങിയതും വഴിയിൽ കൈകാണിച്ച് മൂന്ന് പോലീസുകാർ കസ്റ്റംസ് ചെക്കിങ്ങിനായി കയറി. പല യാത്രക്കാരുടേയും ശരീരം മുഴുവനും പരിശോധിക്കുന്നു



Scanned with CamScanner

ണ്ടായിരുന്നു. ഇവിടേയും സുന്ദർറാവു അനങ്ങാതെ ഉറക്കം നടിച്ചിരുന്നതുകൊണ്ട് രക്ഷപ്പെട്ടു. എന്റെ അടുത്തു വന്നു പോലീസ്കാരൻ ചോദിച്ചു. "കിദർ ഹേ തുമാരാ സ്മഗ്ഗ്ൾഡ് കാമറ?". അവർ എന്റെയടുത്ത് ചോദ്യം ചോദിച്ച് ഉത്തരമൊന്നും പ്രതീക്ഷിക്കാതെ ഇറങ്ങിപോയി. ആ ബസ്സിൽ ഒന്നും സംഭവിക്കാതെ രക്ഷപ്പെട്ടു. ബസ് കുറെ കൂടി നീങ്ങി തണുപ്പും ഭയവും വിശപ്പും സഹിക്കവയ്യാതെ ബസ്സിൽ ഞാൻ തളർന്നിരുന്നു. സമയം ഏതാണ്ട് രാത്രി 11 മണി അഞ്ചുപോലീസുകാർ രണ്ടു ജീപ്പിലായി ബസ്സിന്റെ മുന്നിൽ നിൽക്കുന്നതു കാണാം. സിനിമാക്കഥ പോലെ വണ്ടിയുടെ ഡോർ തുറന്ന് അവർ ഉറക്കെ വിളിച്ചു. "ഗോപാലകൃഷ്ണൻജീ ബാഹർ ആയിയേ". അപ്പോഴത്തെ മാനസീകാവസ്ഥ വിവരിക്കേണ്ടതില്ലല്ലോ?

എന്റെ ബാഗുമെടുത്ത് അജ്ഞാതമായ ആ സ്ഥലത്ത് ഞാനൊറ്റക്കിറങ്ങി. കരച്ചിൽ വന്നു. സമയം അർധരാത്രിയോടടുക്കുന്നു. ഇറങ്ങുമ്പോൾ സുന്ദർറാവു ആരും കേൾക്കാതെ ഘോരഖ്പൂർ എന്നു മാത്രം പറഞ്ഞു. ആ വഴിവക്കിൽ വച്ച് ബാക്കിയെല്ലാം, കയ്യിലുള്ള തുകയും കൂടി അവരെടുത്തു. ആ സമയം എനിക്ക് കരച്ചിൽ വരുന്നുണ്ടായിരുന്നു. ഒരു പോലീസുകാരൻ പറഞ്ഞു "സ്മഗ്ളർ രോത്താ ഹൈ". ഞാനൊന്നും പറഞ്ഞില്ല. കുറേകഴിഞ്ഞ് എന്നോടൊരാൾ ചോദിച്ചു "പാനീ ചാഹ്തേ?" വേണമെന്നു പറഞ്ഞു. കുറെ വെള്ളം കുടിച്ചു. സ്ട്രീറ്റ് ലൈറ്റുപോലുമില്ലാത്ത അവിടെ എന്നെ വിട്ട് പോലീസ് ജീപ്പ് യാത്രതിരിച്ചു. ആ സമയത്ത് ഞാൻ എല്ലാ ധൈര്യവും സംഭരിച്ച് ജീപ്പിന്റെ മുമ്പിൽ കയറി നിന്നു. ഞാനൊരു സയിന്റിസ്റ്റാണെന്ന് കരച്ചിലോടെ പറഞ്ഞു. അതിലൊരു പോലീസുകാരന് ദയ തോന്നി. അയാൾ ജീപ്പു നിർത്താൻ നിർദ്ദേശിച്ചു. എന്റെ കൂടെ പോലീസുകാരെല്ലാം കുറേ നേരം റോഡരുകിൽ (അർധരാത്രി വരെ) നിന്നു. കൃത്യം അർദ്ധരാത്രിയായപ്പോൾ പാമോലീവ് കമ്പനിയുടെ ഒരു വാൻ അതുവഴി വന്നു. അതിലെ ഡ്രൈവറേയും സഹായിയേയും ഈ പോലീസുകാർ ഭീഷണിപ്പെടുത്തി എന്നെ ഘോരക്പൂരിൽ വിടാൻ ആജ്ഞാപിച്ചു. വഴിയിലെങ്ങാനും ഇറക്കി വിട്ടാൽ വണ്ടി കസ്റ്റഡിയിലെടുക്കുമെന്നും അവരെ ഭീഷണിപ്പെടുത്തി. വിറച്ചുകൊണ്ടാണെങ്കിലും അവരുടെ ലഗേജുകൾക്കിടക്ക് ഞാനിരുന്നു. അവർ രണ്ടുപേരും ഹിന്ദിയിൽ എന്നെ കണക്കിന് ചീത്ത പറയുന്നുണ്ടായിരുന്നു. സമയം ഏതാണ്ട് രണ്ടു മണിയായപ്പോൾ അവർ രണ്ടു പേരും മൂത്രമൊഴിക്കാനും ചായ കുടിക്കാനുമായിട്ടിറങ്ങി. ഞാൻ വണ്ടിയിൽ തന്നെയിരുന്നു. ഒരു ചെറിയ ചായക്കടയിൽ അവർ ചായകുടിച്ചപ്പോൾ അതിലൊരാൾ ഓടി വന്ന്



Scanned with CamScanner

എന്നോടു ചായ വേണോ എന്നു ചോദിച്ചു. ചില്ലറയില്ലാത്തതുകൊണ്ട് വേണ്ടായെന്നു ഞാൻ പറഞ്ഞു. എന്നെ വിളിക്കാൻ വന്നവൻ ഇരുണ്ട വെളിച്ചെത്തിലെന്റെ മുഖം കണ്ടു. എന്തോ ദയ തോന്നിയിട്ടായിരിക്കണം എന്നെ ചായക്കു നിർബന്ധിച്ചു. ഞാൻ കൂടെ ചെന്ന് ചായ കുടിച്ചു. ചായ കാണാത്തവന്റെ ആർത്തിയോടെയാണ് ഞാൻ ചായ കുടിച്ചത്. അതുകണ്ട് അവർ ഒന്നു രണ്ടു കപ്പു കൂടി കുടിക്കാനായി നിർബന്ധിച്ചു. ഇത്രയും ദൂരം വരുമ്പോൾ പൈസയെടുക്കാത്തതെന്താണെന്നു ചോദിച്ചു. എന്റെ കയ്യിലുള്ളതെല്ലാം പോലീസുകാരെടുത്തതാണെന്നും നൂറിന്റെ ഒരു നോട്ടു മാത്രമേയുള്ളൂ എന്നും ഞാൻ പറഞ്ഞപ്പോൾ അവർക്ക് വളരെ ദയ തോന്നി. എന്നോടു കാര്യങ്ങളെല്ലാം തിരക്കി. കാശുവേണോ, മറ്റേതെങ്കിലും സഹായം വേണോ എന്നവർ ചോദിച്ചു എന്നെ ഘോരഖ്പൂരിലിറക്കി. ഇറങ്ങിയ ഉടനെ പറഞ്ഞു, ഇനിയും ചിലപ്പോൾ പോലീസു വരും സൂക്ഷിക്കണം, അതിവിടെ പതിവാണ്! അതെനിക്കൊരു ഷോക്കായിരുന്നു. ഏകദേശം നേരം വെളുത്തു തുടങ്ങിയിരുന്നു.

സുന്ദർ റാവു എന്നെ റെയിൽവേസ്റ്റേഷനിൽ കാത്തു നിൽക്കുന്നുണ്ടായിരുന്നു. നടന്നതെല്ലാം പറഞ്ഞു. ഞാൻ പേടിച്ചു നിൽക്കുന്ന കാഴ്ച കണ്ടു റാവുവിനും ദുഃഖം തോന്നി. റാവു നേരെ ഡൽഹിയിലേക്കുള്ള രണ്ടു ട്രെയിൻ ടിക്കറ്റെടുക്കാൻ പോയതും ഒരു ജീപ്പിൽ മൂന്നു പോലീസുകാർ എന്റെയടുത്തു വന്നു. "തേരാ നാം ഗോപാലകൃഷ്ണ, ഹൈദരാബാദ് ജാരേ കാഠ്മണ്ഡൂസേ ക്യാ ക്യാ ലായാ ബോലോ...." ഇപ്പോൾ ഒരൽപം ധൈര്യം കിട്ടി കാരണം പകൽ വെളിച്ചമുണ്ട്, സുന്ദർറാവു കൂടെയുണ്ട്, കൂടാതെ ഭാരതത്തിലാണു താനും. എന്റെ കയ്യിലൊന്നുമില്ലെന്നറിഞ്ഞപ്പോൾ പോലീസുകാർ പോയി. പോകുന്ന വഴിക്ക് ഒരു ചോദ്യം "തേരാ ദോസ്ത് കിദർ ഗയാ". സുന്ദർ റാവുവിനെ ഉദ്ദേശിച്ചുകൊണ്ടാണവർ ചോദിച്ചത്. ഞാനുത്തരം പറയുന്നതിനു മുമ്പ് അവർ പോയിക്കഴിഞ്ഞിരുന്നു. നേരെ ദൽഹിയിലേക്കുള്ള യാത്രയാരംഭിച്ചു. കാമറയാണ് പ്രശ്നം, അത് കളഞ്ഞാലോ എന്നു ചിന്തിച്ചു. പിന്നെ വേണ്ടെന്നു തീരുമാനിച്ചു യാത്ര തുടങ്ങി. വണ്ടി രണ്ടു മൂന്നു മണിക്കൂർ യാത്ര കഴിഞ്ഞപ്പോൾ, മൂന്നു നാലു പോലീസുകാർ ട്രെയിനിൽ കയറി എന്റെയടുത്തു വന്ന് എല്ലാം വിശദമായി പരിശോധിച്ചു. ഒന്നുമില്ലെന്നു മനസ്സിലാക്കിയപ്പോൾ ഒന്നും പറയാതെ യാത്രയായി. വണ്ടി ലക്നൗലെത്തി. ഞങ്ങളെ കാത്തിരിക്കുന്നതുപോലെ കമ്പാർട്ടുമെന്റിനു മുന്നിൽ മൂന്നു പോലീസുകാർ എന്നെ വീണ്ടും പരിശോധിച്ചു. വിശന്നു കരിഞ്ഞ വയറ്റിലേക്കിടാനായി എന്റെ കയ്യിൽ



Scanned with CamScanner

ഒരു പ്ലേറ്റ് പൂരിയുണ്ടായിരുന്നതിന്റെ ഒരു കഷണം ഞാൻ തിന്നതും പോലീസ് വന്നതും ഒരുമിച്ചായിരുന്നു. കയ്യിലുള്ള പൂരിയും ചായയും കൈവിറച്ചു താഴെ വീണു. എല്ലാം പരിശോധിച്ചതിനുശേഷം അവരൊന്നും പറയാതെ പോയി.

പോലീസുകാർ ഇനിയും ഞങ്ങളെ തേടി വരാതിരിക്കാൻ ഞങ്ങൾ ഡൽഹിയിലേക്കുള്ള യാത്ര കാൻസൽ ചെയ്തു. ടിക്കറ്റ്, ഇറങ്ങിയ സ്റ്റേഷനിൽ ഏൽപിച്ച് നേരെ ആസ്ഥാനയുടെ വീട്ടിലേക്കു പോയി. മൂന്നു നാലു ദിവസം മുമ്പ് ആസ്ഥാനയുടെ വീട്ടിൽ പോയിരുന്നതു കൊണ്ട് വീട് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. അവിടെ ചെന്ന് നടന്നതെല്ലാം പറഞ്ഞ് അന്നു രാത്രി അവിടെക്കിടന്നുറങ്ങി. അതിരാവിലെ ഉണർന്ന് ഗേറ്റിനടുത്തു ചെന്നപ്പോൾ അവിടെ രണ്ടു പോലീസുകാർ എന്തോ അന്വേഷിക്കുന്നതായി കണ്ടു. പക്ഷേ എന്നോടൊന്നും അവർ ചോദിച്ചില്ല. ഞങ്ങളുടെ കയ്യിലുള്ളതെല്ലാം ആസ്ഥാനയെ ഏൽപിച്ചു. അദ്ദേഹം ലീവു കഴിഞ്ഞ് ആർ ആറെല്ലിലേക്ക് വരുമ്പോൾ കൊണ്ടുവന്നാൽ മതിയെന്നും പറഞ്ഞു. 20-ാം തീയതി അവിടെ തങ്ങി, നടന്നതെല്ലാം ഒരു പേടി സ്വപ്നം പോലെ അദ്ദേഹത്തോട് വിവരിച്ചു. ആസ്ഥാന കുറേ സമയത്തേക്ക് ചിരിച്ചു. ഭയം അൽപം കുറഞ്ഞെങ്കിലും ജീവിതത്തിൽ ലഭിച്ച ഒരു തലക്കെട്ടാണ് 'സ്മഗ്ളർ' എന്നോർത്തു.

### ഭയത്തിൽ നിന്നു സ്വസ്ഥമായ യാത്ര

ഫെബ്രുവരി 21-ാം തീയതി (1982) ഞങ്ങൾ ന്യൂഡൽഹിയിലേക്കുള്ള ബസ്സിൽ കയറി. ലക്നൗവിൽ നിന്ന്, ബറേലി വഴി മൊറാദാബാദ്, അവിടെ നിന്നും മീററ്റ്, അവിടെ നിന്നും സുന്ദർ റാവു പഠിച്ചിരുന്ന റൂർക്കി. ഒരു സ്ഥലത്തും തങ്ങാതെ യാത്ര തുടർന്നു. ബസ്സുകൾ മാറി മാറി കയറിയായിരുന്നു യാത്ര. റൂർക്കി യൂണിവേഴ്സിറ്റി ഹോസ്റ്റൽ റൂമിലെത്തി. ഫെബ്രുവരിയിലെ തണുപ്പ് അസഹനീയമായിരുന്നു. ഹീറ്റർ രണ്ടെണ്ണം പ്രവർത്തിപ്പിച്ച് രണ്ടു രാത്രികളിലെ ഉറക്കമില്ലായ്മ പരിഹരിച്ച് 22-ാം തീയതി നല്ലവണ്ണമുറങ്ങി. അടുത്ത ദിവസം റൂർക്കി യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രാതൽ കഴിച്ച്, യൂണിവേഴ്സിറ്റി സന്ദർശിച്ച് 23ന് ഹരിദ്വാരിലേക്ക് യാത്ര തിരിച്ചു. ഹരിദ്വാരിലെ പുണ്യദർശനം കഴിഞ്ഞ് ഋഷികേശിലെത്തി. അവിടെ നിന്നും ഡെഹ്റാഡൂണിലുമെത്തി. തങ്ങാനുള്ള സ്ഥലമൊന്നും കിട്ടിയില്ല. സുന്ദർ റാവുവിന്റെ സുഹൃത്തിന്റെ വീട് ഹരിയാനയിലെ യമുനാ നഗറിലുണ്ടായിരുന്നു. അവിടത്തെ ഫോൺ നമ്പർ അറിയാതിരുന്നതിനാൽ നേരേ യമുനാനഗറിലേക്ക് യാത്രയായി. അവിടെയെത്തിയപ്പോൾ രാത്രി 11 മണി. കോച്ചിവലിക്കുന്ന തണുപ്പ്. പുറത്തെ താപനില ഏകദേശം 2 ഡിഗ്രി. തണുപ്പു നേരിടാനായി



Scanned with CamScanner

ഒരു തരത്തിലും അനുയോജ്യമായ ഡ്രസ്സുകളില്ല. അവിടെയെത്തിയപ്പോഴാണ് മനസ്സിലായത് റാവുവിന്റെ സുഹൃത്ത് വീടുമാറി പോയിട്ട് കുറേക്കാലമായി എന്ന്. അടുത്ത വീട്ടുകാരൻ ഒരു മലയാളിയുടെ വീടു കാണിച്ചു തന്നു. തികച്ചും അപരിചിതനായ ഒരു മൂർത്തിയുടെ വീട്. വിശന്നു വലഞ്ഞ് വിറച്ചു ചുരുണ്ടാണ് ആ വീട്ടിലേക്കു കയറിയത്. മൂർത്തി ഭാര്യയെ വിളിച്ച് ഭക്ഷണം പാകം ചെയ്യാൻ പറഞ്ഞു. മനസ്സില്ലാ മനസ്സോടെയാണെങ്കിലും ഭാര്യ ഭക്ഷണം പാകം ചെയ്തു. എന്നെക്കൊണ്ട് മൂർത്തി നാലു പെഗ് വിസ്കി കഴിപ്പിച്ചു. അതോടെ എന്റെ ശരീരം നല്ലവണ്ണം ചൂടായി. രാത്രി സുഖമായി ഭക്ഷണത്തിനു ശേഷം കിടന്നുറങ്ങി.

**പവിത്രഭൂമിയിലൂടെ...!**

പരമപവിത്രമായി മനസ്സിൽ കൊണ്ടു നടന്ന് ആരാധിക്കുന്ന അനവധി പുണ്യസ്ഥലങ്ങൾ കണ്ടു. ആത്മസംതൃപ്തിക്ക് അതിരില്ലായിരുന്നു. ഗംഗാനദിയുടെ ഒഴുക്കും മഹാഭാരത കഥയുടെ ചരിതവും സ്മരിച്ചു. മുഗളസാമ്രാജ്യ ഭരണാധികാരികൾ കാണിച്ച കൊടും ക്രൂരതയിൽ ഗംഗാദേവി അനുഭവിച്ച വേദന സ്മരിച്ചു. ഇന്ദിരാഗാന്ധി ഇലക്ഷനു നിന്ന ബറേലിയും റായ്ബറേലിയും കടന്നുപോയിക്കൊണ്ടിരുന്നപ്പോഴെല്ലാം, എവിടെയെല്ലാമോ കേട്ട് ചിരപരിചിതമായ സ്ഥലമായി തോന്നി. എന്റെ ജ്യേഷ്ഠൻ നിരന്തരം പറയാറുള്ളതും അദ്ദേഹം കുറേക്കാലം ജോലിയുമായി ബന്ധപ്പെട്ട് ചിലവഴിച്ചതുമായ കാൺപൂരും, മീററ്റും കണ്ണു നിറയെ കണ്ടു. റൂർക്കി സർവകലാശാലയെക്കുറിച്ചും അവിടെ നടക്കുന്ന പല വിഷയങ്ങളിലുള്ള ഗവേഷണങ്ങളെക്കുറിച്ചുമെല്ലാം പണ്ടു കേട്ടിട്ടുണ്ട്. എന്നാൽ അത് കാണുവാനും അവിടെ താമസിക്കുവാനും സാധിക്കുമെന്ന് ചിന്തിക്കാൻ പോലും സാധ്യമല്ലായിരിന്നു. ഈ ഉത്തര ഭാരത പര്യടനത്തിൽ അതെല്ലാം സാധിച്ചു. സിംിലാ കരാർ എന്നു കേട്ടിട്ടേയുള്ളൂ അതെഴുതിയ സിംലയിലേക്കു പോകുവാൻ സാധിക്കുക എന്നത് അന്നത്തെ അവസ്ഥയിൽ ഭാഗ്യമായിരുന്നു.

അടുത്ത ദിവസം രാവിലെ ഉണർന്നത് 7 മണിക്കാണ്. പ്രാതൽ കഴിച്ച് ഞങ്ങൾ നേരെ ചാൺഡീഗഡിലേക്ക് യാത്ര തിരിച്ചു. ഭാരതത്തിലെ ആദ്യത്തെ പ്ളാൻഡ് സിറ്റിയായ ചാണ്ഡീഗഡിലൂടെ കാഴ്ചകൾ കണ്ടു മതിമറന്നപ്പോഴും ക്യാമറയും പോലീസുകാരും മുമ്പിൽ നിൽക്കുന്നതായി തോന്നി. അവിടെ നിന്ന് മഞ്ഞുവീഴുന്ന സിംലയിലേക്കുള്ള യാത്ര രസകരമായിരുന്നു. ഐസ് കട്ടകൾ നിറഞ്ഞിരുന്ന റോഡുകൾ കണ്ടു. റോഡിന്റെ ഇരുവശത്തും രണ്ടുമൂന്നടി പൊക്കത്തിലുള്ള ഐസ് കട്ടകൾ അത്ഭുതത്തോടെ നോക്കി നിന്നു. വഴിയിലെല്ലാം ചൂടു



Scanned with CamScanner

ചായയും കുടിച്ച്, കിട്ടിയ ചൂടു ഭക്ഷണവും കഴിച്ച് രാത്രി 7.30 ന് ഡൽഹിയിലേക്ക് യാത്ര തിരിച്ചു. രാത്രി മുഴുവനും ബസ്സിലിറങ്ങി. അതിരാവിലെ നാലുമണിക്ക് ഡൽഹി ബസ്റ്റാന്റിലിറങ്ങി. പിന്നെ ഡൽഹി മുഴുവനും ഒരു ഓട്ടപ്രദക്ഷിണം. ഡൽഹി എന്ന ഭാരത തലസ്ഥാനത്ത് എന്തെല്ലാം ഈ ഓട്ടപ്രദക്ഷിണത്തിൽ കാണാൻ സാധിക്കുമോ അതെല്ലാം കണ്ടു. ഡൽഹിയിലെ മെഹ്റൗളിയിലെ 27 നക്ഷത്ര ക്ഷേത്രങ്ങൾ നശിപ്പിച്ച് കുത്തബ്ദ്ദിൻ ഐബക് സ്ഥാപിച്ച കുത്തബ്മീനാർ, ഹുമയൂൺ ടോംബ്, ലോഡി ഗാർഡൻ, പാർലമെന്റ്, രാഷ്ട്രപതിഭവൻ, പല പല രാജവീഥികളും, ഇന്ത്യാഗേറ്റും കൺകുളിർക്കെ കണ്ട് അനുഭവസമൃദ്ധമാക്കിയുള്ള യാത്ര. 1982 ഫെബ്രുവരി 10-ാം തീയതി ആരംഭിച്ച യാത്ര, 25-ാം തീയതി രാത്രി 8.30 ന്, ഡക്കാൻ എക്സ്പ്രസ്സിൽ കയറിയതോടെ അവസാനത്തിന്റെ ആരംഭത്തിന് തുടക്കം കുറിച്ചു. ഉത്തരേന്ത്യൻ യാത്രയിലെ അവസാന ഭാഗമായിരുന്നു അത്. ഏകദേശം അർധരാത്രിയായപ്പോൾ ഝാൻസിയിൽ നിന്നു വണ്ടിയിൽ, എന്റെ കമ്പാർട്ടുമെന്റിൽ രണ്ടു പോലീസുകാർ കയറി വന്ന് അപ്പർ ബർത്തിൽ കിടന്നുറങ്ങിയിരുന്ന എന്നെ വിളിച്ചുണർത്തി ചോദിച്ചു. "അരേ ഗോപാൽകൃഷ്ണ ജീ തേരാ കാമറാ കിദർ ഛോഡ്കേ ആയാ ബേട്ടാ. തേരാ ദോസ്ത് ബീ ഇസീ ഡബ്ബാമേ ഹേ നാ?" ഞാൻ ചാടി എഴുന്നേറ്റ്, എന്റെ കയ്യിലൊന്നുമില്ലെന്ന് പറഞ്ഞു. "ചാഹേ തോ അറസ്റ്റ് കരോ ഭായി" എന്നും ഞാൻ പറഞ്ഞു. അവർ മറുപടി പറഞ്ഞതിങ്ങിനെയാണ്. "ആപ്കോ ഗുഡ്നൈറ്റ് ബോൽനേകേലിയേ ആയാ ഭായി. ആപ്ക്യോം ഗുസ്സാ ഹൈ" (നിങ്ങളോട് യാത്ര പറയാൻ വന്നതാണ്. എന്തിനാണ് ദേഷ്യപ്പെടുന്നത്?) ഞാൻ കിടന്നുറങ്ങി. അടുത്ത ദിവസം രാവിലെ മുതൽ ട്രെയിനിൽ സന്തോഷത്തോടെ കഴിഞ്ഞു. 27-ാം തീയതി രാവിലെ ഞങ്ങൾ ഹൈദരാബാദിലെ ലാബിൽ എത്തിയപ്പോൾ 10-ാം തീയതി പോയ ഞങ്ങളെ 26-ാം തീയതിയായിട്ടും കണ്ടില്ല എന്നു പറഞ്ഞു എന്റെ ഗൈഡ്, പോലീസ് സ്റ്റേഷനിൽ കംപ്ലെയിന്റ് കൊടുക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. "ഗോപാലകൃഷ്ണനേയും സുന്ദർറാവുവിനേയും കാണ്മാനില്ല." പത്തുരൂപ കൈകൂലി കൊടുക്കാതെ നേപ്പാളിലേക്ക് പോയതിന് അനുഭവിക്കേണ്ടി വന്ന വേദന നിറഞ്ഞ അനുഭവങ്ങൾ ലാബിലെ എല്ലാവരുമായും പങ്കിട്ടു.

രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം ഞങ്ങളുടെ റിസർച്ച് വീണ്ടും തുടർന്നു. നാലഞ്ചു പുതിയ സ്റ്റുഡന്റ്സ് മറ്റു സയിന്റിസ്റ്റുമാരുടെ കൂടെ പിഎച്ച് ഡി ക്ക് ചേർന്നിരുന്നു. ഞങ്ങളെല്ലാം ഒരുചെറിയ ഗ്രൂപ്പുപോലെ പരസ്പരം സഹകരിച്ച് പരീക്ഷണനിരീക്ഷണങ്ങൾ നടത്തി. അവരിൽ സീനിയർ ഞാനായിരുന്നതിനാൽ എന്നെ മറ്റു സ്റ്റുഡൻസിന് ബഹുമാനമായിരുന്നു.



Scanned with CamScanner

## ചിക്കൻ പോക്സിന്റെ വേദന

ഏപ്രിൽ രണ്ടിന് ഞാനാകെ ക്ഷീണിച്ച് തളർന്ന് ലാബിൽ തലച്ചുറ്റി വീണു. സുഹൃത്തുക്കൾ ചേർന്ന് എന്റെ മുറിയിലേക്കെന്നെ കൊണ്ടു പോയി. എനിക്കെന്തൊക്കെയോ സംഭവിക്കുന്നതുപോലെ തോന്നി. മരിച്ചുപോകുമോ എന്നു പോലും തോന്നി. ഒന്നു രണ്ടു ദിവസത്തിനുള്ളിൽ ശരീരം മുഴുവനും കുമിളകൾ നിറഞ്ഞു. ചിക്കൻപോക്സ് 5, 6, 7 തീയതികളിൽ ശരീരം നിറഞ്ഞു. എന്റെ മുറിയിൽ ഞാൻ മാത്രം, ആരും ഭക്ഷണം പാകം ചെയ്തുതരാനും സാധിക്കാനുമില്ലായിരുന്നു. വിശപ്പും ദാഹവും അസാധാരണ തലവേദനയും! എന്റെ മുറിയിൽ കൂടെയുണ്ടായിരുന്ന ശ്രീനിവാസ റെഡ്ഡി മാറിത്താമസിച്ചു. ഇടക്ക് സുന്ദർറാവുവും കിത്തൂരും വന്ന് ഹോട്ടലിൽ നിന്ന് ഭക്ഷണം വാങ്ങിത്തരും. അനങ്ങാൻ വയ്യാത്ത ശരീരവുമായി ഞാൻ പ്രാതലും മധ്യാഹ്ന ഭക്ഷണവും തയ്യാറാക്കിക്കഴിച്ചു. ലാബിൽ അറിയിച്ചാൽ ഉടനെ വെക്കേറ്റ് ചെയ്യാൻ നിർദ്ദേശം തരുമെന്നറിഞ്ഞു. അതുകൊണ്ട് മുറിയിൽനിന്നു പുറത്തിറങ്ങാതെ ആരോടും പറയാതെ കഴിച്ചു കൂട്ടി, 14-ാം തീയതി വരെ മുറിയിൽ ബെഡിൽ കിടന്നു. 24 മണിക്കൂറിൽ അരമണിക്കൂർ ഭക്ഷണം പാകം ചെയ്യാനും കഴിക്കാനും മാത്രം എഴുന്നേറ്റു. ഇടക്ക് കിത്തൂറും സുന്ദർ റാവുവും വരും. 16-ാം തീയതി രാത്രി ഞാൻ തൃപ്പൂണിത്തുറയിലേക്ക് മടങ്ങി. ശരീരത്തിലെ പാടുകളിൽ നിന്നും ചോര വരുന്നുണ്ടായിരുന്നതിനാൽ ട്രെയിനിൽ അപ്പർ ബർത്തിൽ മുഖവും ശരീരവും മൂടിയാണ് യാത്ര ചെയ്തത്. പലരും ചോദിക്കുന്നുണ്ടായിരുന്നു എന്താണ് സംഭവിച്ചതെന്ന്. എല്ലാവരോടും മറുപടി പറഞ്ഞു. ലാബിൽ വർക്കു ചെയ്തു കൊണ്ടിരുന്നപ്പോൾ ആസിഡു വീണു പൊള്ളിയതാണെന്ന്. ആരെങ്കിലും റെയിൽവേയിൽ പരാതി നൽകിയാൽ റെയിൽവേ നിയമപ്രകാരം എന്നെ വഴിയിലിറക്കി വിടുമായിരുന്നു. വീട്ടിൽ വന്ന് ഏതാനും ദിവസം വിശ്രമിച്ച് പഴയ സുഹൃത്തുക്കളെയെല്ലാം കണ്ടു.

## മുൻകാലപ്രാബല്യത്തോടെ രെജിസ്ട്രേഷന് അവസാനത്തെ അഭ്യർത്ഥന

ഏപ്രിൽ 26 ന് തിരുവനന്തപുരത്തു വന്ന്, ലിംഗിസ്റ്റിക് പ്രൊഫ. ജി. കെ. പണിക്കർ, രെജിസ്ട്രാർ, പ്രോ. വൈസ് ചാൻസലർ കരീം, ലാ അക്കാഡമി പ്രിൻസിപ്പൽ നാരായണൻനായർ, എസ് ബി കോളേജിലെ (ചങ്ങനാശ്ശേരി) സക്കറിയ എന്നിവരെ കണ്ട് അവസാനമായിട്ടൊരിക്കൽ കൂടി അഭ്യർത്ഥിച്ചു മുൻകാല പ്രാബല്യത്തോടെ രെജിസ്ട്രേഷൻ തന്നനുഗ്രഹിക്കണമെന്ന്. ആരും ഒന്നും പറഞ്ഞില്ല. ഇനി ഇങ്ങിനെയൊരപേക്ഷയുമായി വരില്ലെന്നും ഞാൻ പറഞ്ഞു. നിങ്ങളുടെ



Scanned with CamScanner

മക്കൾക്കിങ്ങനെയൊരു ഗതികേടുണ്ടായാൽ എന്തു ചെയ്യുമെന്നു ചിന്തിക്കണമെന്നും ഞാൻ പറഞ്ഞു യാത്രയായി. എനിക്ക് ബി എസ്സിക്കു അഡ്മിഷൻ വാങ്ങിത്തന്ന പ്രൊഫസർ മത്തായി സാറിന്റെ വീട്ടിലേക്കും കഴിഞ്ഞ ആറുവർഷങ്ങളായി ഇടക്കിടക്ക് പോകാറുണ്ടായിരുന്നു. പ്രൊഫ. രാമൻസാറിനേയും, അഷറഫ് സാറിനേയും, ടോമി സാറിനേയുമെല്ലാം കാണാൻ പോകുന്ന പതിവുമുണ്ടായിരുന്നതുപോലെ ഔവർ കോളേജിൽ ചെന്ന് ബാലകൃഷ്ണൻ നായരേയും, അച്ചുതൻ നായരേയും കാണുമായിരുന്നു. അവരെയെല്ലാം വീണ്ടും സന്ദർശിച്ച് രണ്ടാഴ്ചത്തെ ലീവു കഴിഞ്ഞു ചൈതന്യത്തോടെ ഞാൻ ഹൈദരാബാദിലേക്ക് മടങ്ങി.

ചിക്കൻ പോക്സ് വന്നപ്പോൾ എന്നെ ശുശ്രൂക്ഷിച്ച സുന്ദർറാവുവിനും അതേ രോഗം പിടിപെട്ടിരുന്നതിനാൽ തിരിച്ച് ഹൈദരാബാദിൽ ചെന്ന്, സുന്ദർറാവുവിന്റെ അഡ്രസ്സും എടുത്ത് ഗോദാവരി ജില്ലയിൽ യെർണഗുഡത്തിറങ്ങി, അയാളുടെ നാടായ കൊത്ത ഊരിൽ പോയി വീട്ടിൽ ചെന്ന് സുന്ദർറാവുവിനെ കണ്ടു. അസുഖം മാറിക്കഴിഞ്ഞ റാവുവും ഞാനും ഒരുമിച്ച് ഗോദാവരി എക്സ്പ്രസിൽ മടങ്ങി. ലാബിൽ വന്ന് പല പല ശാസ്ത്രജ്ഞന്മാരുടേയും സുഹൃത്തുക്കളുടേയും വീട്ടിലേക്ക് ഭക്ഷണത്തിനു പോകുമായിരുന്നു. രണ്ടുമൂന്നു മാസത്തോളം എൻജി ആർ ഐ യിലെ രാത്രിമെസ്സിലും ഞങ്ങളൊരുമിച്ച് സൈക്കിളിൽ പോയി ഭക്ഷണം കഴിക്കുമായിരുന്നു. അതൊരു സുഖമുള്ളയാത്രയായിരുന്നു. ഏകദേശം രണ്ടു കിലോമീറ്റർ ദൂരം നടന്ന് അല്ലെങ്കിൽ സൈക്കിളിൽ മൂക്കറ്റം ഭക്ഷണം കഴിക്കാനായി പോകുകയെന്നത്. ഇതിനിടക്ക് സുന്ദർറാവുവിന്റെ അമ്മ മരിച്ചു. ഞാൻ റാവുവിനേയും കൊണ്ട് ഗോദാവരിയിൽ വീട്ടിലേക്കു പോയി. റാവുവിനെ വീട്ടിലാക്കി ജൂൺ 10 ന് ഞാൻ തിരിച്ചു വന്നു. ഗോദാവരിയുടെ പച്ച പരവതാനി വിരിച്ച വയൽ പാടങ്ങളിലൂടെ ഒറ്റക്ക് കുറേ ദൂരം നടന്ന് നിഡദവോലുവിൽ വന്ന് ട്രെയിൻ കയറി തിരിച്ചു ഹൈദരാബാദിൽ വന്നു.

ജൂൺ 11 ന് തിരുവനന്തപുരം ആർ ആറെല്ലിലെ സയിന്റിസ്റ്റ് പോസ്റ്റിലുള്ള ഇന്റർവ്യൂ കാർഡു ലഭിച്ചു. ടിക്കറ്റ് റിസർവ് ചെയ്ത് പോകാനായി തയ്യാറെടുത്ത. ജീവിതത്തിന്റെ ഒററത്തു നിന്ന് നീന്തിത്തുടങ്ങിയ ഗോപാലകൃഷ്ണൻ മറ്റെ അറ്റത്തേക്കെത്തുന്ന അവസ്ഥ പോലൊരു ആശ്വാസം. ഇന്റർവ്യൂ കാർഡ് ലഭിച്ചതോടെ തീസിസ് എഴുത്തിനെക്കുറിച്ചു ചിന്തിച്ചു തുടങ്ങി. ഇനിയും രണ്ടു വർഷം കഴിഞ്ഞിട്ടേ തീസിസ് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നറിയാം എങ്കിലും ചെയ്തു തീർത്തതെല്ലാം എഴുതിവെച്ചാൽ പിന്നെ ആ ജോലിഭാരം തീരുമല്ലോ എന്ന ആശ്വാസത്തിൽ ഞാൻ തീസിസ് എഴുതാൻ തുടങ്ങി.



Scanned with CamScanner

## രണ്ടാം ഭാഗം

### പിഎച്ച്.ഡി വിദ്യാർത്ഥിയിൽ നിന്ന് ശാസ്ത്രജ്ഞനായി ഇന്റർവ്യൂ

ഹൈദരാബാദിലെ ആർ.ആർ.എല്ലിൽ നിന്നും തിരുവനന്തപുരത്തെ ആർ.ആർ.എല്ലിലേയ്ക്കുള്ള യാത്ര സന്തോഷകരമായിരുന്നു. തിരുവനന്തപുരത്തെ റീജീയണൽ റിസർച്ച് ലാബറട്ടറിയിൽ (ആർ.ആർ.എല്ലിൽ) ഇന്റർവ്യൂവിനുള്ള യാത്ര ജൂൺ 26 ന് ബാംഗ്ലൂർ വഴി ആരംഭിച്ചു. കൂടഗ് വഴി തലശ്ശേരിയിലെത്തി കാഴ്ചകളെല്ലാം കണ്ടുകൊണ്ടാണ് തിരുവനന്തപുരത്തു വന്നത്. ജൂലൈ 2-ാം തീയതി വെള്ളിയാഴ്ചയായിരുന്നു ഇന്റർവ്യൂ. എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം പറഞ്ഞു. ഡയറക്ടർ ഡോ. എ.ജി മാത്യൂസാർ കമ്മിറ്റിയിലില്ലായിരുന്നെങ്കിലും എന്നോട് പ്രത്യേകം പറഞ്ഞു നല്ലവണ്ണം പെർഫോം ചെയ്യണമെന്ന്. ഡോ. സി.എസ്. നാരായണനായിരുന്നു ഹെഡ് ഓഫ് ഡിവിഷൻ. അദ്ദേഹവും എന്റെ ഇന്റർവ്യൂ പെർഫോമൻസിൽ സന്തുഷ്ടനാണെന്നറിയിച്ചു. ഡോ. ലക്ഷ്മീനാരായണയും കമ്മിറ്റിയിലുണ്ടായിരുന്നു. പക്ഷേ ഒരുതരത്തിലും ശുപാർശ ചെയ്യില്ലെന്നറിയിക്കുകയും ചെയ്തു. എന്നാലും എന്റെ തീസിസ് എഴുതുന്നതിനുമുമ്പ് ഇവിടെ ചേരാനനുവദിക്കുമെന്നുറപ്പിച്ചു പറഞ്ഞു. എനിക്ക് തിരുവനന്തപുരം റീജിയണൽ റിസർച്ച് ലാബറട്ടറിയിൽ സയിന്റിസ്റ്റായി ജോലി ലഭിച്ചു എന്ന് ഡോ. സി.എസ്. നാരായണൻ എന്നെ അറിയിച്ചു. വളരെ ഹൃദ്യവും എന്നാൽ വിഷയത്തിന്റെ കാര്യത്തിൽ ഗഹനവുമായിരുന്ന ഇന്റർവ്യൂവും ഇന്റർവ്യൂ റിസൽട്ടും സന്തോഷം നൽകി. ഇവിടെ ജോലിക്കു ചേരാൻ ഇനി എന്തെല്ലാം പ്രശ്നങ്ങൾ അനുഭവിക്കേണ്ടിവരുമോ എന്നറിഞ്ഞുകൂടാ. തടസ്സങ്ങളൊന്നുമുണ്ടാകരുതേ ഈശ്വരാ എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ജൂലൈ 6ന് ഞാൻ ഹൈദരാബാദിലേക്ക് തിരിച്ചുള്ള യാത്രയാരംഭിച്ചു. സർവ്വസ്വതന്ത്രനായി എന്നൊരുതോന്നലായിരുന്നു മനസ്സിൽ. കേരളത്തിൽ തന്നെ ഒരു ജോലി, പരിചയമുള്ള സി.എസ്.ഐ.ആർ. കുടുംബം, തൃപ്പൂണിത്തറുയിൽ നിന്ന് കൂടുതൽ ദൂരവുമില്ല. തിരുവനന്തപുരത്ത് ജ്യേഷ്ഠനുമുണ്ട്. പിഎച്.ഡി വർക്കെല്ലാം കഴിഞ്ഞു. കുറേയധികം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇനിയും കുറേ പ്രസിദ്ധീകരിക്കാനായിട്ട് എഴുതാനുമുണ്ട്. ഡോ. ലക്ഷ്മീനാരായണ തന്നെ കമ്മിറ്റിയിലുണ്ടായിരുന്നതുകൊണ്ട്, അവിടെ നിന്നും ഗവേഷണമവസാനിപ്പിച്ച് ഇവിടെ ചേരാൻ ബുദ്ധിമുട്ടുണ്ടാകില്ല. ഗൈഡ് വിടുന്നില്ല എന്ന എല്ലാവർക്കുമുണ്ടാകാറുള്ള പ്രശ്നമുണ്ടാകില്ല. തിരുവനന്തപുരം ആർ.ആർ.എല്ലിലാണെങ്കിൽ



Scanned with CamScanner

ഡോ. മാത്യു എന്നെ മറ്റുള്ളവർക്ക് നല്ലരീതിയിൽ പരിചയപ്പെടുത്തിയിട്ടുമുണ്ട്. ഹൈദരാബാദ് ആർ ആറെല്ലിൽ ഞങ്ങളുടെ ഫെല്ലോഷിപ്പ്സംഖ്യ ആയിരം രൂപയാക്കി ഉയർത്തിയതിനാൽ ഹോസ്റ്റലിലെ വാടക കിഴിച്ച്, 850 രൂപ കൈയ്യിൽ കിട്ടുമായിരുന്നു. അതുകൊണ്ട് സ്വയം പാകം ചെയ്യുന്നതിനുപകരം ഹോട്ടലിൽ നിന്ന് ഇടക്ക് ഭക്ഷണം കഴിക്കുവാനും സാധിച്ചു.

## എന്റെ ഭാര്യയെ കണ്ടെത്തിയ ദിവസം

രണ്ടു മാസം നിരന്തരം രാപകൽ തീസിസിനുവേണ്ടിയുള്ള ഡ്രാഫ്റ്റ് എഴുത്തായിരുന്നു. റിസർച്ചു ചെയ്ത റിസൾട്ടുകളെല്ലാം പ്രബന്ധങ്ങളാക്കി പ്രസിദ്ധീകരിക്കാനും അവയെല്ലാം പുസ്തക രൂപത്തിലാക്കാനുമുള്ള തത്രപാടിലായിരുന്നപ്പോഴാണ്, അമ്മയുടെ ഷഷ്ട്യബ്ദപൂർത്തി. 1982 ആഗസ്റ്റ് 24 നാണെന്നറിയിപ്പുണ്ടായത്. തീസിസ് എഴുതുന്നതിനിടക്ക് ആഗസ്റ്റ് 23-ാം തീയതി വീണ്ടും തൃപ്പൂണിത്തുറക്ക് യാത്ര ചെയ്തു. ആഗസ്റ്റ് 24 ന് എന്റെ അമ്മയുടെ ഷഷ്ട്യബ്ദപൂർത്തിയെല്ലാം കഴിഞ്ഞ് ഉച്ചയ്ക്കുശേഷം 3 മണിക്ക് തിരിച്ച് ഹൈദരാബാദിലേക്ക് യാത്രയാകുമ്പോൾ അമ്മയുടെ അടുത്തു നിൽക്കുന്ന ഒരു പെൺകുട്ടി (അച്ഛന്റെ സഹോദരീപുത്രന്റെ മകൾ)യെ നോക്കി അമ്മ എന്നോടു ചോദിച്ചു. ഇവളെ നിനക്ക് ഈ വീട്ടിലേക്ക് കൊണ്ടുവരാൻ പറ്റുമോ? ആ കുടുംബത്തെ ഞങ്ങൾക്ക് നല്ലവണ്ണമറിയാം. ഒന്നുമറിയാതെ, മറ്റൊന്നും ചിന്തിക്കാൻ അൽപം സമയംപോലും ഉപയോഗിക്കാതെ ഞാൻ ആ കുട്ടിയോടു ചോദിച്ചു. ഈ വീട്ടിലേയ്ക്ക് വരുന്നത് ഇഷ്ടമാണോ? ആ പെൺകുട്ടിയും ശരിയെന്നു തലയാട്ടി. ജീവിതത്തിൽ അപ്രതീക്ഷിതമായി കടന്നുവരാൻ ക്ഷണിച്ച ആ പെൺകുട്ടി, ഞാൻ എല്ലാവരോടും യാത്രപറഞ്ഞ് ഗേറ്റ് കടന്ന് പുറത്തുപോകുന്നതുവരെ, എന്നെ നോക്കി നിന്നു. അങ്ങിനെ ആഗസ്റ്റ് 24 എന്റെ ജീവിതത്തിൽ ഓർമ്മിക്കേണ്ട ഒരു ദിവസമായി. തിരിച്ച് ഹൈദരാബാദിലെത്തുന്നതിനിടയ്ക്ക് ഞാൻ ആ പെൺകുട്ടിയെക്കുറിച്ച് ചിന്തിച്ചു. കുറേക്കൂടി ആലോചിച്ചതിനുശേഷം ആ ചോദ്യം ചോദിച്ചാൽ മതിയായിരുന്നു. അങ്ങനെയൊരു ചോദ്യം ചോദിക്കാൻ ധൃതി പിടിച്ചതു ശരിയായില്ല. അതേ പെൺകുട്ടി എന്റെ സഹോദരീ ഭർത്താവിന്റെ ജ്യേഷ്ഠന്റെ പുത്രിയുമായിരുന്നു എന്നതിനാൽ പ്രശ്നമൊന്നുമുണ്ടാകില്ല എന്നും മനസ്സ് ആശ്വസിച്ചു. നാവിൽ നിന്ന് വീണത് വിണതു തന്നെ! ഇതെല്ലാം ചിന്തിച്ചുകൊണ്ടായിരുന്നു എന്റെ തിരിച്ചുള്ള ഹൈദരാബാദ് യാത്ര.

ഹൈദരാബാദിലെത്തിയ ഉടനെ എന്റെ റിസർച്ച് പരിപാടികളെല്ലാം പൂർത്തിയാക്കി, എഴുതാനുള്ളതെല്ലാം എഴുതിയും പ്രസിദ്ധീകരിച്ചും



Scanned with CamScanner

തീർക്കാൻ ഞാൻ തിടുക്കം കൂട്ടി. ജോലി ലഭിച്ചതിന്റെ പൂർണ്ണതൃപ്തിയോടെയായിരുന്നു ഈ പ്രവർത്തനങ്ങളെല്ലാം ചെയ്തു തീർത്തത്. തുടർന്നുള്ള ദിവസങ്ങളിലെല്ലാം വൈകുന്നേരങ്ങളിൽ ഓരോ സുഹൃത്തിന്റേയും, മലയാളികളുടെയും, ആർ.ആർ.എല്ലിലെ ഓഫീസർമാരുടെയും വീടുകളിലായിരുന്നു യാത്രയയപ്പ് ഭക്ഷണം. കേരളത്തിലേയ്ക്കുള്ള യാത്രയയപ്പിന്റെ തുടക്കമായിരുന്നു ഇത്. വലിയ ഒരു സുഹൃത്ത് ബന്ധം ഞാനറിയാതെ തന്നെ അവിടെ ഉണ്ടായിരുന്നു എന്നറിഞ്ഞത് ഈ വേളയിലായിരുന്നു. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രിഷനിലെ പ്രസിദ്ധ ശാസ്ത്രജ്ഞനായ ഡോ. രമേശ് ഭട്ട് എന്റെ അടുത്ത സുഹൃത്തായി മാറിയിരുന്നു. തുളു ബ്രാഹ്മണനായിരുന്നതിനാൽ ഞങ്ങൾ എന്നും തുളുഭാഷയിലാണ് സംസാരിച്ചിരുന്നത്. അദ്ദേഹം, ഞാൻ ആദ്യദിവസങ്ങളിൽ താമസിച്ചിരുന്ന ദ്വാരക ഹോട്ടലിന്റെ ഉടമയുടെ മരുമകനായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ യാത്രപറയാനായി എത്തിയപ്പോൾ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. അതു കഴിഞ്ഞ് ഡോ. രമേശ് ഭട്ട് പറഞ്ഞു; ദ്വാരകക്കാർക്ക് അങ്ങയെ അവരുടെ മരുമകനാക്കിയാൽ കൊള്ളാമെന്നുണ്ടെന്ന്. ഞാനൊന്നും പറയാതെ ബാക്കി പൊതു കാര്യങ്ങളെല്ലാം ചർച്ച ചെയ്ത് ഹോസ്റ്റലിലേക്ക് തിരിച്ചു വന്നു. ആർ.ആർ.എല്ലിൽ (ഹൈദരാബാദ്) എന്റെ അതേ ഡിവിഷനിൽ എഞ്ചിനീയറായി പ്രവർത്തിച്ചിരുന്ന ശ്രീപതിറാവുവിന്റെ വീട്ടിലും ഞാനതിഥിയായിരുന്നു. അവിടെ നിന്നും വിവാഹത്തിന് ഇങ്ങിനെയൊരഭ്യർത്ഥന പരോക്ഷമായുണ്ടായി. എഞ്ചിനീയറായിരുന്നു അദ്ദേഹത്തിന്റെ മകൾ. എല്ലാവരേയും കണ്ട് അവരുടെ ആതിഥ്യം സ്വീകരിച്ച്, ഹൈദരാബാദിലെ എല്ലാ ഗവേഷണശാലകളും സന്ദർശിച്ച്, പ്രധാന കേന്ദ്രങ്ങളും പലപ്രാവശ്യം ഇതിനു മുമ്പ് സന്ദർശിച്ചിരുന്ന ക്ഷേത്രങ്ങളും സന്ദർശിച്ച്, കഴിഞ്ഞ രണ്ടര വർഷമായി താമസിച്ചിരുന്ന വീടുകളും, ചേരിയും സന്ദർശിച്ച് ഞാൻ കേരളത്തിലേക്കുള്ള യാത്രക്കൊരുമ്പെടുകയായിരുന്നു. ചേരിയിൽ നിത്യവും എന്നെ കണ്ടിരുന്ന ഒരു നായ, ഞാനെത്തിയപ്പോൾ ഓടിവന്ന് എന്റെ ശരീരത്തിൽ ചാടികയറി ഓർമ്മയും സ്നേഹവും പ്രകടിപ്പിച്ചു. മനുഷ്യനേക്കാൾ സ്നേഹമുള്ള ജന്തു.

### ഹൈദരാബാദിനോട് വിട

ഒക്ടോബർ 5-ാം തീയതി റെയിൽവേ സ്റ്റേഷനിൽ ചെന്ന് എന്നന്നേയ്ക്കുമായുള്ള മടക്കയാത്രയ്ക്ക് ടിക്കറ്റ് റിസർവ് ചെയ്തു. രാവിലെ 8 മണിക്കുള്ള ശുഭമുഹൂർത്തത്തിലാണിതു ചെയ്തത്. ഒക്ടോബർ 19 ന് എഴുതിവച്ച ഗവേഷണ പ്രബന്ധങ്ങളുടെയെല്ലാം ഡ്രാഫ്റ്റ് റിപ്പോർട്ട്

സമർപ്പിച്ച്, ലാബറട്ടറിയിൽ രാജിക്കത്തും സമർപ്പിച്ചു. ഞാൻ ചെയ്ത എല്ലാ റിസർച്ച് വർക്കും ചേർത്ത് ഒരു ലക്ചർ നൽകണമെന്ന് എന്റെ ഗൈഡ് പറഞ്ഞു. 1925 മുതൽ സൈക്ലോപ്രൊപ്പനോയ്ഡ് ഫാറ്റി ആസിഡ് എന്ന വിഷയത്തിൽ ലോകമെമ്പാടും ചെയ്തിരുന്ന എല്ലാ പ്രധാന ഗവേഷണങ്ങളും ഉദ്ധരിച്ചുകൊണ്ട് ഒരു പുസ്തകമോ, പേപ്പറോ, ഓവർഹെഡ് പ്രോജക്ടറോ, സ്ലൈഡ് പ്രോജക്ടറോ ഒന്നുമില്ലാതെ നാലര മണിക്കൂർ നേരം ഞാൻ ക്ലാസെടുത്തു. എല്ലാവർക്കും എനിക്കും മറക്കാനാകാത്ത ലക്ചറായിരുന്നു അത്. ഇത്രയും കാര്യങ്ങളെങ്ങിനെയാണ് ഒരു തെറ്റും പതർച്ചയുമില്ലാതെ ഒർമ്മിച്ചു പറഞ്ഞതെന്ന് പലരും ചോദിച്ചു. ചിരിച്ചു കൊണ്ട് "ദൈവാനുഗ്രഹം" എന്നുമാത്രം ഞാൻ പറഞ്ഞു. ആർ.ആർ. എല്ലിലെ (ഹൈദരാബാദ്) അവിസ്മരണീയ പ്രഭാഷണമായിരുന്നു അത്. ഒക്ടോബർ 21 ന് എല്ലാവരും ചേർന്ന് എനിക്ക് ഒരു യാത്രയയപ്പ് പാർട്ടി തന്നു. പല സഹപ്രവർത്തകരും കരയുന്നുണ്ടായിരുന്നു. ഗൈഡിന്റെ വീട്ടിലായിരുന്നു ഒരു രാത്രി ഭക്ഷണം. കൈമൾ സാറും ഭക്ഷണത്തിനു ക്ഷണിച്ചു. എല്ലാവരോടും യാത്ര പറഞ്ഞ്, ഞാൻ എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നും പറഞ്ഞ് എല്ലാവരേയും തൊഴുത് യാത്രപറഞ്ഞു. ഡയറക്ടറെ ചെന്നുകണ്ടപ്പോൾ അദ്ദേഹം പറഞ്ഞു "യൂ ആർ ആൻ ഐഡിയൽ മോഡൽ ഫോർ റിസർച്ചേഴ്സ്." ഒന്നും പറയാതെ സന്തോഷത്തോടെ ഞാൻ തൊഴുതിറങ്ങി. രഘുവിനേയും, ശശിയേയും കണ്ട് ഇന്നുവരെ എനിക്ക് താങ്ങും തണലുമായി കുടുംബാംഗത്തെപ്പോലെ എന്നെ സംരക്ഷിച്ചതിനു നന്ദി പറഞ്ഞു. എന്റെ ആത്മമിത്രമായി ജീവിതത്തിലുണ്ടായിരുന്ന ഒരു വ്യക്തിയായ സുന്ദർറാവുവിനോടും മറ്റു നൂറുകണക്കിന് വ്യക്തികളോടും തൊഴുത് നന്ദിയും യാത്രയും പറഞ്ഞ്, ഒക്ടോബർ 23ന് തിരുവനന്തപുരത്തെ ആർ.ആർ. എല്ലിൽ സയിന്റിസ്റ്റായി ചേരാൻ ഹൈദരാബാദിൽ നിന്ന് മടക്കയാത്ര പുറപ്പെട്ടു. മുന്നു മണിക്കുള്ള ട്രെയിനിൽ എന്നെ യാത്രയാക്കാൻ ധാരാളംപേർ റെയിൽവേ സ്റ്റേഷനിൽ എത്തിയിരുന്നു. 24 ന് മദ്രാസിലിറങ്ങി, ബന്ധുവിന്റെ വീട്ടിൽ കുറേനേരം ചെലവഴിച്ച് വൈകുന്നേരത്തെ വണ്ടിയിൽ യാത്ര തുടർന്നു. സന്തോഷത്തോടെ ഒരു വലിയ നേട്ടമുണ്ടാക്കിയ സംതൃപ്തിയോടെയാണ് സ്വന്തം വീട്ടിൽ കയറിയത്.

### ശാസ്ത്രജ്ഞന്റെ കർമ്മമണ്ഡലത്തിലേക്ക് കയറുന്നതിനു മുമ്പ്

ഒക്ടോബർ 25 ന് രാത്രി തിരുവനന്തപുരത്തേക്കു പുറപ്പെട്ടു, 26 ന് അതിരാവിലെ അവിടെയെത്തി പഴവങ്ങാടി ഗണപതിയേയും ശ്രീപത്മനാഭനേയും ദർശിച്ച് ലാബറട്ടറിയിൽ ജോലിക്കു ചേരാനുള്ള തയ്യാറെടുപ്പുമായി ചെന്നു. അവിടെയെത്തിയപ്പോൾ എം.പി. പിള്ളയും ശ്രീ

അയ്യരും, ദാമോദരനും പറഞ്ഞു. "പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വന്നിട്ടില്ല. മെഡിക്കൽ റിപ്പോർട്ടും വന്നിട്ടില്ലാത്തതിനാൽ ജോലിക്ക് ചേരാൻ ഇപ്പോൾ പറ്റില്ല." ഈ വിവരണത്തിന്റെ പരിണത ഫലമൊന്നു മറിയാതെ ഞാൻ തൃപ്പൂണിത്തുറയിലേയ്ക്കു തിരിച്ചു. പോലീസ് വെരി ഫിക്കേഷൻ റിപ്പോർട്ടും അത്ര വലിയ സീരിയസ് പ്രശ്നമൊന്നുമല്ല. പ്രത്യേകിച്ചും കഴിഞ്ഞ രണ്ടു വർഷമായി ഒരു സിഎസ്.ഐ.ആർ. ലാബ റട്ടറിയിൽ തന്നെയായിരുന്നു ഞാൻ ഗവേഷണം നടത്തിയിരുന്നത് എന്നതുകൊണ്ട്. പക്ഷേ ഇങ്ങിനെ ഒരു വിവരണത്തിന്റെ ഫലമെന്താ യിരിക്കുമെന്ന് ഞാൻ ഊഹിച്ചില്ല. പക്ഷേ എന്തെല്ലാം ആരംഭിക്കുമ്പോഴും പ്രശ്നമുണ്ടാകാറുണ്ടെന്നറിയാം. അതിന്റെ ഒരു ഭയവുമുണ്ടായിരുന്നു. പതിവുപോലെ ബന്ധുക്കളേയും സുഹൃത്തുക്കളേയും കാണാനായി പോയി. പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ഹൈദരാബാദിൽ നിന്നും, എറണാകുളത്തു നിന്നും ലഭ്യമാക്കണം. അതു ജില്ലാകളക്ടർ വഴിക്കാണ് വരേണ്ടതെന്നറിഞ്ഞു. തിരുവനന്തപുരത്തെ മെഡിക്കൽ കോളേജിലെ എന്റെ പരിശോധനാ റിപ്പോർട്ടിനെക്കുറിച്ചുമന്വേഷിച്ചു. ദിവസങ്ങൾ നീങ്ങി. ഹൈദരാബാദിലെ പോലീസ് സ്റ്റേഷനുമായും തൃപ്പൂണിത്തുറ പോലീസ് സ്റ്റേഷനുമായും എറണാകുളം ജില്ലാ കളക്ടറേറ്റുമായും ബന്ധ പ്പെട്ടു. നവംബർ മാസം മുഴുവനും ഈ റിപ്പോർട്ടിനുവേണ്ടിയുള്ള യാത്ര യായിരുന്നു.

**അനുഭവിച്ചുതീരാത്ത വേദനകൾ!**

വീട്ടിൽ കിടന്നുറങ്ങിയും കറങ്ങിനടന്നും മടുത്തു. വീട്ടുകാർക്ക് എന്നോട് ദേഷ്യം തോന്നിത്തുടങ്ങിയിരിന്നു. ജോലിയില്ലാതെ മകൻ കറങ്ങിനടക്കുന്നു. ഉള്ളജോലിയും കളഞ്ഞ് ഡോക്ടറേറ്റിനു പോയ വന് ഇപ്പോൾ രണ്ടുമില്ലെന്ന് അച്ഛൻ പറഞ്ഞു. ഓരോരുത്തരുടേയും കാലുപിടിച്ച് റിപ്പോർട്ടിന്റെ ഫയലുതപ്പി. നവംബർ 7 ന് വീണ്ടും തിരു വനന്തപുരത്തുപോയി. ആദ്യറിപ്പോർട്ടു കാണാനില്ലാത്തതിനാൽ രണ്ടാ മത്തെ മെഡിക്കൽ ചെക്കപ്പ് കഴിച്ചു. റിപ്പോർട്ട് കയ്യിൽ തരില്ലെന്നവിവ രവുമവരറിയിച്ചു. കൈക്കൂലികൊടുത്തുള്ള ശീലവുമില്ല. 10-ാം തീയതി വീണ്ടും ആർ.ആർ.എല്ലിലെത്തി അന്വേഷിച്ചു. മെഡിക്കൽ റിപ്പോർട്ട് വന്നിട്ടില്ല എന്നവർ തറപ്പിച്ചു പറഞ്ഞു. മെഡിക്കൽ കോളേജിലന്വേഷി ച്ചപ്പോൾ റിപ്പോർട്ട് തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്കയ ച്ചിട്ടുണ്ടെന്നറിഞ്ഞു. അവിടെ വീണ്ടും ടെസ്റ്റ് നടന്നു. നവംബർ 11 ന് 12 മണിക്ക് തിരിച്ച് ഞാൻ എറണാകുളത്തെത്തി. എറണാകുളം പോലീസ് കമ്മീഷണറെ കണ്ടാൽ കാര്യം അറിയാമെന്നു പലരും പറഞ്ഞതനുസ



Scanned with CamScanner

രിച്ച് പോലീസ് കമ്മീഷണർ ഓഫീസിലന്വേഷിച്ചു. പോലീസ് റിപ്പോർട്ട് നേരത്തേ അയച്ചിട്ടുണ്ടെന്നും അതിന്റെ ദിവസവും നമ്പറും കുറിച്ചെടുത്തുകൊള്ളുവാനും കമ്മീഷണർ ഓഫീസിൽ നിന്നറിയിച്ചു. ഒരല്പം ആശ്വാസം ലഭിച്ചെങ്കിലും ഹൈദരാബാദ് പോലീസിന്റെ റിപ്പോർട്ടിനെന്തു ചെയ്യുമെന്നറിയാതെ വിഷമിച്ചു. സ്വന്തം വീട്ടിലേക്കു പോകാൻ തന്നെ ഭയം തോന്നിത്തുടങ്ങി. വെറുതേ നിന്നും ചുറ്റിക്കറങ്ങിയും നടക്കുന്നവനെന്നു പേരുവന്നുതുടങ്ങി. സുഹൃത്തുക്കളുടെ വീട്ടിലേക്കും ഇനി പോകാനില്ല, എല്ലാവർക്കും അവരവരുടേതായ ജോലിയുണ്ട്. എനിക്കുമാത്രം ധാരാളം സമയമുണ്ട്, ജോലിയൊന്നുമില്ല. നവംബർ 26 നാണ് പിഎച്ച്.ഡി. യുടെ അവസാന പരീക്ഷയെന്ന് കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നറിയിപ്പുകിട്ടി. അന്നേദിവസം യൂണിവേഴ്സിറ്റിയിലെ സെനറ്റ് ചേമ്പറിലിരുന്നു പരീക്ഷയെഴുതി. എന്റെ ജ്യേഷ്ഠൻ വാസുദേവൻ എന്നെ ആശ്വസിപ്പിച്ചു. ജീവിതത്തിൽ ആരംഭകാലം മുതൽക്ക് സ്വയം സമ്പാദിച്ചു ഫീസുകൊടുത്ത് പഠിച്ചു വളർന്ന അനുജന് കയ്യിലിപ്പോൾ പൈസയില്ല. യൂണിവേഴ്സിറ്റിയിൽ പലവിധത്തിലുള്ള ഫീസുകളടക്കാനുണ്ടായിരുന്നു. നിരന്തരംയാത്ര, യാത്രാവേളയിലെ ഭക്ഷണം ഇതിനെല്ലാം ഉപയോഗിച്ച് കയ്യിലുള്ളതെല്ലാം തീർന്നു. ഇനിയൊരടിമുന്നോട്ടുപോകാനാകില്ല. തിരുവനന്തപുരം ഔവ്വർ കോളേജിൽ ചെന്ന് ബാലകൃഷ്ണൻനായരെ കണ്ട് ക്ലാസെടുക്കാനുള്ള അവസരത്തിനായി അപേക്ഷിച്ചു. അവിടെ ക്ലാസെടുക്കാനുള്ള സൗകര്യം തരാമെന്നേറ്റെങ്കിലും എന്നുമുതൽക്ക് വരണമെന്ന ചോദ്യത്തിന് ആലോചിച്ചിട്ടു പറയാമെന്നായിരുന്നു ശ്രീ ബാലകൃഷ്ണൻനായരുടെ മറുപടി. നവംബർ 30 ന് കാക്കനാട് കളക്ടറേറ്റിൽ ചെന്നപ്പോൾ അവിടെ നിന്നും റിപ്പോർട്ട് പോയിട്ടില്ലെന്നും ഉടനെ അയയ്ക്കാമെന്നും അവർ അറിയിച്ചു. എന്റെ സുഹൃത്ത് ഹൈദരാബാദിൽ നിന്നറിയിച്ചു ആഴ്ചകൾക്കു മുമ്പ് റിപ്പോർട്ട് തിരുവനന്തപുരം ആർ.ആർ.എല്ലിലേയ്ക്ക് അയച്ചുകഴിഞ്ഞിട്ടുണ്ടെന്ന്. സമയം ചെലവഴിക്കുന്നതിനുവേണ്ടിമാത്രം ഇടക്ക് എന്റെ പഴയ കൊച്ചിൻ കോളേജിൽ ചെന്ന് കുട്ടികൾക്ക് വെറുതെ ഒന്നുരണ്ടു ക്ലാസെടുത്തു. ഡിസംബർ 14 ന് എറണാകുളം കളക്ടറേറ്റിൽ നിന്നും റിപ്പോർട്ടയച്ചതായറിഞ്ഞു. 14 ന് വീണ്ടും തിരുവനന്തപുരത്തേയ്ക്ക് ഞാൻ യാത്ര തിരിച്ചു. ആർ.ആർ. എല്ലിൽ എല്ലാമന്വേഷിച്ചു. ഒന്നുമെത്തിയിട്ടില്ലെന്നാണവിടത്തെ അറിയിപ്പുകിട്ടിയത്. കൂടാതെ എന്നെ വളരെ ഭയപ്പെടുത്തിയ വാർത്തയും ഞാൻ കേട്ടു. ഡിസംബർ 31 നുള്ളിൽ ജോലിക്ക് ചേർന്നില്ലെങ്കിൽ സെലക്ഷൻ കാൻസലാകുമെന്ന് ശ്രീ. അയ്യർ അറിയിച്ചു. മനസ്സിന്റെ സമനില തെറ്റാതിരിക്കാൻ എന്റെ ദേവികുളത്തുള്ള

സുഹൃത്ത് പീറ്റർ ജോസഫിന്റെ വീട്ടിലേയ്ക്ക് തിരുവനന്തപുരത്തു നിന്നും ഞാൻ ഒരു ഭ്രാന്തനെപോലെ യാത്രയായി. രണ്ടുദിവസത്തെ യാത്ര കഴിഞ്ഞ് തിരിച്ച് തൃപ്പൂണിത്തുറയിലെത്തി. ഡിസംബർ 22 ന് വീണ്ടും ഞാൻ എറണാകുളം കളക്ടറേറ്റിലേക്കു പോയി. എന്റെ എല്ലാ സഹനശക്തിയും ചോർന്നുപോകുന്നുണ്ടായിരുന്നു. തിരിച്ച് ഹൈദരാബാദിലേയ്ക്ക് പോയാലോ? ഒരു ജോലിയുമില്ലാതെ വീട്ടിൽ തിന്നും കുടിച്ചും കഴിയാനൊരു വിഷമം. ജോലി നഷ്ടപ്പെടുന്ന വേദനയോടെ ഡിസംബർ 29 ന് രാവിലെ വീട്ടിൽ നിന്നുണർന്നപ്പോൾ എന്റെ അച്ഛൻ എല്ലാ നിയന്ത്രണവും വിട്ട് എന്നോട് ദേഷ്യപ്പെട്ടു പറഞ്ഞു. "രണ്ടുമാസമായി നീ ഈ വീട്ടിൽ വെറുതേയിരുന്നു തിന്നുന്നു. ചുറ്റിക്കറങ്ങി നടക്കുന്നു. ആരുണ്ട് നിന്റെ ചെലവ് നോക്കാൻ..." ഇന്നുവരെ കേൾക്കാത്ത അച്ഛന്റെ വാക്കുകൾ കേട്ടപ്പോൾ (അതോർക്കുമ്പോൾ ഞാനിന്നും കരയുന്നു) ഞെട്ടിപ്പോയി. ദേഷ്യത്തേക്കാൾ കൂടുതൽ വേദനയോടെതന്നെയാണച്ഛൻ പറഞ്ഞത്. കാരണം അച്ഛന് ജോലിയില്ല. വീട്ടിൽ വരുമാനമൊന്നുമില്ല. ഞാൻ വെറുതെയിരുന്നു തിന്നാൽ ആരുണ്ട് സഹായിക്കാൻ എന്നതുസത്യം മാത്രമായിരുന്നു. മാത്രമല്ല കോളേജ് ലക്ചററായിരുന്ന മകന് ഇപ്പോൾ ജോലിയൊന്നിമില്ലേ എന്ന് അച്ഛനോട് ചോദിക്കുന്നവരുമുണ്ടായിരുന്നു. അച്ഛൻ അവരോടെന്തുത്തരം പറയും?

രാവിലെ കരഞ്ഞുകൊണ്ടുതന്നെ കുളിച്ച്, കാപ്പികുടിക്കാതെ, പ്രാതലും കഴിക്കാതെ. കരഞ്ഞാൽ കരച്ചിൽ നിർത്താനറിയാത്ത ഗോപാലകൃഷ്ണൻ കരഞ്ഞുകൊണ്ട് വീട്ടിൽ നിന്നിറങ്ങി. നേരെ ചോറ്റാനിക്കരക്ഷേത്രത്തിലേക്ക് പോയി തൊഴുതു. എന്റെ അനുജൻ രാജഗോപാലൻ എന്നെ തിരിച്ചു വിളിക്കാൻ പലപ്രാവശ്യം ശ്രമിച്ചു. പോകരുതെന്നു അവൻ നിർബന്ധിച്ചു പറഞ്ഞു. അതേ കണ്ണീരോടെ ചോറ്റാനിക്കരയിൽ ദർശനം കഴിഞ്ഞ്, തിരുവനന്തപുരത്തേക്ക് ഞാൻ യാത്രയായി. അവസാനമായി ഒന്നുകൂടി ആർ.ആർ.എല്ലിൽ വന്ന് കാര്യങ്ങൾ അന്വേഷിക്കാമെന്ന് തീരുമാനിച്ചായിരുന്നു യാത്ര. തിരുവനന്തപുരത്തെ ജ്യേഷ്ഠനോടും യാത്രപറയാമെന്നു തീരുമാനിച്ചു. ഹൈദരാബാദിലേക്കുള്ള മടക്കയാത്രക്കു മുമ്പ് വീണ്ടും അന്വേഷിച്ചു. ഡിസംബർ 29 വ്യാഴാഴ്ച ആർ.ആർ.എല്ലിൽ ചെന്നു. ഒരുമാസത്തെ എന്റെ ശമ്പളം (കൈക്കൂലിയായി?) തരുകയാണെങ്കിൽ ഈ റെക്കാർഡുകളെല്ലാം ശരിയാക്കിത്തരാമെന്ന് എന്നോടു ഒരു ക്ളാർക്ക് പറഞ്ഞു. "ഡിസംബർ 31 കഴിഞ്ഞാൽ പിന്നെ ഇവിടെ ചേരാൻ സാധിക്കില്ല. അതുകൊണ്ട് ഒരു മാസത്തെ ശമ്പളമാണോ വലുത് ഒരു സയിന്റിസ്റ്റ് പോസ്റ്റാണോ വലുത് എന്ന് ചിന്തിച്ചു പറയുക. ഉടനെ പറയണം" എന്നായിരുന്നു മുന്നറിയിപ്പ്.

നെഞ്ചത്തു കൈവച്ച് ഞാൻ ചോദിച്ചു "ഞാൻ ജോലിക്കു ചേരാൻ വന്ന എന്റെ സ്ഥാപനത്തിലേയ്ക്ക് ഞാൻ കൈക്കൂലി കൊടുത്തുകയ റണമോ? വേദനയുണ്ട്." എന്റെ മെഡിക്കൽ റിപ്പോർട്ട്, പോലീസ് റിപ്പോർട്ട് ഇതെല്ലാം ദിവസങ്ങൾക്കു മുമ്പ് ഓഫീസിലേൽപ്പിച്ചിട്ടുണ്ടെന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോസ്റ്റോഫീസിൽ നിന്നറിഞ്ഞു. ഞാൻ വീണ്ടും ആർ.ആർ.എല്ലിൽ പോയി അന്വേഷിച്ചു. മറുപടി ഒന്നും ലഭിച്ചി ല്ല. സെക്ഷനിലുള്ളവരോടു പറഞ്ഞു "എല്ലാ റിപ്പോർട്ടും ഇവിടെ എത്തി യിട്ടുണ്ടെന്ന് പോസ്റ്റോഫീസിൽ നിന്നറിഞ്ഞല്ലോ?" ലാബിൽ നിന്ന് മറു പടിയൊന്നും ലഭിച്ചില്ല. കുറേനേരം കഴിഞ്ഞ് ദുഃഖത്തോടെ ഞാൻ ജ്യേഷ്ഠന്റെ വീട്ടിലെത്തി കതകടച്ചു കരഞ്ഞു.

### തിരുവനന്തപുരം റീജിയണൽ റിസർച്ച് ലാബറട്ടറിയിലേക്ക്

ഡിസംബർ 30 ന് ഉച്ചയ്ക്ക് പതിനൊന്നു മണിക്ക് ലാബിൽ നിന്ന് ടെലിഫോൺ വിളി കിട്ടി. ഉച്ചക്കു മുമ്പ് വന്നു ജോയിൻ ചെയ്യണം. അന്ന് ചാലകമ്പോളത്തിലുണ്ടായ പ്രശ്നത്തിൽ (നബിദിനത്തോടനുബ ന്ധിച്ച്) ചാല കമ്പോളം കത്തുകയായിരുന്നു. തിരുവനന്തപുരം നഗര ത്തിൽ നൂറ്റിനാൽപത്തിനാല് പ്രഖ്യാപിച്ചിരുന്നു. വീട്ടിൽ നിന്ന് പുറത്തി റങ്ങാൻ സാധ്യമല്ലായിരുന്നു. പല കിംവദന്തികളും പരന്ന് ഒരുതരത്തിലും പാപ്പനംകോട് വരാൻ വഴിയില്ലാത്ത അവസ്ഥ. രാത്രി പകുതി സന്തോ ഷത്തിലും അനുഭവിച്ച ദുഃഖത്തിന്റെ വേദനയിലും ഉറങ്ങാതെ കിട ന്നു. കയ്യിൽ ചായകുടിക്കാൻ വകയില്ലാത്ത എന്നോട് ഔവ്വർ കോളേ ജിലെ ബാലകൃഷ്ണൻനായർ ഫോണിൽ, 29-ാം തീയതി വിളിച്ചു പറ ഞ്ഞു, 30-ാം തീയതി രാവിലത്തെ ബാച്ചിന് കെമിസ്ട്രി പഠിപ്പിക്കാനായി വരണമെന്ന്. വീണ്ടും ഞാൻ ഔവ്വർ കോളേജദ്ധ്യാപകനായി. ഡിസം ബർ 31 ന്, സിറ്റിയിൽ ബസ്സുകളോ മറ്റു വാഹനങ്ങളോ ഓടിയിരുന്നില്ല. ഞാൻ തിരുവനന്തപുരത്ത് തെക്കേത്തെരുവിലുള്ള ജ്യേഷ്ഠന്റെ വാട കവീട്ടിൽ നിന്നു തളർന്ന മനസ്സുമായി നടന്ന് പാപ്പനംകോട് ആർ.ആർ. എല്ലിലെത്തി ഉച്ചയ്ക്ക് 12.45 ന് തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലാബറട്ടറിയിൽ നിറഞ്ഞ കണ്ണുകളോടെ വിറയ്ക്കുന്ന ഹൃദയത്തോടെ സയിന്റിസ്റ്റായി ചേർന്നു. ദുഃഖവും സന്തോഷവും സംതൃപ്തിയുമൊ ന്നുമില്ലാതെ. ഈശ്വരാ എന്തിനെന്നെ ഇത്രക്കും വേദന അനുഭവിപ്പി ച്ചു. ഞാൻ കരഞ്ഞാൽ കരച്ചിൽ നിർത്താനറിയാത്തവനാണ്. ഇനി കര യിപ്പിക്കരുതേ ജഗദീശ്വരാ. ശാസ്ത്രജ്ഞനെന്ന പുതിയ ജീവിതാദ്ധ്യായം തുടങ്ങിയപ്പോൾ പ്രാർത്ഥിച്ചത് ഇതായിരുന്നു.

സി എസ് ഐ ആറിലെ ഒരു ലാബറട്ടറിയിലും ഇല്ലാത്ത പോലീസ്



Scanned with CamScanner

വെരിഫിക്കേഷൻ രീതിയാണ് എനിക്ക് ബാധകമാക്കിയത് എന്നു ഞാന റിഞ്ഞു. ഇത് എനിക്കു മാത്രം അനുഭവിക്കേണ്ടി വന്ന ദുരിതമായിരുന്നു.

**ഒരു ശാസ്ത്രജ്ഞന്റെ ജീവിതത്തിലൂടെ**

തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലാബറട്ടറിയിൽ (ലാബിൽ) ജോലിക്ക് ചേർന്ന് ദിവസങ്ങൾ നീങ്ങി. ഏകദേശം മൂന്നു മാസക്കാലം ഔവർ കോളേജിൽ ഇക്കാലത്തുതന്നെ അദ്ധ്യാപകനായും തുടർന്നിരുന്നു. അതിനുശേഷം ലാബിലെ ഗവേഷണം മാത്രമാക്കി ചുരുക്കി. പൂർവകാല സുഹൃത്തുക്കളെയും ബന്ധപ്പെട്ടുകൊണ്ടിരുന്നു. പിഎച്.ഡി യുടെ എഴുത്തു പരീക്ഷ കഴിഞ്ഞ് ജനുവരി 6 ന് കേരളാ യൂണിവേഴ്സിറ്റിയിൽ വച്ച് പിഎച്.ഡി.ക്കുള്ള വൈവാ പരീക്ഷയും കഴിഞ്ഞു. ഡോ. രാമൻ സാറും, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ മാധവൻപിള്ളയുമായിരുന്നു പരിശോധകർ. ഡോ. ജോഷ്വാ സാർ എന്നെ വിളിച്ചു ചോദിച്ചിരുന്നു, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. വടക്കഞ്ചേരിയെ കമ്മിറ്റിലിടട്ടെയെന്ന്. നേരത്തെ സംഭവിച്ച കാര്യങ്ങളെല്ലാം വിവരിച്ചു പറഞ്ഞ്, പ്രൊഫ. വടക്കഞ്ചേരിക്കു പകരം കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. മാധവൻപിള്ളയെയാണ് കമ്മിറ്റിയിലിട്ടത് ഡോ. വടക്കഞ്ചേരിയും എന്റെ പരീക്ഷ നടത്തുന്നവരുടെ പാനലിലുണ്ടായിരുന്നുവെങ്കിലും, ജോഷ്വാ സാറിനോട് അപേക്ഷിച്ച് ആ പേര് ലിസ്റ്റിൽ നിന്ന് നീക്കം ചെയ്തില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്ന് ചിന്തിക്കാനേ വയ്യ. തിരുവനന്തപുരത്ത് സയിന്റിസ്റ്റായി ചേർന്നതിനുശേഷം ലാബറട്ടറിയിൽ റിസർച്ചിനോടൊപ്പം കുറേ സാമൂഹ്യപ്രവർത്തനങ്ങളും ആരംഭിച്ചു. ജ്യേഷ്ഠൻ വാസുദേവന്റെ കൂടെ താമസമായിരുന്നതിനാൽ അച്ഛന്റെ സ്ഥാനത്തു നിന്ന് എന്റെ എല്ലാ കാര്യങ്ങളിലും ജ്യേഷ്ഠൻ സഹായിക്കുമായിരുന്നു. അതുകൊണ്ടുതന്നെ എനിക്ക് ധാരാളം സമയമുണ്ടായിരുന്നു. പ്രയോജനപ്പെടുത്താനുള്ള സൗകര്യവും തിരുവനന്തപുരത്തുണ്ടായിരുന്നു.

**ഇടയ്ക്കൊരു വേദപഠനവും**

തിരുവനന്തപുരം ഫോർട്ടിൽ തെക്കേതെരുവിൽ അഗ്രഹാരത്തിലായിരുന്നു ജ്യേഷ്ഠനോടൊപ്പം താമസം. തൊട്ടടുത്ത വീട്ടിൽ വേദപണ്ഡിതനായ ശ്രീ. ഗോപാല ഘനപാഠികൾ താമസിച്ചിരുന്നു. വേദം പഠിക്കണമെന്ന ചെറുപ്പം മുതൽക്കുള്ള എന്റെ ആഗ്രഹം സമാരംഭിക്കാൻ ജഗദീശ്വരൻ നൽകിയ അവസരമാണെന്നു തോന്നി. ജനുവരി 16 ഞായറാഴ്ച വേദപഠനമാരംഭിച്ചു. ഏകദേശം ഒരുവർഷം ശ്രീ ഗോപാല ഘനപാഠികളുടെ കീഴിലും പിന്നെ സ്വന്തമായും ഞാനും എന്റെ



Scanned with CamScanner

ജ്യേഷ്ഠനും ചേർന്ന് വേദം പഠിച്ചുകൊണ്ടേയിരുന്നു. ഹൈസ്കൂളിലും കോളേജിലും പഠിക്കുന്ന കാലത്ത് പല ആചാര്യന്മാരുടെ കീഴിലും പൂജാ വിധികളും കർമ്മങ്ങളും യജുർവേദത്തിന്റെ കുറേഭാഗങ്ങളും പഠിക്കാനവസരം ലഭിച്ചതുകൊണ്ട്, ഋഗ്വേദപഠനം വിഷയമില്ലാതെ ആരംഭിച്ചു. പഠനം മുന്നോട്ടു പോകാൻ ബുദ്ധിമുട്ടൊന്നുമുണ്ടായിരുന്നില്ല. ബുദ്ധിക്കും യുക്തിക്കും നിരക്കുന്നവിധത്തിൽ ഓരോകാര്യങ്ങളും മന്ത്രാർത്ഥങ്ങളും ഘനപാടികൾ വിശദീകരിച്ചുതരുകയും ചെയ്തിരുന്നു. എല്ലാ ദിവസങ്ങളിലും വൈകുന്നേരങ്ങളിലായിരുന്നു വേദപഠനം. ഫെബ്രുവരി 3ന് എറണാകുളത്തു നിന്നു യാത്രയായ ദിവസവും, 5 ന് ഹൈദരാബാദിലെത്തി ലാബറട്ടറിയിൽ ചേർന്ന ദിവസങ്ങളിലും, എല്ലാവർഷവും ലക്ഷ്മീനാരായണക്കും കൈമളിനും കത്തെഴുതുമായിരുന്നു. തീസിസ് എഴുതാനുള്ളകാര്യങ്ങളും കത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട് ഇത്തവണ (1983ൽ) കത്തെഴുതി. പിഎച്ച്.ഡി. തീസിസ് സമർപ്പിക്കാൻ ഏകദേശമുള്ള എല്ലാ കടമ്പകളും കടന്നുകഴിഞ്ഞു. ഇനി ഒരു സിനോപ്സിസ് സമർപ്പിക്കണം. മൂന്നു മാസം കഴിഞ്ഞ് തീസീസ് സമർപ്പിക്കണം. സിനോപ്സിസ് സമർപ്പിക്കാൻ ഇനി രണ്ടുവർഷം കാത്തിരിക്കണം, കാരണം രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം മൂന്നുവർഷം കഴിഞ്ഞേ തീസിസ് സമർപ്പിക്കാൻ സാധിക്കൂ എന്നതാണ് യൂണിവേഴ്സിറ്റി നിയമം. ഇടയ്ക്ക് തൃപ്പൂണിത്തുറക്ക് യാത്ര ചെയ്ത് ജീവിതത്തിന്റെ സ്വസ്ഥത ആസ്വദിക്കാനും അവസരം ലഭിച്ചു. അവസാന ദിവസങ്ങളിൽ എന്നെ വേദനിപ്പിച്ചതിൽ അച്ഛനു കാര്യമായ ദുഃഖം തോന്നിയിരുന്നു. പലപ്രാവശ്യം അച്ഛൻ തെറ്റുപറഞ്ഞു ക്ഷമിക്കണമെന്നഭ്യർത്ഥിച്ചു. അച്ഛന്റെ മാപ്പപേക്ഷ പോലെയുള്ള വരികൾ ദുഃഖത്തോടെ കേട്ട് ഞാൻ അച്ഛനെ ആശ്വസിപ്പിച്ചു. തിരുവനന്തപുരം അഗ്രഹാരങ്ങളിലെ തനതായ ജീവിതശൈലിയിലൂടെ ഞാൻ ജീവിച്ചു മുന്നോട്ടു പോയി. ഹൈദരാബാദിലെ ഓരോ സുഹൃത്തിനും ഇടക്കിടെ കത്തെഴുതി ബന്ധം നിലനിർത്തികൊണ്ടു പോന്നു.

**ഞാൻ വിവാഹിതനാകട്ടെ**

അമ്മയുടെ ഷഷ്ട്യബ്ദപൂർത്തിക്കു കണ്ടുമുട്ടിയ പെൺകുട്ടിയുമായി എന്റെ വിവാഹനിശ്ചയം നടക്കുകയും മേയ് 27 ന് വിവാഹിതനാകുകയും ചെയ്തു. തൃപ്പൂണിത്തുറ വെങ്കിടേശ മന്ദിരത്തിൽ വച്ചായിരുന്നു വിവാഹം നടന്നത്. സാമ്പത്തിക സുസ്ഥിരതയുടെ ഏഴയൽവക്കത്തെത്താതെ, കഴിഞ്ഞ നാലു മാസങ്ങളിലായി (ജനുവരി മുതൽ ഏപ്രിൽ വരെ) ലഭിച്ച 2000 രൂപ പ്രതിമാസ ശമ്പളത്തിൽ ചിലവുകഴിഞ്ഞ് ബാക്കിയുള്ള ചെറിയ ഒരു സംഖ്യ (ഏകദേശം 5000 രൂപ) മാത്ര



Scanned with CamScanner

മായിരുന്നു വിവാഹശേഷ ജീവിതാരംഭത്തിൽ കൈയ്യിലുണ്ടായിരുന്നത്. അച്ഛൻ വഴിയും സഹോദരി വഴിയും ബന്ധമുണ്ടായിരുന്നതിനാലും ഞങ്ങളുടെ കുടുംബ ധർമ്മനീതിയനുസരിച്ചും സ്ത്രീധനവും പതിവില്ലാതിരുന്നതിനാലും, വിവാഹത്തിനുശേഷമുള്ള ചിലവിന് മാത്രമേ എന്റെ കയ്യിലുണ്ടായിരുന്ന സംഖ്യ തികഞ്ഞുള്ളൂ. എന്റെ മനസ് എന്നോടു മന്ത്രിച്ചു; സാമ്പത്തിക സുസ്ഥിരതയില്ലാതെ, അല്ല കയ്യിലൊന്നുമില്ലാതെ എന്തിനിങ്ങനെ ധൃതിപിടിച്ചൊരു വിവാഹം കഴിച്ചു. ഞങ്ങളുടെ നക്ഷത്രം മുന്നാളായിരുന്നതിനാൽ ജാതകം നോക്കിയാലും പ്രഥമദൃഷ്ട്യാ ചേരില്ലെന്നറിയാം. അതുകൊണ്ടുതന്നെ മാതാപിതാക്കൾ ഈ വിവാഹത്തെ എതിർത്തു. സയിന്റിസ്റ്റായ എനിക്ക് വളരെ ഉയർന്ന നിലയിലുള്ള ഒരു ബന്ധം സാധ്യമാകുമെന്നറിയാമായിരുന്നതിനാൽ ജ്യേഷ്ഠന്മാരും ഈ വിവാഹത്തോടു യോജിച്ചില്ല. സഹോദരിയുടെ ഭർതൃസഹോദരന്റെ മകളായിരുന്നതിനാൽ സഹോദരിക്ക് ഈ വിവാഹം എങ്ങിനെയെങ്കിലും നടത്തണമെന്നുണ്ടായിരുന്നു. മേയ് 27 ന് വിവാഹം കഴിഞ്ഞ് എന്റെ ഗൈഡ് ലക്ഷ്മീനാരായണ നിർദ്ദേശിച്ചപ്രകാരം ജൂൺ 10 ന് ഞാൻ തീസീസ് എഴുതാൻ ഹൈദരാബാദിലേക്ക് ഒറ്റയ്ക്ക് യാത്രയായി. വിവാഹശേഷം മറ്റൊരു സ്ഥലത്തേക്ക് പോകുവാനുള്ള സാമ്പത്തിക സ്ഥിതിയില്ലായിരുന്നു. അല്ലെങ്കിൽ സഹോദരന്മാരോടു കടം വാങ്ങി പോകുക എന്നത് മാത്രമായിരുന്നു പോംവഴി. അതുകൊണ്ട് ഒരു യാത്രക്കും പോകാതെ വീട്ടിൽ ഞങ്ങൾ കഴിച്ചുകൂട്ടി. 17 ദിവസം ഹൈദരാബാദിൽ തീസീസ് എഴുതാതെ വെറുതെ ചെലവഴിച്ച് തിരിച്ചു വന്നു. തീസീസ് എഴുതാൻ വരണമെന്ന് നിർബന്ധിച്ചു പറഞ്ഞ ഗൈഡ്, എന്റെ വിവാഹമാണെന്നറിയിച്ചിട്ടും ഈ ദിവസങ്ങൾക്ക് മാറ്റം വരുത്തിയില്ല. അവിടെ പോയി ഒരു കാര്യവും ചെയ്യാതെ, ഒരു പേജുപോലും തീസിസ് എഴുതാതെ വെറുതേയിരുന്ന് സമയവും സമ്പന്നമായ വിവാഹാനന്തര ജീവിതത്തിലെ രണ്ടാഴ്ചയും നഷ്ടപ്പെടുത്തി ഞാൻ തിരിച്ചുവന്നു. തീസിസ് സമർപ്പിക്കാൻ ഇനിയും ഒന്നര വർഷത്തോളം കാക്കേണ്ടിയിരുന്നതിനാലാണ് ഡോ. ലക്ഷ്മീനാരായണ താല്പര്യമെടുക്കാത്ത് എന്നു എന്നെനിക്കു മനസ്സിലായി. ഡോ. കൈമളും അതു പറഞ്ഞു. പക്ഷേ എന്റെ മൂന്നാഴ്ചകൾ വെറുതേ നഷ്ടപ്പെട്ടു.

ഭാര്യ, മദ്രാസിൽ സിടിഐയിലായിരുന്നു ജോലി, തിരുവനന്തപുരത്തേക്ക് ജോലി മാറ്റം ലഭിക്കാനുള്ള ശ്രമമാരംഭിച്ചു ഞാൻ ഹൈദരാബാദിൽ നിന്ന് മടങ്ങവേ മദ്രാസിലിറങ്ങി തിരിച്ച് തിരുവനന്തപുരത്തെത്തി. അഗ്രഹാരത്തിൽ നിന്നും ശ്രീവരാഹത്തിലെ ഒരു നാലുകെട്ടുപോലുള്ള പഴയ വീട്ടിലേയ്ക്ക് താമസം മാറ്റി. അവിടെ വേദപഠനത്തിന്

പറ്റിയ അന്തരീക്ഷവുമായിരുന്നു.

**അടുത്ത ഒരു പോസ്റ്റ് ഗ്രാജ്വേഷൻ ഡിഗ്രിയെടുക്കാൻ**

1983 സെപ്റ്റംബറിൽ എം.എ സോഷ്യോളജിക്ക് കേരളാ യൂണിവേഴ്സിറ്റിയിൽ പേര് രജിസ്റ്റർ ചെയ്തു. ഭാരതീയ വിചാര കേന്ദ്രവുമായി ബന്ധപ്പെടുകയും അതിൽ പ്രവർത്തിക്കാനാരംഭിക്കുകയും ചെയ്തത് ഈ കാലഘട്ടത്തിലായിരുന്നു. ശാരീരികാസ്വാസ്ഥ്യവും ശ്വാസംമുട്ടലും മൂലം ശാസ്തമംഗലത്തെ രാമകൃഷ്ണമിഷൻ ആശുപത്രിയിൽ കുറച്ചുദിവസം രോഗിയായി കിടക്കേണ്ടിവന്നു. ഇതായിരുന്നു എന്റെ ജീവിതത്തിലെ ആദ്യത്തെ ആശുപത്രിവാസം. ഹൈദരാബാദിൽ ഉണ്ടായിരുന്ന കാലത്ത് ശാരീരികമായി ആസ്വാസ്ഥ്യമനുഭവപ്പെട്ടപ്പോൾ അവിടത്തെ ജനറൽ ആശുപത്രിയിൽ ഒരിക്കലെന്നെ അഡ്മിറ്റ് ചെയ്തിരുന്നു. ആശുപത്രിയിലെ വൃത്തികേടുകളെല്ലാം കണ്ട്, രോഗം ഇനിയും കൂടുമെന്ന് ഭയന്ന് രാത്രി പത്തു മണിക്ക്, അവിടത്തെ ഗാന്ധി ആശുപത്രിയിലെ സെക്യൂരിറ്റി സ്റ്റാഫിന് അഞ്ചുരൂപ കൈക്കൂലി കൊടുത്ത്, ഞാൻ ഹോസ്റ്റലിലേക്ക് തിരിച്ചു വന്നത് ആദ്യത്തെ ഒരു ദിവസാശുപത്രിവാസമായിരുന്നു.

ആർ.ആർ.എല്ലിലെ ജോലിയും, ഇടയ്ക്കുള്ള യാത്രയും, ഓഫീസിലെ എക്സിബിഷന്റെ ചില്ലറ ചുമതലയും, പുതിയ അനുഭവങ്ങളുടെ പ്രകാശം നൽകി.

**തീസീസ് രചനക്കിടക്കുള്ള യാത്ര**

ഹൈദരാബാദിലേയ്ക്ക് തീസീസെഴുതാൻ വീണ്ടും ഞാൻ ഡിസംബറിൽ (1983) പോയി. നിരന്തര യാത്രയുടെ ഒരു വർഷമായിരുന്നു കഴിഞ്ഞത്. പൂർവകാല ബന്ധങ്ങൾ അയവിറക്കിയ വർഷവുമായിരുന്നു അത്. പുതിയ റിസർച്ച് പ്രോജക്ടുകൾ ആരംഭിച്ച് ശാസ്ത്രജ്ഞന്റെ നിലവാരത്തിലേക്കുയർന്ന വർഷം. ഇതെല്ലാമായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം 1983 എന്ന വർഷം. ഇത്രയുമധികം യാത്ര ചെയ്ത ഒരു വർഷം ജീവിതത്തിലുണ്ടായിട്ടില്ലതന്നെ.

ഡിസംബറിലെ ഹൈദരാബാദ് യാത്ര പ്രത്യേകതനിറഞ്ഞതായിരുന്നു. തിരുവനന്തപുരത്തു നിന്ന് നേരെ മംഗലാപുരം. മംഗലാപുരത്തുനിന്ന് മഹാജൻഷെട്ടിയെകാണാനായി ധാർവാഡിയിലേയ്ക്ക് പോയി. ധാർവാഡിയിൽ നിന്ന് ഗോവയിലേയ്ക്ക്. ഗോവയിൽ കറങ്ങി അപരിചിതനായ ഒരു എറണാകുളത്തുകാരൻ ജോസഫിന്റെ കൂടെ ഒരു വൻ ഹോട്ടലിൽ അയാളുടെ ചിലവിൽ ഗോവയിൽ താമസിച്ചു. അടുത്തദിവസം അവിടെ നിന്നും പല സ്ഥലങ്ങൾ ചുറ്റിക്കറങ്ങി ഹൈദരാബാദി



Scanned with CamScanner

ലേയ്ക്കും. ഹൈദരാബാദിലെത്തുന്ന വഴിമധ്യേ എന്റെ കയ്യിലുള്ള തെല്ലാം പോക്കറ്റടിക്കപ്പെട്ടു. ബസ്സിലുണ്ടായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദിലെ ഒരു ലക്ഷ്മീനാരായണയുടെ സഹായത്താൽ ബസ്ചാർജ്ജും ഭക്ഷണവുമെല്ലാം ലഭിച്ചു. ഹൈദരാബാദിലെത്തി സുന്ദർറാവുവിന്റെ കയ്യിൽ നിന്ന് കാശു വാങ്ങി തിരിച്ചുവന്ന് മടക്കി ക്കൊടുത്തു. ഹൈദരാബാദിലേക്കും തിരിച്ചുമുള്ള ഓരോ യാത്രയും ഓരോ പരീക്ഷണ വഴികളിലൂടെയായിരുന്നു നടത്തിയിരുന്നത്. ലക്ഷ്യം സ്ഥലസന്ദർശനമായിരുന്നു.

ലാബറട്ടറിയിലെ റിസർച്ച് കാര്യങ്ങൾ സാവധാനത്തിൽ നീങ്ങു ന്നുണ്ടായിരുന്നു. ഡോ. അറുമുഖന്റെ കീഴിലായിരുന്നു പ്രവർത്തനം. അസാധാരണമായ കാര്യശേഷിയും കഠിനയത്നവും ലക്ഷ്യബോധവു മുള്ള അദ്ദേഹത്തിന്റെ വാക്കുകൾ പലപ്പോഴും വെറുപ്പുളവാക്കുന്നതാ യതുകൊണ്ടുതന്നെ കൂടെ പ്രവർത്തിക്കുന്ന എല്ലാവർക്കും കുറേ വിഷ മതയുമുണ്ടായിരുന്നു. അവനവനെ സ്വയം പ്രദർശിപ്പിക്കുന്ന വേളയിൽ പോലും രാവും പകലും കഠിനാധ്വാനം ചെയ്യുക എന്നതും അദ്ദേഹ ത്തിന്റെ കർമ്മരീതിയായിരുന്നു. ഞങ്ങളുടെയെല്ലാം എച്.ഒ.ഡി ആയി രുന്നുതാകട്ടെ ഡോ. സി.എസ്. നാരായണനും.

ചന്ദ്രികാ ആയുർവേദ ടോയ്ലറ്റ് സോപ്പ് നിർമ്മാതാ ക്കൾക്കുവേണ്ടി ഒരു നല്ല ഗവേഷണ സാങ്കേതികവിദ്യ തയ്യാറാക്കി ഞാൻ നൽകി. കൂടെ പാമോയിൽ സംസ്കരിക്കാനുള്ള പഠനവും ഗവേ ഷണവും നടന്നു. ഇത് പത്ത് വർഷത്തോളം തുടർന്നു. സാമ്പത്തിക മായി അൽപം മെച്ചപ്പെട്ടപ്പോൾ ഒരു ടിവിഎസ് 50 സ്കൂട്ടർ വാങ്ങി, അതിലായിരുന്നു യാത്ര. കുറേ ജോലി ചെയ്യുന്നതിനിടക്ക്പോലും തീസീസ് വർക്കിനായി ഹൈദരാബാദിലേക്കു പോകുക എന്നത് ഒരു ബാധപോലെ എന്നെ പിന്തുടർന്നിരുന്നു. എന്റെ ഗൈഡിന്റെ നിർദ്ദേശ പ്രകാരം 1984 ജനുവരി 20 ന് വീണ്ടും ഹൈദരാബാദിലേയ്ക്ക് പോയി. 24 ന് ഡോ. ലക്ഷ്മീനാരായണയിൽ നിന്നും വർക്ക് കംപ്ലീറ്റ് ചെയ്ത സർട്ടിഫിക്കറ്റുമായി തിരിച്ചുവന്നത് ഒരു ബസ്സിലായിരുന്നു. അവിടെ നിന്നും തിരുവനന്തപുരത്തേക്ക് മധുരവഴിക്കും, മധുരയിൽ ഒന്നുരണ്ടു ദിവസം തങ്ങിയുമായിരുന്നു തിരിച്ചുവരവ്.

തിരുവനന്തപുരത്തെത്തി എന്റെ തീസിസ് ടൈപ്പു ചെയ്യാൻ തുട ങ്ങി. ഡയറക്ടറുടെ സ്റ്റെനോ ആയിരുന്ന ശ്രീ കുറുപ്പായിരുന്നു എന്റെ തീസിസ് ടൈപ്പ് ചെയ്തത്. ഞാൻ ആർ.ആർ.എൽ. ഹൈദരാബാദിലു ണ്ടായിരുന്ന കാലത്ത് കുറുപ്പും കുടുംബവും അവിടെ ഉണ്ടായിരുന്നു. വളരെ ആത്മാർത്ഥതയുള്ള ഒരു സ്റ്റെനോഗ്രാഫറായിരുന്നു അദ്ദേഹം.



Scanned with CamScanner

വ്യക്തികളുടെ ആത്മാർത്ഥയുടെ പാരമ്യം എവിടെയാണെന്ന് അറിയണമെങ്കിൽ ശ്രീ. കുറുപ്പിനെ കണ്ടു പഠിക്കണം എന്നെല്ലാവർക്കുമറിയാമായിരുന്നു. ഈ ഗവേഷണത്തിന്റെ കൂടെ എം.എ. പരീക്ഷയ്ക്ക് തയ്യാറാകാൻ മാസ്റ്റേഴ്സ് കോളേജിൽ ഞാൻ ചേർന്നിരുന്നു. അതൊരു പാരലൽ കോളേജായിരുന്നു.

1984 മേയ് രണ്ടു മുതൽ എം.എ. സോഷ്യോളജി പരീക്ഷയെഴുതി. ആഴ്ചയിലൊരു പരീക്ഷ എന്ന കണക്കിലായിരുന്നു എം.എ ഫൈനൽ പരീക്ഷ നടന്നത്. അതുകൊണ്ടുതന്നെ അതൊരു സാധാരണ സംഭവം പോലെയായിരുന്നു. പരീക്ഷകൾക്കിടക്ക് വ്യക്തിപരവും കുടുംബപരവും, ഔദ്യോഗികവുമായ യാത്രകളും നടന്നുകൊണ്ടേയിരുന്നു. ജൂൺ 6ന് അവസാനത്തെ പരീക്ഷയും കഴിഞ്ഞു. ജൂലൈ 12 മുതൽ എം.എ. പ്രീവിയസ് പരീക്ഷയാരംഭിച്ചു. ലാഘവത്തോടെയാണ് പരീക്ഷയെഴുതിയതും. ലാബറട്ടറിയിലെ പ്രവർത്തനങ്ങൾക്കിടക്ക് വിശ്രമവേളകൾ ധാരാളമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഭാരതീയ വിചാരകേന്ദ്രവുമായി ബന്ധപ്പെട്ട കുറേ സാമൂഹിക പ്രവർത്തനങ്ങളും ചെയ്യുവാൻ സാധിച്ചു. തുടർന്ന് ആഗസ്റ്റിൽ സ്വദേശി സയൻസ് മൂവ്മെന്റിന്റെ പ്രവർത്തനവുമാരംഭിച്ചു. അതിലും കാര്യമായി പ്രവർത്തിക്കാൻ സാധിച്ചു. വേദപഠനം മിത്രാനന്ദപുരം ക്ഷേത്രത്തിന്റെ സമീപത്തേക്കു മാറ്റി.

## ഇന്ദിരാഗാന്ധിയുടെ വധവും എന്റെ ഡൽഹി യാത്രയും

ലാബറട്ടറയിൽ പൊതുവേ ഗവേഷണപഠനങ്ങൾ കൂടാതെ പൊതുകാര്യങ്ങളുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിന് താല്പര്യമുണ്ടായിരുന്നതിനാൽ പല കാര്യങ്ങളും, സെമിനാറുകളും, സമ്മേളനങ്ങളും, എക്സിബിഷനുകളും, പ്രഭാഷണങ്ങളും സംഘടിപ്പിക്കുന്നതിന് എന്നെ ഡയറക്ടർ ഏൽപ്പിക്കുമായിരുന്നു. ഡൽഹിയിലെ പ്രഗതി മൈദാനിയിൽ നടക്കുന്ന അന്താരാഷ്ട്ര എക്സിബിഷന് പോകേണ്ടിയിരുന്നതിനാൽ നവംബർ 1ന് ഞാൻ ഡൽഹിയിലേയ്ക്ക് യാത്ര പുറപ്പെട്ടു. ഒക്ടോബർ 31ന് ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതായറിഞ്ഞുവെങ്കിലും ഡയറക്ടർ ഡോ. മാത്യുവിന്റെ നിർബന്ധത്തിനു വഴങ്ങി ഞാൻ ഡൽഹിയിലേക്കു പോകാൻ തീരുമാനിച്ചു. ഇന്ദിരാഗാന്ധി വധത്തോടനുബന്ധിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എല്ലാം അറിയാമായിരുന്നിട്ടും ഡയറക്ടർ പറഞ്ഞു "ഇതൊന്നും ഇത്ര വലിയ കാര്യമാക്കേണ്ടതില്ല. ഇതേപോലെയുള്ളതെല്ലാം അനുഭവിക്കുമ്പോഴല്ലേ അതു ജീവിതമാകൂ." ഈ വരികൾ കേട്ടപ്പോഴാണ് യാത്രക്കു പോകാമെന്നു ഞാൻ തീരുമാനിച്ചത്. ഡൽഹിയിലും സമീപപ്രദേശങ്ങളിലും പൊട്ടിപ്പുറപ്പെട്ട



Scanned with CamScanner

ലഹളാ സമയത്ത് ഞാൻ ട്രെയിനിൽ ഡെൽഹിയോടടുക്കുകയായിരുന്നു. നവംബർ 4 ന് വൈകുന്നേരം 6.30 ഡൽഹി കത്തിയെരിയുമ്പോൾ ഞാൻ ഡൽഹിയിലിറങ്ങി. ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം ഡെൽഹി റെയിൽവേ സ്റ്റേഷനിലെത്തുന്ന ആദ്യത്തെ വണ്ടിയായിരുന്നു അത്.ഒരു ടാക്സിയും, സൈക്കിൾ റിക്ഷയും, മനുഷ്യനും റോഡിലില്ലായിരുന്നു. എന്റെ ട്രെയിനിലുണ്ടായിരുന്ന ഒരു പഴയ എം.പി, ഒരേ ഒരു ടാക്സി റെയിൽവേ സ്റ്റേഷനിലുണ്ടായിരുന്നത് പിടിച്ച് 5000 രൂപ ഡ്രൈവർക്ക് വാഗ്ദാനം ചെയ്ത് എന്നെ സി.എസ്.ഐ.ആർ ഗസ്റ്റ്ഹൗസിലും അദ്ദേഹത്തെ അതിനടുത്തുള്ള വീട്ടിലേക്കും എത്തിക്കണമെന്നു പറഞ്ഞതനുസരിച്ച് ഡ്രൈവർ എത്തിച്ചു. അയ്യായിരം രൂപ കൊടുത്ത് കഷ്ഠിച്ച് 10 കിലോമീറ്ററിലൂടെ യാത്ര ചെയ്തപ്പോൾ ഡൽഹി കത്തുന്ന കാഴ്ചയാണെല്ലായിടത്തും നേരിൽ കണ്ടത്.

ഇന്ദിരാഗാന്ധി വധത്തെ തുടർന്ന് എക്സിബിഷൻ മാറ്റിവച്ചു. ഡൽഹിയിലെ വിജനമായ റോഡിലൂടെ മണിക്കൂറുകളോളം ഞാൻ നടന്ന് എല്ലാ സ്ഥലവും കണ്ടു. ശക്തമായ നിരോധനാജ്ഞ നിലനിന്നിരുന്നതിനാൽ ഡൽഹിയിൽ പോലീസ് റോന്തു ചുറ്റുന്നുണ്ടായിരുന്നു. ഒരു മനുഷ്യനേയും കാണാനുമുണ്ടായിരുന്നില്ല. എന്നെ ഇടയ്ക്ക് പോലീസ് ചോദ്യം ചെയ്തുവെങ്കിലും ആ നടത്തം ഒരു രസമായിരുന്നു. വിജനമായ ഡൽഹിയിലൂടെയായിരുന്നു യാത്ര. നേപ്പാളിൽ നിന്ന് രണ്ടുവർഷം മുമ്പ് ക്യാമറയുംകൊണ്ട് വന്ന്, അത് ലക്നൗവിൽവച്ച്, ഡൽഹി മുഴുവനും ശ്രീ സുന്ദർ റാവുവിന്റെ കൂടെ വാഹനത്തിൽ യാത്ര ചെയ്ത് കാണാനായ സ്ഥലങ്ങളെല്ലാം വീണ്ടും നടന്നും, പത്തുദിവസം കഴിഞ്ഞപ്പോൾ ബസ്സിലും കറങ്ങികാണുകയുണ്ടായി. കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ, വാഹനങ്ങൾ, കുടിലുകൾ, കടകൾ, വ്യവസായ സ്ഥാപനങ്ങൾ എല്ലാം ഇന്ദിരാഗാന്ധി വധത്തെ തുടർന്ന് സിഖുക്കാർക്കെതിരെ പൊട്ടിപുറപ്പെട്ട ലഹളയുടെ ഫലമായിരുന്നു. രണ്ടാഴ്ച കഴിഞ്ഞ് പ്രഗതി മൈദാനത്തിലെ എക്സിബിഷൻ ആരംഭിച്ചു. അടുത്തുള്ള കർണ്ണാടക സ്കൂളിൽ നിന്ന് ഭക്ഷണവും കഴിച്ച് പ്രഗതി മൈദാനിയിലെ എക്സിബിഷൻ കാര്യങ്ങൾ വിവരിക്കാനായി ദിവസവും പോകേണ്ടിയിരുന്നു.

### സാവധാനത്തിൽ മാധ്യമങ്ങളിലൂടെ പൈതൃക പ്രചരണം

പ്രദർശനത്തിനു നേതൃത്വം നൽകികൊണ്ടിരുന്നപ്പോഴാണ് നവംബർ 22 ന് ഞാൻ ഒരു പിതാവായ വിവരം അറിഞ്ഞത്. മകൾ ഹേമ ജനിച്ചു. 1984 നവംബർ 27 ന് ഡൽഹിയിൽ നിന്ന് തിരിച്ച് 30 ന് തിരുവനന്തപുരത്തെത്തി. ഓഫീസിൽ റിപ്പോർട്ടു ചെയ്ത് വിചാരകേന്ദ്രത്തിന്റെ



Scanned with CamScanner

സെമിനാറിലും പങ്കെടുത്ത് ഡിസംബർ 4 ന്, മകളെകാണാൻ മദ്രാസി ലേക്കു പുറപ്പെട്ടു. ഏകദേശം ഒരാഴ്ചയോളം മദ്രാസിൽ ഭാര്യാഗൃഹ ത്തിൽ താമസിച്ചു. അഡയാറിലെ മാത്തമറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചെന്ന് ഡോ. ഇ. സി.ജി. സുദർശനുമായി ഒരു ഇന്റർവ്യൂ നടത്തി, പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 13-ാം തീയതി തിരിച്ച് എറണാകുള ത്തെത്തി. എല്ലാ പഴയസുഹൃത്തുക്കളേയും, അദ്ധ്യാപകരേയും രാമൻ സാറിനെയും കണ്ട് വർഷാവസാനം തിരുവനന്തപുരത്തേയ്ക്ക് തിരി ച്ചു. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ കർമ്മനിരതജീവിതം മാത്രം നിലനിർത്തരുതെന്ന് സങ്കൽപിച്ച് വേദപഠനവും പൈതൃകപഠനവും പ്രച രണവും ഭാരതീയ വിചാരകേന്ദ്രത്തിന്റെ പ്രവർത്തനത്തിലൂടെ കുറേ യൊക്കെ സാധിച്ചു. 1985 മേയ് മാസം 2-ാം തീയതി എന്റെ ആദ്യത്തെ റേഡിയോ പ്രഭാഷണം ബ്രോഡ്കാസ്റ്റ് ചെയ്തു. തെക്കേതെരുവിലുള്ള വീട്ടിൽ നിന്ന് കരമനയിലേയ്ക്ക് താമസം മാറ്റിയതുമൂലം വേദപഠനം സ്വയം നിർവ്വഹിക്കേണ്ടിവന്നു എന്നുള്ളത് ദുഃഖമായി. പിന്നീട് പൈതൃ കപഠനവും സ്വയം എറ്റെടുത്തു മുന്നോട്ടുപോയി. വിവിധ പണ്ഡിത ന്മാരുമായി ചർച്ച ചെയ്തും, ലേഖനങ്ങൾ എഴുതിയും പൈതൃക പ്രച രണം നിർവഹിച്ചു.

എം.എ. സോഷ്യോളജി പരീക്ഷ പാസ്സായി മൂന്നു പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയുള്ള വ്യക്തിയായി മാറാൻ ഈശ്വരനനുഗ്രഹിച്ചു. എം. എ സോഷ്യോളജി ഡിഗ്രിയെടുക്കാൻ എന്നെ സഹായിച്ചത് തിരുവനന്ത പുരത്തെ മാസ്റ്റേഴ്സ് ട്യൂട്ടോറിയൽ കോളേജാണ്. നല്ലരീതിയിൽ പഠി ച്ചിരുന്നു, പരീക്ഷ എഴുതുകയും ചെയ്തിരുന്നു. എന്റെ എക്സാമിന റായി വന്നത് ഒരു പള്ളിയിലെ അച്ചനായിരുന്നു. വൈവാവോസി പരീ ക്ഷയിൽ അദ്ദേഹം ചോദിച്ച ചോദ്യങ്ങൾക്ക് ഞാൻ നൽകിയ മറുപടി അദ്ദേഹത്തിനിഷ്ടപ്പെട്ടില്ല. ഞാൻ ബൈബിളിനെതിരെ സംസാരിച്ചു എന്ന തിൽ അദ്ദേഹം ക്ഷുഭിതനായി. വളരെ കുറച്ചു മാർക്കാണ് വൈവാക്ക് ലഭിച്ചത്. അതുകൊണ്ട് എം.എക്കും ഫസ്റ്റ് ക്ലാസ്സ് ലഭിച്ചില്ല. പിന്നീട്, ഒരി ക്കലും തീരാത്ത പിഎച്ച്.ഡി. തീസിസ് എഴുത്തിൽ മുഴുകിയിരുന്നു. അവയെല്ലാം നിലവിലിരുന്ന രീതിയനുസരിച്ച് സ്റ്റെൻസിൽ കട്ട് ചെയ്ത്, സൈക്ലോസ്റ്റൈൽ ചെയ്ത് തീസിസാക്കി തയ്യാറാക്കുന്ന ജോലിയും ശ്രീ കുറുപ്പിന്റെ സഹായത്താൽ ചെയ്തു. തിരുവനന്തപുരം ആർ.ആർ. എല്ലിലെ ഗവേഷണവും നിരന്തരമുള്ള യാത്രകളും ജീവിതത്തിലെ ഓരോ നിമിഷത്തേയും ധന്യമാക്കുന്ന അനുഭൂതി നൽകിയിരുന്നു. കഴിയുന്ന ത്രയും പുതിയത് പഠിക്കാൻ ഞാനൊരുമ്പെട്ടു. കാർ ഡ്രൈവിംഗ് പഠി ക്കാനും ഈ അവസരമുപയോഗിച്ചു. വിചാരകേന്ദ്രത്തിലെ പ്രവർത്ത

നങ്ങൾ, ശ്രീ പരമേശ്വർജിയുടെ നേതൃത്വത്തിലുള്ള പഠനങ്ങൾ, പ്രഭാഷണങ്ങൾ, സമൂഹത്തിലെ നന്മതിന്മകളെ വിലയിരുത്തൽ, ലേഖനങ്ങൾ എഴുതൽ ഇവയെല്ലാം അറിയാൻ എനിക്കവസരം ലഭിച്ചത് ശ്രീ പരമേശ്വർജിയുടെ പ്രവർത്തന ശൈലിയിൽ നിന്നാണ്. അതൊരു വലിയ അനുഭവമായിരുന്നു. എന്റെ ലേഖനങ്ങളിലും പ്രഭാഷണങ്ങളിലുമെല്ലാം ഒരു പരമേശ്വർജി ടച്ചുണ്ടായിരുന്നു.

**ഗഹനമായ പൊതുപ്രവർത്തനത്തിലേക്ക്**

ഈ പ്രവർത്തനങ്ങൾക്കിടയ്ക്ക് വ്യക്തിപരമായും ഔദ്യോഗികമായും ചെയ്തുകൊണ്ടേയിരുന്ന യാത്രകൾ വിവരണാതീതമാണെന്നെഴുതുകയായിരിക്കും എളുപ്പം. പല വ്യക്തികളെ കണ്ട് അവരുമായി ഇന്റർവ്യൂ നടത്താനും അത് പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാനുമുള്ള ശ്രമങ്ങളിലും ഞാൻ വിജയിച്ചു. കൂടാതെ ഫുഡ് സയിന്റിസ്റ്റ്സ് അസോസിയേഷന്റെ ഭാരവാഹിയായതോടെ അതിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാനുള്ള ശ്രമത്തിലൂടെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെ പല പ്രമുഖരുമായി ബന്ധപ്പെടാനവസരവും ലഭിച്ചു. പല സർക്കാർ ഏജൻസികളുമായി ബന്ധപ്പെടാനും അവയുടെ പ്രവർത്തന രീതികൾ കണ്ടു മനസ്സിലാക്കാനുമായി ലഭിക്കുന്ന അവസരം പൂർണമായി വിനിയോഗിച്ചു. ഐ.എസ്.ഐ, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സേവ് ഗ്രെയിൻ കാമ്പയിൻ, സി.ടി.സി.ആർ.ഐ., കേരളാ യൂണിവേഴ്സിറ്റിയിലെ വിവിധ ഡിപ്പാർട്ടുമെന്റുകൾ, ആൾ ഇന്ത്യാ റേഡിയോ എന്നിവയിലെ ഡയറക്ടർമാരും, പ്രഗത്ഭശാസ്ത്രജ്ഞന്മാരുമെല്ലാം, എന്റെ പരിചയക്കാരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. വിചാരകേന്ദ്രത്തിലും സയിന്റിസ്റ്റ് അസോസിയേഷനിലും ധാരാളം സെമിനാറുകളും ലക്ചർ ക്ലാസ്സുകളും സംഘടിപ്പിക്കാനവസരം ലഭിച്ചപ്പോൾ പൊതുപ്രവർത്തനത്തിലിറങ്ങാനുള്ള വഴി തെളിയുകയായിരുന്നു. അതിന്റെ ആദരവും മറ്റുള്ളവർ എനിക്ക് നൽകിയിരുന്നു.

**ഇനി ഞാൻ തീസീസ് സമർപ്പിക്കട്ടെ!**

എല്ലാ കടമ്പകളും കടന്ന് അവസാനം ഞാൻ എന്റെ പിഎച്ച്.ഡി. തീസീസ്, കേരളാ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചു. ഈശ്വരാനുഗ്രഹത്താൽ കർണാടക യൂണിവേഴ്സിറ്റി, ധാർവാഡിലെ ഡോ. മഹാജൻ ഷെട്ടിക്കും ഇംഗ്ലണ്ടിലെ ഒരു പ്രൊഫസർക്കുമായിരുന്നു എന്റെ പിഎച്ച്.ഡി. തീസീസ് ഇവാലേഷനു പോയത്. ഞാൻ സമർപ്പിച്ച തീസിസ് പരിശോധിക്കാനുള്ള ചുമതല കേരള യൂണിവേഴ്സിറ്റി ഡോ. മഹാജൻ ഷെട്ടിക്കുതന്നെ ഏൽപ്പിച്ചത് ഭാഗ്യമായി തോന്നി. ഈ വിവരം യൂണിവേഴ്സിറ്റിയിൽ നിന്ന് 1965 മാർച്ചിൽ അറിഞ്ഞപ്പോൾ തന്നെ എന്റെ എം.



Scanned with CamScanner

എ. ഡിഗ്രിയുടെ സർട്ടിഫിക്കറ്റും യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ചു. മേയ് 9-ാം തീയതി യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച എന്റെ പിഎച്ച്.ഡി തീസിസിന്റെ അവസ്ഥയെക്കുറിച്ച് വീണ്ടും വീണ്ടും അന്വേഷിച്ചുകൊണ്ടേയിരുന്നു. അതിനി എവിടെയെല്ലാം പോകാനോ പോകാതിരിക്കാനോ സാധ്യതയുണ്ടെന്നുമറിയേണ്ടേ?. യൂണിവേഴ്സിറ്റിയിലെ ഓരോ ക്ലാർക്കിന്റേയും മേശകളിൽ, '1947 മുതൽക്കുള്ള' ഫയലുകളുണ്ടാകാൻ സാധ്യതയുണ്ട്. അതിൽ ചലനമറ്റ ഒരു ഫയൽ എന്റേതായാലോ എന്നുള്ള ഭയം വിട്ടുമാറിയിട്ടില്ലായിരുന്നു.

നിർഭാഗ്യവശാൽ (റീജീയണൽ റിസർച്ച് ലാബറട്ടി, ഹൈദരാബാദിൽ നിന്ന്) ഞാൻ സമർപ്പിച്ച ദിവസങ്ങളിൽ തന്നെ എന്റെ തീസിസിനോടൊപ്പം, എം. ഗോപാലകൃഷ്ണൻ, (റീജിയണൽ റിസർച്ച് ലാബറട്ടറി തിരുവനന്തപുരം) എഴുതി സമർപ്പിച്ച തീസിസുമുണ്ടായിരുന്നു. എന്റെ ഹൈദരാബാദ് അഡ്രസ്, എല്ലാ എഴുത്തുകുത്തുകൾക്കുമായി തിരുവനന്തപുരം റീജിയണൽ റിസർച്ച് ലാബറട്ടറിയിലേക്ക് മാറിയപ്പോൾ (എനിക്ക് ഇവിടെ ജോലി കിട്ടിയതുകൊണ്ട്) ഈ രണ്ടു തീസിസുകൾ തമ്മിൽ പരിശോധിക്കുവാനായി അയക്കുന്ന ക്ലാർക്കുമാർക്കും രജിസ്ട്രാർമാർക്കും കാര്യമായ പ്രശ്നങ്ങളുണ്ടായി. എന്റെ തീസിസിന്റെ കാര്യങ്ങളന്വേഷിച്ചു പോകുമ്പോഴും ശ്രീ. എം. ഗോപാലകൃഷ്ണൻ അദ്ദേഹത്തിന്റെ തീസിസിന്റെ കാര്യങ്ങളന്വേഷിച്ചു പോകുമ്പോഴും ലഭിക്കുന്ന മറുപടികൾ പലതും മാറിയും മറിച്ചുമായിരുന്നു.

കേരള യൂണിവേഴ്സിറ്റിയിലെ കൺട്രോളർ ഓഫ് എക്സാമിനേഷനിലെ, തീസിസ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലെ ക്ലാർക്കുമാരോട് എന്റെ തീസിസിനെക്കുറിച്ചന്വേഷിക്കുമ്പോൾ പലപ്പോഴും എനിക്കു ലഭിക്കുന്ന ഉത്തരം ശ്രീ. എം. ഗോപാലകൃഷ്ണന്റെ തീസിസിന്റെ ഇവാല്യേഷൻ റിസൾട്ടാണെന്ന് ഞാൻ മനസ്സിലാക്കിയത് മാസങ്ങൾ കഴിഞ്ഞായിരുന്നു.

## ദീർഘകാല തപസ്സിനു ശേഷം എനിക്ക് പിഎച്ച്.ഡി ലഭിക്കുന്നു

എന്റെ തീസിസ് പരിശോധന കഴിഞ്ഞ്, ഇന്റർവ്യൂവിനായി 1985 ജൂൺ 8 ന് ഞാൻ മഹാജൻ ഷെട്ടിയുടെ അടുത്തേക്ക്, കർണാടക യൂണിവേഴ്സിറ്റിയിലേയ്ക്ക് പുറപ്പെട്ടു. 9-ാം തീയതി രാത്രി ധാർവാഡിൽ തങ്ങി 10 ന് ഇന്റർവ്യൂവിനായി ഡോ. ഷെട്ടിയുടെ അടുത്തേയ്ക്ക് യാത്ര തിരിച്ച് ഇന്റർവ്യൂ കഴിഞ്ഞ് അന്നുതന്നെ കേരളത്തിലേക്കു മടങ്ങി. എന്റെ തീസിസ് ഇവാല്യേഷന്റെ നല്ല റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നും ഡോ. ലക്ഷ്മീനാരായണയും, ഡോ. മഹാജൻ ഷെട്ടിയുമറിയിച്ചു. ഇംഗ്ലണ്ടിലേയ്ക്കുപോയ തീസിസിന്റെ റിപ്പോർട്ടും ലഭിച്ചിരുന്നു. ശബരിമല



Scanned with CamScanner

ഴ്സിറ്റി സിന്റിക്കേറ്റിലേക്ക് തള്ളിനീക്കേണ്ടതിനായി ഏകദേശം ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും യൂണിവേഴ്സിറ്റി കയറിയിറങ്ങുകയോ അവിടത്തെ പരിചയക്കാരെ ബന്ധപ്പെടുകയോ ചെയ്തിരുന്നു. ജൂലൈ 9 ന്, യൂണിവേഴ്സിറ്റിയിലെ എന്റെ സുഹൃത്തെന്നെ അറിയിച്ചു; പിഎച്ച്.ഡി യുടെ ഏതാണ്ടെല്ലാകാര്യങ്ങളും ശരിയായിട്ടുണ്ടെന്ന്.

ഇക്കാലമത്രയും ലാബിൽ ആക്ടിംഗ് ഡയറക്ടറായിരുന്ന ഡോ. എ.ജി. മാത്യുവിന്റെ സ്ഥാനത്ത്, സ. ഇ.എം.എസിന്റെ മരുമകനായ ഡോ. എ.ഡി. ദാമോദരൻ 1985 മേയ് 27 ന് ഡയറക്ടറായി ചാർജ് എടുത്തത് ഈ സമയത്തായിരുന്നു അസാധാരണ പ്രായോഗിക ബുദ്ധിയും, കാഴ്ചപ്പാടും ശാസ്ത്ര വീക്ഷണവുമുള്ള വ്യക്തിയായിരുന്ന അദ്ദേഹം. ലാബറട്ടറിക്ക് ഒരു പുതിയ ചൈതന്യം പകരാൻ ഡോ. ദാമോദരന് തുടക്കം മുതലേസാധിച്ചു, പിന്നീട് അതിൽ പാളിച്ച സംഭവിച്ചുവെങ്കിലും.

1985 ജൂലൈ 15 ലെ കേരള യൂണിവേഴ്സിറ്റി സിന്റിക്കേറ്റ് എനിക്ക് പിഎച്ച്.ഡി അവാർഡ് ചെയ്യാനായി തീരുമാനിച്ചു എന്ന് ജൂലൈ 17 ന് എന്നെ അറിയിച്ചു. അതോടെ ഒരു ജീവിതത്തിലെ മറ്റൊരു ജീവിത ലക്ഷ്യം നേടിയെടുത്തു. ഈ ജീവചരിത്രത്തിലെഴുതിയതും, എഴുതാത്തതും, എഴുതാൻ ഒരിക്കലും പറ്റാത്തതും, പാടില്ലാത്തതുമായ, അനവധി കാര്യങ്ങൾ ഇനിയുമുണ്ട്. അത് എഴുതാതെ അവശേഷിക്കട്ടെ!

വ്യക്തിപരമായും കുടുംബപരമായും ചിലത് നഷ്ടപ്പെട്ടുവെങ്കിലും പിഎച്ച്.ഡി എന്ന ബിരുദം ജീവിതത്തിൽ വളരെ വലുതാണെന്ന് പിന്നീടുള്ള ജീവിതാനുഭവങ്ങൾ എന്നെ പഠിപ്പിച്ചുകൊണ്ടേയിരിക്കുന്നു. മിസ്റ്റർ ഗോപാലകൃഷ്ണൻ, ഡോ. ഗോപാലകൃഷ്ണനായതു തന്നെയാണ് എറ്റവും വലിയ നേട്ടം. ഇന്ന് എന്റെ സന്ദേശങ്ങളും പ്രഭാഷണങ്ങളും ജനങ്ങൾ ശ്രദ്ധിക്കുന്നതിനു കാരണം മൂന്ന് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയും, കെമിസ്ട്രിയിലൊരു പിഎച്.ഡിയും, 28 വർഷത്തെ സി.എസ്.ഐ.ആറിലെ ഗവേഷണ പരിചയവും, ശാസ്ത്രജ്ഞനായി പ്രവർത്തിക്കുമ്പോൾ വിവിധ വിദേശരാജ്യങ്ങളിൽ പോകാനുള്ള അവസരം ലഭിച്ചതുകൊണ്ടുമാണ് എന്നാണെന്റെ തോന്നൽ. എന്റെ പെരുമാറ്റവും, മാനസീകാവസ്ഥയും എന്നെതന്നെ അത്ഭുതപ്പെടുത്തിയത്, പിഎച്ച്.ഡി ലഭിച്ചതിൽ എനിക്കൊരു വികാരവും തോന്നിയില്ല എന്നതിലായിരുന്നു. ഞാൻ എന്റെ കുടുംബത്തെപോലും അതറിയിച്ചത് രണ്ടു മൂന്നു ദിവസങ്ങൾക്കു ശേഷമാണ്. അതേപോലെതന്നെയായിരുന്നു എന്റെ ലാബറട്ടറിയിലറിയിച്ചതും. വളരെ സാധാരണ സംഭവമായിട്ടേ എനിക്കനുഭവപ്പെട്ടിരുന്നുള്ളൂ എന്നതുകൊണ്ടുതന്നെ ഡോ. പി.എസ്. രാമൻസാറിനോടും, ശ്രീ. ടോമി സാറിനോടും അതുപോലുള്ളവരോടും ഞാനറി



Scanned with CamScanner

യിച്ചതും നിസ്സംഗനായിട്ടായിരുന്നു. അതേസമയം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ എന്റെ സഹപാഠികളെപോലെയുണ്ടായിരുന്നവരാരും ഒരു പ്രബന്ധം പോലും ഇക്കാലമത്രയും പ്രസിദ്ധീകരിച്ചിട്ടില്ലായിരുന്നു എന്നുമറിയാൻ സാധിച്ചു.

എന്റെ തീസിസ് ഇവാലേഷനും പ്രൊഫസർമാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കാനും, ഏറ്റവും അടുത്ത സിന്റിക്കേറ്റിൽ തന്നെ അതെല്ലാം അംഗീകരിപ്പിച്ചെടുക്കാനും എന്നെ സഹായിച്ച യൂണിവേഴ്സിറ്റിയിലെ സെക്ഷൻ ഓഫീസർ ശ്രീ. ശ്രീനിവാസൻപോറ്റിയെ എന്നും ഞാൻ സ്മരിക്കുന്നുണ്ട്. അദ്ദേഹം സാധിക്കുന്നതെല്ലാം ചെയ്തതുകൊണ്ടാണ് കഴിയുന്നത്രയും വേഗത്തിൽ അത് സിന്റിക്കേറ്റിൽ പോയത്.

ജൂലൈ 19 ന് ഞാൻ ലാബറട്ടറിയിലെ സഹപ്രവർത്തകർക്ക് ഒരു പാർട്ടി കൊടുത്തു. ഡോ. എ.ഡി. ദാമോദരൻസാറിന് (പുതിയ ഡയറക്ടർക്ക്) എന്റെ തീസിസ് കാണിച്ചുകൊടുത്തപ്പോൾ സന്തോഷത്തോടെ പറഞ്ഞു. "ഈ വർഷത്തെ ജർമ്മൻ ഫെല്ലോഷിപ്പിന് ഗോപാലകൃഷ്ണനെയാണ് റെക്കമെന്റ് ചെയ്തിരിക്കുന്നത്." എനിക്ക് വളരെ അഭിമാനം തോന്നി. ഹൃദയം നിറഞ്ഞ വാക്കുകളോടെ ആത്മാർത്ഥമായി എ ഡി ഡി അഭിനന്ദിച്ചത് സന്തോഷകരമായ അനുഭവമായി തോന്നി.

## ഹൈദരാബാദ് ആർ.ആർ.എല്ലിനോട് എന്നെന്നേക്കുമായി വിട

ജൂലൈ 20-ാം തീയതി ഹൈദരാബാദ് ആർ.ആർ.എല്ലിലേക്ക് ഗൈഡിനെ കണ്ട് നന്ദി പറയാനും മറ്റെല്ലാ സുഹൃത്തുക്കളേയും കാണുവാനുമായി ഞാൻ യാത്ര തിരിച്ചു. അവിടത്തെ ഗസ്റ്റ് ഹൗസിൽ താമസിച്ച്, കഴിഞ്ഞകാല സ്മരണകളയവിറക്കി. എനിക്ക് എന്നെത്തന്നെ വിശ്വസിക്കാനായില്ല. ഞാനിത്രയുമൊക്കെ അനുഭവിച്ചോ, ചെയ്തോ, നേടിയോ എന്നെല്ലാമുള്ള ചോദ്യങ്ങളായിരുന്നു മുമ്പിൽ. എന്റെ കൂടെ ഗവേഷണം നടത്തിയിരുന്ന പലർക്കും അപ്പോഴും പിഎച്ച്.ഡി. ലഭിച്ചിരുന്നില്ല. എല്ലാവരും എന്നെ സ്വീകരിച്ചു. സാധിക്കാവുന്നത്രയും സുഹൃത്തുക്കളെ ഞാൻ കണ്ട് സഹായിച്ചനുഗ്രഹിച്ചതിന് നന്ദിപറഞ്ഞു. ലാബറട്ടറി മുഴുവനും, പഴയ താമസ സ്ഥലങ്ങളും, റോഡുകളും നടന്നു കണ്ടു. 22 ന് എല്ലാ സുഹൃത്തുക്കളേയും ലക്ഷ്മീനാരായണയേയും കൈമളിനേയും മറ്റുള്ളവരേയും കണ്ട് യാത്ര പറഞ്ഞ്, ആ സ്ഥാപനത്തോട് എന്നന്നേക്കുമായി യാത്ര പറഞ്ഞ് തൊഴുതുകൊണ്ട് കഴിഞ്ഞ നാലരവർഷത്തെ (1980 ഫെബ്രുവരി 5 മുതൽ 1985 ജൂലൈ 22 വരെയുള്ള) അനുഭവങ്ങൾ ലാബറട്ടറിയുടെ മുന്നിലിരുന്ന് ഒരിക്കൽകൂടി സ്മരിച്ചു.



Scanned with CamScanner

ഞാൻ എന്നെക്കുറിച്ചാലോചിച്ച് കരഞ്ഞത് ആരും കാണാതിരിക്കാൻ ശ്രമിച്ചു. ആയിരം ദിവസങ്ങൾ പോയിട്ട് 650 ദിവസം കൊണ്ട് പിഎച്ച്.ഡി വർക്ക് തീർത്ത ഗോപാലകൃഷ്ണന് ഡിഗ്രി തരാൻ വൈകിയത് കേരളാ യൂണിവേഴ്സിറ്റിയുടെ നീചവും നിന്ദ്യവും ന്യായീകരിക്കാൻ പറ്റാത്തതുമായ നിയമാവലിയും, അതു കൈകാര്യം ചെയ്യുന്ന എല്ലാത്തിന്നും കൈമലർത്തുന്ന ഉദ്യോഗസ്ഥരും, കമ്മിറ്റി അംഗങ്ങളും, രാഷ്ട്രീയക്കാരുമാണ്! പിൻകാല പ്രാബല്യത്തോടെ എനിക്ക് രജിസ്ട്രേഷൻ നൽകാൻ സന്മനസ് കാണിച്ച വൈസ്ചാൻസലർ പ്രൊഫ. സുകുമാരൻനായരെഴുതിയ ഓർഡർ പോലും കീറികളഞ്ഞ ദേവസ്സി എന്ന രജിസ്ട്രാറും അയാളെപോലുള്ള ഉദ്യോഗസ്ഥവൃന്ദങ്ങളുമാണ് നമ്മുടെ നാടിന്റെ...... എന്ന് ലോകത്തോട് പറയണമെന്നു തോന്നി.

രാഷ്ട്രീയത്തിന്റെ പിൻബലത്തോടെമാത്രം അക്കാഡമിക് കൗൺസിലിലും, സിന്റിക്കേറ്റിലും, സെനറ്റിലുമെല്ലാം ഇടിച്ചു കയറിയ അംഗങ്ങളുടെ മക്കൾക്ക് ഈ ഗതി വരില്ല. കാരണം അവർക്ക് സ്വാധീനമുണ്ട്. ഈ കേരളത്തിലൊരു പ്രതിഭ ഉണ്ടാകാതിരിക്കാൻ കാരണം ഇവരെപ്പോലുള്ളവർ പ്രതിഭകളുണ്ടാകാതിരിക്കാൻ, രാപ്പകൽ പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഈ നാടിന്റെ ശാപം ഇവിടത്തെ യൂണിവേഴ്സിറ്റിയിലെ രാഷ്ട്രീയ സ്വാധീനമുള്ള ഒരു ചൈതന്യവുമില്ലാത്തവരാണ്.

എന്തിനോടും പുച്ഛം, നിഷേധാത്മകത, അവഹേളനം, അവരവരുടെ അപകർഷതാബോധം, മറ്റുള്ളവരുടെ അവകാശത്തെ നിരാകരിക്കാനായി ഉപയോഗിക്കുന്ന കേരളാ യൂണിവേഴ്സിറ്റിയിലേക്ക് പിഎച്ച്.ഡിയുടെ സർട്ടിഫിക്കറ്റ് വാങ്ങാനായി കയറി ഇറങ്ങിയ അവസാന ദിവസം അവിടത്തെ മണിമാളികയുടെ എംബ്ലം നോക്കി ഞാൻ പ്രാർത്ഥിച്ചു. "ഇനിയൊരു ജന്മമുണ്ടെങ്കിൽ പഠിക്കാനും ഡിഗ്രിയെടുക്കാനുമായി ഈ യൂണിവേഴ്സിറ്റിയുടെ പടവുകൾ കയറിയിറങ്ങേണ്ടി വരരുതേ ജഗദീശ്വരാ" എന്ന്. കേരളാ യൂണിവേഴ്സിറ്റിയുടെ ചിത്രം കാണുമ്പോൾ ഞാനോർക്കാറുണ്ട്; അവിടെ നിന്നു സർട്ടഫിക്കറ്റ് വാങ്ങിയ ഒരു സ്റ്റുഡന്റും എന്റെയത്രയും പ്രാവശ്യം അതിന്റെ പടവുകൾ കയറിയിട്ടുണ്ടാകില്ല. കുമാരനാശാനേ അങ്ങു ജീവനോടെ അവിടെ നിന്നിരുന്നെങ്കിൽ അരമണിക്കൂറിനകം ജീവച്ഛവമാകുമായിരുന്നു. അങ്ങയുടെ പ്രതിമ മാത്രം വെച്ചത് നന്നായി. ഞാനാ പ്രതിമയുടെ മുന്നിൽ തലകുനിച്ച്യൂണിവേഴ്സിറ്റിയുടെ പടിയിറങ്ങി.

**വലിയ സദസ്സുകളിലും പ്രഭാഷണം നടത്താൻ ജഗദീശ്വരാനുഗ്രഹം**

1985 ആഗസ്റ്റ് 22 ന് എന്റെ ആദ്യത്തെ പുസ്തകം ജെ.സി. ബോസ് പ്രസിദ്ധീകരണത്തിനായി പോയി. ആഗസ്റ്റ് 24ന് വിചാരകേ

ന്ദ്രത്തിന്റെ ചങ്ങനാശ്ശേരി യൂണിറ്റ് ഉദ്ഘാടനം ചെയ്ത് ഞാൻ നടത്തിയ പ്രഭാഷണമായിരുന്നു ആദ്യത്തെ സുദീർഘമായ സുചിന്തിത പ്രഭാഷണം. സ്റ്റേജിൽ കയറിനിന്ന് ഒരു വലിയ സദസ്സിനെ നോക്കി, അടുക്കും ചിട്ടയോടെയും ചെയ്ത ആദ്യത്തെപ്രഭാഷണം. ഇതിനു മുമ്പ് സ്വാഗതവും നന്ദിപ്രകാശനവും, ശാസ്ത്ര സെമിനാറുകളിൽ ഏതാനും മിനിറ്റുകൾ നീണ്ടു നിൽക്കുന്ന പ്രബന്ധാവതരണവും നടത്തിയിട്ടുണ്ടെങ്കിലും ഇത്രയും ദീർഘസമയം പൊതുപ്രഭാഷണം (75 മിനിറ്റ്) നടത്തിയിട്ടുണ്ടായിരുന്നില്ല. നല്ല സ്വീകരണമാണ് ആ പ്രഭാഷണത്തിന് ലഭിച്ചത് എന്ന് ഇന്നും ഓർമ്മിക്കുന്നു. അവിടെ പ്രഭാഷണം നടത്തിയ വിഷയം "സ്വദേശി ശാസ്ത്രം"

എന്റെ ഭാര്യ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിച്ചിരുന്നതുകൊണ്ട് മദ്രാസിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് ട്രാൻസ്ഫർ ലഭിക്കാനുള്ള ശ്രമം നിരന്തരം നടത്തിയെങ്കിലും അതൊന്നും സഫലമായില്ല. ലഭിക്കുന്ന ലീവനുസരിച്ച് ഞങ്ങൾ കണ്ടുമുട്ടുമായിരുന്നു. അങ്ങനെയൊരുദിവസം ജൂൺ 13ന് എന്റെ മോളുടെ അന്നപ്രാശനം (ചോറൂണ്) നടത്തി. 1985 സെപ്റ്റംബർ 1 ന് അവൾ അച്ഛാ എന്നും അമ്മാ എന്നും വിളിക്കാനാരംഭിച്ചു. ഈയിടയ്ക്ക് എന്റെ ടി.വി.എസ്. സ്കൂട്ടർ വിൽക്കുകയും, കഴുത്തിലെ മാല പണയം വച്ച് തിരുവല്ലത്തിനടുത്ത് 5 സെന്റ് സ്ഥലം വാങ്ങിക്കുകയും ചെയ്തു.

ലാബറട്ടറിയിലെ ഡയറക്ടറുടെ റെക്കമെന്റേഷൻ പ്രകാരം ഡൽഹിയിലെ സി.എസ്.ഐ.ആറിന്റെ ആസ്ഥാനത്ത് ജർമ്മൻ ഫെല്ലോഷിപ്പിനുള്ള ഇന്റർവ്യൂവിന് എനിക്ക് ക്ഷണക്കത്ത് ലഭിച്ചു. പെട്ടെന്ന് യാത്രവേണ്ടിവന്നതിനാൽ റിസർവേഷൻ ലഭിച്ചില്ല. അതുകൊണ്ടുതന്നെ ഒക്ടോബർ 25-ാം തീയതി ടിക്കറ്റെടുത്ത് ട്രെയിൻകയറി. സ്റ്റാഫ് കമ്പാർട്ടുമെന്റിലായിരുന്നു യാത്ര. 27 ന് വൈകുന്നേരം നിസാമുദ്ദീനിൽ ഇറങ്ങി. ജീവിതഭാരവും പഠനഭാരവും ഇറക്കിവച്ചു കഴിഞ്ഞിരുന്നതിനാൽ ഡൽഹിയിൽ കാണാൻ സൗകര്യമുള്ള എല്ലാ സ്ഥലങ്ങളും കറങ്ങിനടന്നുകണ്ടു. ആഗ്രാഫോർട്ട്, താജ്മഹൽ, മഥുരാ എല്ലാമെല്ലാം! ഡൽഹിക്കകത്ത് കുത്തബ്മീനാർ, ഹുമയൂൺ ടോംബ്, രാഷ്ട്രപതി ഭവൻ, ഇന്ത്യാഗേറ്റ്.... എല്ലാം കണ്ടു. മലയാളിയായ സി.എസ്.ഐ.ആറിലെ ഒരു ഉദ്യോഗസ്ഥനും കൂടെയുണ്ടായിരുന്നതിനാലും, ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് പലതും ഓർമ്മയിൽ നിൽക്കുന്നതുകൊണ്ടും, വളരെ രസകരമായ ഒരു പാഠമായിരുന്നു, സന്ദർശകർ നിറഞ്ഞ ലക്ഷ്വറി ബസ്സിൽ കയറി നടത്തിയ ദർശന യാത്ര.



Scanned with CamScanner

നവംബർ 3 ന് ജർമ്മൻ ഫെല്ലോഷിപ്പിന്റെ ഇന്റർവ്യൂ നടന്നു. പക്ഷേ ഫെല്ലോഷിപ്പിനുള്ള ഭാഗ്യം ലഭിച്ചില്ല. നവംബർ 5ന് ഞാൻ മടക്ക യാത്രയാരംഭിച്ചു. മദ്രാസിലും തൃപ്പൂണിത്തുറയിലും ഇറങ്ങി കാണേണ്ട പഴയമുഖങ്ങളിൽ വിട്ടുപോയവരെയെല്ലാം കണ്ട്, തിരുവനന്തപുരത്തെത്തി. എറണാകുളത്തുവച്ച് പ്രൊഫ. മത്തായി സാറിനേയും രാമൻ സാറിനെയും എല്ലാ യാത്രയിലും കാണുമായിരുന്നതുപോലെ ഈ യാത്രയിലും കാണുകയുണ്ടായി.

ആയിടയ്ക്കാണ് എന്റെ അനുജൻ രാജഗോപാലിന് ദുബായിൽ ജോലിലഭിച്ചത്. അവരെ ഗ്രൂപ്പ് വിസയിലായിരുന്നു കൊണ്ടുപോയിരുന്നതും. നവംബർ 29 ന് ഞാനവനേയും കൊണ്ട് ബോംബെയിലേക്കു പുറപ്പെട്ടു. അവിടെ പ്രഭാദേവിയിൽ ടിൻ ടവറിൽ, ഗസ്റ്റ്ഹൗസിൽ താമസിച്ച് അവന്റെ ഇന്റർവ്യൂ കഴിഞ്ഞ് ബോംബൈ മുഴുവൻ ഞങ്ങൾ രണ്ടുപേരും കറങ്ങിനടന്ന് കണ്ട്, ഡിസംബർ 4 ന് അതിരാവിലെയുള്ള ഫ്ളൈറ്റിൽ അവനെ ദുബായിലേക്കയച്ചു. ഒരുവനെയും യാത്രയയക്കാൻ പോകാത്ത ഞാൻ അനുജന്റെ യാത്രയയപ്പിൽ വേദനിച്ചു കരഞ്ഞു. അടുത്തദിവസം ബോംബെ പ്രഭാദേവിയിലെ ടിൻ ടവേഴ്സിലെ സി.എസ്.ഐ.ആർ ഗസ്റ്റ്ഹൗസിൽ അനുജൻ പോയ ദുഃഖത്തിൽ ഒറ്റയ്ക്കിരുന്നു കുറേനേരം ചിന്തിച്ചു, അടുത്ത ദിവസം തിരുവനന്തപുരത്തേക്ക് യാത്ര തിരിച്ചു.

എന്റെ എല്ലാ റിപ്പോർട്ടിലും (സി. ആറിൽ), എന്റെ പ്രോജക്ട് ലീഡർ ഡോ. അറുമുഖം വളരെ മോശമായി എഴുതിയതിനെക്കുറിച്ച് ഡോ. മാത്യു സാർ എന്നോട് അന്വേഷിച്ചു. എനിക്ക് ജർമ്മൻ ഫെല്ലോഷിപ്പ് ലഭിക്കാതെ പോയതും ഈ മോശമായ സി.ആർ കമന്റുകാരണമാണെന്ന് അദ്ദേഹം എന്നെ അറിയിക്കുകയും ചെയ്തു.

രണ്ടു ദിവസം കഴിഞ്ഞ് ഞാൻ വീണ്ടും തൃപ്പൂണിത്തുറയിലേയ്ക്ക് യാത്ര തിരിച്ചു. യാത്രയുടേയും ഗവേഷണത്തിന്റെയും ഒരു വർഷം കൂടി കഴിഞ്ഞപ്പോൾ ഡോക്ടറേറ്റ് ഡിഗ്രിയും എം.എ. ഡിഗ്രിയും ഒരുമിച്ചു ലഭിച്ചതിന്റെ സംതൃപ്തി, ഈ വർഷത്തിന്റെ (1985 ന്റെ) പുരസ്കാരമായി മനസ്സിലുണ്ടായിരുന്നു. വിചാരകേന്ദ്രത്തിലൂടെയും ശാസ്ത്രസംഘടനയിലൂടെയും സാമാന്യം നല്ല പൊതുപ്രവർത്തനത്തിന് തുടക്കം കുറിക്കാനും ഈ വർഷം ഭാഗ്യമുണ്ടായി. ഭാരതത്തിലെ വിവിധ ഭാഗങ്ങളിൽ ഈ വർഷം നടത്തിയ ഡസൻ കണക്കിന് യാത്രകളെല്ലാം ഈ പൊതുപ്രവർത്തനത്തിൽ ഒരു വിശാല വീക്ഷണം ഉണ്ടാക്കാനും ലോകപരിചയം ലഭിക്കാനും ഇടനൽകി. ചെറിയതും, സുദീർഘവുമായ എല്ലാ പ്രഭാഷണങ്ങളിലും ഈ യാത്രകളിൽ കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം വിശകലനാത്മകമായി വിവരിക്കാനും സാധിച്ചു.



Scanned with CamScanner

കൂടാതെ ആൾ ഇന്ത്യാ റേഡിയോയിലൂടെയും 8-10 മിനിറ്റുകൾ വീതമുള്ള ശാസ്ത്രീയ ആത്മീയ വിവരണങ്ങൾ നൽകാനുള്ള അവസരവും, തിരുവനന്തപുരം എ.ഐ.ആറിലെ ശ്രീ. ജയലാലും, ശ്രീമതി സരസ്വതി അമ്മയും എനിക്കു നൽകുകയുണ്ടായി. ചുരുങ്ങിയ സമയംകൊണ്ട് ഞാൻ എ.ഐ.ആറിന്റെ ഭാഗമായിത്തീർന്നതുപോലെയായി.

**ലോകപരിചയത്തിനായുള്ള യാത്രകൾ**

ഇനിയുള്ള ലക്ഷ്യം ലോകപരിചയം നേടുക എന്നതായിരുന്നു. കഴിയുന്നത്രയും വിഷയങ്ങൾ പഠിക്കുക. കണ്ടും കേട്ടും അനുഭവിച്ചും മുന്നേറുക. അതിന് ശാസ്ത്രജ്ഞന്റെ കർമ്മമണ്ഡലവും, സ്ഥാനവും, ലഭിക്കുന്ന ശമ്പളവും, അവസരവും, ഒന്നുപോലും പാഴാക്കാതെ ഉപയോഗിച്ചു. ഇത് ലക്ഷ്യവും മാർഗവുമാക്കിയുള്ള യാത്ര ഞാനാരംഭിച്ചു.

എറണാകുളത്ത് നടന്ന അന്താരാഷ്ട്ര എക്സിബിഷനിൽ പങ്കെടുത്തു മാർഗ്ഗനിർദ്ദേശം നൽകാൻ സാധിച്ചു. പലസ്ഥലങ്ങളിലും സ്വദേശീ സയൻസ് മൂവ്മെന്റിന്റേയും വിചാരകേന്ദ്രത്തിന്റേയും യൂണിറ്റുകൾ സ്ഥാപിച്ചു. ലക്ഷദ്വീപിന്റെ ഉയർച്ചക്കും വളർച്ചയ്ക്കുമാവശ്യമായ കർമ്മപദ്ധതികളാവിഷ്കരിക്കാനുള്ള ഒരു ഉന്നതതല സെമിനാർ സംഘടിപ്പിക്കാനുള്ള പ്രധാന ഉത്തരവാദിത്വം 1986 മാർച്ച് 17 ന് എന്നിൽ നിക്ഷിപ്തമായി. ഇതുമായി ബന്ധപ്പെട്ട് മൈസൂരിലെ സി.എഫ്.ടി.ആർ.ഐ. യിൽ ഒരു പരിശീലനത്തിനായും പോകേണ്ടി വന്നു. ഇതിനിടയിൽ ഭാരതീയ പൈതൃകത്തിലെ വിവിധ ഗ്രന്ഥങ്ങൾ സ്വന്തമാക്കാനും വിവിധ യാത്രാവേളകളിൽ എത്തുന്ന സ്ഥലങ്ങളിലുള്ള ലൈബ്രറികളിൽ നിന്ന് അമൂല്യങ്ങളും വിരളങ്ങളുമായ ഗ്രന്ഥങ്ങൾ സാധിക്കുന്നത്രയും വായിച്ച് വിവരങ്ങൾ ശേഖരിക്കാനും തുടങ്ങിയിരുന്നു. ഇവയെല്ലാം പൊതുപ്രവർത്തനത്തിൽ ശ്രോതാക്കളുടെ മുന്നിൽ വ്യക്തമായി അവതരിപ്പിക്കുകയും ചെയ്തുകൊണ്ടേയിരുന്നു. മൈസൂരിലെ യാത്രയിൽ നാലു ദിവസങ്ങൾ കൊണ്ട് ടിപ്പുവിന്റെ കോട്ടകളും, ശ്രീരംഗപട്ടണവും, കൃഷ്ണരാജസാഗറും, വൃന്ദാവനവുമെല്ലാം ഒരു ചരിത്രകാരന്റേയും ആസ്വാദകന്റെയും ദൃഷ്ടിയോടെയായിരുന്നില്ല ഞാൻ കാണാൻ പുറപ്പെട്ടത്. ഒരു ചരിത്ര വിദ്യാർത്ഥിയുടെ വീക്ഷണത്തോടെയായിരുന്നു. അവയിലെ ചരിത്ര വസ്തുതകൾ പഠിക്കാനായി ദിവസങ്ങൾ ചിലവഴിച്ചു. ഇന്നും അവ പ്രയോജനപ്പെടുന്നുണ്ട്. മൈസൂരിൽ നിന്ന് തിരിച്ചുവന്നതും ഊട്ടിയിലൂടെ അവിടത്തെ എല്ലാ ദർശന സൗഭാഗ്യങ്ങളും നുകർന്നുകൊണ്ടായിരുന്നു. അവിടെ നിന്നു കോയമ്പത്തൂരിൽ ഇറങ്ങി അവിടെ കാണാനുള്ളതെല്ലാം കണ്ണിലൂടെ സ്വന്തമാക്കി യാത്ര തിരിച്ചു. എന്റെ ഭാര്യക്ക്



Scanned with CamScanner

ഏപ്രിൽ 1 ന് (1986) മദ്രാസിൽ നിന്ന് നാഗർകോവിലിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ഞങ്ങൾ ജ്യേഷ്ഠന്റെ കൂടെ താമസിച്ചിരുന്ന വീടിന്റെ തൊട്ടടുത്തുള്ള വീട്ടിലേക്ക് ചേട്ടന്റെ അനുവാദത്തോടെ താമസം മാറി.

**യാത്ര ലക്ഷദ്വീപിലേയ്ക്കൊരു പഠനയാത്ര**

ലക്ഷദ്വീപിനെക്കുറിച്ചുള്ള ദേശീയ സെമിനാർ സംഘടിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം എന്നിലേൽപ്പിച്ചപ്പോൾതന്നെ എനിക്ക് ലക്ഷദ്വീപ് കാണണമെന്നും അവിടത്തെ അവസ്ഥ വിലയിരുത്താനവസരം വേണമെന്നും ഞാൻ നിർബന്ധിച്ചു പറഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ ഏറെ പണിപ്പെട്ട് ജൂലൈ 8-ാം തീയതി ലക്ഷദ്വീപിലേക്ക് യാത്ര പുറപ്പെട്ടു. 9-ാം തീയതി കപ്പലിൽ തന്നെ ഭക്ഷണം കഴിച്ച്, കിൽത്താൻ, കടമത്ത്, ദ്വീപുകളെല്ലാം സ്പർശിച്ച് 9-ാം തീയതി രാത്രി കപ്പൽ ലക്ഷദ്വീപിന്റെ തലസ്ഥാനമായ കവറത്തിയിലെത്തി. അവിടത്തെ ഗസ്റ്റ്ഹൗസിൽ രാത്രിയുറങ്ങി. കൊച്ചിൻ റിഫൈനറിയിൽ നിന്ന് ഒരു സീനിയർ ഉദ്യോഗസ്ഥനും കൂടെയുണ്ടായിരുന്നു. ചിന്തകൾക്കപ്പുറത്ത് നിന്നൊരനുഭവമായിരുന്നു അത്. ഓരോ ദ്വീപിലും 20 മിനിറ്റ് അല്ലെങ്കിൽ 30 മിനിറ്റ് നടന്നാൽ ദ്വീപിന്റെ ഓരോ അറ്റത്തിലെത്താം എന്നതാണ് ദ്വീപിന്റെ വിസ്തീർണം. ഒരു ജീപ്പിൽ കവറത്തി മുഴുവനും കറങ്ങി ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ ശ്രീ അഗർവാളുമായി ചർച്ച നടത്തി, വൈകുന്നേരമായപ്പോൾ ഏറെക്കുറെ ലക്ഷദ്വീപിനെക്കുറിച്ചു മനസ്സിലായി.

കപ്പങ്ങ മാത്രം വിളയുന്ന സ്ഥലം. കുറെ തെങ്ങുകളും കുറച്ചു ചെടികളുമുള്ള പവിഴപ്പുറ്റുകളുടെ പൊടി കൊണ്ടു പ്രകൃതി നിർമ്മിച്ച ദ്വീപുകളുടെ സമൂഹത്തിലേക്കെത്താൻ ഏറെ ഭാരതീയർക്കു സാധിച്ചിട്ടില്ല. പൂർണമായും ഇസ്ലാം മതസ്ഥർവസിക്കുന്ന ദ്വീപ്, നൂറ്റാണ്ടുകൾക്ക് മുമ്പ് ഹിന്ദുക്കളായിരുന്നവരെ, അറേബ്യയിൽ നിന്ന് സിലോണിലേക്ക് പോയിരുന്ന മുസ്ലീമുകൾ മതം മാറ്റിയതാണ്. അവരുടെ ശാന്തരായ, പാവങ്ങളായ പിൻതലമുറക്കാരാണ് അവിടെ വസിക്കുന്നത്. മത്സ്യമാണ് പ്രധാന ആഹാരം. ഒരു ഹോട്ടലുണ്ടായിരുന്നതിൽ ചായയൊഴിച്ചു ബാക്കിയെല്ലാത്തിലും മത്സ്യമുണ്ട്. ലഭ്യമായ ചില സസ്യവിഭവങ്ങളെന്നു പറയുന്നതും ബിസ്ക്കറ്റും ചേർത്ത് ഭക്ഷണം കഴിച്ചു. ഞങ്ങൾ അവിടെ നിന്ന് മിനിക്കോയി തുടങ്ങിയ ദ്വീപിലേക്ക് യാത്ര പുറപ്പെടാൻ സമയത്താണ് അറിവു കിട്ടിയത്, കവറത്തിയിലൊരു രോഗി അത്യാസന്ന നിലയിലാണെന്ന്. അത് അറിഞ്ഞ ഉടനെ അയാളേയും കൊണ്ട് കപ്പൽ നേരെ കൊച്ചിയിലേക്കു തിരിച്ചുവിട്ടു. അതുകൊണ്ട് ഒരുതരത്തിലാശ്വാസമായി. കുറച്ചു തെങ്ങുകൾ കാണാനും, മറ്റൊരു ദ്വീപു കാണാ

മാണ് പ്രധാന അഹാരം. ഒരു ഹോട്ടലുണ്ടായിരുന്നതിൽ ചായയൊഴിച്ചു ബാക്കിയെല്ലാത്തിലും മത്സ്യമുണ്ട്. ലഭ്യമായ ചില സസ്യവിഭവങ്ങളെന്നു പറയുന്നതും ബിസ്ക്കറ്റും ചേർത്ത് ഭക്ഷണം കഴിച്ചു. ഞങ്ങൾ അവിടെ നിന്ന് മിനിക്കോയി തുടങ്ങിയ ദ്വീപിലേക്ക് യാത്ര പുറപ്പെടാൻ സമയത്താണ് അറിവു കിട്ടിയത്, കവറത്തിയിലൊരു രോഗി അത്യാസന്ന നിലയിലാണെന്ന്. അത് അറിഞ്ഞ ഉടനെ അയാളേയും കൊണ്ട് കപ്പൽ നേരെ കൊച്ചിയിലേക്കു തിരിച്ചുവിട്ടു. അതുകൊണ്ട് ഒരുതരത്തിലാശ്വാസമായി. കുറച്ചു തെങ്ങുകൾ കാണാനും ഒരു ദ്വീപു കാണാനുമായി മിനികോയിലേയ്ക്ക് പോകുന്നതിന്റെ കാഠിന്യം ഒഴിവായികിട്ടിതിൽ ഭാഗീകമായി സന്തോഷം തോന്നി.

ലക്ഷദ്വീപ് സെമിനാറിന് വേണ്ടിയുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കാനുള്ള ശ്രമമാരംഭിച്ചു. 1986 ജൂലൈ 21, 22, 23 തീയതികളിൽ ലാബറട്ടറിയിൽ ഏറ്റവും സങ്കീർണമായ ഈ അന്തർദേശീയ സെമിനാർ നടത്തി. ജീവിതത്തിലാദ്യമായാണ് ഇത്രയും വലിയ ഒരു സെമിനാറിന്റെ നേതൃത്വം ഏറ്റെടുക്കാനുള്ള ഭാഗ്യം ജഗദീശ്വരൻ എന്നിലർപ്പിച്ചത്. അതിപ്രഗത്ഭരും പ്രശസ്തരുമായ അനവധി ശാസ്ത്രജ്ഞന്മാരും ഭരണാധികാരികളും പങ്കെടുത്ത ഈ സെമിനാർ സമംഗളം 23-ാം തീയതി രാത്രിയിൽ പര്യവസാനിച്ചു. ഞാൻ ചില പ്രബന്ധങ്ങളവതരിപ്പിക്കുകയുണ്ടായി. പ്രബന്ധമവതരിപ്പിച്ചതിലുള്ള വ്യക്തത എല്ലാവരും പ്രശംസിച്ചു.

ആഗസ്റ്റ് 27 ന് ഞങ്ങൾക്ക് ഒരാൺകുഞ്ഞ് ജനിച്ചു. ഇതുമായി ബന്ധപ്പെട്ട് ആഗസ്റ്റ് മാസം മദ്രാസിലെ ഭാര്യാഗൃഹത്തിലേക്കും, തൃപ്പൂണിത്തുറയിലേക്കും യാത്രയും വേണ്ടിവന്നു. സ്വിറ്റ്സർലന്റിൽ നിന്ന് എന്റെ ഗവേഷണത്തിനായി വാങ്ങിയ ഉപകരണം കൊണ്ടുവരാൻ കസ്റ്റംസ് ക്ലിയറൻസിനായി മദ്രാസിൽ മീനമ്പാക്കം എയർപോർട്ടിലേക്ക് പലപ്രാവശ്യം പോകേണ്ടിവന്നതും അനുഭവമായി. ലാബറട്ടറിയിലെ റിസർച്ചും, കുടുംബത്തിലെ പുത്രജനനത്തിരക്കും, ലക്ഷദ്വീപ് സെമിനാറിന്റെ ഉത്തരവാദിത്വവും ഇറക്കിവെച്ച് അൽപം ദിവസങ്ങൾ ലഭിച്ചതുപയോഗിച്ചു.

### വടക്കു കിഴക്കൻ ഭാരതദർശനം

ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലേക്ക് യാത്ര പോകണമെന്നാഗ്രഹമുദിച്ചു. പൂജപ്പുര എസ്.ബി.ടിയിൽ പ്രവർത്തിക്കുന്ന ജയശങ്കറും എന്റെ ജ്യേഷ്ഠൻ ശ്രീനിവാസനും ഒരു സുദീർഘയാത്രക്കായി സെപ്റ്റംബർ 26 ന് ടിക്കറ്റ് റിസർവ് ചെയ്തു. എറണാകുളത്തു നിന്നാരംഭിക്കുന്ന ന്യൂബംഗൈഗാം എക്സ്പ്രസിൽ നവംബർ 6ന് യാത്രയാ



Scanned with CamScanner

രംഭിച്ച്, 7 ന് വിജയവാഡയും 8ന് കൽക്കത്തെയും സ്പർശിച്ച്, 9-ാം തീയതി 2.30 ന് ട്രെയിൻ ഗോഹത്തിയിലെത്തി. ജയശങ്കറിന്റെ സുഹൃത്ത് കണ്ണന്റെ കൂടെ ഗോഹട്ടിയിൽ അന്നുരാത്രി താമസിച്ചു. ലഭിച്ച സമയം കൊണ്ട് ധിസ്പൂർ അന്നുതന്നെ സന്ദർശിക്കുകയും ചെയ്തു.

നവംബർ 10 ന് ഷില്ലോങ്ങിലേക്കു പുറപ്പെട്ടു. അവിടെ നിന്ന് ഭക്ഷണം കഴിച്ച് മേഘാലയാ സർക്കാർ ബസ്സിൽ വീണ്ടും ഗോഹട്ടിയിലെത്തി. ബസിലെ യാത്രാ വേളയിൽ ശ്രീ രവി എന്ന വ്യക്തിയെ കണ്ടു പരിചയപ്പെടാൻ സാധിച്ചു. നാഗാലാന്റിലേയ്ക്ക് സാധാരണയായി ഭാരതീയർക്ക് പ്രവേശനമുണ്ടായിരുന്നില്ല. സെക്യൂരിറ്റിക്കാരുടെ പ്രത്യേക അനുവാദത്തോടെ മാത്രമേ യാത്ര അനുവദിക്കാറുള്ളൂ. അനുവാദം നൽകുന്ന പോലീസ് കമ്മീഷണറുടെ പി.എ. യായിരുന്നു ബസ്സിൽ വച്ച് പരിചയപ്പെട്ട രവി എന്നതുകൊണ്ട് ഞങ്ങൾക്കു മുന്നുപേർക്കും നാഗാലാന്റിലെ ധീമ്മാപുരിലേയ്ക്ക് പോകാൻ വിഷമമുണ്ടായില്ല. അവിടെയാകട്ടെ ശ്രീ രവിയുടെ സഹോദരൻ ശശിയുമുണ്ടായിരുന്നു. ഞങ്ങൾ ധീമാപൂരിൽ പോയത് നേരെ ശശിയുടെ വാസസ്ഥലത്തേക്കായിരുന്നു. ഒരു ടാക്സിയിലായിരുന്നു യാത്ര എന്നുള്ളതിനാൽ ആ സ്ഥലത്തെ നിയമാവലികളും പ്രശ്നങ്ങളും, അവയുടെ പരിഹാരങ്ങളുമെല്ലാം ടാക്സി ഡ്രൈവർക്ക് അറിയാമായിരുന്നു. ധീമാപൂരിലെ ദർശനം ഞങ്ങളിൽ എറെ അത്ഭുതമുളവാക്കി. മാർക്കറ്റിൽ വലിയ കുട്ടയിൽ ധാരാളം പുഴുക്കൾ, ഈയൽ, അച്ച് തുടങ്ങിയ എല്ലാ 'വിഭവങ്ങളും' ജീവനോടെ ഭക്ഷണത്തിനായി വിൽക്കാൻ വെച്ചിരിക്കുന്നതുകണ്ടു. വലിയ പുഴുക്കൾക്ക് കിലോവിന് അന്ന് 40 മുതൽ 100 രൂപ വരെ വിലയുണ്ടായിരുന്നു. നായയിറച്ചിക്കാകട്ടെ കിലോവിന് 50 രൂപയും. നവംബർ 11 ന് രാത്രി ഉറങ്ങിയത് ശശിയുടെ വീട്ടിലായിരുന്നു. ശശി പറയുന്നുണ്ടായിരുന്നു. "ഒരു ജോലി ലഭിക്കണമെങ്കിൽ 10 കിലോ നായ ഇറച്ചി കൈക്കൂലിയായി കൊടുത്താൽ മതി"യെന്ന്. അവിടത്തുകാരിൽ ചിലരുടെ ഏറ്റവും ഇഷ്ടപ്പെട്ട വിഭവം എന്നത് നായക്ക് ധാരാളം ഭക്ഷണം തിന്നാൻ കൊടുത്ത്, അരമണിക്കൂർ കഴിഞ്ഞ് അതിനെ കൊന്ന് അതിന്റെ ആമാശയത്തിലെ ഭക്ഷണമെടുത്ത് കഴിക്കലാണത്രെ. ഈ യാത്രയിൽ ഒരു പുസ്തകം എഴുതാനുള്ള അനുഭവമായിരുന്നു എനിക്ക് ലഭിച്ചത്. ഇവിടെ അതൊരു പേജുമാത്രമാക്കി ചുരുക്കിയെഴുതുന്നു.

ധീമാപൂരിൽ നിന്ന് ഞങ്ങൾ നേരെ ടാക്സിയിൽ പോയത് കൊഹിമയിലേക്കായിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് മരിച്ച യോദ്ധാക്കളുടെ ശവപ്പറമ്പുകണ്ടു. ഏതു നിമിഷവും മണ്ണിടിച്ചിലുണ്ടാകുന്ന ചെങ്കുത്തായ കുന്നുകളും മണ്ണുമലകളും ചേർന്നു പോകുന്ന റോഡിലൂടെയായിരുന്നു യാത്ര. എല്ലാ മുന്നറിയിപ്പുകളും ശ്രദ്ധിച്ചുകൊണ്ടാ



Scanned with CamScanner

യിരുന്നു യാത്ര ചെയ്തത്. എങ്കിലും അത് ഒരു അവാച്യമായ അനുഭവമായിരുന്നു. ഞങ്ങളോട് ടാക്സി ഡ്രൈവർ പറയുന്നുണ്ടായിരുന്നു. വാഹനമോടിക്കുന്ന സമയത്ത് ഏതെങ്കിലും പന്നിയോ, നായയോ, കോഴിയോ വണ്ടിക്കടിയിൽ പെട്ടു ചത്താൽ ഇവിടെ നിന്ന് രക്ഷപ്പെടാനേ സാദ്ധ്യമല്ല എന്ന്. എല്ലാ നാഗന്മാർക്കും അമ്പും വില്ലും പ്രയോഗിക്കാനറിയാം. അകലെ നിന്ന് അസ്ത്രമെയ്താൽ ശരീരത്തിൽ തറയ്ക്കുമെന്നത് ഉറപ്പാണ്. ഓടിപ്പോകാനോ കാറോടിച്ചു പോകാനോ സാധ്യമല്ല. കാരണം തിരിച്ചു വരുമ്പോൾ എത്രദിവസം കഴിഞ്ഞാലും ഇവർ പിടിച്ചു നിർത്തി തല്ലികൊല്ലും. പോലീസുകാർ നോക്കി നിൽക്കുകയേയുള്ളൂ.

കൊഹിമയിൽ നിന്നും ധീമാപൂരിലെത്തി, ശശിയുടെ കൂടെ വസിച്ച് ഭക്ഷണം കഴിച്ച് 12-ാം തീയതി തിൻസുഖിയായിലേയ്ക്കു പുറപ്പെട്ടു. ധീമാപൂരിൽ നിന്ന് രാത്രി 8.30നായിരുന്നു യാത്രയാരംഭിച്ചത്. കയ്യിലുള്ള ടിക്കറ്റിലൂടെ എത്താൻ സാധിക്കുന്നതിനേക്കാൾ കൂടുതൽ ദൂരം റിസർവേഷനില്ലാതെ യാത്ര ചെയ്തതിനാൽ ടിടിആറിന് (അയാൾ നൂറുരൂപ പ്രതീക്ഷിച്ചെങ്കിലും) 20 രൂപ കൈക്കൂലി കൊടുക്കുകയും ചെയ്തു. തിൻസുഖിയ കണ്ട് അവിടെനിന്ന് ബസ്സിൽ ഡിബ്രുഗഡിലേക്ക് യാത്രയായി. ബ്രഹ്മപുത്രാ നദിയിലൂടെ ബോട്ടിൽ കയറി ആസ്സാമിന്റെ തീരത്തെത്തി. ബ്രഹ്മപുത്രയുടെ പേര് അന്വർത്ഥമാക്കുന്ന വീര്യത്തോടെയായിരുന്നു നദി ഒഴുകിയിരുന്നത്. ഭാരതത്തിലെ പ്രസിദ്ധമായ ഒരു പുരുഷ നദിയാണ് ബ്രഹ്മപുത്ര. ചൈനയിൽ നിന്നാരംഭിച്ച് തോന്നിയ വഴിയിലൂടെ തോന്നുന്നതുപോലെ ഒഴുകുന്ന ബ്രഹ്മപുത്ര രാവിലെ ഒരു സ്ഥലത്തുകൂടെ ഒഴുകുന്നതു കാണാം, അടുത്ത ദിവസം മറ്റൊരു പന്ഥാവായിരിക്കും ബ്രഹ്മപുത്രയ്ക്ക്. ആ പ്രദേശം മുഴുവനും ബംഗ്ലാദേശികളായിരുന്നു. അവിടെ നിന്ന് ബസ്സിൽ ഞങ്ങൾ ലക്ഷ്മീപൂരിലേക്ക് എത്തി (നോർത്ത് ലക്കിംപൂർ). അരുണാചൽ പ്രദേശിന്റെ തലസ്ഥാനമായ ഇറ്റാനഗറിലേക്ക് അനുവാദമില്ലായിരുന്നു എങ്കിലും ഞങ്ങൾ മൂന്നുപേരും സർക്കാർ ഉദ്യോഗസ്ഥരാണെന്നതിന് ഐഡന്റിറ്റി കാർഡ് കാണിച്ചു കൊടുത്തതിനാൽ ഒരു മലയാളി ജവാന്റെ സഹായത്തോടെ ഇറ്റാനഗറിലേക്ക് പോകാൻ സാധിച്ചു. സന്ദേർദുവാ എന്ന അരുണാചൽ ചെക്ക് പോസ്റ്റിലെത്തി. ഒറ്റരാത്രിയായിരുന്നു ഞങ്ങൾക്ക്, ഇറ്റാനഗറിൽ വസിക്കാനുള്ള അനുവാദം തന്നിരുന്നത്. ചെക്പോസ്റ്റിൽ നിന്ന് നേരെ ഞങ്ങൾ ബസ്സിൽ പോയിയെത്തിയത് പഴയ ഇറ്റാനഗറിലെ നഹർഗാവിലേക്കാണ്. അവിടെ ഹോൺഹിൽ ലോഡ്ജിൽ അന്നുരാത്രി താമസിച്ചു. നവംബർ 14 ന് അതിരാവിലെ ഈ ലോഡ്ജിലെ അക്കൗണ്ട് സെറ്റിൽ ചെയ്ത് ഭക്ഷണവും കഴിച്ച് ഇറ്റാനഗറിലേക്ക് യാത്ര പുറപ്പെട്ടു. അവിടെയുള്ള ബുദ്ധക്ഷേത്രം സന്ദർശിച്ച്, തിരിച്ച് നോർത്ത്ലക്കിംപൂരി



Scanned with CamScanner

ലെത്തി. ലക്കിംപൂരിൽ നിന്ന് തിരിച്ചുള്ള ടിക്കറ്റ് റിസർവ് ചെയ്തിരുന്ന തിനാൽ വൈകുന്നതുവരെ റെയിൽവേ സ്റ്റേഷനിൽതന്നെ കഴിച്ചുകൂട്ടി അനുഭവങ്ങളയവിറക്കിക്കൊണ്ടിരുന്നു. രാവിലെ സിക്കിമിന്റെ തലസ്ഥാന നമായ ഗാംഗ്ടോക്കിലേക്ക് പോകാൻ ശ്രമിച്ചുവെങ്കിലും ടാക്സിയിൽ ആവശ്യമായ യാത്രക്കാരെ ലഭിക്കാത്തതിനാൽ യാത്ര റദ്ദാക്കി റെയിൽവേ സ്റ്റേഷനിലിരുന്നു. ഒരു റെയിൽവേ സ്റ്റേഷനിൽ ഒരു ദിവസ ത്തിലെ ഓരോ മണിക്കൂറിലേയും ചലനങ്ങൾ ഒരു വിദ്യാർത്ഥിയുടെ മനസ്സോടെ കണ്ടുകൊണ്ടിരുന്നാൽ എന്തെല്ലാം കാര്യങ്ങളാണ് പഠി ക്കാൻ സാധിക്കുക. ചായക്കാരൻ, മുറുക്കാൻകട നടത്തുന്നവർ, പൊരി വിൽക്കുന്നവർ, മിഠായി വിൽക്കുന്നവർ, കളിപ്പാട്ടം വിൽക്കുന്നവർ, തൊഴിലാളികൾ, ജോലിക്കാർ ഇവരെല്ലാം വരുന്നതും പോകുന്നതും പ്രവർത്തിക്കുന്നതും ട്രെയിൻ കാത്തു നിൽക്കുന്നതുമെല്ലാം 12 മണി ക്കൂർ പ്ലാറ്റ്ഫോമിലിരിക്കേണ്ടി വന്ന ഞങ്ങൾക്ക് കണ്ടു മനസ്സിലാക്കാ നവസരം നോർത്ത് ലഖിംപൂർ സ്റ്റേഷനിൽ ലഭിച്ചു.

രാത്രി ട്രെയിനിൽ യാത്ര കഴിഞ്ഞ് 15ന് ഞങ്ങൾ രങ്കിയയിലെ ത്തി. അവിടെക്കറങ്ങിക്കാണാനുള്ളതെല്ലാംകണ്ട് തേജ്പൂർ എക്സ്പ്ര സിൽ അലിപ്പൂർ ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെത്തി. അവിടെ നിന്ന് നേരെ ഭൂട്ടാനിലേക്കായിരുന്നുയാത്ര. ഫുൻഷി ബോർഡറിൽ നിന്ന് പല വിധത്തിൽ ശ്രമിച്ചിട്ടും ഭൂട്ടാനിലെ ഉൾപ്രദേശങ്ങളിലേക്കു പോകാനുള്ള അനുവാദം ലഭിച്ചില്ല. എല്ലാ മാർഗങ്ങളും ഞങ്ങൾ ശ്രമിച്ചുനോക്കി. ഭൂട്ടാനിലെ മണ്ണിൽ സ്പർശിക്കാൻ മാത്രമേ സാധിച്ചുള്ളൂ. കറങ്ങിന ടന്നു കാണാൻ സാധിച്ചില്ല. സെന്റ് ആൽബർട്ട്സ് കോളേജിലെ ബി. എസ്സി കഴിഞ്ഞപ്പോൾ ഭൂട്ടാനിലെ സ്കൂളുകളിൽ അദ്ധ്യാപക തെര ഞ്ഞെടുപ്പിനുള്ള ഇന്റർവ്യൂവിന് തിരുവനന്തപുരത്ത് എസ്.എം.വി. സ്കൂളിൽ വന്നത് ഈ സമയത്ത് ഓർമ്മിച്ചു. 15 ന് തിരിച്ച് അലിപൂർ ഠൗണിലേക്കെത്തി, അവിടെ നിന്നും ട്രെയിനിൽ ന്യൂ ജയ്പാൽ ഗുഡി യിലേക്ക് യാത്ര പുറപ്പെട്ടു. 16-ാം തി ഞായർ ഞങ്ങൾ ന്യൂ ജയ്പാൽ ഗുഡി റെയിൽവേസ്റ്റേഷൻ റെസ്റ്റ്റൂമിൽ രാത്രി ഉറങ്ങി. അതിരാവിലെ തന്നെ ഡാർജിലിങ്ങിലേക്ക് പോകാൻ പുറപ്പെട്ടു. തികച്ചും പ്രശ്ന സങ്കീർണമായ പ്രദേശമായിരുന്നതിനാൽ ജയ്പാൽഗുഡിയിൽ നിന്ന് ഡാർജിലിങ്ങിലേക്ക് യാത്ര ശ്രദ്ധിച്ചുവേണമെന്നും എല്ലാ മുൻകരുത ലുകളും വേണമെന്നും വാഹനത്തിൽ നിന്ന്, ഇടക്കുവച്ച് ഇറക്കിവിടാൻ സാധ്യതയുണ്ടെന്നും, വാഹനവാടക നേരത്തെവാങ്ങിക്കുന്ന സ്വഭാവ ക്കാരാണ് ഡ്രൈവർമാരെന്നും അറിഞ്ഞപ്പോൾ ഡാർജിലിംഗ് യാത്ര ഒഴിവാക്കി. ഈ യാത്രയിൽ പരിചയസമ്പന്നരായവരാരുമില്ലായിരുന്നു. അന്നുരാത്രി കൽക്കത്തയിലേക്ക് പുറപ്പെട്ടു. ഡാർജിലിംഗ് എക്സ്പ്ര



Scanned with CamScanner

സിലായിരുന്നു യാത്ര. അസാധാരണ തിരക്കുണ്ടായതിനാൽ ഇരിക്കാനോ ചാരി നിൽക്കാനോ പോലും സാധിച്ചില്ല. ബാത്ത് റൂമിലായിരുന്നു ദുർഗന്ധം സഹിച്ചുള്ള യാത്ര. ഈ യാത്ര ഇന്ത്യാ ബംഗ്ലാദേശ് ബോർഡറിലുള്ള ഫറാക്കാ പാലത്തിലൂടെയായിരുന്നു. വിശന്നു കത്തിക്കാളുന്ന വയറ്റിൽ ഒന്നുമില്ലായിരുന്നു. നിന്നു തിരിയാനുള്ള സ്ഥലവുമില്ല. എന്തു ലഭിച്ചാലും കഴിക്കാനുള്ള വിശപ്പുമുണ്ടായിരുന്നു. ഒന്നും ലഭിക്കാത്ത സ്ഥലത്ത് ലഭിച്ചത് പുഴുങ്ങിയ കോഴിമുട്ടയായിരുന്നു. മറ്റൊന്നും ചിന്തിച്ചില്ല, അന്നുവരെ കഴിക്കാത്ത പുഴുങ്ങിയ മുട്ട ഉപ്പും ചേർത്ത് കണ്ണടച്ചു തിന്നു. വിശപ്പടങ്ങി കുറച്ചു സമയത്തേങ്കിലും ആശ്വാസമായി.

യാത്രയിൽ ഗംഗാനദിജലത്തെ ഫറാക്കയിൽ കെട്ടിനിർത്തി ബംഗാളിന്റെ വിവിധ ഭാഗങ്ങളിലേക്കും ബംഗ്ലാദേശിലേയ്ക്കും തിരിച്ചുവിടുന്ന കാഴ്ച രസം തോന്നി. ഈ ഫറാക്കാ പാലത്തിൽ ഫിൽട്ടറുകളിൽ തങ്ങിനിൽക്കുന്ന മനുഷ്യരുടെ ശവശരീരം വെള്ളം വലിച്ചെടുത്ത് വീർത്ത് ഭീകരാവസ്ഥയിൽ കണ്ടത് ഭയപ്പെടുത്തുന്ന ഒരു കാഴ്ചയായിരുന്നു. ശവശരീരം ഗംഗയിലൊഴുക്കുക എന്ന പുണ്യകർമ്മത്തിന്റെ ഫലമാണ് ഈ ദൃശ്യം. ആദ്യം വിചാരിച്ചത് പാവയോ പ്രതിമയോ മറ്റോ ആയിരിക്കുമെന്നായിരുന്നു. പിന്നീടാണ് മനസ്സിലായത് അതു മനുഷ്യ ശരീരമാണെന്ന്.

17–ാം തീയതി ഉച്ചകഴിഞ്ഞ് കൽക്കത്തയിലിറങ്ങി. ബ്രിട്ടീഷുകാരുടെ ഭരണത്തിന്റെ പ്രതീകങ്ങളെല്ലാം അവിടെക്കണ്ടു. സി.എസ്.ഐ.ആറിലെ ഗസ്റ്റ്ഹൗസിലാണ് കൽക്കത്തയിൽ താമസിച്ചത്. യാത്രയുടെ ക്ഷീണവും അനുഭവങ്ങളും ഒരു കമ്പ്യൂട്ടറിൽ നിന്ന് എടുക്കുന്നതുപോലെയായിരുന്നു, ഞങ്ങൾ ഗസ്റ്റ്ഹൗസിലിരുന്നു ചർച്ച ചെയ്തത്. ഈശ്വരാനുഗ്രഹത്താൽ ഒരു ദൗർഭാഗ്യവും ഞങ്ങളെ ബാധിച്ചില്ല. ഗസ്റ്റ്ഹൗസിൽ കയറിയ ഉടനെ ഇൻചാർജ് പറഞ്ഞു "നിങ്ങളുടെ ബുക്കിംഗും ഇല്ല, ഇവിടെ മുറിയുമില്ല. ഒരു കാരണവശാലും ഇവിടെ താമസിക്കാനും സാധ്യവുമല്ല" എന്ന്. അയാൾ അലമുറയിട്ടു വീണ്ടും പറഞ്ഞു. എന്റെ ഭയം കൂടികൂടി വന്നെങ്കിലും ഒരു അമ്പതു രൂപ കയ്യിൽ വെച്ചു കൊടുത്ത്, ഞങ്ങൾക്ക് ഭക്ഷണത്തിനുണ്ടാക്കേണ്ടതായ കറികളെന്തൊക്കെയാണെന്ന് ഞാൻ വിവരിച്ചു. മുറിയുണ്ടോ ബുക്കിംഗ് പേപ്പർ കിട്ടിയില്ലേ എന്നൊന്നും ചോദിക്കാൻ പോയില്ല. അയാൾ ഒന്നും പറയാതെ മുറി തുറന്നുതന്നു. നല്ല രാത്രിഭക്ഷണവും പാചകം ചെയ്തു തന്നു. ഭക്ഷണത്തിനുമാത്രം ഞങ്ങൾക്ക് അമ്പതു രൂപ കൊടുത്തത് മുതലായി എന്ന് തോന്നി. അന്നുരാത്രി ഗസ്റ്റ്ഹൗസിൽ സുഖമായുറങ്ങി.



Scanned with CamScanner

**കൽക്കട്ടകാളീക്ഷേത്രം!**

അടുത്തദിവസം ആദ്യം പോയത് കൽക്കട്ടയിലെ കാളിക്ഷേത്രത്തിലേക്കാണ്. അവിടെ ആടുകളെ ബലികൊടുക്കുന്ന കാഴ്ച ഭീകരമായിരുന്നു. മദർ തെരേസയും അവരുടെ കൂടെയുള്ള മിഷണറിമാരും കൽക്കത്ത ക്ഷേത്രത്തിലെ സ്ഥലം കയ്യേറി, വിദേശ മിഷണറിമാരുടെ സഹായത്തോടെ സനാതനധർമ്മത്തിനെതിരെ പ്രവർത്തിക്കുന്നതെല്ലാം ദേഷ്യത്തോടെയാണ് ഞങ്ങൾ കണ്ടത്. ലോകമെമ്പാടും സ്നേഹാദരങ്ങളോടെ ആരാധിക്കപ്പെടുന്ന മദർതെരേസയും അവരുടെ കൂടെയുള്ള സ്ത്രീകളും സനാതനധർമ്മത്തിനെതിരെ ചെയ്യുന്ന കാര്യങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കാൻ കൽക്കത്തയിലെ കാളിക്ഷേത്രത്തിലേക്കു പോകണം! തുടർന്ന് കൽക്കത്തയിൽ എളുപ്പത്തിൽ കാണാൻ സാധിക്കുന്ന എല്ലായിടത്തേക്കും യാത്ര ചെയ്തു. അന്നുരാത്രി തന്നെ ഹൗറാ എക്സ്പ്രസിൽ കയറി ഭുവനേശ്വറിലേക്കു പുറപ്പെട്ടു. രാത്രി 8 മണിക്കാണ് ട്രെയിൻ പുറപ്പെട്ടതെങ്കിലും ഭുവനേശ്വറിലേക്കുള്ള യാത്ര ബുദ്ധിമുട്ടൊന്നും കൂടാതെ സാധിച്ചു. രാവിലെ ഭുവനേശ്വറിൽ ഇറങ്ങി, റെയിൽവേ സ്റ്റേഷനിൽ മുറിയെടുത്ത് ഭുവനേശ്വർ പര്യടനം നടത്തി. അവിടെ നിന്നു നേരെ പുരി ജഗന്നാഥ ക്ഷേത്രത്തിലേക്കായിരുന്നു യാത്ര. ഒരു ദിവസം കൊണ്ടു സാധിക്കാവുന്നത്രയും കണ്ടും ചർച്ച ചെയ്തും മനസ്സിലാക്കി. രാത്രി കോറമന്റൽ എക്സ്പ്രസിൽ, വൻ തിരക്കായിരുന്നിട്ടും 19-ാം തീയതി വിഷമമില്ലാതെ ആന്ധ്രാപ്രദേശിലെ വാർട്ടയറിലിറങ്ങി, അതേ ട്രെയിനിൽ, റിസർവേഷൻ കമ്പാർട്ടുമെന്റിൽ കയറി, കേരളത്തിലേക്കു മടങ്ങി, തിരുവനന്തപുരത്തെത്തി. വരുന്ന വഴി മദ്രാസിലും തൃപ്പൂണിത്തുറയിലുമിറങ്ങി കുടുംബാംഗങ്ങളുമായി സന്തോഷത്തോടെ കുറേസമയം ചിലവഴിച്ച്, അനുഭവങ്ങൾ പങ്കുവച്ചായിരുന്നു ഈ യാത്ര. യാത്രയുടെ വിവരങ്ങളെല്ലാം സുഹൃത്തുക്കളോടും ബന്ധക്കളോടും ലാബിലും പങ്കുവച്ചു.

**വാടകവീടു മാറ്റവും ദുഃഖവും**

ദീർഘദൂരയാത്ര കഴിഞ്ഞുവന്ന് നവംബർ 29 ന് കരമന നെടുങ്കാട്ടിലുള്ള തൊട്ടടുത്ത വീട്ടിലേക്ക് ഞാനും എന്റെ കൊച്ചു കുടുംബവും താമസം മാറ്റി. നേരത്തേ തന്നെ ആ വീട്ടിലേക്ക് താമസം മാറ്റാനുള്ള ക്രമീകരണങ്ങളെല്ലാം നടത്തിയിരുന്നു. ബാക്കിയുള്ള ക്രമീകരണങ്ങളെല്ലാം നവംബർ 29, 30 തീയതികളിലും നടത്തി. ജ്യേഷ്ഠന്റെ കൂടെ നിന്നും അടുത്ത വീട്ടിലേക്ക് മാറിത്താമസം ആരംഭിച്ചത്, സ്വന്തം കാലിൽ നിന്നു ജീവിതം ശീലിക്കാൻ മാത്രമായിരുന്നു. പിതൃതുല്യമായി, എന്റെ ചേട്ടൻ എന്നെ സംരക്ഷിച്ചിരുന്നു. നിർഭാഗ്യവശാൽ അന്നുരാത്രി നെടു



Scanned with CamScanner

ക്കാട് ആർ.എസ്.എസ്. മാർക്സിസ്റ്റ് സംഘട്ടനം നടന്നതിന്റെ പരിണത ഫലമെന്നപോലെ ആ പ്രദേശത്തുള്ള പലരേയും പോലീസ് അറസ്റ്റ് ചെയ്ത കൂട്ടത്തിൽ എന്റെ ജ്യേഷ്ഠനേയും അറസ്റ്റു ചെയ്തു.

അടുത്ത ദിവസം ഡിസംബർ 1 ന് രാവിലെ ഉണർന്നപ്പോഴാണ് ഞാൻ കാര്യമറിഞ്ഞത്. അഡ്വക്കേറ്റുമായി സ്റ്റേഷനിൽ നിന്ന് ജ്യേഷ്ഠനെ കൊണ്ടുവരാനും വേണ്ടതെല്ലാം ഉടനെ ചെയ്യുവാനും സാധിച്ചു. ഞാൻ താമസിക്കുന്ന പ്രദേശം പൂർണമായും അന്ന് കർഫ്യൂവായിരുന്നു. സംഘർഷത്തിന്റെ പരമാവസ്ഥയിലും ഡിസംബർ 15 മുതൽ 17 വരെ കനകക്കുന്നു കൊട്ടാരത്തിൽ നടന്ന ലാബറട്ടറിയുടെ പ്രത്യേക റിസർച്ച് കൗൺസിൽ മീറ്റിംഗിന് കാര്യമായി പ്രവർത്തിക്കാനുള്ള അവസരവും അനുഭവവും എനിക്ക് ലഭിച്ചു. ഓരോ ദിവസവും വലിയ ശാസ്ത്രജ്ഞ ന്മാരും, ശാസ്ത്ര മണ്ഡലത്തിലെ ഭരണാധികാരികളും ചർച്ച ചെയ്യു ന്നതെങ്ങിനെയാണെന്നും, അവരുടെ പെരുമാറ്റ രീതികളുമെല്ലാം ശ്രദ്ധിച്ചു കണ്ടും കേട്ടും മനസ്സിലാക്കാനും, ഓരോ പരിപാടിയും പ്രയോ ജനപ്പെടുത്തുവാനും സാധിച്ചു. ഇത്തരത്തിലുള്ള ശാസ്ത്ര സെമിനാ റുകളിലും ചർച്ചകളിലുമൊന്നും ഇതിന് മുമ്പ് പങ്കെടുത്തിട്ടില്ലാത്തതു കൊണ്ട് ഇതൊരു വലിയ അനുഭവമായിരുന്നു.

സ്വന്തം വാടക വീട്ടിൽ താമസിക്കുമ്പോൾ ഞങ്ങൾ കൂടുതൽ സ്വതന്ത്രരായി. ഒരു സെക്കന്റു ഹാന്റ് സ്കൂട്ടർ വാങ്ങിച്ചു. ചെറിയ ഒരു സംഖ്യ തിരിവനന്തപുരത്തെ ടിവിആർ ഫണ്ടിൽ നിക്ഷേപിച്ചിരുന്നത്, ആ സ്ഥാപനം പൊളിഞ്ഞപ്പോൾ എനിക്കുനഷ്ടമായി. ഭാര്യ നിത്യവും നാഗർകോവിലിൽ സെൻട്രൽ ടെലിഗ്രാഫ് ഓഫീസിലേക്ക് ജോലിക്കു പോയി വരണം. ഏകദേശം 70 കിലോ മീറ്റർ ദൂരം രാവിലെ അങ്ങോട്ടും അത്രതന്നെ രാത്രി മടക്കയാത്രയും കൊണ്ട് അവൾ ഒരു രോഗിയെ പ്പോലെ ആയിത്തീർന്നു. മകന് നിത്യവും അസുഖവുമായിരുന്നു. ഒരു തരത്തിലുള്ളതല്ലെങ്കിൽ മറ്റൊരു തരത്തിൽ ഡോക്ടറുടെ അടുത്തേക്ക് പോകാത്ത ദിവസങ്ങൾ കുറവ്. കരമനയിലെ ഡോ. സുബ്രഹ്മണ്യം അങ്ങിനെ എന്റെ കുടുംബ ഡോക്ടറായി മാറി. കൈപുണ്യമുള്ള അദ്ദേ ഹത്തെ ഞങ്ങൾ ഇന്നും ആരാധിക്കുന്നു. ഒരു കാരണവുമില്ലാതെ മകന് ടെമ്പറേച്ചർ വർദ്ധിക്കും, അത് പത്തുദിവസത്തോളം നിലനിൽക്കും, മരുന്നുകൊടുത്താൽ കുറച്ചു സമയത്തേക്ക് കുറയും, ആ സമയത്ത് നല്ലവണ്ണം ഭക്ഷണം കഴിക്കും, പിന്നീട് ടെമ്പറേച്ചർ കൂടുമ്പോൾ ശ്രദ്ധി ച്ചില്ലെങ്കിൽ ഫിറ്റ്സ് വരും. അതുകൊണ്ട് ഇവന് ഏന്തെങ്കിലും അസുഖം വരുമ്പോൾ രാത്രി ഉറങ്ങാറില്ല. ഒരു ഡോക്ടർക്കും കാരണം കണ്ടുപിടി ക്കാനും സാധിക്കാത്ത ഒരസുഖമായിരുന്നു. നന്നേ ചെറുപ്പം മുതൽക്കാ രംഭിച്ച ഈ അസുഖം അവൻ +2 പഠിക്കുന്ന കാലഘട്ടം വരെ ഉണ്ടായിരു

ന്നു. അവസാനം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ. ശ്രീകാന്ത്, ഈ രോഗം കേവലം 12 രൂപയുടെ മരുന്നുകൊണ്ട് ഓരോ പ്രാവശ്യവും ഭേദമാക്കിത്തന്നു കൊണ്ടിരുന്നു. രണ്ടു മക്കളേയും കൊണ്ട് കരമന ബസ്സ് സ്റ്റോപ്പിൽ, നാഗർ കോവിലിൽ നിന്ന് രാത്രി 8.30 ന് വരുന്ന ഭാര്യയേയും കാത്ത് കുറേക്കാലം നിന്നത്, ഇന്നും മനസ്സിൽ നിന്നും മായാത്ത ചിത്രമാണ്. വീട്ടിലാരുമില്ലാത്തതിനാൽ മകനെ കയ്യിലും കഷ്ടിച്ച് നടക്കാൻ മാത്രമായ മകളെ പിച്ചവെച്ച് നടത്തിച്ചും ബസ്സ് സ്റ്റാന്റിൽ നിൽക്കുമ്പോൾ, പരിചിതർ കണ്ടു ചോദിക്കും, ഈ കുഞ്ഞുങ്ങളെ ഇങ്ങനെ റോഡിൽ ഈ രാത്രിയിൽ നിർത്തണോ? അസുഖം വരില്ലേ? എല്ലാത്തിനും ചിരിക്കുക മാത്രമേ പതിവുള്ളൂ. അവർക്കു ജന്മം നൽകിയവർ തന്നെ കുട്ടികളെ വളർത്തണ്ടേ? എന്നു മാത്രമേ ചിന്തിക്കാറുള്ളൂ.

**മറക്കാനാകാത്ത ഒരു ജോലിക്കാരിയമ്മ**

രണ്ടു മക്കളുടേയും ദിനചര്യകൾ ഞങ്ങൾ സ്വയം നോക്കിയിരുന്നു. നെടുങ്കാട് നിന്ന് ഒരു പാവപ്പെട്ട കുടുംബത്തിലെ സരോജിനിയമ്മ വീട്ടിൽ ജോലിക്കു വന്നുതുടങ്ങിയതോടെ ഞങ്ങൾക്കും മക്കൾക്കും സ്വന്തം അമ്മയെ ലഭിച്ച അനുഭവമായിരുന്നു. ഓരോദിവസവും അവർ ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുകയായിരുന്നു. ജീവിതത്തിൽ വേദന മാത്രം അനുഭവിച്ച അവർ എന്റെ വീട്ടിൽ വരുമ്പോൾ ഞങ്ങൾക്കുണ്ടാകുന്ന ആത്മബന്ധം, വാക്കുകൾ കൊണ്ട് വിവരിക്കാൻ സാധ്യമല്ല. സംസ്കാര സമ്പന്നയായ അവരുടെ കയ്യിലും മടിയിലും കിടന്നും, കളിച്ചും ചിരിച്ചുമാണ് എന്റെ രണ്ടു മക്കളും വളർന്നത്. ഞങ്ങൾക്ക് ദുഃഖമുണ്ടായാലും, മക്കൾക്ക് അസുഖമുണ്ടായാലും ഞങ്ങളെക്കാൾ ദുഖം അവർക്കാണ്. അവർ ഞങ്ങൾക്ക് ആധാരവും ആശ്വാസവും ആഹ്ലാദവുമായിരുന്നു. എന്റെ ഭാര്യയ്ക്ക് അവർ വളർത്തമ്മയെപോലെയും, മക്കൾക്ക്, ജന്മം നൽകിയ അമ്മയേപോലെയുമായിരുന്നു. വാർദ്ധക്യത്തിന്റെയും ദാരിദ്ര്യത്തിന്റേയും കുടുംബ പ്രാരബ്ധങ്ങളുടേയും ഇടയ്ക്ക വലയുമ്പോഴും ചിരിച്ച മുഖവുമായി വരുന്ന ഞങ്ങളുടെ അമ്മച്ചിയെന്ന അമ്മ ഇന്നും ഇടയ്ക്ക് വീട്ടിൽ വരും. നിസ്സംഗമായി സംസാരിച്ചുകൊണ്ടും ബ്രഹ്മകുമാരീസ് സംഘടനയിൽ സേവനങ്ങളനുഷ്ഠിച്ചുകൊണ്ടും ജീവിക്കുന്നതിനിടയ്ക്ക്, അവർ വരുന്നത് പൂർവ ജന്മബന്ധം പോലെയാണ്.

എന്റെ പ്രോജക്ട് ലീഡർ ഡോ. അറുമുഖം പ്രവർത്തിക്കുന്നത്, കുടുംബ ജീവിതം പോലും ത്യജിച്ചായിരുന്നു. ഏതിനേയും എന്തിനേയും വെട്ടിപ്പിടിക്കാനുള്ള അദ്ദേഹത്തിന്റെ ഉൽക്കടമായ ആഗ്രഹം അത്ഭുതകരമായിരുന്നു. മറ്റുള്ളവരെ അംഗീകരിക്കാനും അവരുടെ അഭി



Scanned with CamScanner

പ്രായങ്ങൾ കേൾക്കാനും സന്മനസുകാണിക്കാറില്ല എന്നത് (ലാബറട്ടറിയിൽ) വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരുന്നു. എന്റെ ഗവേഷണത്തിനു നല്ല ഫലം കിട്ടിയിരുന്നുവെങ്കിലും ഈ പ്രശ്നങ്ങൾ കാര്യമായി ബാധിച്ചിരുന്നു.

## ആദ്യത്തെ അവാർഡ്

1987 ഫെബ്രുവരി 23ന് ശാസ്ത്രമണ്ഡലത്തിലെ സംഭാവനയ്ക്ക് എനിക്കും ഗവേഷണ ടീമിനും ഗാർഡനർ പുരസ്കാരം ലഭിച്ചു. ഈ പുരസ്കാരം നൽകിയത് മൈസൂരിലെ സി.എഫ്.ടി.ആർ.ഐ. എന്ന സി.എസ്.ഐ.ആറിലെ മറ്റൊരു ലാബറട്ടറിയാണ്. അതു സ്വീകരിക്കാനായി ഫെബ്രുവരി 27 ന് ഞാൻ കോഴിക്കോട് വഴി മൈസൂരിലേയ്ക്ക് പുറപ്പെട്ടു. മാർച്ച് 1 ന് ഞാനറിഞ്ഞു ലഭിച്ച അവാർഡ് എന്റെ പ്രോജക്ട് ലീഡറായിരിക്കും സ്റ്റേജിൽ കയറിനിന്ന് സ്വീകരിക്കുക എന്ന്. മൈസൂരിലെ സി.എഫ്.ടി.ആർ.ഐ യിൽ, എന്റെ പ്രോജക്റ്റ് ലീഡർ നേരത്തേ പ്രവർത്തിച്ചിരുന്നതിനാൽ ആ സ്വാധീനമുപയോഗിച്ച് അവാർഡ് സ്വീകരിക്കാനുള്ള ഭാഗ്യം അദ്ദേഹം സ്വന്തമാക്കിയിരുന്നു.

## മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ജേർണലിസം

രണ്ട് എം.എസ്സിയും, ഒരു എം.എ യും കഴിഞ്ഞപ്പോൾ ജേർണലിസം പഠിക്കണമെന്ന ആഗ്രഹം തോന്നി. അത് കേരള യൂണിവേഴ്സിറ്റിയിൽ വേണ്ട എന്ന് നേരത്തേ തീരുമാനിച്ചിരുന്നു. അതുകൊണ്ട് മൈസൂർ യൂണിവേഴ്സിറ്റിയിലെ മാനസഗംഗോത്രി കാമ്പസിലുള്ള കറസ്പോണ്ടൻസ് കോഴ്സിന് രജിസ്റ്റർ ചെയ്തു. ഗാർഡനർ അവാർഡ് സ്വീകരിക്കുവാൻ മൈസൂരിലെ സി.എഫ്.ടി.ആർ.ഐയിൽ പോയ അന്നു തന്നെ മൈസൂർ യൂണിവേഴ്സിറ്റിയിലെ ജേർണലിസം കോഴ്സിനുള്ള എന്റെ രജിസ്ട്രേഷൻ ഫോർമാലിറ്റികളെല്ലാം തീർത്ത് ഏതു ഡിഗ്രിയെടുക്കുമ്പോഴും പുതിയതായി എന്തെല്ലാം പഠിക്കാനാരംഭിക്കുമ്പോഴും നിരന്തരം അപശകുനങ്ങളും പ്രശ്നങ്ങളുമുണ്ടാകാറുണ്ട്. ഈ ജേർണലിസം കോഴ്സിനുമതുണ്ടാകരുതേ എന്ന് പ്രാർത്ഥിച്ച് വേണ്ടതായ എല്ലാ മുൻകരുതലുകളും മൈസൂർ യൂണിവേഴ്സിറ്റിയിൽ ചെന്നുതന്നെ എടുത്തിരുന്നു. ഒരു സമാധാനമുണ്ടായിരുന്നത് കേരളത്തിനു പുറത്താണല്ലോ മൈസൂർ യൂണിവേഴ്സിറ്റി എന്നാണ്. അതുകൊണ്ട് വിദ്യാർത്ഥികളുടെ വികാരങ്ങൾ മനസ്സിലാക്കാൻ അവർക്കു കുറേക്കൂടി നന്നായി സാധിക്കും. അവിടത്തെ കാര്യങ്ങളെല്ലാം നിർവ്വഹിച്ച് സ്വന്തം കൈകൊണ്ട് ഗാർഡനർ അവാർഡു വാങ്ങിക്കാനുള്ളഭാഗ്യമില്ലാതെ പോയതിന്റെ ചെറിയ ദുഃഖവുമായി ഞാൻ കോയമ്പത്തൂർ വഴി മടങ്ങി.

സ്വിറ്റ്സർലാന്റിൽ നിന്ന് വരുത്തിയ അതിനൂതനമായ കാർബൺഡ

യോക്സൈഡ് എക്സ്ട്രാക്ടിങ് ഉപകരണമുപയോഗിച്ച് പുതിയ ഗവേഷണം ആരംഭിച്ചു. ഈ ഗവേഷണ പഠനങ്ങൾ നടത്തുമ്പോൾ എന്റെ പ്രോജക്ട് ലീഡറും ഹെഡും, ഡോ. സി.എസ്. നാരായണൻ എന്ന മനുഷ്യത്വമുള്ള സയിന്റിസ്റ്റായിരുന്നു എന്നതിൽ വളരെ ആശ്വാസം തോന്നി. കുറേക്കൂടി സ്വാതന്ത്ര്യം ലഭിച്ച അനുഭവമായിരുന്നു. 1987 മാർച്ച് 19 മുതൽ മധുരയിൽ നടന്ന ദേശീയ ശാസ്ത്ര സെമിനാറിൽ പങ്കെടുത്ത് ജ്ഞാന മണ്ഡലം വികസിപ്പിക്കുവാൻ ലഭിച്ച അവസരം വിനിയോഗിച്ചു. അവിടെനിന്ന് മദ്രാസിലേയ്ക്ക് യാത്ര തിരിച്ച് ജേർണലിസം പാഠം കഴിയുന്നത്രയും പഠിച്ചുകൊണ്ടിരുന്നു. ഏപ്രിൽ 4 ന് തിരുവനന്തപുരത്തു വന്ന് പരീക്ഷയെഴുതാനുള്ള ഫീസ് മൈസൂർ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കാനുള്ളതും അടച്ചു. എം.എ. സോഷ്യോളജിക്ക് ചെയ്തതു പോലെ മാസ്റ്റേഴ്സ് ട്യൂട്ടോറിയൽ കോളേജിലൂടെയായിരുന്നു മൈസൂർ യൂണിവേഴ്സിറ്റിയിലും പഠനത്തിന് പേര് രജിസ്റ്റർ ചെയ്തത്. ശാസ്ത്ര സംഘടനയുടെ സെക്രട്ടറിയെന്ന നിലയിൽ ഒരു ശാസ്ത്ര ന്യൂസ്ലെറ്ററും പ്രകാശനം ചെയ്തതോടെ ലേഖനങ്ങളെഴുതാനും എഡിറ്റ് ചെയ്യാനും പ്രസിദ്ധീകരിക്കാനുമുള്ള പരിശീലന പരിപാടിക്ക് നേതൃത്വം നൽകാൻ എനിക്കു സാധിച്ചു. ഇത്രയും സുധീർഘമായ ഒരു ട്രെയിനിംഗ് പ്രോഗ്രാമിന് നേതൃത്വം നൽകിയത് ഗഹനമായ അനുഭവ സമ്പത്തായി മാറിയിരുന്നു. എന്റെ കൂടെ മഹാരാജാസിൽ പഠിച്ചിരുന്ന പരമേശ്വരൻ സെന്റ് ആർബർട്സ് കോളേജിലെ ജോലി രാജിവച്ച് സി.എസ്.ഐ.ആറിലെ തന്നെ ലാബറട്ടറിയായ എൻ.ഐ.ഒ. ഗോവയിൽ ചേർന്നിരുന്നു. പരമേശ്വരനും കുടുംബവും ഈ ട്രെയിനിംഗ് വേളയിൽ ഉണ്ടായിരുന്നത് സന്തോഷകരമായിരുന്നു. ഗോവയിലെ ജീവിതാനുഭവങ്ങൾ പങ്കുവച്ച് സ്വീകരിക്കാനുള്ള അവസരമാണ് എനിക്ക് ലഭിച്ചത്.

ലാബറട്ടറിയിലെ ഈ ട്രെയിനിംഗ് പ്രോഗ്രാം കഴിഞ്ഞ ഉടനെ മൈസൂരിലേക്ക് ജേർണലിസത്തിനുള്ള കോൺടാക്ട് ക്ലാസിലേക്ക് ഞാൻ യാത്രയാരംഭിച്ചു. 1987 ഏപ്രിൽ 26 മുതൽ ഒരാഴ്ച നീണ്ടുനിന്ന ക്ലാസ്, ജേർണലിസം എന്ന മഹാസാഗരത്തിലേക്ക് എത്തുവാനുള്ള അവസരം നൽകി. എന്റെ പിന്നീടുള്ള ജീവിതത്തിലും സാമൂഹിക പ്രവർത്തനത്തിലും, ലേഖനങ്ങളെഴുതുന്നതിലും, അനവധി റേഡിയോ പ്രഭാഷണങ്ങൾ നടത്തുന്നതിലും ഈ കോഴ്സ് എനിക്ക് നൽകിയ അനുഗ്രഹം വിവരണാതീതമാണ്.

ജേർണലിസപഠനം കഴിഞ്ഞ് വന്ന ഉടനെ എന്റെ മകളെ ഞാൻ ചിന്മയാ വിദ്യാലയത്തിൽ ചേർത്തു. ചിന്മയാ മിഷനിൽ അഡ്മിഷൻ കിട്ടിയതുകൊണ്ട്തന്നെ എനിക്ക് വളരെ സന്തോഷവും തോന്നി. അവൾ 1987 മേയ് 4-ാം തീയതി തിങ്കളാഴ്ച മുതൽ പ്രീനഴ്സറിസ്കൂൾ കുട്ടിയാ

യി. അതിനു മുമ്പ് നെടുങ്കാട്ടിലുള്ള ഒരു ഡേകെയറിൽ അവൾ പഠനം ആരംഭിച്ചിരുന്നു.

ജൂൺ 5-ാം തീയതി ജേർണലിസം പരീക്ഷയെഴുതാൻ വീണ്ടും ഞാൻ മൈസൂരിലേക്ക് പുറപ്പെട്ടു. കോഴിക്കോട് വഴി മൈസൂരിലേയ്ക്കുള്ള യാത്ര നല്ല മഴയുണ്ടായിരുന്നിട്ടും ഏറെ സന്തോഷകരമായിരുന്നു. 7-ാം തീയതി സി.എഫ്.ടി.ആർ.ഐ യിലെ ഗസ്റ്റ് ഹൗസിൽ താമസിച്ചു. 8 മുതൽ 12 വരെ മാനസ ഗംഗോത്രി കാമ്പസിൽ പരീക്ഷയെഴുതി വൈവാവോസിയുംകഴിഞ്ഞ് ലാബറട്ടറിയിലേക്ക് തിരിച്ചെത്തി. ഇത്രയും പഠിച്ചതിന്റെയും പൊതുപ്രവർത്തനത്തിന്റെയും ലേഖനങ്ങളെഴുതിയതിന്റെയുമെല്ലാം പിൻബലമുണ്ടായിട്ടും നല്ലവണ്ണം ഇരുന്ന് പഠിച്ച്, എഴുതി സാധകം വരുത്തി പരീക്ഷയെഴുതിയിട്ടും, എനിക്ക് ജേർണലിസത്തിന് ഫസ്റ്റ് ക്ലാസ് ലഭിച്ചില്ല, എന്നിരുന്നാലും ഈ ഡിഗ്രി അനുഗ്രഹമായി.

കുടുംബാംഗങ്ങളെല്ലാം അസുഖമായി ഏകദേശം മൂന്നാഴ്ച കിടപ്പിലായിരുന്നു. ലാബിൽ പോയപ്പോൾ അറിഞ്ഞത് ഡോ. എ.ജെ. മാത്യു രാജിവെയ്ക്കുകയാണെന്നായിരുന്നു. എന്നെ ആർ.ആർ.എല്ലിലേക്ക് കൊണ്ടുവന്ന അദ്ദേഹം പോകുകയാണെന്നു കേട്ടപ്പോൾ വളരെ ദുഃഖം തോന്നി. ഒരു ജേഷ്ഠ സഹോദരന്റെ താങ്ങും തണലുമായിരുന്നു ഡോ. മാത്യു ഫുഡ് ഡിവിഷനിലെ ശാസ്ത്രജ്ഞന്മാർക്ക് ഞാൻ നൽകിയത്. ഇരിങ്ങാലക്കുട ചന്ദ്രിക കമ്പനിക്കുവേണ്ടി നൽകിയ റിസർച്ച് പ്രോജക്ട് വളരെ നല്ല നിലവാരം പുലർത്തുന്നതായിരുന്നു എന്ന് അറിഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. ഈ പ്രോജക്ടിൽ നല്ല പ്രോത്സാഹനം നൽകിയ ഡോ. മാത്യൂ സാറിന്റെ യാത്രയയപ്പ് പ്രമാണിച്ച് ആഗസ്റ്റ് 14 -ാം തീയതി ഒരു സെമിനാർ സംഘടിപ്പിച്ചു. ആഗസ്റ്റ് 17 ന് അദ്ദേഹം സർവ്വീസിൽ നിന്ന് വിരമിച്ച് യാത്രയായപ്പോൾ ഞങ്ങൾ എല്ലാവരും ദുഃഖിച്ചു. എന്നെ ഈ സ്ഥാപനത്തിലേക്ക് കൊണ്ടുവന്ന വ്യക്തി ഇനി മുതൽക്ക് ഈ സ്ഥാപനത്തിലുണ്ടാകില്ല എന്നോർത്തപ്പോൾ ഒരു നിസ്സഹായാവസ്ഥയും തോന്നി.

ആൾ ഇന്ത്യാ റേഡിയോവിലൂടെ എന്റെ പ്രഭാഷണങ്ങൾ നിരന്തരം ബ്രോഡ്കാസ്റ്റ് ചെയ്തതിന്റെ ചെക്ക് ആദ്യം എനിക്കു ലഭിച്ചത് ഇന്നും ഞാനോർക്കുന്നു, എന്റെ മകന്റെ 1-ാം ജന്മവാർഷികത്തിന് ശ്രീകൃഷ്ണജയന്തിക്ക്, സെപ്റ്റംബർ 21 നായിരുന്നു.

ഞാൻ താമസിച്ചിരുന്ന വീട് കുറേ ഉള്ളിലായതുകൊണ്ടും അവിടെയെന്തെല്ലാമോ പ്രശ്നങ്ങൾ പണ്ടുണ്ടായിട്ടുണ്ട് എന്നറിഞ്ഞതുകൊണ്ടും, കരമന ബസ്സ് സ്റ്റാന്റിനടുത്ത്, ഒരു വീട് സൗകര്യത്തിനു ലഭിച്ചതുകൊണ്ടും, താമസിക്കുന്ന വീടിനു സമീപത്ത് എന്നും കമ്മ്യൂണിസ്റ്റ് ആർ.എസ്.എസ്. സംഘട്ടനം നിലനിന്നിരുന്നതുകൊണ്ടും, നെടുങ്കാ



Scanned with CamScanner

ടു നിന്നും കരമനയിലേയ്ക്ക് ഞങ്ങൾ ഒക്ടോബർ 1 ന് താമസം മാറി. അടുത്ത ദിവസം എന്റെ മകളെ ഞാൻ മടിയിലിരുത്തി, വിജയദശമി ദിവസവും ഗാന്ധിജയന്തി ദിവസവും കൂടിയായ രണ്ടാം തീയതി, അവളെ വിദ്യാരംഭം, എന്റെ കൈകൊണ്ടുതന്നെ കുറിപ്പിച്ചു. ഒരൊറ്റ പ്രാർത്ഥന മാത്രമേ എനിക്കുണ്ടായിരുന്നുള്ളൂ. "പഠിക്കാൻ സാധിക്കുന്നിടത്തോളം പഠിക്കാനനുഗ്രഹിക്കേണമേ ജഗദീശ്വരാ, പഠിക്കാനായി എനിക്കഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങളൊന്നും എന്റെ മകൾക്കുണ്ടാകരുതേ!"

**പ്രഭാഷണങ്ങൾ, സെമിനാറുകൾ, പരിശീലന ക്ലാസ്സുകൾ....**

നവംബർ 3-ാം തീയതി ഞാൻ ജേർണലിസം പാസ്സായതായി റിസൽട്ടുവന്നു സന്തോഷത്തോടെ ഞാൻ ആസ്വദിച്ച ഒരു പഠനമായിരുന്നു മൈസൂർ യൂണിവേഴ്സിറ്റിയിലെ ജേർണലിസം കോഴ്സ്. ഇക്കാലയളവിലെല്ലാം കേരളത്തിൽ പലയിടത്തും പ്രധാനമായും എറണാകുളത്തിനു തെക്കുള്ള ജില്ലകളിൽ, പ്രത്യേകിച്ചും തിരുവനന്തപുരത്ത് ധാരാളം പൊതുപ്രഭാഷണങ്ങൾ നടത്തുവാനുള്ള ഭാഗ്യവും ലഭിച്ചിരുന്നു. ഒരു പൊതുപ്രവർത്തകന്റെ അംഗീകാരം ലഭിച്ചുതുടങ്ങിയത് 1987 മുതൽക്കാണ്. അതുകൊണ്ടുതന്നെ എന്റെ ലാബറട്ടറിയിലും നടന്നിരുന്ന എല്ലാ വലിയ സെമിനാറുകൾക്കും നേതൃത്വം നൽകുന്നവരിൽ ഒരുവനായി വളരാനും സാധിച്ചു. ലാബറട്ടറിയിലെ ഡയറക്ടർ ഡോ. എ.ഡി. ദാമോദരൻ അതിന് വളരെ നല്ലരീതിയിൽ പ്രോത്സാഹനം നൽകുകയും ചെയ്തിരുന്നു. നവംബർ 10ന് കേരളാ യൂണിവേഴ്സിറ്റിയിലെ നിറഞ്ഞ സദസ്സിൽ ആചാര്യ ജെ.സി. ബോസിനെക്കുറിച്ച് ഞാൻ പ്രഭാഷണം നടത്തി. അസാധാരണമായ ഒരംഗീകാരമാണ് അന്നെനിക്ക് ലഭിച്ചത്. അടുക്കും ചിട്ടയോടും കൂടി പദാനുപദം മനസ്സിലാക്കി കൊടുത്ത് എന്റേതായ ഒരു പ്രഭാഷണ ശൈലിയുണ്ടാക്കാനുള്ള ശ്രമം പൊതുജനമധ്യത്തിൽ വൻവിജയത്തോടെയാണ് ആരംഭിച്ചത് എന്നത് സന്തോഷത്തിന് കാരണമായി.

ഈ അവസരത്തിൽ തന്നെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റീരിയൽ സയൻസിന്റെയും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റൽസിന്റെയും ദേശീയ സെമിനാർ തിരുവനന്തപുരത്തെ വൻകിട ഹോട്ടലിൽ വെച്ച് നടത്താനുള്ളവരിൽ ഒരുസംഘാടകനാകാനും അവസരം ലഭിച്ചു. ലാബറട്ടറിയിൽ നടന്ന മാനേജ്മെന്റ് ട്രെയിനിംഗ് കോഴ്സിൽ പങ്കെടുക്കാനുള്ള അവസരവും പ്രയോജനപ്പെടുത്തി. സൂപ്പർ ക്രിറ്റിക്കൽ കാർബൺഡയോക്സൈഡ് ഉപയോഗിച്ചുള്ള എക്സട്രാക്ഷൻ എന്ന വിഷയത്തിലും ഒരു പരിശീലന ക്യാമ്പ് ഭാരതത്തിലെ വ്യത്യസ്ഥ സംസ്ഥാനങ്ങളിൽ നിന്ന് വന്നവർക്കായി ഡിസംബർ 16 ന് സംഘടിപ്പി



Scanned with CamScanner

ച്ചു. എല്ലാവരുടേയും മുക്തകണ്ഠമായ പ്രശംസ ലഭിക്കുകയും ചെയ്തു. ഏറ്റവും ചെലവ് ചുരുക്കി വെജിറ്റേറിയൻ ഭക്ഷണം കൊടുത്ത് ലളിതമായ ശാസ്ത്ര-സാങ്കേതിക സെമിനാർ നടത്തേണ്ടത് എങ്ങിനെയാണെന്ന് എല്ലാവർക്കും, ഈ പ്രോഗ്രാമിലൂടെ ഒരനുഭവപാഠം നൽകി എന്നതായിരുന്നു ഈ പരിശീലനക്കളരിയുടെ പ്രത്യേകത. ഈ ശിബിരത്തിന് ഞാൻ പൂർണമായും ആശ്രയിച്ചത് എന്റെ സഹപ്രവർത്തകനായ ശ്രീ.കെ.ആർ. പ്രസാദിനെയായിരുന്നു.

പൊതുപ്രവർത്തനങ്ങളും നിരന്തരമുള്ള യാത്രയും, ലാബറട്ടറിയിലെ നൂതനാശയങ്ങൾ ചേർന്ന പ്രോജക്ടുകളും സംഘടനകളിലൂടെയുള്ള പ്രഭാഷണങ്ങളും, സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിലും ഭാരതീയ വിചാര കേന്ദ്രത്തിലുമുള്ള പ്രവർത്തനങ്ങളും ജീവിതത്തിൽ ഏറെ പ്രയോജനപ്പെട്ട ജേർണലിസം ക്ലാസുകളും, മറ്റു ലാബറട്ടറികളിലെ അനുഭവങ്ങളും, മറ്റുള്ളവർക്കു വേണ്ടി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, കോൺഫറൻസുകൾ, എന്നിവ സംഘടിപ്പിക്കാനുള്ള ഭാഗ്യവും ജീവിതത്തിൽ മുന്നോട്ടുള്ള യാത്രാനുഭവങ്ങളുടെ പട്ടികയിൽ ചേർക്കാൻ സാധിച്ചു. പണ്ട് സഹായിച്ചവരും, ഉപദേശിച്ചവരും മാർഗ്ഗനിർദ്ദേശം നൽകിയവരും കൂടെ പ്രവർത്തിച്ചവരും ആരും എന്റെ സ്മൃതി മണ്ഡലത്തിൽ നിന്ന് മാഞ്ഞുപോയിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഭാരതത്തിന്റെ മുക്കിലും മൂലയിലും പോകാൻ എനിക്ക് സാധിച്ചിട്ടുള്ള സ്ഥലത്ത് എന്നെ ഇതപര്യന്തം സഹായിച്ചവരാരെങ്കിലും ഉണ്ടെന്നറിഞ്ഞിട്ടുണ്ടെങ്കിൽ അവരെ കാണുകയും, അവരുമായുള്ള ബന്ധം നിലനിർത്തുകയും ചെയ്യാനുള്ള അനുഗ്രഹവും എന്റെ സ്വഭാവത്തിന്റെ ഭാഗമായി തന്നിരുന്നു എന്നതിൽ ഈശ്വരനോടു നന്ദി പറയാറുണ്ട്. പ്രാർത്ഥനയിൽ ആ വികാരം എന്നും നിലനിർത്താറുമുണ്ട്.

ഭക്ഷണക്കുറവിന്റെയും കഠിനാദ്ധ്വാനത്തിന്റെ അമിതഭാരം എടുത്തതിന്റേയും ചെറുപ്പത്തിലനുഭവിച്ച തിക്തഫലങ്ങൾ ശരീരത്തെ സ്വാധീനിക്കുന്ന വിധത്തിൽ നിത്യമെന്നോണം തലവേദനയും, കഠിനമായ ഹൈപർ അസിഡിറ്റിയുടെ നെഞ്ചുവേദനയും, അസാധാരണ ശ്വാസംമുട്ടലും അനുഭവപ്പെടാൻ തുടങ്ങി. എങ്കിലും എന്റെ ശരീരം എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വഴങ്ങുമായിരുന്നു. നിരന്തരം ദീർഘയാത്രയും നൈറ്റ് ഡ്യൂട്ടിയും ആഴ്ചകളോളം ചെയ്ത് കുടുംബിനിയും നിത്യവും തളർച്ചയുടെ വക്കിലേക്ക് എത്തിനിന്നു. സുഖവും ദുഃഖവും ഉയർച്ചയും താഴ്ചയും മധുരവും കൈയ്പും എല്ലാം ചേർന്ന എന്റെ ജീവിതസന്ദേശം, പ്രഭാഷണ വേളയിലെ അവതരണശൈലിയിലും വിഷയശൈലിയിലും പ്രത്യേകതയുണ്ടാക്കാൻ പ്രയോജനപ്പെട്ടു. ഞാൻ ആദ്യമായി ഉദ്ഘാടനം ചെയ്ത സംഘടനാ പ്രവർത്തനം



Scanned with CamScanner

തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് യൂണിയൻ ആയിരുന്നു. 1988, ജനുവരി 20 ബുധനാഴ്ച ദിവസമായിരുന്നു ആ ഉദ്ഘാടനം നിർവഹിച്ചത്.

ശേഖരിച്ച ഭാരതീയ പൈതൃകവിജ്ഞാനങ്ങളുടെ ഒരു സമാഹാരമുണ്ടാക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അങ്ങനെയൊരു ഗ്രന്ഥം ആരുമുണ്ടാക്കിയിട്ടില്ല. ദി ബുക് ഓഫ് ദ ഓറിയന്റൽസ് എന്ന പേരോടുകൂടി മാക്സ് മുള്ളർ എഴുതിയ അതിബൃഹത്തായ 47 പുസ്തകങ്ങൾ മാത്രമേ നിലവിലുള്ളൂ. നിരന്തരം പുസ്തകങ്ങൾ വായിച്ചും ചർച്ച ചെയ്തും ലഭിച്ച അറിവുകളാണ്, ഈ പുസ്തകത്തിലുണ്ടാകണമെന്നാഗ്രഹിച്ചത്. 300 പ്രിന്റഡ് പേജുകൾ വരുന്നത് എന്ന ലക്ഷ്യമാണെന്റെ പുസ്തകത്തിനുള്ളത്. അങ്ങിനെ ഒരു പുസ്തകത്തിന്റെ എഴുത്ത് ആരംഭിച്ചത് 1988 ജനുവരി 23 നായിരുന്നു. ഒന്നാമത്തെ പേജ് എഴുതിതീർന്ന ദിവസം എന്റെ ഭാര്യാ പിതാവ് മരിച്ചു എന്നറിയിപ്പു ലഭിച്ചു. മദ്രാസിലേയ്ക്ക് 23 ന് യാത്ര തിരിക്കേണ്ടിവന്നു. എങ്കിലും തിരിച്ചു വന്ന് ഈ പുസ്തകത്തിന്റെ എഴുത്തു തുടർന്നു. ശ്രേഷ്ഠരായ വേദപണ്ഡിതർപോലും ഭാരതീയ ഗ്രന്ഥങ്ങളുടെ ക്രമീകരണത്തെക്കുറിച്ച് കാര്യമായ ജ്ഞാനമില്ലാത്തവരായിരുന്നു എന്നറിഞ്ഞത് ഈ ശ്രമത്തിനിടയിലാണ്. ഭാര്യാപിതാവിന്റെ അന്ത്യകർമ്മം ചെയ്ത് ഒരാഴ്ച അവിടെ തങ്ങേണ്ടി വന്നസമയത്തെല്ലാം ഈ പുസ്തകത്തിന്നാവശ്യമായ പ്രധാനപ്പെട്ട അറിവുകൾ ശേഖരിച്ചുകൊണ്ടേയിരുന്നു.

'മാതൃഭൂമിക്കു' വേണ്ടി വനപർവ്വം എന്ന ലേഖനം എഴുതാനുള്ള ഉത്തരവാദിത്വവും, എന്റെ ലാബറട്ടറിയുടെ ന്യൂസ് ലെറ്ററിന്റെ എഡിറ്റർ സ്ഥാനവും, ഒരു ലേഖകൻ എന്ന നിലയിൽ പല സോവനീറുകൾക്കും ലേഖനങ്ങൾ എഴുതാനുള്ള ഭാഗ്യവും, വിവേകാനന്ദജയന്തി, ദേശീയ ശാസ്ത്രദിനം, അദ്ധ്യാപക ദിനം, അരവിന്ദജയന്തി എന്നിങ്ങനെ അനവധി പരിപാടികളുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വങ്ങളും ജീവിതത്തിൽ നൂതനമായ ഒരു മണ്ഡലത്തിലേക്ക് ആഴ്ന്നിറങ്ങലായിത്തീർന്നുകൊണ്ടിരുന്നു. ഇക്കാലയളവിൽ കേരളജനതയ്ക്ക് നൂതനങ്ങളായ പൈതൃക ആശയം വിളമ്പിയിരുന്നത് രാമാനന്ദസാഗറിന്റെ രാമായണമായിരുന്നു. ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്ത രാമായണത്തിന്റെ ഓരോ സന്ദേശവും ധർമ്മബോധത്തിന്റെ വ്യാഖ്യാനമായിരുന്നു. എന്റെ ക്ലാസുകളിലും പ്രഭാഷണങ്ങളിലും അതിലെ ആശയങ്ങൾ നിറഞ്ഞിരുന്നു. സമകാലീന പ്രസക്തങ്ങളായ എല്ലാം ഞാൻ പ്രഭാഷണങ്ങളിലുൾപ്പെടുത്തിയിരുന്നു.

**ഒരു തുണ്ടു ഭൂമിയുടെ ഉടമയായി**

ഓരോ ദിവസവും മുന്നോട്ടുള്ള യാത്ര എന്നതുകൊണ്ടുതന്നെ



Scanned with CamScanner

ലഭ്യമായ ശമ്പളത്തിൽ നിന്ന് ചിലവ് കഴിഞ്ഞുള്ള തുകയും, കഴുത്തിലെ മാല പണയം വച്ചും ചെറിയ ഒരു സംഖ്യ പിഎഫിൽ നിന്നെടുത്തും പാപ്പനംകോട്, ഒരു മൂലയിൽ 8 സെന്റ് സ്ഥലം വാങ്ങാനുള്ള അഡ്വാൻസ് 15,000 രൂപ 1988 മാർച്ച് 14നു കൊടുത്തു. സർക്കാർ നോട്ടിഫിക്കേഷനുള്ള ഭൂമിയായതുകൊണ്ട് തുച്ഛമായ വിലയ്ക്ക് ലഭിക്കുമെന്ന് അറിഞ്ഞ്, വരാൻ സാധ്യതയുള്ള എല്ലാ പ്രശ്നങ്ങളും അഭിമുഖീകരിക്കാൻ തയ്യാറായികൊണ്ടുതന്നെ ഞാൻ ഇന്നു താമസിക്കുന്ന സ്ഥലം വാങ്ങി. എന്റെ ഓഫീസിൽ പ്രവർത്തിച്ചിരുന്ന ശ്രീ അച്യുതൻ എന്ന ഒരു സുഹൃത്തായിരുന്നു എനിക്ക് ഈ സ്ഥലം വാങ്ങിക്കാനുള്ള എല്ലാ ഒത്താശയും ചെയ്തു സഹായിച്ചത്. ഈ പുരയിടത്തിൽ കാലുകുത്തുമ്പോഴെല്ലാം ശ്രീ അച്യുതനെ ഓർമ്മിക്കാറുണ്ട്. സിടിപി -2 ഠൗൺ പ്ലാനിംഗ് എന്ന പേരിൽ 30 വർഷങ്ങൾക്കുമുമ്പ് നോട്ടിഫൈ ചെയ്തിട്ടുള്ള പുരയിടത്തിൽ വീടുവെയ്ക്കാൻ ഏകദേശം ഏഴുമാസം ഞാൻ സർക്കാർ ആഫീസുകൾ കയറിയിറങ്ങി. പിഎച്.ഡിക്കുവേണ്ടി കേരള യൂണിവേഴ്സിറ്റിയിൽ കയറിയിറങ്ങിയതുപോലെയൊരു ചരിത്രം, തിരുവനന്തപുരം ഡെവലപ്മെന്റ് അതോറിറ്റി ട്രിഡ, ചീഫ് ഠൗൺ പ്ലാനിംഗ് ഓഫീസ്, പഞ്ചായത്ത് വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ ആസ്ഥാനം, വില്ലേജ് ആഫീസ്, പഞ്ചായത്ത് ആഫീസ് ഇവിടങ്ങളിലേക്കൊരു തീർത്ഥയാത്രയായിരുന്നു എന്റെ വീടുപണിക്കനുവാദം ലഭിക്കാനായി ഞാൻ ചെയ്തത്. ആ കഥയുടെ അവസാനത്തിൽ എനിക്ക് ഏകദേശം 8 സെന്റ് സ്ഥലം 32,000 രൂപയ്ക്ക്, പാപ്പനംകോട് ജംഗ്ഷനു സമീപം കരമനയാറിലേക്ക് പോകുന്ന വഴിക്ക് ലഭിച്ചു. എന്റെ കുടുംബത്തിന് അൽപം പോലും ഇഷ്ടമായിരുന്നില്ല എങ്കിലും, സാമ്പത്തികാവസ്ഥയുടെ അടിസ്ഥാനത്തിൽ ഇതിലപ്പുറം എനിക്ക് ചിന്തിക്കാൻ സാധിക്കുമായിരുന്നില്ല.

അതിനൂതനമായ വിഷയത്തിൽ ഗവേഷണം നടത്തി അതിലുള്ള പ്രബന്ധങ്ങൾ ദേശീയവും അന്തർദേശീയവുമായി ശാസ്ത്ര ജേർണലുകളിൽ പ്രസിദ്ധീകരിച്ച്, സാമാന്യം അറിയപ്പെടുന്ന റിസർച്ച് വർക്ക് ചെയ്ത് അഞ്ച് വർഷം കഴിഞ്ഞപ്പോൾ സി.എസ്.ഐ.ആർ നിയമപ്രകാരം എന്നെ അടുത്ത പ്രമോഷന്, സയിന്റിസ്റ്റ് – സി ഗ്രേഡിലേയ്ക്ക് 1988 മേയ് 5-ാം തീയതി ഇന്റർവ്യൂ നടത്തി. എന്റെ പ്രോജക്ട് ലീഡർ എന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് മോശമായിട്ടാണ് എഴുതിയിരിക്കുന്നത് എന്നെനിക്കറിയാമായിരുന്നു, എങ്കിലും ഡോ. എ.ഡി. ദാമോദരൻ, ഡയറക്ടർ വളരെ നല്ല പ്രോത്സാഹനം നൽകിയിരുന്നു. പല നൂതനമായ കാര്യങ്ങൾ ലാബറട്ടറിയിൽ പ്രാവർത്തികമാക്കുമ്പോഴും എന്നോട് അഭിപ്രായം ചോദിച്ചിരുന്നു. സമയബന്ധിതമായി പലകാര്യ

ങ്ങളും പ്രവൃത്തിപഥത്തിലെത്തിക്കാൻ എനിക്കു സാധിച്ചതിൽ അദ്ദേഹത്തിന് അതിയായ സന്തോഷമുണ്ടായിരുന്നു. അദ്ദേഹവും ഒരു പൊതുപ്രവർത്തകനായിരുന്നതിനാൽ പൊതുപ്രവർത്തനങ്ങളുടെ മഹത്വം അദ്ദേഹം അംഗീകരിച്ചിരുന്നു. അതുകൊണ്ടുതന്നെ എന്റെ നൂതനാശയങ്ങളെ അദ്ദേഹം വളരെയേറെ അഭിനന്ദിച്ചിരുന്നു.

## ലാബറട്ടറിയിൽ ആദ്യത്തെ പ്രമോഷൻ

ഇന്റർവ്യൂവിൽ വളരെയേറെ ചോദ്യങ്ങൾ ചോദിക്കുകയും ഒന്നു രണ്ടു ചോദ്യങ്ങളൊഴികെ ബാക്കിയെല്ലാത്തിനും വ്യക്തമായ മറുപടി നൽകുകയും ചെയ്തതിനാൽ അടുത്ത ദിവസം മേയ് 6-ാം തീയതി തന്നെ ഡയറക്ടർ എന്നെ വിളിച്ച് പ്രൊമോഷൻ ലഭിച്ചതിന് അഭിനന്ദിച്ചു. ഈ അഭിനന്ദനം കിട്ടിയ ദിവസം തന്നെയായിരുന്നു തിരുവനന്തപുരം ഡവലപ്മെന്റ് അതോറിറ്റിയുടെ പകുതി പ്രശ്നങ്ങൾ പരിഹരിച്ച് ഞാൻ എന്റെ വീടിന്റെ പ്ലാൻ സമർപ്പിച്ചതും. കരമനയിലേയ്ക്ക് മാറി താമസിച്ചെങ്കിലും താമസിക്കുന്ന ഈ വീടിന്റെ പരിസരത്തും മാസത്തിലൊരിക്കലെങ്കിലും ആർ.എസ്.എസ്. - മാർക്സിസ്റ്റ് സംഘട്ടനങ്ങൾ പതിവായിരുന്നു. ഭീകരമായ അവസ്ഥയിലെത്തുമ്പോൾ ആ പ്രദേശത്തുള്ളവർ അവിടെ നിന്നും കുടിയൊഴിഞ്ഞു പോകുന്ന കൂട്ടത്തിൽ ഇപ്രാവശ്യം ഏകദേശം ഒരു ആഴ്ചയോളം എന്റെ കുടുംബത്തിനും മാറിത്താമസിക്കേണ്ടതായി വന്നത്, സുരക്ഷിതത്വത്തെക്കുറിച്ച് പോലീസ് വ്യക്തിപരമായി എന്നോട് നിർബന്ധിച്ചു നിർദ്ദേശിച്ചതുകൊണ്ടാണ്.

ജൂലൈ 11 ന് (1988) വളരെ നല്ലരീതിയിൽ ആൾ ഇന്ത്യാ റേഡിയോ എന്റെ പ്രഭാഷണം ബ്രോഡ്കാസ്റ്റ് ചെയ്യുകയും കുറേയധികം പ്രോഗ്രാമുകൾ റിക്കാർഡു ചെയ്യുകയുമുണ്ടായി. ഇതേദിവസമാണ് തിരുവനന്തപുരത്ത് തീർത്ഥപാദമണ്ഡപത്തിൽ ഞാൻ ആദ്യമായി പ്രഭാഷണം നടത്തിയതും. ഇതേദിവസം ഭാഗ്യവശാൽ എന്റെ വീടിന്റെ പ്ലാൻ ചീഫ് ടൗൺപ്ലാനിംഗ് ഓഫീസർ അംഗീകരിച്ച്, ഗവൺമെന്റിന്റെ സ്പെഷ്യൽ പെർമിഷനുവിട്ടു. മിനിസ്റ്ററുടെ പെർമിഷനും ആഗസ്റ്റ് 2 ന്, എല്ലാ പടവുകളും കയറിയിറങ്ങിയതിനുശേഷം ലഭിച്ചു.

ഇത്രയും കാലത്തെ അനുഭവങ്ങളെല്ലാം സംഭരിച്ച് ഒരേദിവസം മൂന്നു നീണ്ട പ്രഭാഷണങ്ങൾ, ചെങ്ങന്നൂർ, കോട്ടയം, കോഴഞ്ചേരിയിൽ തളരാതെ, വിറക്കാതെ, വിഷയങ്ങൾക്കു പരതേണ്ടിവരാതെ, വാക്കുകളിൽ പതർച്ചയുണ്ടാകാതെ, നടത്താൻ സാധിച്ചത് ജൂലൈ 25 നാണെന്നത് എന്റെ പ്രഭാഷണ ജീവിതത്തിലെ ശുഭാരംഭമായിപോലും ഇപ്പോഴെനിക്ക് തോന്നുന്നു.

സാമൂഹ്യസേവന പ്രവർത്തനങ്ങൾ എപ്രകാരം നടത്തണമെന്നും,



Scanned with CamScanner

മഹത്വമേറിയ ഉത്തരവാദിത്വങ്ങളേറ്റെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാമാണെന്നും അറിയാനായി ആഗസ്റ്റ് 6, 7, 8, തീയതികളിൽ കന്യാകുമാരിയിൽ വിവേകാനന്ദ കേന്ദ്രത്തിലെ പരിശീലന ശിബിരത്തിൽ പങ്കെടുത്തു.

എന്റെ മാതാപിതാക്കളെ കാണുവാനായി തൃപ്പൂണിത്തുറയിലേക്ക് പോകാറുണ്ട്. ഒഴിവുസമയങ്ങളിലും, ദിവസങ്ങളിലും അമ്മയുടെ മുമ്പിലും അച്ഛന്റെ മുമ്പിലുമിരിക്കുമ്പോൾ ലഭിക്കുന്ന ആനന്ദം അനുഭവിച്ചറിയാൻ എനിക്കുഭാഗ്യം ലഭിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറയിലെത്തുമ്പോഴെല്ലാം എന്റെ ജ്യേഷ്ഠൻ ശ്രീനിവാസനുമായി സായാഹ്നയാത്രയും ക്ഷേത്രദർശനവും പതിവുണ്ടായിരുന്നു. ക്ഷേത്രങ്ങളിലേക്കുള്ള യാത്രാവേളയിൽ എന്റെ ഓരോ കുറവും, മഹത്വവും, ചെയ്യുന്ന പ്രവർത്തിയിലെ നന്മതിന്മകളും, ഉപയോഗിക്കുന്ന വാക്കുകളുടെ കുറ്റവും കുറവും അതിന്റെ മാസ്മരീകതയും വിശകലനം ചെയ്ത് എന്നെ വലിയവനാക്കാൻ ഏറ്റവും അധികം കൊതിച്ചിരുന്നത് ചേട്ടനായിരുന്നു. എല്ലാക്കാര്യങ്ങൾക്കും സുഹൃത്തിനെപ്പോലെ മാർഗനിർദ്ദേശം നൽകിയിരുന്നതും എന്റെ ജ്യേഷ്ഠനാണ്. നിരന്തരമുള്ള, തൃപ്പൂണിത്തുറ യാത്രയിൽ സെപ്റ്റംബർ 30 ന് ഞാൻ കണ്ടത് വേദനാജനകമായ കാഴ്ചയായിരുന്നു. അച്ഛന്റെ മൂക്കിലൂടെ ധാരധാരയായി രക്തമൊഴുകുന്നു. ഇത് ഓരോ ദിവസവും തുടർന്ന് മാസങ്ങളോളം നിലനിന്നു. രക്തവും, സിറിഞ്ചും, കത്രികയും കണ്ടാൽ ഭയപ്പെടുന്ന അച്ഛന്റെയടുത്തേക്ക് ഒരു ഡോക്ടർ വന്നാൽപോലും അച്ഛനു ഭയമായിരുന്നു. അച്ഛന്റെ ഈ അവസ്ഥ എന്നെ വല്ലാതെ വേദനിപ്പിച്ചുകൊണ്ടുമിരുന്നു. ഇടക്ക് അമ്മയോടും അച്ഛനോടും ഞാൻ ചെയ്യുന്ന കാര്യങ്ങളെല്ലാം പറഞ്ഞ് അവരുടെ അനുഗ്രഹം സ്വീകരിക്കുമായിരുന്നു.

ഒരു യാത്ര 1988 ഒക്ടോബർ 19-ാം തീയതി നടത്തി മാതാപിതാക്കളെ നമസ്കരിച്ച്, തിരുവനന്തപുരത്ത് വീട് വെയ്ക്കുന്നതിന്റെ ആരംഭം കുറിക്കുകയാണെന്നറിയിച്ചു. 20-ാം തീയതി തന്നെ വീടിന്റെ അടിത്തറയ്ക്കുള്ള ജോലികളെല്ലാം ആരംഭിച്ചു. വിസ്തൃതമായ ഈ പ്രദേശത്ത് വൈദ്യുതിയും വെള്ളവുമെത്താനിടയില്ലാത്തതിനാലും ഒറ്റപ്പെട്ട ഒന്നു രണ്ടു ഓടിട്ട വീടുകൾ മാത്രമുള്ളതിനാലും വീടിന്റെ അടിത്തറ കെട്ടിയത് വളരെ ഭയത്തോടെയായിരുന്നു. 20-ാം തീയതി വീടു തറക്കല്ലിടൽ നടന്ന ദിവസം തന്നെ ഡയറക്ടർ എന്നെ വിളിച്ച് താൽക്കാലികമായി പ്രോജക്ട് ലീഡർ എന്ന സ്ഥാനവും നൽകി. രണ്ടു ശുഭകാര്യങ്ങൾ നടന്ന സംതൃപ്തിയായിരുന്നു 20-ാം തീയതി. 25-ാം തീയതിയോടുകൂടി വീടിന്റെ ബേസ്മെന്റ് ഫൗണ്ടേഷൻ ജോലിയെല്ലാം തീരുകയും ചെയ്തു. അടുത്ത ദിവസം ഇതാഘോഷിക്കാനായി വൈശാലി എന്ന സിനിമ കുടുംബസമേതം കണ്ടു. ഡിസംബർ 16, 17 തീയതികളിൽ കിണർ



Scanned with CamScanner

കുഴിയും കഴിഞ്ഞപ്പോൾ വീടുപണിയുടെ ആരംഭം കുറിച്ചു. ഞങ്ങൾ അഞ്ചു സഹോദരന്മാരും തൃപ്പൂണിത്തുറയിൽ എതാനും ദിവസം ഒത്തു കൂടി ആഘോഷിച്ചു.

പുതിയതായി പിഎച്ച്.ഡിക്ക് രജിസ്റ്റർ ചെയ്ത ആർ.ആർ.എല്ലിലെ വിദ്യാർത്ഥികളെല്ലാം ഇന്റേണൽ പരീക്ഷയെഴുതണമെന്ന നിയമം ഡയറക്ടർ എ.ഡി.ഡി. നടപ്പിലാക്കി. ഈ വിദ്യാർത്ഥികൾക്കായിട്ടുള്ള സിലബസ് തയ്യാറാക്കാനും അവർക്ക് ക്ലാസെടുക്കാനുള്ള ക്രമീകരണങ്ങളും പരീക്ഷയെഴുതുന്നതിനുള്ള സംവിധാനങ്ങളുമെല്ലാം നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഡയറക്ടർ എന്നെ ഏൽപ്പിച്ചപ്പോൾ എന്റെ പിഎച്ച്.ഡി അനുഭവങ്ങളെല്ലാം ഞാനോർമ്മിച്ചുകൊണ്ടേയിരുന്നു.

## പ്രഭാഷണങ്ങളും പ്രസിദ്ധീകരണങ്ങളും പ്രവർത്തനങ്ങളും

ഭാരതീയ പൈതൃകത്തെക്കുറിച്ച് തൃശ്ശൂർ സംഗീതനാടക അക്കാദമിഹാളിൽ 1989 ജനുവരി 7 ന് സംഘടിപ്പിച്ച സെമിനാറിൽ ഞാൻ ചെയ്ത പ്രസംഗം ശ്രദ്ധേയമായതായി എന്ന് സംഘാടകർ പറഞ്ഞു. ചില പ്രസാധകർ ചില പ്രത്യേക പുസ്തകങ്ങൾ തയ്യാറാക്കണമെന്നഭ്യർത്ഥിച്ച് വീട്ടിൽ വന്നിരുന്നു. ജെ.സി. ബോസിനെക്കുറിച്ചും മറ്റു ഭാരതീയ ശാസ്ത്രജ്ഞന്മാരുടെ ജീവിത ചരിത്രവും നേട്ടങ്ങളും എഴുതണമെന്നായിരുന്നു അവർ പറഞ്ഞത്. ജനുവരി 12 മുതൽ പത്തുദിവസം ഭാര്യാപിതാവിന്റെ ദേഹവിയോഗത്തിന്റെ ഒന്നാം വാർഷികമാചരിക്കാൻ മദ്രാസിൽ ചിലവഴിച്ച സമയത്ത് ഈ പുസ്തകങ്ങളെഴുതാനാവശ്യമായ കുറെ റഫറൻസും അറിവുകളും ശേഖരിച്ചു. കൂട്ടത്തിൽ കേന്ദ്രസർക്കാർ ഒരു ശാസ്ത്രജ്ഞന് എൻ.സി.എസ്.ടി.സി ഫെല്ലോഷിപ്പ് നൽകാൻ സാധ്യതയുള്ളതായറിഞ്ഞു. ആ ഫെല്ലോഷിപ്പ് പ്രകാരം ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ രണ്ടാഴ്ച ട്രെയിനിംഗ് സൗകര്യമുണ്ടെന്ന് അറിയിച്ചിരുന്നു. അതിനായി ഒരനുവാദ കത്തും വേണ്ടിയിരുന്നതിനാൽ മദ്രാസിലെ അണ്ണാശാലയിലെ ഹിന്ദു ദിനപത്രത്തിൽ അപേക്ഷ കൊടുത്തു. ഭാഗ്യവശാൽ ഒരു വിഷമവുമില്ലാതെ അവർ അനുവാദം നൽകുകയും ചെയ്തു. ഈ കത്തും എന്റെ അപേക്ഷയും എൻ.സി.എസ്.ടിസിക്ക്, തിരുവനന്തപുരത്ത് വന്നതിനുശേഷം, എന്റെ ഡയറക്ടറുടെ റെക്കമെന്റേഷനോടു ചേർത്ത് ഞാനയച്ചു.

ഇതിനിടക്ക് ഭാരതവൽക്കരണം ശാസ്ത്രമണ്ഡലത്തിൽ എന്ന ഒരു ചെറിയ പുസ്തകമെഴുതി ഭാരതീയ വിചാരകേന്ദ്രം ഡയറക്ടറായ ശ്രീ പരമേശ്വർജിയെ ഏൽപ്പിച്ചു. പിന്നീട് അതിനെക്കുറിച്ചൊന്നും അറിയാൻ സാധിച്ചില്ല. ഞാൻ ഗവേഷണം നടത്തിയ വിഷയത്തിൽ കേരള ശാസ്ത്ര കോൺഗ്രസിൽ പ്രബന്ധമവതരിപ്പിക്കാൻ കൊച്ചിൻ യൂണിവേഴ്സിറ്റിയി



Scanned with CamScanner

ലേയ്ക്ക് പോയി, 1989 ഫെബ്രുവരി 12 ന് അത് സമർപ്പിക്കുകയും ചെയ്തു. എല്ലാവർഷവും മൂന്നും നാലും ഗവേഷണ പ്രബന്ധങ്ങൾ എഴുതി ദേശ വിദേശങ്ങളിലുള്ള ശാസ്ത്രജേർണലുകൾക്കയുക്കുവാൻ സാധിച്ചത് എന്റെ ശാസ്ത്ര മണ്ഡലത്തിലെ പ്രവർത്തനങ്ങളെ വളരെയേറെ സഹായിച്ചു. ഞാൻ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ വൻകിട വ്യവസായത്തിന് ഉപയോഗിക്കാൻവേണ്ടി ക്രമീകരിക്കുന്നതിനായി, കേരള സർക്കാരിന്റെ കോഴിക്കോടുള്ള കേരള സോപ്സ് & ഓയിൽസ് ലിമിറ്റഡുമായി ചർച്ച ചെയ്ത് പ്രാവത്തീകമാക്കി. ഇരിങ്ങാലക്കുട ചന്ദ്രിക സോപ്സിന് ഒരു സാങ്കേതിക വിദ്യ കൈമാറിയതിനുശേഷമുള്ള രണ്ടാമത്തെ വലിയ നേട്ടം! വ്യാവസായിക ഉപയോഗത്തിനു നൽകാനുള്ള രേഖ തയ്യാറാക്കുന്ന ചർച്ചയും രണ്ടുദിവസങ്ങളായി നടന്നു.

**ഡോ. പോൾ വടക്കഞ്ചേരിയുമായി...**

ഫെബ്രുവരി 25 മുതൽ 28 വരെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടന്ന കേരള സയൻസ് കോൺഗ്രസിൽ പങ്കെടുത്ത് മടങ്ങുന്നവഴി, യൂണിവേഴ്സിറ്റിയിൽ നിന്നു കളമശ്ശേരിയിലേയ്ക്ക് വരവെ ഒരു ലിഫ്റ്റിനായി കാറിന് ഞാൻ കൈകാണിച്ചു. യൂണിവേഴ്സിറ്റിയിൽ നിന്ന് കളമശ്ശേരിവരെ നടക്കുന്നത് ഏറെ ശ്രമകരമായതിനാൽ ഒരു കാറിന് ഞാൻ കൈ കാണിച്ചു. അത് ഡോ. വടക്കഞ്ചേരിയായിരുന്നു! അദ്ദേഹം എന്നെ വണ്ടിയിൽ കയറ്റി സാവധാനത്തിൽ ഡ്രൈവ് ചെയ്ത് എന്റെ കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു, പേരുമാത്രം ഞാൻ പറഞ്ഞില്ല.

കളമശ്ശേരിയിലിറങ്ങിയപ്പോൾ അദ്ദേഹം എന്നെ അടുത്തുള്ള ഹോട്ടലിൽ ചായയ്ക്ക് ക്ഷണിച്ചു. ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു. “ഏതാണ്ട് ഒരു പത്തുവർഷങ്ങൾക്കു മുമ്പ് ഒരു തൃപ്പൂണിത്തുറക്കാരൻ ഗോപാലകൃഷ്ണൻ എന്നെ പറ്റിച്ചു. അയാൾ ഇപ്പോൾ എന്റെ കൂടെയുണ്ടായിരുന്നെങ്കിൽ അയാളുടെ കെമിസ്ട്രി നോളജ് ഇന്റർനാഷണൽ ലെവലിലാകുമായിരുന്നു. അയാൾ ഹൈദരാബാദിലേയ്ക്ക് പോയി. ഏതോ ഒരു യൂസ്‌ലെസ് സബ്ജക്റ്റിലാണ് അയാൾ വർക്ക് ചെയ്തത്. ഇപ്പോൾ അയാൾ പിഎച്.ഡി എടുത്തിട്ടുണ്ടാകും. അയാളൊരു ചീറ്റാണ്. ഹൈദരാബാദിലെ ഡോ. ലക്ഷ്മീനാരായണയേയും, കൈമൾ എന്നൊരാളെയുമൊക്കെ എനിക്കറിയാം. അവർക്ക് കെമിസ്ട്രിയിലൊരു പിടുത്തവുമില്ല. ആ ഗോപാലകൃഷ്ണൻ എന്നൊരാളെ കാണുകയാണെങ്കിൽ ഞാനിതൊക്കെ പറഞ്ഞു എന്നും പറഞ്ഞേക്ക്. എന്റെ കൂടെ പിഎച്.ഡി എടുത്തിരുന്നെങ്കിൽ അയാൾ ഇന്ന് അമേരിക്കയിലായിരുന്നേനേ!.” മുഖഭാവം വ്യത്യാസപ്പെടുത്താതെ ഞാൻ ചോദിച്ചു “സാറിന്റെകൂടെ പിഎച്.ഡി എടുക്കാൻ ചേർന്ന എത്ര



Scanned with CamScanner

പേർക്ക് പിഎച്ച്.ഡി കിട്ടി സാർ." ഒരു വികാരവുമില്ലാതെ അദ്ദേഹം മറുപടി പറഞ്ഞു "ആർക്കും വർക്ക് ചെയ്യാൻ ഒരു താല്പര്യവുമില്ല. ഞാൻ കൊടുക്കുന്ന സബ്ജക്ട് ഹാർഡാണ്. ലോകത്തിലെ ടോപ് സബ്ജറ്റ്. അതിൽ വർക്കു ചെയ്താൽ പിഎച്ച്.ഡി. കിട്ടാൻ വൈകും, അതിനു ക്ഷമവേണം, ഹാർഡ്‌വർക്കുവേണം. അതിനു വയ്യാത്തവരൊക്കെ പോയി." ഇതു വരെ സാറിന്റെ ഗൈഡൻസിൽ എത്രപേർക്ക് പിഎച്. ഡി. കിട്ടിയിട്ടുണ്ട് ഞാൻ ചോദിച്ചു. "ഫ്യൂ ആർ. പ്രിപ്പയറിംഗ് ദെയർ തീസീസ്" എന്നദ്ദേഹം പറഞ്ഞു.

ചായകുടിച്ചിറങ്ങി, അദ്ദേഹം തന്റെ പഴയ ഫിയറ്റിൽ കയറി സ്റ്റാർട്ടാക്കിയപ്പോൾ ഞാൻ പറഞ്ഞു "സാർ ഞാൻ തന്നെയാണ് ആ ഗോപാലകൃഷ്ണൻ." ഒന്നും പറയാതെ കാർ സ്റ്റാർട്ടാക്കി ദേഷ്യഭാവത്തിൽ അദ്ദേഹം വിട്ടുപോയി. ഞാനീശ്വരനോടു പ്രാർത്ഥിച്ചു. ഈശ്വരാ! ഇദ്ദേഹത്തിന്റെ കൂടെ പിഎച്.ഡി ചെയ്തിരുന്നെങ്കിൽ എന്റെ ഗതി എന്താകുമായിരുന്നു! അവിടെനിന്നും തൃപ്പൂണിത്തുറ വന്ന്, ഞാൻ പണിയാൻ പോകുന്ന വീടിന്റെ ജനലും കതകും എല്ലാം (ചമ്പക്കര) വർഗ്ഗീസെന്ന വ്യക്തിക്ക് കോൺട്രാക്ട് കൊടുത്ത് അഡ്വാൻസും കൊടുത്ത്, അച്ഛനമ്മമാരുടെ (വീടു പണിക്കുള്ള) അനുഗ്രഹവും വാങ്ങി ഞാൻ വീണ്ടും മടക്കയാത്രയാരംഭിച്ചു.

കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പ്രബന്ധാവതരണത്തിനു വന്ന യുവശാസ്ത്രജ്ഞന്മാരിൽ ദൂരദർശനിൽ വാർത്തയവതരിപ്പിച്ചിരുന്ന സെസ്സിലെ ശാസ്ത്രജ്ഞൻ സന്തോഷുമുണ്ടായിരുന്നു. അന്ന് ഒരു ടിവി ചാനൽ മാത്രമുണ്ടായിരുന്നതിനാലും എറെ ആകർഷകമായ രീതിയിൽ വാർത്ത അവതരിപ്പിച്ചിരുന്നതിനാലും സെമിനാർ സ്ഥലത്ത് സന്തോഷിന്റെ കൂടെ നിന്ന് സംസാരിക്കാനും ഫോട്ടോ എടുക്കാനും ധാരാളം വ്യക്തികൾക്ക് താൽപര്യമുണ്ടായിരുന്നു. അന്നാണ് എന്റെ മനസ്സിൽ ടിവി എന്ന മാധ്യമത്തിന്റെ പ്രത്യേകതയറിയാൻ സാധിച്ചതും, ടിവിയിലും പരിപാടികളവതരിപ്പിക്കാനുള്ള ശ്രമം ആരംഭിക്കണമെന്നും തോന്നിയത്.

മുന്നുദിവസവും ഈ സെമിനാറിൽ പങ്കെടുത്തതിൽ നിന്ന് ധാരാളം കാര്യങ്ങൾ അറിയാൻ സാധിച്ചു. പ്രത്യേകിച്ചും ശാസ്ത്രമണ്ഡലത്തിൽ നടമാടുന്ന സ്വാർത്ഥതാല്പര്യം, അഹങ്കാരം, സ്വജനപക്ഷപാതം, അധാർമ്മീകത, തെറ്റായ ഗവേഷണഫലങ്ങൾ അവതരിപ്പിക്കൽ, വളരെ ചെറിയ കാര്യങ്ങൾപോലും ഊതിവീർപ്പിച്ച് വലുതാക്കി കാണിക്കൽ, തന്റെ ഗവേഷണം ലോകത്തിൽ ആരും ചെയ്യാത്തതാണെന്ന വീരവാദം മുഴക്കൽ, തുടങ്ങി അനവധി ശാസ്ത്രകള്ളത്തരങ്ങൾ മനസ്സിലാക്കാനവസരം ലഭിച്ചതിവിടെവെച്ചാണ്. കേരളത്തിലെ അറിയപ്പെടുന്ന ഒരു ശാസ്ത്രജ്ഞനായിരുന്ന ഡോ. ബാലകൃഷ്ണൻനായരുടെയെല്ലാം കൃത്രിമമായ



Scanned with CamScanner

വികാരം പ്രകടിപ്പിച്ചുള്ള പ്രഭാഷണങ്ങൾ കേട്ടപ്പോൾ ബഹുമാനത്തിനു പകരം ശാസ്ത്രജ്ഞന്മാരോട് അവജ്ഞയാണ് തോന്നിയത്. 'സത്യാന്വേഷണത്തിന്റെ മാർഗ്ഗമാണ് ശാസ്ത്രമെന്നു' പറയുന്ന പലരുടെയും മനസ്സിൽ എന്താണുള്ളതെന്നറിയാൻ ഒരു വിഷമവുമില്ല. അവരിൽ സബ്ജക്ടുമില്ല, ഉള്ളതവതരിപ്പിക്കാനുള്ള കഴുവുമില്ല, ഇല്ലാത്തതുണ്ടെന്നു കാണിച്ച് അധികാരത്തിൽ കടിച്ചുതൂങ്ങുകയോ കൂടുതൽ അധികാരത്തിനായി പരക്കം പായുകയോ ആണ് 'പ്രഗത്ഭ ശാസ്ത്രജ്ഞന്മാരുടെ' പൊളിറ്റിക്ക്സ് എന്നു മനസ്സിലായത് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടന്ന കേരള സയൻസ് കോൺഗ്രസ് കഴിഞ്ഞപ്പോഴാണ്.

1989 ഏപ്രിൽ 9 ന് എനിക്ക് വീണ്ടും എറണാകുളത്തേക്കു പോകേണ്ടതായിവന്നു. ബോൾഗാട്ടി പാലസിൽ സ്പൈസസ് ബോർഡിന്റെ എക്സിബിഷനു വേണ്ടിയായിരുന്നുയാത്ര. മൂന്നു ദിവസത്തെ എക്സിബിഷനിൽ നിന്നും ദേശവിദേശങ്ങളിൽ നടക്കുന്ന ഗവേഷണങ്ങളെക്കുറിച്ചും, അതിൽ പങ്കെടുക്കുന്നവരെക്കുറിച്ചും, വന്നവരിൽ നിന്ന് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു.

### ഒരു ചരിത്രപഠന യാത്ര

മടങ്ങിവന്ന് ഏതാനും ദിവസം കഴിഞ്ഞപ്പോൾ സി.എസ്.ഐ.ആർ. ഡയറക്ടർ ജനറൽ ഡോ. വരദരാജന്റെ പത്നി ഡോ. ലോലിത വരദരാജൻ കേരള സന്ദർശനത്തിനായി വരുന്നു എന്നെന്നെ ഡയറക്ടർ അറിയിച്ചു. അവർ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ ചരിത്ര പ്രൊഫസറായിരുന്നു. അവർ, ചേര-ചോള-പല്ലവ രാജാക്കന്മാരെക്കുറിച്ചും, ബുദ്ധ-ജൈന മതാനുയായികളെക്കുറിച്ചും പഠനം നടത്താനായി അഞ്ചുദിവസം കേരളത്തിലുണ്ടായിരിക്കുമെന്നറിയിപ്പുകിട്ടി. അഞ്ചു ദിവസവും കേരളത്തിനകത്തും പുറത്തുമുള്ള പ്രസിദ്ധങ്ങളായ പുരാവസ്തുക്കളുടെയും ക്ഷേത്രങ്ങളുടെയും, കൊട്ടാരങ്ങളുടെയുമെല്ലാം ചരിത്രപരമായ കാര്യങ്ങൾ പഠിക്കുന്നതിനായി അവരെ കൂട്ടിക്കൊണ്ടുപോകേണ്ടിവന്നു. അവരുമായി അനവധി കാര്യങ്ങൾ ചർച്ച ചെയ്യാൻ സാധിച്ചത്, ഇന്നുവരെ അജ്ഞാതമായിരുന്ന ഒരു മണ്ഡലത്തെക്കുറിച്ചുള്ള അറിവ് എനിക്കു നൽകി. ചരിത്രപരമായ ഒരു വീക്ഷണമുണ്ടാക്കാനും സാധിച്ചു.

കോഴിക്കോട് വീണ്ടും പോയി കേരള സോപ്പ്സ് & ഓയിൽസ് കമ്പനിയിലെ ശാസ്ത്രസാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യുന്നവരുടെ മികവും പഠിച്ചു. ചെറിയ രീതിയിൽ ഗവേഷണം നടത്തി വികസിപ്പിച്ച കാര്യങ്ങളും ഗവേഷണഫലവും വ്യാവസായിക തലത്തിലേക്ക് ഉൽപാദനക്ഷമത കൂട്ടുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങളുമെല്ലാം പഠിക്കാൻ സാധിക്കുക എന്നത് വളരെ വിജ്ഞാനപരവും രസ



Scanned with CamScanner

കരവുമായ അനുഭവമായിരുന്നു. കൂടാതെ ഈ അവസരങ്ങളിലെല്ലാം കോഴിക്കോട് നഗരം ചുറ്റിക്കറങ്ങി കാണാനും പരിചയക്കാരെ ഉണ്ടാക്കാനും സാധിച്ചു.

1989 ജൂൺ മാസം 2-ാം തീയതി എന്റെ മകൾ വഴുതക്കാട് ചിന്മയാമിഷനിൽ യു.കെ.ജിയിലായി. മകനെ ജൂൺ 5 ന് കരമനയിലുള്ള നഴ്സറിയിലേക്ക് പ്രവേശിപ്പിച്ചു. രണ്ടു കുഞ്ഞങ്ങളേയും സ്കൂളിൽ വിട്ടുവരുമ്പോഴുള്ള കരച്ചിലും ദുഃഖവും അനുഭവിച്ചപ്പോഴാണ് അച്ഛൻ എന്ന പദത്തിന്റെ മഹത്വം മനസ്സിലായത്. ഈ അനുഭവം എല്ലാവർക്കുമുണ്ടാകാറുണ്ടെന്ന് ഞാൻ പ്രഭാഷണത്തിൽ പറയാറുള്ളതാണ്. ജീവിതത്തിന്റെ പാച്ചിലിൽ കാലചക്രം തിരിഞ്ഞപ്പോൾ ഓർമ്മിച്ചു; എന്റെ അച്ഛനും അമ്മയും എന്നോടു കാണിച്ചിരുന്നത് ഇതേ ബന്ധമായിരുന്നില്ലേ? ആ ബന്ധത്തിന്റെ കാഠിന്യമെല്ലാം പിന്നീട് പിന്നീട് കുറഞ്ഞു. ഈ പുതിയ ബന്ധത്തിന്റെ ബന്ധനവും കാലചക്രം തിരിയുമ്പോൾ കുറയും എന്നെനിക്കറിയാമായിരുന്നു. എന്നുമെന്നും മനസ്സിൽ കൊണ്ടുനടന്ന ചിന്താധാരയാണിത്. കാലം മാറിക്കൊണ്ടിരിക്കുമ്പോൾ മനുഷ്യൻ മറക്കാത്തതായിട്ടെന്താണുള്ളത് മക്കളേ എന്ന് ഞാൻ എന്റെ മക്കളോടും ആത്മഗതമായും ചോദിച്ചുകൊണ്ടേയിരിക്കാറുണ്ട്.

## ഒറ്റപ്പാലത്തെ അന്തർദേശീയ എക്സിബിഷൻ

കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. കെ.ആർ. നാരായണൻ 1989 ജൂൺ 17 ന് ആർ.ആർ. എല്ലിൽ വന്നിരുന്നു. അദ്ദേഹത്തിന്റെ നിയോജക മണ്ഡലമായ ഒറ്റപ്പാലത്ത് ഒരു ദേശീയ എക്സിബിഷൻ സംഘടിപ്പിക്കാനായിരുന്നു അദ്ദേഹം വന്നത്. മുൻകൈ എടുക്കുന്നത് സി.എസ്.ഐ. ആർ. ആയതിനാൽ എല്ലാ ഉത്തരവാദിത്വങ്ങളും തിരുവനന്തപുരത്തെ ആർ.ആർ.എല്ലിനായിരിക്കുമെന്നറിയിക്കാനാണദ്ദേഹം വന്നത്. ആഗസ്റ്റ് 9 ന് ഈ എക്സിബിഷനെക്കുറിച്ച് പാലക്കാട് ജില്ലാകളക്ടറുമായും കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസധികാരികളുമായും തിരുവനന്തപുരത്തും പാലക്കാട്ടും നിരന്തരം ചർച്ചകൾ നടന്നു. തിരുവനന്തപുരത്ത് ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. അതുപോലെ പാലക്കാടും തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലും! അതുമുഴുവനും എന്നിലർപ്പിക്കപ്പെട്ടു എന്നത് അഭിമാനകരമായി തോന്നി. ഭാഗ്യവശാൽ ആഗസ്റ്റ് 7 ന് ലോണെടുത്ത് എനിക്ക് പുതിയ ഒരു ബജാജ് ചേതക് സ്കൂട്ടർ വാങ്ങിക്കാൻ സാധിച്ചതിനാൽ ഈ യാത്രകളും കാര്യനിർവ്വഹണവുമെല്ലാം അസാധാരണ വേഗത്തിൽ നടത്താൻ സാധിച്ചു. അടുത്ത ഇലക്ഷന് ശ്രീ. കെ.ആർ. നാരായണന് ഇത് ഉയർത്തിക്കാണിക്കാൻ ആഗ്രഹമുണ്ടായിരുന്നതിനാൽ ഇതൊരു വലിയ അന്തർദേശീയ എക്സിബിഷനാക്കി മാറ്റണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.



Scanned with CamScanner

ഓരോ കാര്യത്തിനുമുണ്ടാകാൻ സാധ്യതയുള്ള തടസ്സങ്ങൾ ശാന്തമായി അദ്ദേഹം നീക്കിക്കൊണ്ടേയിരുന്നു. അനവധി കേന്ദ്രസർക്കാർ, കേരള സർക്കാർ തദ്ദേശവകുപ്പ്, ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും പങ്കെടുക്കുന്നതായതുകൊണ്ട്ഇവരുടെയെല്ലാം പ്രോട്ടോകോൾ പാലിക്കുക എന്നത് വളരെ ശ്രമകരമായ കാര്യമായിരുന്നു. പാലക്കാടു ജില്ലാ കളക്ടർ പ്രോട്ടോകോളിന്റെ കാര്യത്തിൽ വളരെ കടുംപിടുത്തക്കാരനായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് പെട്ടെന്ന് ദേഷ്യം വന്ന് ഇറങ്ങിപ്പോകുകയോ ചില മീറ്റിംഗുകളിൽ ക്ഷണിച്ചാലും വരാതിരിക്കുകയോ, അദ്ദേഹം നടത്തേണ്ട മീറ്റിംഗുകൾ നടത്താതിരിക്കുകയോ എല്ലാം ചെയ്തപ്പോഴും ഇവരുടെയെല്ലാം യഥാർത്ഥസ്വഭാവം, അഹങ്കാരം, തലക്കനം എന്നിവയെല്ലാം നേരിട്ടു കണ്ടു മനസ്സിലാക്കാനവസരം ലഭിച്ചു. എന്തെങ്കിലും പ്രശ്നം എവിടേയെങ്കിലുമുണ്ടെന്നറിഞ്ഞാൽ അത് അടുത്ത ദിവസത്തെ സെൻസേഷൻ വിവാദ വാർത്തയായി പത്രങ്ങളിൽ വരുത്തുവാൻ മാധ്യമങ്ങൾ മത്സരിച്ചിരുന്നു. ഈ പ്രോഗ്രാം ആവിഷ്കരിക്കപ്പെട്ടതോടെ പാലക്കാടും ഒറ്റപ്പാലത്തുമായി നിരന്തരം പ്രസ് കോൺഫറൻസുകൾ നടത്താനുള്ള ഭാഗ്യവും എനിക്ക് കൈവന്നു. 1989 ആഗസ്റ്റ് 29 ന് ഇതിനായുള്ള ഒരു പ്രസ് പബ്ലിസിറ്റിയുമാരംഭിച്ചു.

ദിവസങ്ങളോളം ഒറ്റപ്പാലത്ത്, പാലപ്പുറം എൻ.എസ്.എസ്. കോളേജ് ഗ്രൗണ്ടിൽ ക്രമീകരണങ്ങൾ നടത്തുന്നതിനു നേതൃത്വം നൽകിയവരിലൊരുവനാകുവാൻ എനിക്കു സാധിച്ചു. അവിടെ നടന്ന എക്സിബിഷൻ എനിക്കു നൽകിയ അറിവിന്റെയും അനുഭവങ്ങളുടേയും ഭണ്ഡാരം വിവരണാതീതമായിരുന്നു. ഒന്നും ചെയ്യാത്തവരും ശരീരമനക്കാത്തവരുമായ പലരും എക്സിബിഷൻ തുടങ്ങിയതിനുശേഷം അതിന്റെ ക്രെഡിറ്റ് കൈയ്യിട്ടുവാരാനും, പത്രമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കാനുമെല്ലാം തലങ്ങും വിലങ്ങും നെട്ടോട്ടമോടുന്നത് കണ്ടപ്പോഴാണ് പലരുടേയും തനിനിറം വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചത്. ഇതാണ് പലരുടേയും പൊതു പ്രവർത്തനം എന്ന് ബോധ്യപ്പെട്ടു. എക്സിബിഷനു വേണ്ടി ഒന്നും ചെയ്യാത്തവർ സ്വയം 'പബ്ലിക് റിലേഷൻസ് ഓഫീസർമാരായും, സയിന്റിസ്റ്റ് ഇൻ ചാർജ്ജ് ഓഫ് എക്സിബിഷൻ' ആയുമുള്ള പേരുകൾ പത്രത്തിൽ വന്നപ്പോഴാണ് അത്ഭുതം തോന്നിയത്. ഒന്നും ചെയ്യാതെ ഒരു ഉത്തരവാദിത്വവുമേറ്റെടുക്കാതെ മാറിനിന്ന പലരും പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ പത്രക്കാരുടെ മുന്നിൽ ഡയറക്ടർമാരും, ഡയറക്ടർ ഇൻചാർജും, ചീഫ് കോർഡിനേറ്റർമാരുമെല്ലാമായപ്പോൾ രാപ്പകൽ ഇതിനുവേണ്ടി ഓടിക്കിതച്ചവരെല്ലാം പിൻനിരയിലേക്ക് തള്ളപ്പെടുന്നതായ അനുഭവങ്ങളാണുണ്ടായത്.



Scanned with CamScanner

പാലപ്പുറം കോളേജ് ഗ്രൗണ്ടിൽ എക്സിബിഷൻ കഴിഞ്ഞപ്പോൾ ഞാൻ ഒരു പുതിയ മനുഷ്യനായതായി എനിക്കനുഭവപ്പെട്ടു. ലോകപരിചയം, പൊതുജനസമ്പർക്കം, കാര്യങ്ങൾ നേടിയെടുക്കാനായി ചെയ്യേണ്ടതെല്ലാം, പത്രക്കാരുമായി ബന്ധം പുലർത്തേണ്ടത് എന്നിങ്ങനെ പലതും പഠിച്ചു. സാമ്പത്തിക അച്ചടക്കം, വലിയ കമ്പനികളിലുള്ളവരോടും പ്രൊഫസർമാരോടും, സർക്കാർ ഉദ്യോഗസ്ഥരോടുമെല്ലാം പെരുമാറേണ്ടതെങ്ങിനെയെന്നും പഠിച്ചതിൽ മുഖ്യപങ്ക്, ഏകദേശം ഒരു മാസത്തോളം നീണ്ടു നിന്ന ഈ ദേശീയ എക്സിബിഷനായിരുന്നു.

എക്സിബിഷന്റെ പരിസമാപ്തി കഴിഞ്ഞ് അതിന്റെ സാമ്പത്തിക ബാധ്യതകളുടെ കണക്കുകൾ ബോധിപ്പിച്ച്, തിരുവനന്തപുരത്തു വന്ന് ലാബറട്ടറിയിൽ ചെയ്തു തീർക്കേണ്ടതെല്ലാം ചെയ്തു തീർത്ത്, തൃപ്പൂണിത്തുറയിൽ മാതാപിതാക്കളോടും കുടുംബാംഗങ്ങളോടുമൊപ്പം ഓണവും ആഘോഷിച്ച്, ഞാനെഴുതിയ എയ്ഡ്സിനെക്കുറിച്ചൊരു ലേഖനം എന്റെ സുഹൃത്തും സഹപാഠിയുമായ മാതൃഭൂമിയിൽ പ്രവർത്തിക്കുന്ന അരുൺകുമാറിനെ ഏൽപിച്ച്, സെപ്റ്റംബർ 17 ന് ഞാൻ മദ്രാസിലേക്ക് യാത്രതിരിച്ചു.

**കേന്ദ്രസർക്കാരിന്റെ ഒന്നാമത്തെ എൻ.സി.എസ്.ടി.സി. ഫെല്ലോഷിപ്പ്**

ജേർണലിസം ഡിഗ്രിയുണ്ടായിരുന്നതുകൊണ്ടും പത്രമാധ്യമങ്ങളിൽ പലതും പ്രസിദ്ധീകരിച്ചിരുന്നതുകൊണ്ടും, കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ആദ്യത്തെ എൻ.സി.എസ്.ടി.സി ഫെല്ലോഷിപ്പിന് ഞാൻ സമർപ്പിച്ചിരുന്ന അപേക്ഷ ഒരു തടസ്സവുമില്ലാതെ അംഗീകരിച്ച്, രണ്ടാഴ്ച ഇഷ്ടമുള്ള മാധ്യമത്തിൽ പ്രവർത്തിക്കാൻ അവസരവും ലഭിച്ചു. കേന്ദ്രസർക്കാരിന്റെ ആദ്യത്തെ എൻ.സി.എസ്.ടി.സി ഫെല്ലോഷിപ്പ് നേടിയ ശാസ്ത്രജ്ഞനെന്ന ബഹുമതിയും അതോടൊപ്പം മദ്രാസിലെ ഹിന്ദുപത്രത്തിൽ പ്രവർത്തിക്കാനുള്ള സൗഭാഗ്യവും എനിക്ക് ലഭിച്ചതിനാലാണ് ഈ യാത്ര. മൈസൂർ യൂണിവേഴ്സിറ്റിയിൽ ജേർണലിസം പഠിച്ചതിന്റെ പ്രായോഗിക പരിശീലനത്തിനുള്ള യാത്ര! സയൻസ് റിപ്പോർട്ടിംഗിലാണ് ട്രെയിനിംഗ് എടുക്കേണ്ടതെന്ന് ഹിന്ദു ചീഫ് എഡിറ്റർ എന്നോടു പറഞ്ഞു. പതിനഞ്ചുദിവസം നീണ്ടു നിന്ന ഈ ട്രെയിനിംഗിന്റെ പ്രധാനഭാഗം, മദ്രാസിലുള്ള വിവിധ ഗവേഷണ ശാലകൾ, ലൈബ്രറികൾ, യൂണിവേഴ്സിറ്റി സെന്ററുകൾ, മ്യൂസിയം, ഐ.ഐ.ടി കൂടാതെ അവിടെ നടക്കുന്ന ശാസ്ത്ര സെമിനാറുകൾ ഇവയുടെയെല്ലാം റിപ്പോർട്ടു തയ്യാറാക്കി പത്രത്തിൽ പ്രസിദ്ധീകരിക്കുക എന്നതായിരുന്നു. അങ്ങിനെ മദ്രാസ് നഗരം 15 ദിവസം കൊണ്ട് കറങ്ങി, ഏതാണ്ട് 25 വലിയ വാർത്തകളും ലേഖനങ്ങളും തയ്യാറാക്കി, അതിലഞ്ചെണ്ണം പ്രസിദ്ധീകരിച്ചു. 15



Scanned with CamScanner

-ാം തീയതി എനിക്ക് ശ്രീ എൻ റാം ഹിന്ദുപത്രത്തിൽ പ്രവർത്തിച്ച തിന്റെ സർട്ടിഫിക്കറ്റും നൽകി.

ഹൈദരാബാദിലെ ചേരിയിൽ ജീവിച്ച എന്നെ ആകർഷിച്ചത് ഹിന്ദുപത്രമാപ്പീസിലെ ക്യാന്റീനിലെ ഭക്ഷ്യവിഭവങ്ങളുടെ വിലയായിരുന്നു എന്നു പറയാതെ വയ്യ. ഉഴുന്നുവട, ചായ, കാപ്പി മറ്റെല്ലാ വിഭവങ്ങൾക്കും 10 പൈസാ, ദോശ മുതലായവയ്ക്ക് 15 പൈസ, ഊണിന് 25 പൈസ. സാധിക്കാവുന്നിടത്തോളം ഞാൻ ഈ ദിവസങ്ങളിൽ ഭക്ഷിച്ചു എന്ന തമാശയായി പറയട്ടെ. അവിടത്തെ സ്റ്റാഫിന് വീട്ടിലേക്ക് പാക്കറ്റായി കൊണ്ടുപോകാനുള്ള അനുവാദമുണ്ടായിരുന്നു. പക്ഷേ എനിക്കതുണ്ടായിരുന്നില്ല, വേണ്ടിയിരുന്നുമില്ല.

ഈ സർട്ടിഫിക്കറ്റിനെക്കാൾ എനിക്ക് പ്രയോജനപ്പെട്ടത് ഓരോ ഗവേഷണശാലയിലും ഇടിച്ചുകയറി ഞാൻ ഹിന്ദു പത്രത്തിന്റെ പ്രതിനിധിയാണെന്നുപറഞ്ഞ് അവരെ ഇന്റർവ്യൂ നടത്താനുള്ള ആവേശവും, അറിവും പരിചയവും ലഭിച്ചു എന്നതാണ്. അത് ക്രോഡീകരിച്ചെഴുതാനും ഇത്രയും മഹത്തായ ഒരു പത്രത്തിൽ പ്രസിദ്ധീകരിക്കാൻ പാകത്തിന് അതിനെ എഡിറ്റ് ചെയ്യാനുമെല്ലാം പ്രത്യക്ഷത്തിൽ പഠിച്ചു. ഇതെല്ലാം വ്യക്തമായി അറിഞ്ഞത് ജേർണലിസം പഠിക്കുമ്പോഴായിരുന്നു. അതു പ്രായോഗികമായിട്ടറിഞ്ഞത് ഈ പത്രപ്രവർത്തനത്തിലൂടെയാണ്. ജീവിതകാലം മുഴുവൻ ഇതൊരു അനുഭവസമ്പത്തായി നിൽക്കുകയും ചെയ്യുമെന്നതാണ് സന്തോഷകരമായ അനുഭൂതി. ഭാരതത്തിൽ, ഒരു ശാസ്ത്രജ്ഞന് ശാസ്ത്രം ജനകീയവൽക്കരിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഒന്നാമത്തെ ഫെല്ലോഷിപ്പ് ലഭിക്കാനുള്ള ഭാഗ്യമാണെനിക്കുണ്ടായത് എന്നതിൽ വളരെ സന്തോഷം തോന്നിയിരുന്നു. പലരും അതിന് അഭിനന്ദിക്കുകയും ചെയ്തുകൊണ്ടേയിരുന്നു.

ഡൽഹിയിലെ താജ് ഹോട്ടലിൽ നടക്കുന്ന അന്താരാഷ്ട്ര സെമിനാറിൽ പങ്കെടുക്കാൻ എന്റെ ഓഫീസിൽ നിന്ന് അയയ്ക്കുന്നവരിൽ ഒരുവനാകുവാനും എനിക്കവസരം ലഭിച്ചു. 1989 നവംബർ 10 ന് ഡൽഹിയിലേക്ക് പുറപ്പെട്ടു. നവംബർ 12 ന് 11 മണിക്ക്, ഭാരതരാജധാനിയിലെത്തി 13 മുതൽ 16 വരെ സെമിനാറിൽ പങ്കെടുത്ത്, താജ്ഹോട്ടലിലെ രാജകീയത എന്താണെന്നു മനസ്സിലാക്കി. വലിയവരും ശ്രേഷ്ഠരും ദേശവിദേശങ്ങളിൽ നിന്ന് വന്നവരുമായ ഡെലിഗേറ്റ്സിന്റെ കൂടെ ഇരിക്കാനും, ഇത്തരം ഒരു സെമിനാറിൽ പങ്കെടുക്കാനുള്ള അനുഭവ പരിചയം നേടാനും ഈ സെമിനാറിലൂടെ സാധിച്ചു. എന്റെ കൂടെയുണ്ടായിരുന്നവരെല്ലാം മടങ്ങിയപ്പോഴും ഞാൻ ഡൽഹിയിലെ പല ഓഫീസുകളിലും കയറിയിറങ്ങി, കഴിയുന്നത്രയും കാൽനടയായി ഡൽഹി



Scanned with CamScanner

-ാം തീയതി എനിക്ക് ശ്രീ എൻ റാം ഹിന്ദുപത്രത്തിൽ പ്രവർത്തിച്ച തിന്റെ സർട്ടിഫിക്കറ്റും നൽകി.

ഹൈദരാബാദിലെ ചേരിയിൽ ജീവിച്ച എന്നെ ആകർഷിച്ചത് ഹിന്ദുപത്രമാപ്പീസിലെ ക്യാന്റീനിലെ ഭക്ഷ്യവിഭവങ്ങളുടെ വിലയായിരുന്നു എന്നു പറയാതെ വയ്യ. ഉഴുന്നുവട, ചായ, കാപ്പി മറ്റെല്ലാ വിഭവങ്ങൾക്കും 10 പൈസാ, ദോശ മുതലായവയ്ക്ക് 15 പൈസ, ഊണിന് 25 പൈസ. സാധിക്കാവുന്നിടത്തോളം ഞാൻ ഈ ദിവസങ്ങളിൽ ഭക്ഷിച്ചു എന്ന തമാശയായി പറയട്ടെ. അവിടത്തെ സ്റ്റാഫിന് വീട്ടിലേക്ക് പാക്കറ്റായി കൊണ്ടുപോകാനുള്ള അനുവാദമുണ്ടായിരുന്നു. പക്ഷേ എനിക്കതുണ്ടായിരുന്നില്ല, വേണ്ടിയിരുന്നുമില്ല.

ഈ സർട്ടിഫിക്കറ്റിനെക്കാൾ എനിക്ക് പ്രയോജനപ്പെട്ടത് ഓരോ ഗവേഷണശാലയിലും ഇടിച്ചുകയറി ഞാൻ ഹിന്ദു പത്രത്തിന്റെ പ്രതിനിധിയാണെന്നുപറഞ്ഞ് അവരെ ഇന്റർവ്യൂ നടത്താനുള്ള ആവേശവും, അറിവും പരിചയവും ലഭിച്ചു എന്നതാണ്. അത് ക്രോഡീകരിച്ചെഴുതാനും ഇത്രയും മഹത്തായ ഒരു പത്രത്തിൽ പ്രസിദ്ധീകരിക്കാൻ പാകത്തിന് അതിനെ എഡിറ്റ് ചെയ്യാനുമെല്ലാം പ്രത്യക്ഷത്തിൽ പഠിച്ചു. ഇതെല്ലാം വ്യക്തമായി അറിഞ്ഞത് ജേർണലിസം പഠിക്കുമ്പോഴായിരുന്നു. അതു പ്രായോഗികമായിട്ടറിഞ്ഞത് ഈ പത്രപ്രവർത്തനത്തിലൂടെയാണ്. ജീവിതകാലം മുഴുവൻ ഇതൊരു അനുഭവസമ്പത്തായി നിൽക്കുകയും ചെയ്യുമെന്നതാണ് സന്തോഷകരമായ അനുഭൂതി. ഭാരതത്തിൽ, ഒരു ശാസ്ത്രജ്ഞന് ശാസ്ത്രം ജനകീയവൽക്കരിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഒന്നാമത്തെ ഫെല്ലോഷിപ്പ് ലഭിക്കാനുള്ള ഭാഗ്യമാണെനിക്കുണ്ടായത് എന്നതിൽ വളരെ സന്തോഷം തോന്നിയിരുന്നു. പലരും അതിന് അഭിനന്ദിക്കുകയും ചെയ്തുകൊണ്ടേയിരുന്നു.

ഡൽഹിയിലെ താജ് ഹോട്ടലിൽ നടക്കുന്ന അന്താരാഷ്ട്ര സെമിനാറിൽ പങ്കെടുക്കാൻ എന്റെ ഓഫീസിൽ നിന്ന് അയയ്ക്കുന്നവരിൽ ഒരുവാനാകുവാനും എനിക്കവസരം ലഭിച്ചു. 1989 നവംബർ 10 ന് ഡൽഹിയിലേക്ക് പുറപ്പെട്ടു. നവംബർ 12 ന് 11 മണിക്ക്, ഭാരതരാജധാനിയിലെത്തി 13 മുതൽ 16 വരെ സെമിനാറിൽ പങ്കെടുത്ത്, താജ്ഹോട്ടലിലെ രാജകീയത എന്താണെന്നു മനസ്സിലാക്കി. വലിയവരും ശ്രേഷ്ഠരും ദേശവിദേശങ്ങളിൽ നിന്ന് വന്നവരുമായ ഡെലിഗേറ്റ്സിന്റെ കൂടെ ഇരിക്കാനും, ഇത്തരം ഒരു സെമിനാറിൽ പങ്കെടുക്കാനുള്ള അനുഭവ പരിചയം നേടാനും ഈ സെമിനാറിലൂടെ സാധിച്ചു. എന്റെ കൂടെയുണ്ടായിരുന്നവരെല്ലാം മടങ്ങിയപ്പോഴും ഞാൻ ഡൽഹിയിലെ പല ഓഫീസുകളിലും കയറിയിറങ്ങി, കഴിയുന്നത്രയും കാൽനടയായി ഡൽഹി

കണ്ട്, സി.എസ്.ഐ.ആറിൽ ചെന്ന് ഞങ്ങളുടെ യജമാനന്മാരെയെല്ലാം പരിചയപ്പെട്ടു. നാം മഹാന്മാരായ ശാസ്ത്രജ്ഞന്മാരെന്നു വിചാരിച്ചാദരിക്കുന്ന പലരുടെയും യഥാർത്ഥനിറം, സ്വഭാവം, കൈയ്യിലിരിപ്പ്, ശാസ്ത്രമണ്ഡലത്തിൽ പ്രവർത്തിക്കുന്നവരുടെ 'മഹത്വം' എല്ലാം നേരിട്ടു മനസ്സിലാക്കാൻ ഈ യാത്രയിൽ സാധിച്ചു. ഒരു തരത്തിൽ ഇതൊരശ്വാസമായിരുന്നു. ഇവരുടെ ഗുണവിശേഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് ഒരു കാര്യത്തിലും അപകർഷതാബോധം ഉണ്ടാകേണ്ട ആവശ്യമേയില്ല എന്ന ആത്മാഭിമാനമാണ് തോന്നിയത്. ഡൽഹിയിലെ അനുഭവ സമ്പത്തുമായി ഈ ഗവേഷണത്തിന്റേയും പഠനത്തിന്റേയും (ദശാബ്ദത്തിന്റെയും 1989) അവസാനഭാഗം ചിലവഴിച്ചത് മദ്രാസിലായിരുന്നു. ക്രിസ്മസ് വെക്കേഷനോടനുബന്ധിച്ചുള്ള യാത്രയിൽ കുടുംബാംഗങ്ങൾക്കെല്ലാം അസുഖമായിരുന്നു, എങ്കിലും യാത്രകളൊന്നും മുടങ്ങാതെ നടന്നുകൊണ്ടിരുന്നു.

## എനിക്ക് വീടുവെക്കാനനുഗ്രഹം ലഭിച്ചു!

ഇതോടൊപ്പം ഒരു സന്തോഷാനുഭവമുണ്ടായത് ഒന്നരവർഷമായി വീടുപണിയാനുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിനുവേണ്ടി നിരന്തരം ആർ.ആർ.എൽ. ഓഫീസിൽ അപേക്ഷ സമർപ്പിച്ച് അതിന്റെ പുറകേ നടന്നുകൊണ്ടിരിക്കുകയായിരുന്നു. പത്തുപ്രാവശ്യം ഒന്നര വർഷത്തിനുള്ളിൽ ഈ അപേക്ഷ തിരസ്കരിച്ചിരുന്നു. അത് തിരിച്ചയച്ചുതരുകയും ചെയ്തിരുന്നു. എങ്കിലും പതിവുപോലെ തളരാതെ തകരാതെ അതിനുവേണ്ടി നിരന്തരം ഞാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. അതുകൊണ്ടുതന്നെ 1989 ഡിസംബർ അവസാനം എന്റെ എച്.ബി.എ (ഹൗസ് ബിൽഡിംഗ് അഡ്വാൻസ്) യുടെ സംഖ്യ അനുവദിച്ചതായി അറിയിപ്പു കിട്ടി. ഇതൊരു നവവത്സരനേട്ടത്തേക്കാളും എനിക്കു തോന്നിയത് നവദശാബ്ദ നേട്ടമായിട്ടാണ്. വളരെ വേദനയോടെയാണ് ഇത് നേടിയെടുക്കാനായി ശ്രമിച്ചത്. കഠിനാധ്വാനത്തിന്റെ അന്ത്യത്തിൽ വിജയിച്ചു. എനിക്ക് പരിചയമുള്ള കുറേ ഉദ്യോഗസ്ഥർ ഡൽഹിയിലെ സി.എസ്.ഐ.ആർ. ഹെഡ്ക്വാർട്ടേഴ്സിലുണ്ടായിരുന്നു. അവരെയെല്ലാം കണ്ട് എന്റെ എല്ലാ കഴിവുകളുമുപയോഗിച്ച് റക്കമെന്റേഷനുമെല്ലാം നേരിട്ട് ഡൽഹിയിൽ പോയി കയ്യിൽ കൊടുത്തിട്ടാണ് നവവത്സര സമ്മാനം എന്ന പേരിൽ എനിക്ക് എച്.ബി.എ.അനുവദിച്ചു തന്നത്.

പുതിയ വീടുവെയ്ക്കാനുള്ള ആഗ്രഹത്തേക്കാൾ ഇന്നലത്തേതിൽ നിന്നും ഇന്നത്തേക്ക് ഉയരണം വളരണം എന്ന ആഗ്രഹമായിരുന്നു. മാസങ്ങൾ നീണ്ടു നിന്ന അന്വേഷണങ്ങൾക്കു ശേഷമാണ് എന്റെ സാമ്പത്തിക അവസ്ഥയ്ക്ക് യോജിക്കുന്ന സ്ഥലം കണ്ടുപിടിച്ച് വാങ്ങിച്ച്



Scanned with CamScanner

ഫൗണ്ടേഷൻ പണി തീർത്തു വെച്ചത്. എന്റെ ഓഫീസിലെ സഹപ്രവർത്തകനായ ശ്രീ. അച്യുതനാണ് എന്നെ അതിനു സഹായിച്ചത് എന്നു സൂചിപ്പിച്ചിരുന്നു. വീണ്ടും മാസങ്ങൾ നീണ്ടുനിന്ന ഒരു യാത്രയായിരുന്നു, ഗവൺമെന്റ് നോട്ടിഫൈ ചെയ്ത സ്ഥലത്ത് വാങ്ങിയ എട്ട് സെന്റിൽ വീട് വയ്ക്കാനനുവാദത്തിന് വേണ്ടിവന്നത്. ഒരു വർഷത്തിലധികം കാലം നടന്നിട്ടാണ് അവസാനം എന്റെ ഓഫീസിൽ നിന്ന് ഹൗസ്ബിൽഡിംഗ് അഡ്വാൻസ് ലഭിച്ചത്. അതോടെയായിരുന്നു കരമനയാറിന്റെ തീരത്ത് മനുഷ്യാധിവാസമില്ലാത്ത ഏകദേശം പതിനഞ്ചേക്കർ സ്ഥലത്തിന്റെ ഒരു വശത്തായി എട്ടു സെന്റിൽ ഒറ്റക്ക് ഒരു വീട് വെയ്ക്കാൻ തയ്യാറായത്. പകൽപോലും ഒറ്റക്ക് നടക്കാൻ പലർക്കും ഭയമുള്ള ഈ സ്ഥലത്ത് കള്ളന്മാരും കള്ളുകുടിയന്മാരും സ്വൈരവിഹാരം നടത്തിയിരുന്നു. പോലീസിന് എളുപ്പത്തിൽ എത്താൻ പറ്റാത്തതും, കരമനയാറ്റിലൂടെ ചാടി അപ്പുറത്തേക്ക് പോകാൻ സൗകര്യമുള്ളതിനാലുമാണ് ഈ സ്ഥലം കുഴപ്പക്കാരുടെ വിഹാരകേന്ദ്രമായിരുന്നത്. ജനുവരി മാസത്തിൽ (1990) വീടുപണിക്കുള്ള സാമഗ്രികളെല്ലാം ഒരുക്കി തയ്യാറാക്കി ജനുവരി 29 ന് ഗൃഹനിർമ്മാണ മഹായജ്ഞം ആരംഭിച്ചു. എല്ലാ കടമ്പകളും കടന്ന്, മറ്റാരും സഹായിക്കാനില്ലായിരുന്നെങ്കിലും മേയ് 9-ാം തീയതി ചെറിയ പൂജയോടെ ഗൃഹനിർമ്മാണം പൂർത്തിയാക്കി. മേയ് 19 ന് സഹപ്രവർത്തകർക്കെല്ലാം ഒരു ചായ സൽക്കാരവും നൽകി. എല്ലാവരുടേയും കണക്കുകളും തീർത്ത് പിരിഞ്ഞു. ആൽബി എന്ന ആൽബർട്ടായിരുന്നു വീടുപണിയുടെ പൂർണചുമതല. എന്റെ ഓഫീസിലെ സിവിൽ എഞ്ചിനീയർ ശ്രീ. കുറുപ്പ് എന്നെ സിവിൽ എഞ്ചിനീയറിംഗ് കാര്യങ്ങളിൽ സഹായിച്ചു. ഈ പ്രദേശത്ത് ഒറ്റയ്ക്കാണെന്ന ഭയത്തോടെയായിരുന്നു ഈ വീട്ടിൽ കുറേക്കാലം ഞങ്ങൾ താമസിച്ചത്. എന്റെ കൂടെ തൊട്ടടുത്ത സ്ഥലം വാങ്ങിയ വിജയകുമാർ ആ സ്ഥലം വിറ്റ് മറ്റൊരു സ്ഥലത്തേക്കുപോയി. കാലക്രമത്തിൽ ഈ പ്രദേശം വളരെയേറെ വികസിച്ചു. ഇന്ന് വളരെ നല്ല പോഷ് ഏരിയായായി ഇതു മാറിക്കഴിഞ്ഞു. മഴയാരംഭിച്ചപ്പോൾതന്നെ, ജൂൺ മാസത്തിൽ തെങ്ങും, മാവും പ്ലാവുമെല്ലാം നട്ടുപിടിപ്പിച്ചു. അവയെല്ലാം എന്റെ വീട്ടിൽ ഇന്നു ഫലങ്ങൾ നൽകി നിൽക്കുന്നു.

ജൂൺ നാലിന് എന്റെ രണ്ടു മക്കളേയും കൈപിടിച്ച് സ്കൂട്ടറിൽ ചിന്മയാ മിഷൻ ക്ലാസിൽ കൊണ്ടുപോയ ദിനങ്ങൾ സ്വപ്നം പോലെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. മകൻ ആദ്യമായിട്ടാണ് നഴ്സറിയിൽ നിന്ന് വഴുതക്കാട് ചിന്മയയിലേക്കു പോയത്. അനുജനെ എല്ലാ ശ്രദ്ധയും കൊടുത്ത് മകൾ ഹേമ സംരക്ഷിക്കുന്നുണ്ടായിരുന്നു. എന്റെ മനസ്സിലുദിച്ചതെല്ലാം, ബാല്യകാലത്തിൽ എന്റെ സഹോദരി സ്കൂളിലേയ്ക്ക്



Scanned with CamScanner

കൈപിടിച്ചു എന്നെ കൊണ്ടുപോയ ആ കാലഘട്ടമായിരുന്നു. എന്റെ മകൾ അവളുടെ അനുജന്റെ കാര്യത്തിൽ കാണിച്ച ശ്രദ്ധയും അത്രത ന്നെയുണ്ടായിരുന്നു. ഞാൻ ഇടയ്ക്കിടക്ക് ഉപയോഗിക്കാറുള്ള വരികളു പയോഗിക്കട്ടെ. കാലചക്രം തിരിയുമ്പോൾ.... എല്ലാം മാറി മറയുന്നു.

**അനുഭവങ്ങളുടെ പരമ്പര അനുഭവിച്ചറിഞ്ഞു**

ജാതകത്തിലും ജ്യോതിഷ പ്രവചനത്തിലും വലിയ വിശ്വാസമി ല്ലാതിരുന്ന എനിക്ക്, ഒരു വർഷത്തെ ജീവിതാനുഭവങ്ങൾ എന്നെ ഭയ പ്പെടുത്തികളഞ്ഞു. ജൂൺ 7 ന് ഞാൻ ഒരു അപകടത്തിൽപെട്ടു. ഞാൻ ഓടിച്ചിരുന്ന സ്കൂട്ടർ വളരെ വേഗത്തിൽ വന്ന മറ്റൊരു സ്കൂട്ടറുമായി കൂട്ടിയിടിച്ചായിരുന്നു അപകടം. നാലഞ്ചു ദിവസം ഞാൻ കിടപ്പിലായി, എന്നു മാത്രമല്ല ആ അപകടം, തുടർന്നുള്ള അനവധി അപകടപരമ്പര കളുടെ ആദ്യത്തേതായിരുന്നു. അടുത്തമാസം ക്ഷേത്രദർശനത്തിനു പോകവെ സ്കൂട്ടർ വലിയ ഒരു കുഴിയിലേക്ക് മറിഞ്ഞു വീണ് വീണ്ടും അപകടം സംഭവിച്ചു. എറണാകുളത്തു നിന്ന് എം.സി. റോഡ് വഴി മട ങ്ങവേ വൈക്കത്ത് വെച്ച് ഞാൻ സഞ്ചരിച്ചിരുന്ന ബസ് മറ്റൊരു ബസു മായി കൂട്ടിയിടിച്ചു. ഇതേ യാത്രയിൽ കിളിമാനൂർ എത്തിയപ്പോൾ ബസ് വളവ് തിരിയുന്ന വേളയിൽ അതിവേഗത്തിൽ വന്നിരുന്ന മറ്റൊരു ബസ്സു മായി കൂട്ടിമുട്ടിയും അപകടം സംഭവിച്ചു. മിനിറ്റുകൾക്കകം എന്റെ ബസ്സിലെ ഡ്രൈവർ മരിച്ചു. ഞാനും എട്ടുയാത്രക്കാരും ഗുരുതരമായ പരിക്കുകളോടെ ശരീരം രക്തം കൊണ്ടഭിഷേകം ചെയ്തപോലെ ആശു പത്രിവിട്ടുവരേണ്ടിവന്നു. അതേ ഒക്ടോബർ മാസത്തിൽ മറ്റൊരു യാത്ര യിൽ കോട്ടയത്തു നിന്നു വരവേ എനിക്ക് ബസ്സിൽ ഇരിക്കാൻ സ്ഥലം ലഭിച്ചില്ല. തൂണിൽ പിടിച്ച് നിന്നിരുന്ന വേളയിൽ ഒരു വെളിപാടുണ്ടായ തുപോലെ ആരോ പറയുന്നതായി തോന്നി. "വേഗം നീ മുന്നോട്ടു നീങ്ങി നിൽക്ക്." ഞാൻ മുന്നോട്ടു നീങ്ങിനിൽക്കുന്ന സമയം വണ്ടിയുടെ ആക്സിൽ പൊട്ടി താഴെ വീണ് വണ്ടി കീറിമുറിച്ച് അകത്തേക്ക് വന്ന് എന്റെ ശരീരത്തിലതിടിച്ചു. മാറി നിന്നതിനാൽ ഗുരുതരമായ പരിക്കുക ളേൽക്കാതെ രക്ഷപ്പെട്ടു. നവംബർ 18 ന് ഇതേപോലൊരു ആറാം ഇന്ദ്രിയ സ്വാധീനമനുഭവപ്പെട്ടു. അതിശക്തമായ മഴ പെയ്തുകൊണ്ടിരിക്കുമ്പോൾ വീടിന്റെ പുറത്തേക്ക് വെള്ളം ഒഴുകിപോകാനുള്ള ചാല് അടഞ്ഞത് ശരിയാക്കാനായി ചൊരിയുന്ന മഴയത്തു നിന്ന് വേണ്ടതു ചെയ്തുകൊ ണ്ടിരിക്കുമ്പോൾ ഒരശരീരി ശബ്ദം "അകത്തേക്കു പോ, അക ത്തേയ്ക്കു പോ." ആരോ നിർദ്ദേശിച്ചിട്ടെന്നപോലെ ഞാൻ വീട്ടിനക ത്തേക്കോടി കയറിയതും അതിശക്തമായ മിന്നൽ എന്റെ വീടിനടിച്ചു. ഞാൻ തെറിച്ചു വീണു പോയി. ഭൂമിയിലടിച്ച ശക്തമായ മിന്നൽ വീടിന്റെ



Scanned with CamScanner

എർത്ത് വഴി മെയിൻ ബോർഡിലെത്തി ഡിസ്ട്രിബ്യൂഷൻ ബോക്സ് കത്തിക്കരിഞ്ഞു ഉരുകി പോയി. സർക്യൂട്ടിന്റെ ഇരുമ്പു ബോക്സു പോലും ഉരുകിയിരുന്നു. ഇതുകൂടാതെ തുടർച്ചയായി മുന്ന് സ്കൂട്ടർ ആക്സിഡന്റ് വീണ്ടുമുണ്ടായി. അടുത്ത വീട്ടിലെ നായ കുറുകെ ചാടി, ഞാൻ പോസ്റ്റിലിടിച്ചുവീണു. ഏതാണ്ട് പത്ത് അപകടങ്ങൾ കഴിഞ്ഞ പ്പോൾ ഭാര്യ പറഞ്ഞു "നിങ്ങളുടെ ജാതകം നോക്കണം. ഏഴുമാസ ങ്ങൾക്കുള്ളിൽ പത്തപകടം". അവളുടെ ഓഫീസിലേക്കുള്ള യാത്ര യിൽ സ്കൂട്ടറിന്റെ പുറകിലിരുന്നാണവൾ പറഞ്ഞത്. ജാതകം നോക്ക ണമെന്ന് തമാശരൂപത്തിൽ ഞാനും പറഞ്ഞു, "ഇനി ഒരു അപകടം കൂടി ഉണ്ടാകാനിടയുണ്ട്, അതുകഴിഞ്ഞാൽ പിന്നെ ഫ്രീ" ഇതു പറഞ്ഞു തീർന്നതും തിരുവനന്തപുരത്ത് കിള്ളിപ്പാലത്തിനടുത്ത് പി.ആർ.എസ്. ആശുപത്രിയുടെ മുന്നിൽ ഒരപകടം കൂടി. വയസ്സായ ഒരു സ്ത്രീ പച്ച ക്കറിയും കുട്ടയിൽ വച്ച് ഇടത്തോട്ടും വലത്തോട്ടും നോക്കാതെ റോഡി ലൂടെ മുറിച്ചു കടന്നതാണ് അപകടകാരണം. ആ സ്ത്രീ തെറിച്ചുപോ യിരുന്നു. ഞാൻ സ്കൂട്ടറിൽ നിന്ന് തെറിച്ചു വീണത് പി.ആർ.എസ്. ആശുപത്രിയുടെ ഗേറ്റിലേയ്ക്കും ഭാര്യ മറുവശത്തേക്കുമായിരുന്നു. തെറിച്ചുവീണ വേദനയോടെ എഴുന്നേറ്റിരുന്ന ഞാൻ പറഞ്ഞ തോർക്കുന്നു. "അവസാനത്തെ അപകടവും കഴിഞ്ഞു ഇനി സ്കൂട്ടർ റിപ്പയറിംഗിനു കൊടുക്കാം." ഞങ്ങളെ രണ്ടുപേരേയും, വയസ്സായ സ്ത്രീയേയും ആശുപത്രിയിൽ ചികിത്സിച്ച് വിട്ടയച്ചു. അങ്ങിനെ അപ കടത്തിന്റെ പതിനൊന്നു പരമ്പര തീർന്നു. പിന്നീടിതുവരെ വലിയ അപ കടമൊന്നുമുണ്ടായിട്ടില്ല.

അവസാനത്തെ അപകടം കഴിഞ്ഞപ്പോൾ ധൈര്യത്തിന്റെ അവ സാനത്തെ തുള്ളിയും ചോർന്നുപോയതുപോല തോന്നി. എന്റെ ജാതകംഎഴുതിയിട്ടില്ല എങ്കിലും എന്തുകൊണ്ടിത്രയ്ക്കും അപകടങ്ങ ളുണ്ടായി എന്നതിനെക്കുറിച്ചൊന്നന്വേഷിക്കണമെന്ന് തോന്നി. ഞാൻ ജ്യേഷ്ഠനിലൂടെ, തൃപ്പൂണിത്തുറക്കാരനായ ഒരു പണ്ഡിതനെക്കൊണ്ട് എന്റെ ജാതകം എഴുതിച്ചു. ആരുടേതാണിതെന്ന് അറിയിച്ചിരുന്നില്ല. അതിൽ നോക്കി ദശാപഹാരങ്ങൾ എഴുതി ഗണിച്ച് അദ്ദേഹം പറ ഞ്ഞു. "ഈ വ്യക്തി ജീവിച്ചിരുപ്പുണ്ടോ? അല്ല കുറേ അപകടങ്ങൾ കഴിഞ്ഞ് കാല് അനക്കാൻ പറ്റാതെ കിടക്കുകയാണോ? ഏതോ ഒരു പഴയ ക്ഷേത്രവുമായി ബന്ധപ്പെട്ടതുകൊണ്ടാണ് മരണം സംഭവിക്കാ ത്തത്. ജീവിച്ചിരിപ്പുണ്ടെങ്കിൽ ശാസ്താവിനെ ഭജിച്ചോട്ടെ." ജേഷ്ഠൻ മറുപടിയൊന്നും നൽകാതെ ജാതകവും അദ്ദേഹത്തിന്റെ വിവരണവും എനിക്കയച്ചുതന്നു.



Scanned with CamScanner

## ധർമ്മശാസ്ത ക്ഷേത്രദർശന ഫലം

ജ്യോതിഷൻ പറഞ്ഞ ഒരു പഴയ ക്ഷേത്രത്തിൽ ഞാൻ പോയിരുന്ന കഥ സ്മരണീയമായിരുന്നു. വീടുപണി ആരംഭിക്കുന്നതിനുമുമ്പ് ഞാനും ഭാര്യയും രണ്ടു കുഞ്ഞുങ്ങളും പുതിയതായി വാങ്ങിയ സ്കൂട്ടറിൽ കോവളത്തേക്കു പോകാൻ തീരുമാനിച്ചു. പകുതിവഴി യാത്ര കഴിഞ്ഞപ്പോൾ സ്കൂട്ടറിന്റെ ഹോണും ലൈറ്റും പ്രവർത്തിക്കുന്നില്ല. സമയം സന്ധ്യയായിത്തുടങ്ങിയിരുന്നു. എങ്കിലും കോവളം കടൽപുറമാണെന്ന് ധരിച്ച് മറ്റൊരു വഴിയിലൂടെ ഹോട്ടൽ സമുദ്രയുടെ മുന്നിലെത്തി. അവിടത്തന്നെയുള്ള കടപുറത്തു കുറേസമയം ചിലവഴിച്ചു. സ്കൂട്ടറിൽ ലൈറ്റും ഹോണും പ്രവർത്തിക്കാത്തത് എന്നെ അസ്വസ്ഥനാക്കിയിരുന്നു. പുതിയ സ്കൂട്ടറായതിനാലും നല്ല പരിചയമില്ലാതിരുന്നതിനാലും ഓടിക്കാൻ ഭയമുണ്ടായിരുന്നു. ആ സമയത്ത് കാവിയുമുടുത്ത് ഷർട്ടിടാതെ കടൽവെള്ളം തട്ടിതെറിപ്പിച്ചുകൊണ്ട് ഞങ്ങളുടെ മുന്നിലൂടെ ഒരാൾ കടന്നുപോയി. പ്രത്യക്ഷത്തിൽ ഒരു കുടിയൻ (മദ്യപാനി). ഞങ്ങളെ നോക്കി അയാൾ പറഞ്ഞു. "സ്കൂട്ടറിൽ വെളിച്ചവും ശബ്ദവുമില്ല അല്ലേ. അതാ അവിടെ ഒരു ചെറിയ അമ്പലമുണ്ട്, കയ്യിലുള്ള നാണയം അവിടെയിട്ട് പൊയ്ക്കോളൂ. എല്ലാം ശരിയാകും." ഈ അപ്രതീക്ഷിത സന്ദേശം മനസ്സിൽ ചെറിയ ഒരു വിശ്വാസമുണ്ടാക്കി. എന്നാൽ ഒരു കുടിയന്റെ നിർദ്ദേശം എന്നതിനേക്കാൾ വലിയ പ്രാധാന്യം അതിന് നൽകിയില്ല. ആ നിർദ്ദേശം കാര്യമായി തോന്നിയതുമില്ല. പക്ഷേ നിർദ്ദേശം സ്വീകരിക്കുകതന്നെ ചെയ്തു. മുക്കുവരുടെ ഇടിഞ്ഞുപൊളിഞ്ഞ ഒരു ശാസ്താ ക്ഷേത്രമവിടെയുണ്ടായിരുന്നു. വളരെ ഇരുട്ടാകുന്നതിനുമുമ്പ് ഞങ്ങൾ തിരിച്ചു. സ്കൂട്ടർ വച്ചിരുന്നതിന് വളരെയകലെയല്ലാതെയായിരുന്നു ഈ ധർമ്മശാസ്താ ക്ഷേത്രം. മുക്കുവന്മാരുടേതാണെന്ന് ധീവരസഭയുടെ ക്ഷേത്രം എന്നതിൽ നിന്ന് മനസ്സിലായി. അതിപ്രാചീന വിഗ്രഹങ്ങൾ! ശ്രീകോവിലൊന്നുമില്ല, ആരും ദർശനത്തിനുമില്ല. പൊതുവെ ആളുകൾ വരാറില്ലെന്നുമറിഞ്ഞു. പൂജാരിയുമില്ല, കാടു പിടിച്ചു കിടക്കുന്ന സ്ഥലമായിരുന്നു അത്. ധാരാളം പാറകളുമുണ്ട്. ഗേറ്റിനകത്തു കയറി തൊഴുത് നാണയങ്ങൾ ഭണ്ഡാരത്തിലിട്ട്, സ്കൂട്ടർ സ്റ്റാർട്ട് ചെയ്തപ്പോൾ ലൈറ്റും കത്തുന്നു, ഹോണും പ്രവർത്തിക്കുന്നു. ഒരത്ഭുതം സംഭവിച്ചതുപോലെ ഞങ്ങൾ മടങ്ങി. കരമനയിലെ വീട് എത്തുന്നതിന് ഏകദേശം അര കിലോമീറ്റർ ദൂരം വരെ ഇത് രണ്ടും പ്രവർത്തിക്കുന്നുണ്ടായിരുന്നു. പിന്നിടത് പ്രവർത്തിച്ചത് അടുത്തദിവസം ദീദി കമ്പനിയിൽ കൊണ്ടുപോയതിനുശേഷമാണ്. അവിടെ ചെന്ന് പ്രധാന മെക്കാനിക്കിനോട് തലേദിവസം നടന്ന കാര്യം വിവരിച്ചപ്പോൾ അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു. എല്ലാ കണക്ഷനും വിട്ടുപോയിട്ടുണ്ട് പിന്നെയെങ്ങിനെയാണ് രണ്ടാ



Scanned with CamScanner

മത് ലൈറ്റും ഹോണും പ്രവർത്തിച്ചു എന്നു പറയുന്നത്.? അന്നുതൊട്ടിന്നുവരെ എല്ലാ സങ്കീർണ ജീവിത/ഔദ്യോഗിക പ്രശ്നങ്ങളുണ്ടാകുമ്പോഴും ഈ ക്ഷേത്രത്തിൽ പോകാറുണ്ട്. പൂജയും വിളക്കും വിരളമായി മാത്രമുള്ള മുക്കുവരുടെ അമ്പലം, ഇന്ന് കുറെ പുരോഗമിച്ചിട്ടുണ്ട്. ഹോട്ടൽ സമുദ്രായ്ക്ക് എതിർവശത്തുള്ള ഈ ക്ഷേത്രത്തിലേക്ക് ഞങ്ങളിടയ്ക്കിടക്കു പോകാറുണ്ട്.

എന്റെ ശാസ്ത്രമണ്ഡലത്തിലെ പ്രവർത്തനങ്ങളും ഇതിനിടക്ക് കാര്യമായി മുമ്പോട്ടുപോകുന്നുണ്ടായിരുന്നു. എണ്ണശുദ്ധീകരണ പ്രക്രിയയോടൊപ്പം, പാലോട് പാംഓയിൽ റിസർച്ച് സെന്ററിൽ സ്ഥാപിച്ച ഫാക്ടറി പ്രവർത്തിപ്പിക്കുക. അതിന്റെ വിവിധ അളവുകളും ഗുണങ്ങളും ശേഖരിച്ചു പഠിക്കുക എന്നത് പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു. അതോടൊപ്പം മൈക്രോവേവ്സ് ഉപയോഗിച്ച് ചെയ്യാവുന്ന അനവധി സംസ്കരണ വിദ്യകൾക്കും ഞാൻ ആരംഭം കുറിച്ചു. കർമ്മനിരതമായ മണ്ഡലം വികസിച്ചുകൊണ്ടേയിരുന്നു.

എന്റെ മകൾ നൃത്തം പഠിക്കുകയും ആദ്യമായി ദൂരദർശനിൽ 1989 മാർച്ച് 23 ന് നൃത്തം അവതരിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് സ്കൂൾ ഡേയോടനുബന്ധമായി ധാരാളം കലാമത്സരങ്ങളിൽ അവൾ പങ്കെടുത്തിരുന്നു.

ചിന്മയാ മിഷൻ സ്കൂളിൽ നല്ലനിലവാരത്തിൽ പഠനം നടക്കുമ്പോഴും അവിടത്തെ ആന്തരിക പ്രശ്നങ്ങൾ കൊണ്ട് സമരം ഉണ്ടാകാറുണ്ട്. അവിടത്തെ ഡയറക്ടറായിരുന്ന തമ്പിയുടെ ദൂർത്തും ജോലിക്കാരുടെ ശമ്പളവും തമ്മിലുള്ള വിഷയത്തിൽ കുറച്ചു രക്ഷാകർത്താക്കൾ അവിടത്തെ ആത്മാർത്ഥതയുള്ള ജോലിക്കാരുടെ പക്ഷം ചേർന്നു. ഇത് ഡയറക്ടർക്ക് ഇഷ്ടപ്പെട്ടില്ല. കുറേ ദിവസം ഈ സമരത്തിന് രക്ഷാകർത്താക്കളായ ഞങ്ങൾ, അവിടത്തെ സ്റ്റാഫിന്റെ കൂടെ നിന്നതിൽ നിന്നുണ്ടായ കയ്പേറിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എന്റെ മക്കളെ ചിന്മയാമിഷനിൽ നിന്നും ഹോളി ഏഞ്ചൽസ് കോൺവെന്റിലേക്ക് മാറ്റേണ്ടി വന്നു. ചിന്മയാ മിഷനിലെ സംസ്കാരം ലഭിക്കുന്നതിനു വേണ്ടി മക്കൾക്ക് അവിടെ അഡ്മിഷൻ ലഭിച്ചപ്പോൾ സന്തോഷം തോന്നിയിരുന്നു. പിന്നീട് അവിടത്തെ ഡയറക്ടറുടെ പ്രത്യേക സ്വഭാവം മൂലം, ഹോളിഏഞ്ചൽസ് കോൺവെന്റിലേക്ക്, മനസ്സില്ലാ മനസ്സോടെ മക്കളെ മാറ്റുകയാണുണ്ടായത്.

## പല വിഷയങ്ങളിലുമുള്ള പഠനഗവേഷണങ്ങൾ

ലാബറട്ടറിയിൽ, ഫാക്ടറി വർക്കും മൈക്രോവേവ് വർക്കും നല്ല പോലെ മുന്നേറുന്നുണ്ടായിരുന്നു. കൊല്ലം ജില്ലയിലെ പ്രസിദ്ധമായ



Scanned with CamScanner

ഒരു ഫാക്ടറിയിലും ഞങ്ങൾ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ പ്രാവർത്തികമാക്കുകയുണ്ടായി. പാലോട്ടുള്ള ഫാക്ടറിയിൽ മാസങ്ങളോളം കർമ്മനിരതനാകേണ്ടിവന്നു. വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യയിൽ നിന്നുൽപാദിപ്പിക്കുന്ന സസ്യഎണ്ണ നിരവധി പരീക്ഷണങ്ങൾക്ക് വിധേയമാക്കാൻ സഹായിച്ചതാകട്ടെ കോയമ്പത്തൂരുള്ള അവിനാശലിംഗം ഇൻസ്റ്റിറ്റ്യൂട്ട് ആയിരുന്നു. ഈ വിദ്യാഭ്യാസ സ്ഥാപനത്തിലെ അച്ചടക്കവും കർമ്മപദ്ധതിയും അവിടത്തെ അദ്ധ്യാപകരുടെ ആത്മാർത്ഥതയും എന്നെ ഏറെ ആകർഷിച്ചു. വളരെ പഴഞ്ചൻ രീതിയിൽ വസ്ത്രധാരണം ചെയ്യുന്ന പ്രിൻസിപ്പാൾ ഡോ. രാജമ്മാൾ ഒരു കൺവെർടഡ് ക്രിസ്ത്യനായിരുന്നു. അവർ അവിടെയുള്ളവർക്കെല്ലാം ഒരു ടെറർ പോലെയായിരുന്നു. സൂത്രത്തിൽ കാര്യങ്ങൾ നേടിയെടുക്കുന്നതിന് അവരുടെ കഴിവ് അപാരമായിരുന്നു. അവിനാശലിംഗം കോളേജിന്റെ കീഴിലുള്ള അനവധി അംഗൻവാടികളുടെ കീഴിലാണ് പോഷകാംശക്കുറവുള്ള കുട്ടികൾക്ക് ഈ നൂതന ഉൽപന്നം പരീക്ഷിച്ചത്. കോയമ്പത്തൂരിലെ വിവിധ അവികസിത സ്ഥലങ്ങളിൽ ചെന്ന് പാവപ്പെട്ടവരുടെ അവസ്ഥ കണ്ടപ്പോൾ ദയതോന്നി. ഭക്ഷണത്തിനും, ഉടുതുണിക്കും, കൂരയ്ക്കും വലയുന്ന ആയിരങ്ങളുമായി നേരിട്ട് ബന്ധപ്പെടേണ്ടി വന്നപ്പോൾ ഈ ഭാരതത്തിന്റെ മറ്റൊരു മുഖം കണ്ടു. ടൈയും കോട്ടും സൂട്ടുമിട്ട ശാസ്ത്രജ്ഞന്മാരെന്നഭിനയിക്കുന്നവരും അതിന് എതിർവശത്ത് ഒരു നേരം ഭക്ഷണത്തിന് കേഴുന്ന കൊച്ചുകുഞ്ഞുങ്ങളും! മലമൂത്രവും നായയും, കോഴിയും, എലിയും, കഴുതയും, പന്നിയുമെല്ലാം നിറഞ്ഞു നിൽക്കുന്ന കൂരകൾ നിറഞ്ഞ ചേരിയിൽ ജീവിക്കുന്നവർ അവിടെ പ്രവർത്തിച്ചപ്പോൾ ഞാൻ ജീവിച്ച ഹൈദരാബാദിലെ ചേരിയാണ് മുന്നിൽ വന്നത്.

ഇതേ കാലഘട്ടത്തിൽ ഞാനേറ്റെടുത്ത മറ്റൊരു പ്രവർത്തന മണ്ഡലം ചെങ്കോട്ടയ്ക്കടുത്ത് രാജപാളയം റോഡിൽ സെയ്ത്തൂർ ഗ്രാമത്തിലായിരുന്നു. ഒരു സർക്കാർ ഉദ്യോഗസ്ഥൻ, ജോലി രാജിവച്ച് മുല്ലപ്പൂവിന്റെ സുഗന്ധം (കോൺക്രീറ്റ്) ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യ പ്രയോഗിക്കുന്നുണ്ടായിരുന്നു. പ്രസിദ്ധമായ ഒരു കേന്ദ്രസർക്കാർ സ്ഥാപനത്തിൽ നിന്നാണ് വേലുസ്വാമി എന്ന വ്യക്തി ഈ സാങ്കേതിക വിദ്യ സ്വീകരിച്ചത്. അദ്ദേഹത്തിന് ഗുണനിലവാരമുള്ള ഉൽപന്നം ലഭിക്കുന്നുണ്ടായിരുന്നില്ല. അതുകൊണ്ട് ഉൽപന്നം വിൽക്കാൻ സാധിച്ചിരുന്നില്ല. അതിസങ്കീർണങ്ങളായ പല സർട്ടിഫിക്കറ്റുകളും, ഉപകരണങ്ങളും, എല്ലാം കരസ്ഥമാക്കിയാണ് ഉൽപാദനമാരംഭിച്ചത്. അന്താരാഷ്ട്ര നിലവാരം പുലർത്തുന്നില്ലാത്തതിനാൽ അദ്ദേഹത്തിന് വളരെ നിരാശപ്പെടേണ്ടിവന്നു. ലക്ഷങ്ങളുടെ സ്വത്തുണ്ടായിരുന്നതെല്ലാം ഈ



Scanned with CamScanner

ഫാക്ടറിക്കുവേണ്ടി വിറ്റു തുലച്ചു. അന്ത്യത്തിൽ ആത്മഹത്യക്കൊരു മ്പെടുമ്പോളാണ് ഞാനുമായി ബന്ധപ്പെട്ടത്.

ആ സാങ്കേതിക വിദ്യയിലുണ്ടായിരുന്ന തെറ്റുകളെല്ലാം തിരുത്തി. കുറേക്കൂടി ലളിതമായ വിദ്യ പറഞ്ഞുകൊടുത്തു. അതദ്ദേഹം സ്വീകരിച്ച് കുറേ ഉപ ഉൽപ്പന്നങ്ങൾകൂടി ഉണ്ടാക്കി. പലതും സ്വയം ശേഖരിക്കാനുള്ള ലൈസൻസുണ്ടായിരുന്നത് ധാർമ്മീകമായി തന്നെ ഉപയോഗിക്കാൻ വേലുസ്വാമിയെ ഞാൻ ഉപദേശിച്ചു. അദ്ദേഹത്തിന്റെ ഫാക്ടറി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതാക്കിത്തീർക്കുവാനും സാധിച്ചു. ഏകദേശം മൂന്നു മാസം കൊണ്ട് അന്തർദേശീയതലത്തിലുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും, അതാതു മാസം അത് റഷ്യയിലേക്ക് കയറ്റുമതി ചെയ്യുവാനും സാധിച്ചതോടെ നഷ്ടമെല്ലാം നികത്തി രണ്ടു വർഷംകൊണ്ട് സാമ്പത്തികമായി അദ്ദേഹം പൂർവ്വസ്ഥിതിയിലാവുകയും ചെയ്തു. അദ്ദേഹത്തിൽ നിന്നും നാലു ദിവസത്തെ ഭക്ഷണവും ബസ്ചാർജുമല്ലാതെ മറ്റൊന്നും സ്വീകരിക്കാതെ ലീവെടുത്തു ചെയ്തത് ഇന്നും ഞങ്ങളുടെ സ്മൃതിമണ്ഡലത്തിലുണ്ട്. ഇന്നദ്ദേഹം വളരെ സമ്പന്നനാണ്. ആത്മ സംതൃപ്തി എന്താണെന്നും, ഒരു മനുഷ്യൻ ചെയ്യുന്ന കഠിനാധ്വാനം എത്രവരെ പോകുമെന്നും, എനിക്കിവിടെ നിന്നും മനസ്സിലായി. അദ്ദേഹത്തിന്റെ കമ്പനിയുടെ പേരും ഷെംപകം ഫാംസ്, അദ്ദേഹത്തിന്റെ പേരും, പെരുമാറ്റവും ലാളിത്യവും ഇന്നും ഓർമ്മിക്കുന്നു. എന്നെ സന്തോഷിപ്പിക്കാനായി അദ്ദേഹത്തിന്റെ വീട്ടിൽ കോഴിക്കറിയും, മത്സ്യക്കറിയുമുണ്ടാക്കിയിരുന്നു. അവിടെപോയി ഊണു കഴിക്കാനിരന്നപ്പോഴാണ് ഞാൻ വെജിറ്റേറിയനാണെന്നദ്ദേഹം അറിഞ്ഞത്.

### എന്റെ ആദ്യപുസ്തകത്തിന്റെ ഗതി

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് രണ്ടാം എഡിഷനായി പ്രസിദ്ധീകരിച്ച പുസ്തകം ഭാരതീയ വിചാരധാര രണ്ടു വർഷത്തെ ശ്രമം കൊണ്ട് എഴുതിതീർത്തതാണ്. ഏതെല്ലാം ലൈബ്രറികളിൽ നിന്നാണ് അതിനുള്ള വിഷയങ്ങൾ ശേഖരിച്ചിട്ടുള്ളതെന്നും, അതിനുവേണ്ടി എത്രസമയം ചെലവഴിച്ചിട്ടുണ്ടെന്നും, എത്രയാത്ര ചെയ്തിട്ടുണ്ടെന്നും, വിവരിക്കാൻ പ്രയാസമാണ്. എന്നാലും ആ ലക്ഷ്യങ്ങളെല്ലാം പൂർത്തീകരിക്കാൻ സാധിച്ചത് ജീവിതത്തിലതാസ്വദിക്കാൻ സാധിക്കുമല്ലോ എന്ന ഒരാഗ്രഹത്താലായിരുന്നു. ഇന്നുവരെ ചില ഇംഗ്ലീഷുകാർ സംക്ഷിപ്തമായി ചില വിവരങ്ങൾ എഴുതിയിരിക്കുന്നതല്ലാതെ ഭാരതീയ ഗ്രന്ഥങ്ങളുടെ സമഗ്രവിവരണ ഗ്രന്ഥം എന്നൊന്ന് ആരും തയ്യാറാക്കിയിട്ടില്ല. അത് എഴുതി, കൈയ്യെഴുത്ത് പ്രതി ബൈന്റ് ചെയ്തത്, 1991 ജനുവരി 9-ാം തീയതി ഞാൻ ഭാരതീയ വിചാരകേന്ദ്രം

ഡയറക്ടർ ശ്രീ. പരമേശ്വർജിയെ ഏൽപ്പിച്ചു. അത് ഭാരതീയ വിചാര കേന്ദ്രം പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ഞാൻ പറഞ്ഞു. വിചാര കേന്ദ്രത്തിന് അതു പ്രസിദ്ധീകരിക്കാൻ ഒരു വിഷമവുമില്ലായിരുന്നു. 1983 മുതൽ വിചാരകേന്ദ്രത്തിനുവേണ്ടി രാവും പകലും പ്രവർത്തിച്ച വ്യക്തിയായിരുന്നു ഞാൻ.

വിചാര കേന്ദ്രത്തിന്റെ യൂണിറ്റുകൾ സ്ഥാപിക്കാനും, ഉദ്ഘാടന പ്രഭാഷണങ്ങൾക്കും, വാർഷിക സമ്മേളനങ്ങൾക്കും, മേഖലാ ശിബിരങ്ങൾക്കുമെല്ലാംവേണ്ടി നിരന്തരം പ്രവർത്തിച്ചിരുന്നു. ഒരാൾപോലും അഭിനന്ദിക്കുകയോ അനുമോദിക്കുകയോ ചെയ്യാറില്ല. ഞാനെഴുതിയ ആ പുസ്തകത്തെക്കുറിച്ച് ഒരു നല്ല വരി പോലും ആരും പറഞ്ഞില്ല. ഞാൻ, ശ്രീപരമേശ്വർജിയെ എന്റെ പുസ്തകത്തിന്റെ അവസ്ഥയെന്തായി എന്നറിയാനായിട്ട് നിരന്തരം ബന്ധപ്പെട്ടിരുന്നു. ഏകദേശം ഒരു വർഷം കഴിഞ്ഞപ്പോൾ ശ്രീ പരമേശ്വർജി എന്നോടു പറഞ്ഞു "എറണാകുളത്തെ എം.എ. കൃഷ്ണൻ സാറിനെ ഏൽപ്പിച്ചിട്ടുണ്ട്" എന്ന്. എറണാകുളത്തു പോകുമ്പോഴെല്ലാം എം.എ. സാറിനെ കണ്ടുചോദിക്കും. "എന്റെ പുസ്തകത്തിന്റെ അവസ്ഥയെന്തായി?" പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നദ്ദേഹം പറയാറുണ്ടായിരുന്നു. രണ്ടു വർഷം കഴിഞ്ഞ് ഞാൻ വീണ്ടും അന്വേഷിച്ചപ്പോൾ നിസ്സഹായനായി എം.എ. സാർ പറഞ്ഞു. "അതാരോ കൊണ്ടുപോയി എന്നാണ് തോന്നുന്നത്. കിട്ടിയാൽ തരാം." വളരെ വേദന തോന്നി. എത്രവർഷത്തെ പഠനാനുഭവമായിരുന്നു ആ പുസ്തകം. അതിന്റെ പുറകേ നിരന്തരം അന്വേഷിച്ച് നടന്ന് ഒരു വർഷം കൂടി കഴിഞ്ഞപ്പോൾ എം.എ സാർ എന്നെ വിളിച്ചു പറഞ്ഞു, "പുസ്തകത്തിന്റെ കൈയ്യെഴുത്തുകോപ്പി ആരും കൊണ്ടുപോയിട്ടില്ലാട്ടോ. ഇവിടെ തന്നെയുണ്ട്. എപ്പഴാ വേണ്ടതെന്നുവെച്ചാൽ കൊണ്ടുപൊയ്ക്കോളൂ. പ്രസിദ്ധീകരിക്കാൻ പറ്റുമെന്നു തോന്നുന്നില്ല. പറ്റുമെങ്കിലറിയിക്കാം. വല്ല പ്രസാധകരും ഇവിടെ വരുകയാണെങ്കിൽ ഞാനവരോടും സൂചിപ്പിക്കാം." അന്നു മനസ്സിലായി സംഘടനയ്ക്കു പുറത്തുള്ളവൻ എന്നും, പുറത്തുള്ളവൻ തന്നെയായിരിക്കുമെന്നും അവനെ നിർത്തേണ്ടിടത്ത് നിർത്തേണ്ടതായിരിക്കാം പോളിസി. വേദന തോന്നിയതുകൊണ്ട് ഞാൻ ആ കയ്യെഴുത്തു പ്രതി തിരിച്ചു വാങ്ങി.

ആചാര്യ ജെ.സി. ബോസ് എന്ന പുസ്തകത്തിന്റെ കൈയ്യെഴുത്തു പ്രതിയും ഭാരതീയ ശാസ്ത്രജ്ഞന്മാരെന്ന പുസ്തകത്തിന്റെ കയ്യെഴുത്തു പ്രതിയും നഷ്ടപ്പെട്ടതുപോലെ അറുന്നൂറ് പേജുകളുള്ള ഈ പുസ്തകം അവിടെ നിന്നും നഷ്ടപ്പെടാത്തതിൽ ആശ്വാസം തോന്നി. ആചാര്യ ജെ.സി. ബോസിന്റെ പുസ്തകം പിന്നീട് ബാലസാഹിതി പ്രകാശൻ പ്രസിദ്ധീകരിക്കുകയുണ്ടായി. അതായിരുന്നു എന്റെ ആദ്യത്തെ പുസ്ത



Scanned with CamScanner

കവും. ഇതെല്ലാം ജീവിതാനുഭവങ്ങളായതുകൊണ്ട് ഇവിടെ അയവി റക്കിയെന്നുമാത്രം.

**എന്റെ കമ്പ്യൂട്ടർ പഠനം**

കമ്പ്യൂട്ടർ യുഗമായിരിക്കും ഇനി വരുന്നതെന്ന് എല്ലാവരും പറ യുന്നുണ്ടായിരുന്നു നാം എന്നും പറയാറുള്ള 'പഴയകാലമെല്ലാം പോയി'. അതു ശരിയായിരിക്കുമെന്ന് ഞാൻ വിശ്വസിച്ചു. ആദ്യമായി കമ്പ്യൂട്ടർ പഠിക്കാൻ പോയത് വെള്ളയമ്പലത്തുള്ള കെൽട്രോണിന്റെ സ്ഥാപന ത്തിലായിരുന്നു, 1991 ഫെബ്രുവരി 10 ന് ഒരു ദിവസത്തെ പഠന ശിബി രത്തിന്. പണ്ട് ഹൈദരാബാദിലായിരുന്നപ്പോൾ കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റ് കോഴ്സിന് അഞ്ചുദിവസത്തെ ക്ലാസിന് ചേർന്നിരുന്നു. അന്നത്തെ ക്ലാസ് മുഴുവനും പഞ്ചിംഗ് കാർഡുപയോഗി ച്ചുള്ള കമ്പ്യൂട്ടർ പ്രയോഗത്തെക്കുറിച്ചായിരുന്നു. അന്ന് അഞ്ചുക്ലാസ്സും കഴിഞ്ഞ് കുറെ പുസ്തകങ്ങളും വായിച്ച് പരീക്ഷയെഴുതി. ഏറ്റവും കുറവ് മാർക്ക് എനിക്കായിരുന്നു എന്നു മാത്രമല്ല ഞാൻ ജയിച്ചതുമില്ല. അന്നു മുതൽക്കൊരാഗ്രഹം കമ്പ്യൂട്ടർ പഠിച്ച്, അതും കീഴടക്കണമെന്ന്.

എന്റെ ക്ലാസുകളും പ്രഭാഷണങ്ങളും കൂടുതൽ സ്ഥലങ്ങളിലേക്ക് ഈശ്വരാനുഗ്രഹത്താൽ വ്യാപിച്ചുകൊണ്ടിരുന്നു. പൈതൃക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് പല കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ക്ലാസുകൾ നടത്താനുള്ള അവസരം ലഭിച്ചുകൊണ്ടേയിരുന്നു. പല സെമിനാറുകളിലും ഇൻവൈറ്റഡ് ലക്ചറും നടത്താനുള്ള യോഗമു ണ്ടായി. സസ്യാഹാര സമിതിയിലും, ഗാന്ധിസ്മാരകനിധിയിലും എന്റെ ക്ലാസ്സുകൾ പ്രഗത്ഭരുടെ സാന്നിദ്ധ്യത്തിൽ നടക്കാൻ തുടങ്ങി. ഒരു പ്രഗ ത്ഭനായ പ്രഭാഷകനെന്നനിലയിൽ ജനങ്ങളംഗീകരിച്ചു തുടങ്ങിയിരു ന്നു. ആശ്രമങ്ങളിലും സംഘടനകളിലും, ക്ലബ്ബുകളിലും, ക്ഷേത്രങ്ങളിലും പല വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകളെടുക്കാനും തുടങ്ങിയിരുന്നു. സാവധാനത്തിൽ എനിക്ക് പൈതൃക വക്താവിന്റെ ഒരു സ്ഥാനം ലഭിച്ചു തുടങ്ങി.

ഔദ്യോഗിക തലത്തിൽ ലിക്വിഡ് കാർബൺഡൈയോക്സൈഡ് ഉപയോഗിച്ച് വികസിപ്പിച്ച സാങ്കേതിക വിദ്യകൾക്കും പേറ്റന്റുകളെടു ക്കുവാൻ സാധിച്ചു. നിശാഗന്ധി, മുല്ലപൂവ്, പിച്ചി, ചെമ്പകം, കൈതപൂ, ദാവണ തുടങ്ങിയ വ്യത്യസ്ഥ പുഷ്പങ്ങളുടെയും ഇലകളുടെയും സുഗന്ധം (എസൻസ്) വേർതിരിച്ചെടുക്കാനും, സുഗന്ധവ്യഞ്ജനങ്ങ ളുടെ സത്ത് വേർതിരിച്ചെടുക്കാനും, വൻതോതിൽ സസ്യഎണ്ണ എടു ക്കാനും അവയെ ശുദ്ധീകരിക്കാനും, മൈക്രോ വേവുകളുപയോഗിച്ച് ദ്രവ്യങ്ങളെ സംസ്കരിക്കാനുമുള്ള വിവിധ തരത്തിലുള്ള ഗവേഷണ



Scanned with CamScanner

പ്രവർത്തനങ്ങളും ഏകദേശം ഒരേ കാലഘട്ടത്തിൽ തന്നെ സാധിച്ചു. അവയിൽ പലതും ദേശീയ അന്തർദേശീയ ഗവേഷണ ജേർണലുകളിൽ സ്ഥാനം പിടിക്കുകയും ചെയ്തു.

ഈയിടയ്ക്കാണ് ഡി.വി. മെമ്മോറിയൽ അവാർഡും, രണ്ടാമത്തെ പ്രാവശ്യം ധീംഗ്ര മെമ്മോറിയൽ ഗോൾഡ് മെഡലും അവാർഡും ലഭിച്ചത്. കൂടാതെ നാല് പേറ്റന്റുകളും രജിസ്റ്റർ ചെയ്തു.

**കാനഡായാത്രയുടെ സങ്കൽപജനനം**

ഹൈദരാബാദിൽ എന്റെ കൂടെ പ്രവർത്തിച്ചിരുന്ന എന്റെ സുഹൃത്ത് സുന്ദർറാവു ആസ്ട്രേലിയയിൽ നിന്നും എനിക്കൊരു കത്തെഴുതി. "കാനഡയിലെ യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിൽ നിന്നും ഒരു പ്രൊഫസർ, എന്റെ അതേ ഗവേഷണ മണ്ഡലത്തിൽ വളരെയേറെ താൽപര്യമുള്ള വ്യക്തിയാണ്. അയാൾക്കൊരു കത്തെഴുതിയാൽ അവിടെ ഗവേഷണം നടത്താനുള്ള അവസരത്തിന് പ്രയോജനപ്പെട്ടേക്കാം" എന്നായിരുന്നു കത്തിലെ ഉള്ളടക്കം. പല വിദേശ യൂണിവേഴ്സിറ്റികളിലെ പ്രൊഫസർമാരുമായും ഞാൻ കത്തിടപാടുകൾ നടത്താറുണ്ടായിരുന്നു. എങ്കിലും അവർക്ക് എന്റെ ഗവേഷണവിഷയത്തിൽ താൽപര്യം കണ്ടില്ലായിരുന്നു. ശ്രീ. സുന്ദർറാവു എനിക്കയച്ച പ്രൊഫസറുടെ അഡ്രസിൽ എന്റെ ബയോഡാറ്റയും വച്ച് ഞാനൊരു കത്തയയ്ക്കുകയുണ്ടായി. ഉടനെ തന്നെ അതിന് അദ്ദേഹത്തിന്റെ മറുപടി ലഭിച്ചു. 1991 ഫെബ്രുവരി 14 ന് ലഭിച്ചത് തികച്ചും അപ്രതീക്ഷമായ ഒരു ക്ഷണക്കത്തായിരുന്നു. ഹൃദയം നിറഞ്ഞ സന്തോഷത്തിരയടിയായിരുന്നു. ഇവിടെ (യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിൽ) പ്രവർത്തിക്കാൻ താൽപര്യമുണ്ടെങ്കിൽ അപേക്ഷയയയ്ക്കുക. കനേഡിയൻ ഗവൺമെന്റും, കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസിയും, നാഷണൽ സയൻസ് എൻജിനീയറിംഗ് റിസർച്ച് കമ്മിറ്റിയും ഫെല്ലോഷിപ്പുതരികയാണെങ്കിൽ ഇവിടെ എന്റെകൂടെ കുറച്ചു മാസം ചെലവഴിക്കാമെന്നായിരുന്നു കത്തിന്റെ സംക്ഷിപ്തം. ആ കത്തിന് ഞാൻ മറുപടി അയച്ചു. ഓരോന്നായി കുറേ നിബന്ധനകൾ ഉണ്ടായിരുന്നതും പൂർത്തീകരിക്കാൻ ശ്രമിച്ചു.

1992 ലേക്കു ഞാൻ കടന്നപ്പോൾ മനസ്സുപറഞ്ഞു. പുതിയ ശാസ്ത്രജ്ഞജോലിയിൽ ചേർന്ന് ഒരു ദശാബ്ദമാകുന്നു. കോളേജ് അദ്ധ്യാപക സ്ഥാനവും രാജിവെച്ചതിനുശേഷം ഹൈദരാബാദിലെ നായക്കൂട്ടിൽ താമസിച്ചതിനുശേഷം ഒരു വ്യാഴവട്ടം കഴിയുന്നു. കാലചക്രം തിരിഞ്ഞുകൊണ്ടേയിരുന്നു. ഞാനും 'ചരൈവേതി ചരൈവേതി' എന്നു ചിന്തിച്ചു മുമ്പോട്ടു പ്രയാണം ചെയ്തു.



Scanned with CamScanner

രണ്ടു മുന്നു പേറ്റന്റുകൾ കൂടി ഈ വർഷം എനിക്ക് ഫയൽ ചെയ്യുവാൻ ഭാഗ്യമുണ്ടായി. കുറേ അന്തർദേശിയ നിലവാരമുള്ള പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ഡി.വി. മെമ്മോറിയൽ അവാർഡ് രണ്ടാം തവണയും എനിക്കു ലഭിച്ചു. എന്റെ ലാബറട്ടറിയിൽ പ്രവർത്തിക്കുന്ന ശ്രീ. പി.പി. തോമസ് എന്ന എഞ്ചിനീയറും ചേർന്നായിരുന്നു, മൈക്രോവേവുകളുടെ ഉപയോഗത്തെക്കുറിച്ചുള്ള പരീക്ഷണങ്ങളെല്ലാം നടത്തിയത്. അദ്ദേഹം തൃപ്പൂണിത്തുറക്കാരനായിരുന്നു. പല ഗവേഷണ പ്രവർത്തനങ്ങളിലും ഞങ്ങൾ ഒരുമിച്ച് ചർച്ച ചെയ്ത് കാര്യമായ പ്രവർത്തനഫലങ്ങളുണ്ടാക്കുകയും ചെയ്തിരുന്നു. മൈക്രോവേവുകളുപയോഗിച്ചു നടത്തിയ പരീക്ഷണങ്ങൾ പലരും വളരെ നല്ലരീതിയിൽ ശ്ലാഖിച്ചു. കോയമ്പത്തൂരിലെ പല അരിയുൽപാദന ഫാക്ടറികളിലും ഉൽപാദിപ്പിക്കപ്പെടുന്ന തവിടിൽ നിന്ന് എണ്ണയെടുക്കുന്നതിനാവശ്യമായ സംസ്കരണത്തിന് മൈക്രോവേവുകൾ പ്രയോജനപ്പെടുത്താമെന്ന് തിരിച്ചറിഞ്ഞ്, ധാരാളം പരീക്ഷണങ്ങൾ നടത്തി. സുഗന്ധവ്യഞ്ജനങ്ങളുടെ പ്രകൃത്യാലുള്ള നിറവും സുഗന്ധവും നഷ്ടപ്പെടാതെ അവ സംസ്കരിച്ചെടുക്കാനുള്ള രീതി പരീക്ഷണത്തിനു വിധേയമാക്കി. അതുപോലെ മലേഷ്യയിൽ സുലഭമായി ലഭ്യമാകുന്ന എണ്ണപ്പനക്കുലയിലെ പഴങ്ങൾ സംസ്കരിക്കാനും ചെറിയ തോതിൽ മൈക്രോവേവുകൾ പ്രയോജനപ്പെടുത്താമെന്നു കണ്ടു. ഈ നൂതനാശയങ്ങൾ പലതും പേറ്റന്റുകളും പ്രബന്ധങ്ങളുമായപ്പോൾ അതിലൂടെ അംഗീകാരം ലഭിച്ചതുകൊണ്ടാകാം, ശാസ്ത്രമണ്ഡലത്തിലെ തനതായ അസൂയയും വിഴുപ്പലക്കലും, വിമർശനവും പലരുടെ മനസ്സിൽ നിന്നും അണപൊട്ടിയൊഴുകി.

ഈ വിഷയംതന്നെ ഒരു പ്രോജക്ടായി പ്രവർത്തനമാരംഭിക്കണമെന്ന എന്റെ ആവശ്യം ഡയറക്ടർ ഡോ. ദാമോദരൻ അംഗീകരിച്ചത് എന്റെ പ്രോജക്ട് ലീഡറും മറ്റും ചേർന്ന് എതിർത്ത് വേണ്ടെന്ന് വെയ്പിച്ചു. എന്നോടുള്ള വിദ്വേഷം എന്റെ വാർഷിക അസസ്മെന്റ് ഫോമിൽ എപ്പോഴും പ്രതിഫലിച്ചുമിരുന്നു. ഒന്നും ചെയ്യാത്തവർ ഔട്ട്സ്റ്റാന്റിംഗും എക്സലന്റുമായപ്പോൾ ഞാൻ അവിടെയൊന്നുമെത്തിയില്ല. ഞാൻ ചെയ്യുന്ന സാമൂഹ്യ-ശാസ്ത്ര പ്രചരണ പ്രവർത്തനങ്ങളെല്ലാം ലാബറട്ടറിയിൽ യോഗ്യതയില്ലാത്തവർ നിശിതമായി വിമർശിക്കുന്നുണ്ടായിരുന്നു. പൈതൃക പഠനവും അതിന്റെ നന്മകൾ, യുക്തിയും ശാസ്ത്രവുമുപയോഗിച്ച് പ്രചരിപ്പിക്കുന്നതും വർഗീയമാണെന്നുവരെ പ്രചരിപ്പിച്ചു. കേരളത്തിലെ പ്രത്യേകതയായിരിക്കുമല്ലോ അംഗീകാരം നൽകാൻ ആരും തയ്യാറാകാതിരിക്കുക എന്നത്. സ്വന്തം ഡിവിഷന്റെ ഹെഡും, അദ്ദേഹത്തെ സഹായിക്കുന്നവരും ഒരുവശത്തും ഞാൻ മറുവശത്തുമായി. ഡയറക്ടറുടെ അനുഗ്രഹവും അനുമോദനവും ഉണ്ടാ



Scanned with CamScanner

യിരുന്നതിനാൽ എനിക്ക് കാര്യമായ വിമർശന ശരങ്ങളേൽക്കുന്നില്ലായിരുന്നു. ഏതെങ്കിലും വിധത്തിൽ ഡയറക്ടറെ എനിക്കെതിരെ തിരിക്കണം എന്ന ചീപ് പൊളിറ്റിക്സ് ലാബറട്ടറിയിൽ അരങ്ങേറിക്കൊണ്ടിരുന്നു.

## ഹെഡിന് ഒരു ഷോ കോസ് നോട്ടീസ്

എന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് വളരെ മോശമായിട്ടെഴുതിയ ഹെഡിന് കാരണമറിയാനായി ഞാൻ തൊട്ടടുത്ത കസേരയിലിരുന്നുകൊണ്ട് തന്നെ രജിസ്റ്റേർഡ് കത്തയച്ചു. അതിന്റെ കോപ്പി ഡയറക്ടർക്കും, ഡൽഹിയിൽ സി.എസ്.ഐ.ആറിന്റെ ഡയറക്ടർ ജനറലിനുമയച്ചു, ഡിവിഷനിൽ അസാധാരണ വിള്ളലുണ്ടായികൊണ്ടിരുന്നു. ഞാൻ ചെയ്യുന്ന പ്രധാന പ്രോജക്ട് ഗവേഷണത്തിലെ ഒന്നുരണ്ടു പേരൊഴികെ ബാക്കിയുള്ളവർ നല്ല സി.ആർ. ലഭിക്കാനായി ഹെഡുമായി ചേർന്ന് എനിക്കെതിരാകുന്നതുപോലെ തോന്നി. കോൺഫിഡൻഷ്യൽ റിപ്പോർട്ടെഴുതുന്നവരുടെ കൂടെത്തന്നെ വേണമല്ലോ നല്ലറിപ്പോർട്ട് ലഭിക്കാൻ ആഗ്രഹമുള്ളവർ നിലയുറപ്പിക്കേണ്ടത്. പലരും അവരവരുടെ താല്പര്യങ്ങൾക്ക് മാത്രം സ്ഥാനം നൽകുന്നതായി എനിക്കു തോന്നി.

## ഞാനറിയാതെ ഞാൻ ഒറ്റപ്പെടുന്നു

മാസങ്ങൾ കുറെ കഴിഞ്ഞപ്പോൾ ആർ.ആർ.എല്ലിലെ ഡയറക്ടറുടെ പല പരിഷ്കാരങ്ങൾക്ക് എതിരായും ചില കോക്കസ് പ്രവർത്തനങ്ങൾക്കെതിരായും ഡയറക്ടറുടെ നേതൃത്വത്തെതന്നെ ചോദ്യം ചെയ്യുന്ന ഘട്ടത്തിൽവരെ സയിന്റിസ്റ്റുമാരും സ്ഥാപനവും എത്തിനിൽക്കുന്ന അവസ്ഥയായിരുന്നു. അദ്ദേഹത്തിന്റെ ചില ചെയ്തികൾ ദേശാഭിമാനി പത്രത്തിലും വിമർശനാത്മകമായി പ്രത്യക്ഷപ്പെട്ടു. ശ്രീ. ഈ.എം.എസിന്റെ മരുമകനെ ശക്തമായി വിമർശിച്ചുകൊണ്ട് ദേശാഭിമാനിയിൽ പോലും വാർത്തകൾ വന്നത് ചരിത്ര സംഭവം പോലെ സ്റ്റാഫിനെല്ലാം അനുഭവപ്പെട്ടു.

ലാബറട്ടറിയിലെ എല്ലാ ശാസ്ത്രജ്ഞന്മാരേയും ഡയറക്ടറേയും വിളിച്ചുകൂട്ടി ഒരു സമന്വയപന്ഥാവുണ്ടാക്കുന്നതിന് സയിന്റിഫിക് വർക്കേഴ്സ് അസോസിയേഷൻ മുൻകൈയെടുത്തു. ഡോ. ദാമോദരനും അതിൽ പങ്കെടുത്തു. എല്ലാവർക്കും അവരവരുടെ അഭിപ്രായം തുറന്നുപറയാമെന്ന് ഡയറക്ടറും അസോസിയേഷൻ സെക്രട്ടറിയും ആണയിട്ടുപറഞ്ഞു. പൊതുവേ ഇതുപോലുള്ള മീറ്റിംഗുകൾ വിളിച്ചുകൂട്ടുമ്പോൾ എല്ലാ ശാസ്ത്രജ്ഞന്മാരും പതിവുപോലെ അടക്കിപിടിച്ചു പറയുന്നതും സംസാരിക്കുന്നതുമല്ലാതെ തുറന്ന് ആരും ഒന്നും പറയാറില്ല. എല്ലാവരും ഘോരഘോരം അവരവരുടെ വീക്ഷണം അന്യോന്യം മറ്റുള്ളവരുടെ ചെവിയിൽ പറയുന്നതാണ് പതിവ്. മിക്കവാറും പൊതു



Scanned with CamScanner

വായ അഭിപ്രായപ്രകടനത്തിന് അവസരം നൽകാറുമില്ല. ഡയറക്ടറെ വാനോളം പുകഴ്ത്തുന്നവിധത്തിൽ പറഞ്ഞ് ഡയറക്ടറുടെ മുന്നിൽ ആളാകാനുള്ള ശ്രമമാണ് പൊതുവേ ശാസ്ത്രജ്ഞന്മാർ നടത്താറുള്ളത്. അതേ വ്യക്തികൾ സ്വന്തം മുറിയിൽ ചെന്ന് അതേവിഷയത്തിൽ നേരെ എതിർത്ത് പറയുന്നതും വളരെ സാധാരണമാണ്

ഇപ്രാവശ്യവും വിളിച്ചുകൂട്ടിയ സമന്വയ മീറ്റിംഗിൽ ആരും ഒന്നും കാര്യമായി പറഞ്ഞില്ല. മൂന്നു നാലു വ്യക്തികൾ ഡയറക്ടർക്ക് സ്തുതി ഗീതം പാടി നിർത്തുകയാണ് ചെയ്തത്. ആരും ഒന്നും പറയുന്നില്ല എന്നു കണ്ടപ്പോൾ ഡയറക്ടർ നേരിട്ട് അഭ്യർത്ഥിച്ചു. "നിങ്ങൾ അവിടേയും ഇവിടേയും ചെന്നിരുന്ന് എന്തെങ്കിലും പറഞ്ഞു പരത്തുന്നതിനുപകരം ഇവിടെ വച്ച് നമുക്ക് തുറന്നു ചർച്ച ചെയ്യാം. ആർക്ക് എന്തു വേണമെങ്കിലും പറയാം." വളരെ മടിച്ചിട്ടാണെങ്കിലും ഞാൻ സ്റ്റേജിൽ പോയി നിന്നു പറഞ്ഞു. "നമ്മുടെ ലാബറട്ടറിയിൽ ഡോ. ദാമോദരൻ സാർ വന്നതിനുശേഷം അസാധാരണ പുരോഗതിയുണ്ടായിട്ടുണ്ട്. അമ്പതേക്കർ സ്ഥലം ലഭിച്ചതും എല്ലാ ഡിവിഷനിലും കമ്പ്യൂട്ടർ വന്നതും... എല്ലാം!" അദ്ദേഹത്തിന്റെ അസാധാരണമായ നേതൃപാടവത്തെക്കുറിച്ച്സത്യസന്ധമായി ഞാൻ വിവരിച്ചു. പിന്നീട് ഏതാണ്ട് ഒരു പത്തുവരികളിലായി വീണ്ടും തുടർന്നു, "ഈ ലാബറട്ടറിയിൽ പണ്ട് എല്ലാവരും ഒരേപോലെ സഹകരിച്ചും സമന്വയത്തോടെ പ്രവർത്തിച്ചുമിരുന്നു. ഇപ്പോൾ അതു കുറഞ്ഞിട്ടുണ്ട്. എല്ലാവരേയും സഹകരിപ്പിക്കാനും ഒരുമിച്ചുകൊണ്ടുപോകാനും കോക്കസുകളുണ്ടാകാതിരിക്കാനും ഡയറക്ടർ ശ്രദ്ധിക്കണം. നല്ല രീതിയിൽ പ്രവർത്തിക്കുന്നവരെ അനുമോദിക്കണം. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ഡയറക്ടർ കാണിക്കുന്നു എന്നതോന്നലുണ്ടാകാതിരിക്കാൻ ശ്രമിക്കണം..." ഇത്രയും ഞാൻ പറഞ്ഞു നിർത്തി. ഡയറക്ടർ മൈക്കിന്റെ മുമ്പിൽ വന്ന് എന്റെ അഭിപ്രായങ്ങൾ വളരെ നല്ലതാണെന്നും ഇതാണ് പ്രാവർത്തികമാക്കേണ്ടതെന്നും എല്ലാവിധത്തിലും അത് സ്വീകാര്യമാണെന്നും പറഞ്ഞു.

### ഡോ. സി.കെ.എസ്. പിള്ളയും ഡോ. വിജയ്നായരും ദിശമാറ്റിയൊഴുക്കി

ഈ സമന്വയ മീറ്റിങ്ങിൽ ശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ നിന്നും ഡോ. സി.കെ.എസ്. പിള്ളയും അമേരിക്കയിൽ നിന്നും ഡോ. ദാമോദരൻ ക്ഷണിച്ചുവരുത്തിയ ഡെപ്യൂട്ടി ഡയറക്ടർ പദവിയിലുള്ള ഡോ. വിജയ്നായരും, ഞാൻ പറഞ്ഞതിനെ അതിനിശിതമായി വിമർശിച്ചു. എന്റെ ഓരോ വരിയും തെറ്റായി വ്യാഖ്യാനിച്ചു. അവർ പറഞ്ഞതിന്റെ സംക്ഷിപ്തമിതായിരുന്നു. ഈ ലാബറട്ടറിയിൽ എല്ലാവരും ഇന്നും പരസ്പരം തുറന്നു സംസാരിക്കുന്നുണ്ട്, ഗോപാലകൃഷ്ണന് മറിച്ചു തോന്നി



Scanned with CamScanner

യിട്ടുണ്ടെങ്കിൽ അതു ഡയറക്ടറുടെ കുഴപ്പമല്ല. എല്ലാവരേയും ഡയറക്ടർ അനുമോദിക്കാറുണ്ട്. അനുമോദനം ലഭിക്കാൻ പാകത്തിന് ഒന്നും ചെയ്തിട്ടില്ലെങ്കിൽ സ്വാഭാവികമായും ഡയറക്ടർ കുറ്റക്കാരനല്ല. ഞങ്ങളെ ഡയറക്ടർ ആത്മാർത്ഥമായി പിന്തുണയ്ക്കാറുണ്ട്. വ്യത്യസ്ഥ അഭിപ്രായങ്ങളും സന്തോഷത്തോടെ സ്വീകരിക്കാറുണ്ട്. സദുദ്ദേശത്തോടെയല്ലാതെ ഗോപാലകൃഷ്ണൻ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഡയറക്ടർ ചെവിക്കൊള്ളേണ്ട ആവശ്യവുമില്ല. എല്ലാവരേയും എല്ലാ ദിവസവും നല്ലതു പറഞ്ഞുകൊണ്ടിരിക്കാൻ സാധ്യമല്ലല്ലോ....... ഡയറക്ടറെ മനഃപൂർവ്വം അവഹേളിക്കാനാണ് കരുതികൂട്ടി ഗോപാലകൃഷ്ണൻ ഇത്രയും പറഞ്ഞത്.... എന്നാണിവർ സ്റ്റേജിൽ കയറി നിന്ന് എന്റെ അഭിപ്രായത്തിനെതിരെ പറഞ്ഞവതരിപ്പിച്ചത്. ഡോ. പിള്ളയും ഡോ. നായരും ഇത്രയും പറഞ്ഞതോടുകൂടി പത്തുമിനിറ്റു മുമ്പ് എന്നെ അഭിനന്ദിച്ച ഡയറക്ടർ (അന്നുവരെ എന്നെ എല്ലാ കാര്യത്തിലും പ്രോത്സാഹിപ്പിച്ചിരുന്ന ഡയറക്ടർ എന്നു പറയുന്നതായിരിക്കും ശരി) സദുദ്ദേശത്തോടെ മാത്രം ഞാൻ പറഞ്ഞതിനെതിരായി. ഡയറക്ടറുടെ വാക്കുകളുടെ മൂർച്ചയും മുഖഭാവവും മാറി. മറ്റു പല ശാസ്ത്രജ്ഞന്മാരും പൊതുവേദിയിൽ ഡോ. പിള്ളയും, ഡോ. നായരും പറഞ്ഞതാണ് ശരിയെന്നും ഗോപാലകൃഷ്ണനെ ഒരുപക്ഷേ ഡയറക്ടർ വിമർശിച്ചിട്ടുണ്ടാകും, അതിഷ്ടപ്പെടാത്തതുകൊണ്ടായിരിക്കും പൊതുവേദിയിൽ ഡയറക്ടറെ അവഹേളിച്ചതെന്നുംകൂടി  കൂട്ടി പറഞ്ഞപ്പോൾ ആ സദസ്സിൽ ഞാനൊറ്റപ്പെട്ടു. ശാസ്ത്രജ്ഞന്മാരിൽ ചിലർ ഇത്തരത്തിലൊരവസരം കാത്തു നിൽക്കുകയായിരുന്നു. എല്ലാവരും ഡയറക്ടറുടെ പക്ഷം ചേർന്നു. ദുഃഖത്തോടെ ഞാൻ ഒറ്റപ്പെട്ടു.

കുറച്ചുപേർ പരസ്പരം പറയുന്നുണ്ടായിരുന്നു. "ഗോപാലകൃഷ്ണൻ പറഞ്ഞതിലെന്തായിരുന്നു തെറ്റ്," മറ്റുള്ളവർ കൂട്ടി ചേർത്തു "പബ്ലിക്കായി പറയണ്ടായിരുന്നു." ഏതായാലും സദസ്സിലുണ്ടായിരുന്ന കുറേ സയിന്റിഫിക് വർക്കേഴ്സ് അസോസിയേഷനിലെ ഭാരവാഹികളാണ് ഈ ദുർവ്യാഖ്യാനത്തിനു പിന്നിലെന്നും, അത് ആ  രീതിയിലാക്കി ഡയറക്ടറെ സംരക്ഷിക്കാനാണ് ഞങ്ങൾ ത്യാഗം സഹിച്ചതെന്നും, ഞങ്ങൾ ഡയറക്ടറോടൊപ്പമുണ്ടെന്നും വരുത്തിത്തീർക്കാൻ ചിലർ ആസൂത്രണം ചെയ്ത നാടകമായിരുന്നു അതെന്ന് ഞാനറിഞ്ഞത് വൈകിയായിരുന്നു. ഇത്തരത്തിലൊരു ദുർവ്യഖ്യാനം നല്ല സന്ദേശം നൽകിയ ആർക്കും ലഭിക്കുവാനുള്ള സാധ്യതയുണ്ടായിരുന്നു. അതായിരുന്നു ശാസ്ത്രമണ്ഡലത്തിലെ രാഷ്ട്രീയമറിയാവുന്നവരുടെ സ്വഭാവം. നിർഭാഗ്യവശാൽ അതിന്റെ ഭാരം എന്റെ ചുമലിൽ വീണു എന്നു മാത്രം. പരിണതഫലമോ, ഡയറക്ടർ എനിക്കെതിരായി. ഞാൻ ചെയ്തു



Scanned with CamScanner